

ജനകീയാസൂത്രണം

# വികസനരേഖ - 1996

## നരിക്കുന്നി ഗ്രാമപഞ്ചായത്ത്

NARIKKUNI GRAMA PANCHAYAT OFFICE
P.O. NARIKKUNI-673 585

"ഏതൊരിന്ത്യയിൽ ഏതു ദരിദ്രനും ഇതെൻെറ രാജ്യമാണെന്ന ബോധമുണ്ടാകുമോ, ഏതൊരു രാജ്യത്തിൻെറ രൂപീകരണത്തിൽ അവർക്ക് ഫലപ്രദമായ പങ്കുണ്ടാകുമൊ, ഏതൊരു രാജ്യത്തിൽ ഉയർന്നവനെന്നും താഴ്ന്നവനെന്നുമുള്ള വ്യത്യാസം ഉണ്ടാവുകയില്ലയോ, ഏതൊരു രാജ്യത്തിൽ എല്ലാ സമുദായങ്ങളും പരിപൂർണ്ണമായ സൗഹാർദ്ദത്തോടുകൂടി അധിവസിക്കുമോ, അങ്ങനെയുള്ള ഒരിന്ത്യക്കുവേണ്ടി ഞാൻപ്രയത്നിക്കുന്നു. അതാണ് ഞാൻ സ്വപ്നം കാണുന്ന ഇന്ത്യ "

ഗാന്ധിജി




കേരളം
കോഴിക്കോട് ജില്ല
നരിക്കുനി

KOZHIKODE DISTRICT
LOCATION MAP
SCALE 1:500000



# NARIKKUNI PANCHAYATH
ADMINISTRATIVE MAP



# നരിക്കുനി ഗ്രാമ പഞ്ചായത്ത്

## ഭരണസമിതി അംഗങ്ങൾ

## പ്രസിഡൻ്റ്



ചാത്തഞ്ചേരി മോഹനനൻ

**വൈസ്പ്രസിഡൻ്റ്**



എം.പി. റുഖിയ

**സ്റ്റാൻഡിഗ്**
**കമ്മറ്റി ചെയർമാൻ**



ഒ.പി. മുഹമ്മദ് ഇക്ബാൽ

**അംഗങ്ങൾ**

എം.പി. മുഹമ്മദ്
വി.കെ. ശാന്ത.
എ.കെ. ഹഫ്സ.
ഇ.കെ. രാജൻമാസ്റ്റർ
ടി.കെ അംബിക
കെ. അഹമ്മദ് മാസ്ററർ.
ടി. മുഹമ്മദാലി മാസ്റ്റർ

ജില്ലാ പഞ്ചായത്ത് മെമ്പർ : സി.പി. രാഘവൻ നായർ

ബ്ലോക്ക് പഞ്ചായത്ത് മെമ്പർ : 1 പി. വത്സൻ മാസ്ററർ
2 പുരുഷു കുട്ടമ്പൂർ

# അനുസ്മരണം

പഞ്ചായത്തിൻെറ കഴിഞ്ഞകാല

പ്രവർത്തന ങ്ങളിൽ തനതായ സംഭാവനകൾ

അർപ്പിച്ച് നമ്മിൽ നിന്ന് വിട്ടുപിരിഞ്ഞ

മുൻപഞ്ചായത്ത് പ്രസിഡൻഡുമാരായ

സർവ്വശ്രീ. എൻ.കെ നാരായണൻ മാസ്റ്റർ,

ടി.കെ ഉത്തൻഹാജി

എന്നിവരുടെ പാവന സ്മരണക്കുമുമ്പിൽ

ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## എഡിറ്റോറിയൽ ബോർഡ്


സി. ബാലൻമാസ്റ്റർ

അബ്ദുള്ള കൊടോളി

പി. വിജയൻ

എം. വി. അബ്ദുള്ള

പി. ശശിധരൻ

പി. കെ വാസു

എം. അബൂബക്കർ

പി. കെ. ഉമ്മർ മാസ്റ്റർ

പി. കെ. കരുണൻ മാസ്റ്റർ

എൻ. സത്യൻ

എം. എ മാധവൻ

# വിഷയ വിവരം


| | | |
|---|---|---|
| 1 | ആമുഖം | 11-12 |
| 2 | പഞ്ചായത്ത് ഒറ്റനോട്ടത്തിൽ | 13-14 |
| 3 | പഞ്ചായത്ത് ഭരണചരിത്രം | 15 |
| 4 | ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി | 16 |
| 5 | സാമൂഹ്യ സാംസ്ക്കാരിക പശ്ചത്തലം | 17-18 |
| 6 | കൃഷിയും ജലസേചനവും | 19-30 |
| 7 | മൃഗസംരംക്ഷണവും, മത്സ്യബന്ധനവും | 31-36 |
| 8 | വ്യവസായം | 37-44 |
| 9 | വിദ്യാഭ്യാസം | 45-57 |
| 10 | സംസ്കാരം | 58-66 |
| 11 | വനിതാക്ഷേമം | 67-70 |
| 12 | ആരോഗ്യം | 71-74 |
| 13 | കുടിവെള്ളവും പൊതുജനാരോഗ്യവും. | 75-83 |
| 14 | ഗതാഗതം, ഊർജ്ജം ,മാർക്കറ്റ് | 84-97 |
| 15 | പാർപ്പിടം സാമൂഹ്യക്ഷേമം<br>പൊതു വിതരണം | 98-119 |
| 16 | സഹകരണം | 120-128 |
| 17 | പട്ടികജാതി, പട്ടികവർഗ്ഗ വികസനം | 129-139 |
| 18 | വിഭവ സമാഹരണം | 140- 145 |
| 19 | ഉപസംഹാരം | 146 |

# ആമുഖം

പതിറ്റാണ്ടുകളുടെ വൈദേശികാധിപത്യത്തിനെതിരെയുള്ള പോരാട്ടത്തിൽ നിന്ന് 1947 ൽ ഭാരതം സ്വതന്ത്രമായി. സ്വാതന്ത്ര്യം ലഭിച്ചിട്ട് വർഷങ്ങൾ കടന്നുപോയെങ്കിലും സ്വാതന്ത്ര്യത്തിന്റെ വില അക്ഷരാർത്ഥത്തിൽ കാത്തു സൂക്ഷിക്കാൻ നമ്മുടെ ഭരണകൂടങ്ങൾക്ക് കഴിയാതെ പോയി. പ്രാദേശികവും രാഷ്ട്രീയവുമായസങ്കുചിതത്വത്തിന്റെ ഫലമായി നമുക്കുണ്ടായ പുരോഗതി അസന്തുലിതമായിരുന്നു. കേന്ദ്രീകൃതവും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുക്കാതെയുമുള്ള ആസൂത്രണം പദ്ധതിളെ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ നമുക്ക് കഴിഞ്ഞില്ല. പരിമിതമായ വിഭവങ്ങളും എണ്ണമറ്റ ആവശ്യങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഒരു വികസന സംസ്കാരം രൂപപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായി മാറിയിരിക്കുകയാണ്. തീരുമാനങ്ങളെടുക്കാനും നടപ്പിലാക്കുന്നതിൽ പങ്കുവഹിക്കാനുമുള്ള സ്വാതന്ത്ര്യം സാധാരണക്കാരിലേക്ക് കൈമാറിക്കൊണ്ടേ ഇത്തരത്തിലുള്ള ഈ വികസനം സാധ്യമാവുകയുള്ളൂ. ഒരു ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് കേരളസർക്കാർ ജനകീയാസൂത്രണ പരിപാടിക്ക് തുടക്കം കുറിച്ചത്.

സ്വാതന്ത്ര്യം കിട്ടിയതു മുതൽ സ്വാശ്രയത്വത്തിലധിഷ്ഠിതമായ ഒരു സമ്പദ് വ്യവസ്ഥയും സ്വയം സമ്പൂർണ്ണമായ ഗ്രാമങ്ങളുമാണ് നാം വിഭാവനം ചെയ്തത്.അധികാരത്തിന്റെ കേന്ദ്രീകരണവും ആസൂത്രണത്തിന്റെ കീഴ്ത്തട്ടിലേക്കുള്ള ഒഴുക്കും ജനകീയാവശ്യങ്ങളെ തൃപ്തിപ്പെടപത്തുന്നതും സമഗ്രവികസനത്തിന് ഉതകുന്നതുമായിരുന്നില്ല. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരംവർദ്ധപ്പിക്കാൻ ഇത് പ്രേരിപ്പിച്ചു. ഇതുവരെ അനുവർത്തിച്ചുവന്ന തലതിരിഞ്ഞവികസന രീതി ഗ്രാമീണജനതയുടെ നട്ടെല്ലൊടിക്കാനും വിഭവങ്ങളുടെ ഏറിയ പങ്കും ഒരു ന്യൂനപക്ഷത്തിനുവേണണ്ടിമാത്രം ധൂർത്തടിക്കാനും പ്രേരകമായി. ഗ്രാമസ്വരാജ് എന്ന ഗാന്ധിയൻ സ്വപ്നം ഒരു മരീചികയായി മാറുകയും ചെയ്തു. അധികാരം വികേന്ദ്രീകരിച്ച് താഴെത്തട്ടിലേക്ക് കൊടുക്കുന്നതോടൊപ്പം പദ്ധതി വിഹിതത്തിന്റെ നാല്പത് ശതമാനം ഫണ്ട് കൈകാര്യം ചെയ്യാനുള്ള ഭരണപരമായ അധികാരവും ഈ അവസരത്തിൽ പഞ്ചായത്തുകൾക്ക് കൈവന്നിരക്കുന്ന ഗ്രാമീണജനതയുടെ ആവശ്യങ്ങളെ കണ്ടറിഞ്ഞ് മുൻഗണനാക്രമത്തിൽ പ്രസ്തുത ഫണ്ടുപയോഗിക്കാൻ ഒരു ജനാധിപത്യസമൂഹം വളരുമെന്ന് മുക്ക് പ്രത്യാശിക്കാം. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം 40%, കേരള സർക്കാരിന്റെ 60 ശതമാനത്തിൽപ്പെട്ട ചില സ്കീമുകൾ, കേന്ദ്രസർക്കാർ ഫണ്ട് ബാഹ്യവികസന ഏജൻസികളിൽനിന്നു സന്നദ്ധസംഘങ്ങൾക്കു ലഭിക്കുന്ന നികുതി വരുമാനം, എല്ലാറ്റിനും പുറമേ ജനകീയ സംഭാവനകൾ തുടങ്ങിയ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകൾ പലതാണ്. ഈ സ്രോതസ്സുകൾ ഉണ്ടെങ്കിൽക്കൂടി ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് ഉൽപ്പാദന മേഖലകളിലെ തകർച്ചയും സേവന മേഖലകളിലെ നിലവാര തകർച്ചയും ഒരളവുവരെ മാറ്റിയെടുക്കാവുന്നതാണ്.

ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക ചരിത്രം അറിഞ്ഞുകൊണ്ടു മാത്രമേ ആസൂത്രണ പ്രക്രിയയിലെ മുൻഗണനാക്രമം നിശ്ചയിക്കാൻ സാദ്ധ്യമാവുകയുള്ളു. ഇതറിയാൻ ഏറ്റവും ഉപകാരപ്രദമായ സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്താൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. വികസനരേഖ തയ്യാറാക്കുന്നതിന് ഇത് വലിയ സഹായം ചെയ്യുമായിരുന്നു. ഭൂപ്രകൃതിയുടെയും ജലലഭ്യതയുടെയും സ്വഭാവം മനസ്സിലാക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടത്തിയ വിഭവ ഭൂപട നിർമ്മാണം വികസനരേഖ തയ്യാറാക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ജനകീയ ാസൂത്രണത്തിന്റെ വിജയത്തിണനു വേണ്ടി ജില്ലാ അടിസ്ഥാനത്തിൽ 1996 സപ്തംബർ 3, 4, 5 തിയ്യതികളിൽ നടന്ന ത്രിദിന ക്യാമ്പിൽ പഞ്ചായത്തിൽ നിന്ന് എട്ട് പേർ പങ്കെടുത്തു. വാർഡുകൾ തോറും വിശേഷാൽ ഗ്രാമസഭകൾ വിജയിപ്പിക്കുകയായിരുന്നു ഒന്നാംഘട്ട

പ്രവർത്തനതത്തിണന്റെ ലക്ഷ്യം. ഇതിനായി സപ്തംബർ ഏഴിന് നരിക്കുനി എ.യു.പി. സ്കൂളിൽ വിവിധ തുറകളിൽപ്പെട്ടവരുടെ യോഗം പ്രസിഡൻറിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ആസൂത്രണ സമതിയുടെ നിർദ്ദേശപ്രകാരം ഓരോ വാർഡിലും ഗ്രാമസഭ വിളിച്ചുചേർക്കാനും വിജയിപ്പിക്കാനും വാർഡ്മെമ്പർമാരെ ചുമതലപ്പെടുത്തി. ഗ്രാമസഭകളിലെ ചർച്ചകാംക്ക് നേതൃത്വം നൽകാൻ വിവിധ വാർഡുകളിൽ നിന്ന് 35 പേർ പങ്കെടുത്ത പഞ്ചായത്തുതല റിസോഴ്സ് പേഴ്സൻമാർക്കുള്ള ക്യാമ്പ് സപ്തംബർ 10-ന് നടന്നു.പഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭകാം സപ്തംബർ 14ന് ആരംഭിച്ച് ഗാന്ധി ജയന്തി ദിനമായ ഒക്ട്രാൂർ്ടി അവസനിച്ച്. ഗിനമായി ഗ്രാമീണരുടെ പങ്കാളിത്തത്തിലുള്ള വൈവിദ്ധ്യം ജനങ്ങളുടെ സുദൃഢമായ ഐക്യത്തിന്റെ സൂചനയാണ്- ഗ്രാമസഭ സമാപിച്ചതോടുകൂടിത് തന്നെ രണ്ടാം ഘട്ട ജില്ലാ ക്യാമ്പ് ഒക്ടോബർ 22, 23, 24 തിയ്യതികളിൽ നടക്കുകയുണ്ടായി. ഉദ്യോഗസ്ഥന്മാരെക്കൂടി പങ്കെടുപ്പിക്കേണ്ടിയിരുന്ന ഈ ക്യാമ്പിൽ കൃഷി, പി.ഡബ്ല്യു.ഡി, സഹകരണം എന്നീ ഡിപ്പാർട്ടുമെൻറുകളിൽ നിന്നുള്ള ഉദ്യോഗ്സ്ഥന്മാരുടെ പങ്കാളിത്തം നമ്മുടെ പഞ്ചായത്തിൽ നിന്നുംഉണ്ടായി. പഞ്ചായത്തിന്റെ വികസനരേഖ തയ്യാറാക്കലായിരുന്നു ഈ ക്യാമ്പിന്റെ പ്രധാന ലക്ഷ്യം. ജില്ലാതല ക്യാമ്പിനോടനുബന്ധിച്ച് പഞ്ചായ്തതുതല ക്യാമ്പ് ഒക്ടോബർ 30-ന് നടന്നു. ക്യാമ്പിൽ വെച്ചുതന്നെ വികസനരേഖ തയ്യാറാക്കാൻ 12 കോർ ഗ്രൂപ്പിനെയും പഞ്ചായത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേകതകളും സാംസ്കാരിക ചരിത്രവും ശേഖരിക്കാൻ മറ്റൊരു ഗ്രൂപ്പിനെയും ചുമതലപ്പെടുത്തി. ഇതനുസരിച്ച് 15 പേരടങ്ങിയ രണ്ട് ഗ്രൂപ്പ് പഞ്ചായത്തിൽ 'തലങ്ങ് വിലങ്ങ്' യാത്ര (പഠന പര്യടന യാത്ര) നടത്തി. ഒട്ടേറെ വിലപ്പെട്ട വിവരങ്ങാം ശേഖരിച്ചു. ഇതോടൊപ്പം ബന്ധപ്പെട്ട വിവിധ ഓഫീസുകളിൽ നിന്ന് ശേഖരിച്ച ദ്വിതീയ വിവരങ്ങളും കൂടി ക്രോഡീകരിച്ചുകൊണ്ട് വിവിധ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടിയാണ് ഈ വികസനരേഖ തയ്യാറാക്കിയിരിക്കുന്നത്. ഈ രേഖ ത്യയാറാക്കാൻ സഹായിച്ചവരോടുള്ള നിസ്സീമമായ കടപ്പാട് ഇവിടെ രേഖപ്പെടുത്തട്ടെ.

### നരിക്കുനി ഗ്രാമ പഞ്ചായത്ത്-ഗ്രാമസഭ പങ്കാളിത്തം

| വാർഡ് നമ്പർ | തിയ്യതിയും | ആകെ വോട്ടർമാർ | | | പങ്കാളിത്തം | | |
|---|---|---|---|---|---|---|---|
| പേര് | സമയവും | പു | സ്ത്രീ | ആകെ | പു | സ്ത്രീ | ആകെ % |
| 1 പന്നിക്കോട്ടൂർ | 21-9-96 2 മണി | 626 | 644 | 1270 | 194 | 214 | 408 (32.05) |
| 2 പാലങ്ങാട് | 29-9-96 2 മണി | 521 | 526 | 1047 | 102 | 24 | 126 (11.9) |
| 3 കൊടോളി | 15-9-96 9 മണി | 574 | 588 | 1162 | 138 | 54 | 192 (16.49) |
| 4 കാവുംപൊയിൽ | 29-9-96 2 മണി | 717 | 689 | 1406 | 270 | 210 | 480 (33.75) |
| 5 മൂർഖൻകുണ്ട് | 2-10-96 2 മണി | 517 | 507 | 1024 | 174 | 79 | 253 (24.47) |
| 6 കാരുകുളങ്ങര | 22-9-96 2 മണി | 761 | 809 | 1570 | 172 | 74 | 246 (15.56) |
| 7 നെല്ല്യേരിതാഴം | 22-9-96 9 മണി | 711 | 763 | 1474 | 169 | 24 | 193 (12.94) |
| 8 നരിക്കുനി | 21-9-96 9 മണി | 701 | 723 | 1424 | 143 | 88 | 231 (16.19) |
| 9 പാവുപൊയിൽ | 2-10-96 9 മണി | 818 | 840 | 1658 | 272 | 171 | 443 (26.59) |
| 10 പാ ലാളിത്താഴം | 15-9-96 2 മണി | 705 | 694 | 1399 | 74 | 6 | 80 (5.69) |
| | | 6651 | 6783 | 13434 | 1708 | 944 | 2652 (19.61) |

# പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | | | |
|---|---|---|---|
| പഞ്ചായത്തിൻെറ പേര് | : | നരിക്കുനി ഗ്രാമ പഞ്ചായത്ത് | |
| ഉംപ്പെടുന്ന വില്ലേജ് | : | നരിക്കുനി | |
| ബ്ലോക്ക് പഞ്ചായത്ത് | : | ചേളന്നൂർ | |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് | |
| താലൂക്ക് | : | കോഴിക്കോട് | |
| അസംബ്ലി മണ്ഡലം | : | കൊടുവള്ളി | |
| വിസ്തീർണ്ണം | : | 1764.37 ഹെ | |
| അതിരുകരം | : | വടക്ക് | ഉണ്ണികുളം പഞ്ചായത്ത് |
| | | കിഴക്ക് | കിഴക്കോത്ത് പഞ്ചായത്ത് |
| | | പടിഞ്ഞാറ് | കാക്കൂർ പഞ്ചായത്ത് |
| | | തെക്ക് | മടവൂർ പഞ്ചായത്ത് |
| ജനസംഖ്യ | : | 23904 (1995) | |
| പുരുഷന്മാർ | : | 12766 | |
| സ്ത്രീകരം | : | 11138 | |
| വാർഡുകരം | : | 10 | |
| പ്രസിഡൻറിൻെറ പേര് | : | ചാത്തഞ്ചേരി മോഹനൻ | |
| വൈസ് പ്രസിഡൻറിൻെറ പേര് | : | എം. റുഖിയ | |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | : | ഒ.പി. മുഹമ്മദ് ഇഖ്ബാൽ | |
| പഞ്ചായത്ത് സെക്രട്ടറി | : | കെ. പവിത്രൻ | |

## പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ വിവരം

| നമ്പർ | സ്ഥാപനത്തിൻെറ പേര് | കെട്ടിടം സ്വന്തം/വാടക | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | എ.എൽ.പി. സ്കൂരം കുണ്ടായി | സ്വന്തം | 5 |
| 2 | ഗവ. ആയുർവേദികം ഡിസ്പൻസറി, പന്നിക്കോട്ടൂർ | ,, | 4 |
| 3 | ജി.എൽ.പി. സ്കൂരം പന്നിക്കോട്ടൂർ | വാടക | 6 |
| 4 | എ.എം. എൽ.പി.സ്ക്കൂരം, പാലങ്ങാട് | സ്വന്തം | 5 |
| 5 | ജനകീയ എൽ.പി.സ്ക്കൂരം, കൊടോളി | ,, | 5 |
| 6 | പോസ്റ്റ് ഓഫീസ് പന്നിക്കോട്ടൂർ | വാടക | 2 |
| 7 | ഗവ. ഹോമിയോ ഡിസ്പൻസറി കാര്യകുളങ്ങര | ,, | 5 |
| 8 | ജി.എം.എൽ.പി. സ്കൂരം നെടിയനാട് | സ്വന്തം | 8 |
| 9 | ജി.എൽ.പി. സ്കൂരം നെടിയനാട് | ,, | 5 |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് പാലങ്ങാട് നരിക്കുനി | വാടക | 2 |
| 11 | എ.എം.എൽ.പി, സ്കൂരം നെടിയനാട് സൗത്ത് | സ്വന്തം | 5 |

| | | | |
|---|---|---|---|
| 12 | ഗവ. മൃഗാസ്പത്രി നരിക്കുനി | വാടക | 4 |
| 13 | സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് നരിക്കുനി | ,, | 21 |
| 14 | സർവ്വീസ് സഹകരണ ബാങ്ക് | സ്വന്തം | 8 |
| 15 | ഗ്രാമീണ പഞ്ചായത്ത് ഓഫീസ് | ,, | 11 |
| 16 | വില്ലേജ് ഓഫീസ് നരിക്കുനി | വാടക | 5 |
| 17 | പൊതുമരാമത്ത് വകുപ്പ് ഓഫീസ് നരിക്കുനി | ,, | 8 |
| 18 | എ.എം.എൽ.പി. സ്കൂൾ പാറന്നൂർ | സ്വന്തം | 4 |
| 19 | ഖാദി വസ്ത്രാലയം നരിക്കുനി | വാടക | 1 |
| 20 | സി.എച്ച്.സി. നരിക്കുനി | സ്വന്തം | 27 |
| 21 | ജി.എൽ.പി. സ്കൂൾ നെടിയനാട് വെസ്റ്റ് | ,, | 8 |
| 22 | ഗവ. ഹൈസ്കൂൾ നരിക്കുനി | ,, | 41 |
| 23 | എ.യു.പി. സ്കൂൾ നരിക്കുനി | ,, | 37 |
| 24 | ജി.എൽ.പി. സ്കൂൾ പാറന്നൂർ | ,, | 8 |
| 25 | പോസ്റ്റ് ഓഫീസ് പാറന്നൂർ | വാടക | 2 |
| 26 | സബ് പോസ്റ്റ് ഓഫീസ് നരിക്കുനി | ,, | 6 |
| 27 | കൃഷി ഭവൻ നരിക്കുനി | വാടക | 5 |
| 28 | എ.യു.പി. സ്കൂൾ പുന്നശ്ശേരി | സ്വന്തം | 22 |
| 29 | മാവേലി സ്റ്റോർ നരിക്കുനി | വാടക | 2 |
| 30 | ക്ഷീരോൽപ്പാദക സഹകരണ സംഘം പുളിക്കിൽപാറ | ,, | 2 |
| 31 | ക്ഷീരോൽപ്പാദക സഹകരണ സംഘം നരിക്കുനി | ,, | 4 |
| 32 | ക്ഷീരോൽപ്പാദക സഹകരണ സംഘം പാലങ്ങാട് | ,, | 2 |
| 33 | പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം നരിക്കുനി | ,, | 5 |
| 34 | ടെലഫോൺ എക്സ്ചേഞ്ച് നരിക്കുനി | ,, | 2 |

# പഞ്ചായത്ത് ഭരണചരിത്രം

1964 ജനവരി മാസം ഒന്നിനാണ് നരിക്കുനി പഞ്ചായത്ത് ബോർഡ് നിലവിൽ വന്നത്. ശ്രീ സി.പി. അവറാൻ മാസ്റ്ററാണ് ആദ്യത്തെ പ്രസിഡൻറ്. തെരഞ്ഞെടുപ്പ് അനിശ്ചിതമായി നീട്ടിക്കൊണ്ടുപോയതിനാൽ ഇദ്ദേഹത്തിൻെറ ഭരണകാലാവധി 16 വർഷം വരെ തുടർന്നു. 1980-ൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് എൻ.കെ. നാരായണൻ മാസ്റ്റർ പ്രസിഡൻറായി. ഇതിനു ശേഷം വിവിധ കാലയളവുകളിലായി യഥാക്രമം ടി.കെ. ഉത്താൻ ഹാജി, സി. രാഘവൻ മാസ്റ്റർ, പി. കുഞ്ഞോതി ഹാജി, പി. രാജഗോപാലൻ മാസ്റ്റർ, ടി.കെ. മൊയ്തീൻകുട്ടി എന്നിവരും പ്രസിഡൻറുമാരായിട്ടുണ്ട്. പഞ്ചായത്ത്‌രാജ് നിയമപ്രകാരം നടന്ന തെരഞ്ഞെടുപ്പിൽ ചാത്തഞ്ചേരി മോഹനൻ പ്രസിഡൻറായുള്ള ഭരണസമിതിയാണ് ഇപ്പോൾ നിലിവലുള്ളത്. വൈ. പ്രസിഡൻറ് എം.പി. റുഖിയ ടീച്ചർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഒ.പി. മുഹമ്മദ് ഇഖ്ബാൽ അടക്കം പത്ത് ഭരണസമതി അംഗങ്ങളാണുള്ളത്.

# ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

പാറന്നൂർ, നെടിയനാട്, പന്നിക്കോട്ടൂർ അംശങ്ങൾ ചേർന്ന നരിക്കുനി വില്ലേജാണ് പിൽക്കാലത്ത് നരിക്കുനി പഞ്ചായത്തായി മാറുന്നത്. കാടുംമേടും നിറഞ്ഞുനിന്നിരുന്ന ഈ പ്രദേശത്തിൽ കൃഷിഭൂമി നാമമാത്രമായിരുന്നു. സ്ഥലനാമങ്ങളും നാട്ടറിവും വെച്ച് നോക്കുമ്പോൾ ഈ പ്രദേശം വന്യജീവികൾ സൈ്വര്യ വിഹാരം നടത്തിയിരുന്നതായി വിശ്വസിക്കുന്നു. ഇതിനുള്ള തെളിവാണ് ഇന്നും ബാക്കിനിൽക്കുന്ന ഒരു കുരങ്ങുപോലും അവശേഷിക്കാത്ത പള്ളിയറ കോട്ടയും മറ്റു സർപ്പക്കാവുകളും. ജനസംഖ്യയും ആവശ്യങ്ങളും വർദ്ധിച്ചപ്പോൾ കൃഷിഭൂമിയുടെ വിസ്തൃതി കൂട്ടുവാൻ ജനങ്ങൾ നിർബന്ധിതരായി. അങ്ങനെ പല കാടുകളും പിൽക്കാലത്ത് കൃഷിഭൂമികളായി തീർന്നു.

കുന്നിൻപുറങ്ങളും ചരിവ് പ്രദേശങ്ങളും സമതലങ്ങളും ഇടകലർന്നുനിൽക്കുന്ന 1764.37 ഹെക്ടർ വിസ്തൃതിയുള്ള ഭൂപ്രകൃതിയാണ് പഞ്ചായത്തിലുള്ളത്. ഇതിൽ 3.45 ശതമാനം (57 ഹെക്ടർ) 32 കുന്നിൻപുറങ്ങളിലാണ് ഉള്ളത്. 885.37 ഹെക്ടർ (50.18 ശതമാനം) ഭാഗം പൊയിൽപ്രദേശങ്ങളും വയലുകളും തോടുകളും റോഡുകളും ഉൾപ്പെടുന്നതാണ്. ഇതിൽ പുറമ്പോക്ക് ഭൂമിയായി 39.15 ഹെക്ടറുണ്ട്. 34.24 ഹെക്ടർ (46.37 ശതമാനം) ചരിവു ഭൂമിയുള്ളതിൽ 26.02 ഹെക്ടർ തരിശുഭൂമിയും 8.22 ഹെക്ടർ കൃഷിയോഗ്യമായ തരിശുഭൂമിയും ശേിച്ച 683.76 ഹെക്ടർ സ്ഥലത്ത് തെങ്ങ്, കവുങ്ങ്, വാഴ, മരിച്ചീനി കുരുമുളക് തുടങ്ങിയവ കൃഷി ചെയ്യുന്നു.

കൃഷിഭൂമിയിൽ കണ്ടുവരുന്ന മണ്ണിനങ്ങൾ ചുവന്ന മണ്ണ്, ചരൽ മണ്ണ്, മണൽ മണ്ണ്,ചെളിമണ്ണ്, പാറപ്പൂഴി, വെട്ടുകൽ മണ്ണ് എന്നിവയാണ്. മണ്ണൊലിപ്പിനെ തടഞ്ഞുനിർത്തിയ കാടിൻെറ നല്ലൊരു ഭാഗം നശിച്ചത് മണ്ണൊലിപ്പ് രൂക്ഷമാക്കിയിട്ടുണ്ട്.

**ജലപ്രകൃതി**

വർഷത്തിൽ 3137 മില്ലിമീറ്റർ മഴ ലഭിക്കുന്ന നരിക്കുനി പഞ്ചായത്ത് ജില്ലാ ശരാ ശരിയായ 3667 മി.മീ.നെക്കാൾ കുറവും സംസ്ഥാ ശരാശരിയായ 3063നെക്കാൾ കൂടുതലുമാണ്. '3' വറ്റാത്ത തോടുകളും '7' ജലസമൃദ്ധമായ നീരുറവകളും 5 വറ്റാത്ത കുളങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ ശരാശരിയായ രീതിയിലുള്ള ജലവിതരണ ഏർപ്പാട് ഇല്ലാത്തതിനാൽ പല പ്രദേശങ്ങളും കുടിവെള്ളക്ഷാമംഅ്നുഭവപ്പെടുന്നവയാണ്. വർഷം മുഴുവൻ വെള്ളം കിട്ടുന്ന 1887 കിണറുകൾ ഉൾപ്പെടെ ആകെ 3056 എണ്ണമാണ് ഇവിടെയുള്ളത്. 8 കുഴൽ കിണറുകൾ കൂടി ഇവിടെയുണ്ട്.

**ജനപ്രകൃതി**

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 23904 ആണ്. ഇതിൽ പുരുഷൻമാർ 12766ഉം സ്ത്രീകൾ 11138-ഉം ആണ്. അനുപാതത്തിലുള്ള ഈ വ്യത്യാസം പരിശോധിക്കപ്പെടേണ്ടതാണ്. 3124 പട്ടികജാതി പട്ടികവർഗ്ഗക്കാരാണ് ഇവിടെ ഉള്ളത്. ജനങ്ങളുടെ പ്രധാന തൊഴിൽ മേഖല കെട്ടിട നിർമ്മാണരംഗത്തേക്ക് മാറിയിരിക്കുന്നു. കാർഷികരംഗത്തും പാരമ്പര്യ തൊഴിൽ മേഖലയിലും തൊഴിൽ മുരടിപ്പ് അനുഭവപ്പെടുന്നു. തൊഴിൽ സന്നദ്ധരായ സ്ത്രീകളുടെ ഇടയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്. അംഗനവാടികൾ, നഴ്സറികൾ, ബാലവാടികൾ, ശിശു മന്ദിരം എന്നിവ മൊത്തം 12 എണ്ണം വിവിധ വാർഡുകളിൽ സ്ഥിതി ചെയ്യുമ്പോൾ ചില വാർഡുകളിൽ ഇത്തരം സ്ഥാപനങ്ങൾ ഇല്ല. അയിത്തവും ജാതീയമായ ഉച്ചനീചത്വവും കൊടികുത്തിവാണിരുന്ന ഈ പ്രദേശം അതിൽ നിന്നുള്ള മോചനത്തിൻെറ തുടിപ്പുകൾ അനുഭവിക്കുകയാണ്. ജനങ്ങളിൽ ബഹുഭൂരിഭാഗവും ഹിന്ദു-മുസ്ലിം വിഭാഗത്തിൽപെട്ടവരാണ്. ഉത്സവങ്ങളിലും മറ്റു ആഘോഷങ്ങളിലും കാണുന്ന ഒത്തൊരുമ നമ്മുടെ സാംസ്കാരിക ഐക്യത്തിൻെറ ഉത്തമ ദൃഷ്ടാന്തമാണ്. പഴമക്കാരുടെ അറിവനുസരിച്ച് നോക്കുമ്പോൾ ഒട്ടും പിന്നിലല്ലാതിരുന്ന ഒരു വിദ്യാഭ്യാസ പശ്ചാത്തലവും നമുക്കുണ്ടായിരുന്നു. ഉന്നത പഠനത്തിന് മുസ്ലിം സ്ത്രീകൾ പൊതുവെ താൽപര്യം കാണിക്കാതിരിക്കുമ്പോൾ സാമ്പത്തികബുദ്ധിമുട്ട് കാരണം പട്ടികജാതി പട്ടികവർഗ്ഗക്കാർ വിദ്യാഭ്യാസരംഗത്ത് പിന്നണിയിൽ നിൽക്കുന്നു.

# സാമൂഹിക സാംസ്കാരിക പശ്ചാത്തലം

കോഴിക്കോട് റവന്യൂ ജില്ലയിലെ കോഴിക്കോട് താലൂക്കിൽ മൂന്ന് അംശങ്ങൾ ചേർന്നതാണ് നരിക്കുനി പഞ്ചായത്ത്. പേര് സൂചിപ്പിക്കുന്നതുപോലെ മലകളും, കാടുകളും വന്യജീവികളും നിറഞ്ഞതായിരുന്നു ഈ ഭൂഭാഗം. നരിക്കുനി, പന്നിക്കോട്ടൂർ, പന്നിപ്പൊയിൽ, മൂർഖൻകുണ്ട്, കുറുക്കൻകുന്ന്, പുലിതൂക്കും പറമ്പ്, തോൽപ്പാറ തുടങ്ങിയ സ്ഥലനാമങ്ങൾ ഇതിലേക്കം സൂചകങ്ങളാണ്. ജനസംഖ്യയിൽ ഉണ്ടായ വർദ്ധന പുതിയ കൃഷിയിണടങ്ങൾ കണ്ടെത്താൻ നിർബന്ധിക്കപ്പെടുകയും തൽഫലമായി കാടുകളും മലകളും കൃഷിയിടങ്ങളായി മാറുകയും ചെയ്തു.

ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തീരെ ദുർബലമായിരുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. ദേശാഭിമാനപരമായ ഒരു പാരമ്പര്യം അവകാശപ്പെടാനില്ലാത്തതിനാൽ അത്തരമൊരു സാംസ്കാരിക പൈതൃകത്തിൻെറ പിൻതുടർച്ചക്കാരാകാൻ നമുക്ക് കഴിയാതെ പോയി.

പഴയ ജന്മി-കുടിയാൻ ബന്ധത്തിൽ അധിഷ്ഠിതമായ ഒരു സാമൂഹികവ്യവസ്ഥയായിരുന്നു നിലവിലുണ്ടായിരുന്നത്. നാട്ടാചാരങ്ങളും വർണ്ണവിദ്വേഷവും കൂടപ്പിറപ്പായിരുന്ന ചില ആഢ്യ കുടുംബങ്ങളുടെ ആജ്ഞാനുവർത്തികളായി കഴിയേണ്ട ഗതികേട് അന്നത്തെ സാധാരണക്കാരായ സ്ഥലവാസികൾക്കുണ്ടായിരുന്നു. ജാതിസമ്പ്രദായമായിരുന്നു താഴേക്കിടയിലുള്ള ജനങ്ങളുടെ പിന്നോക്കാവസ്ഥക്ക് പ്രധാന കാരണം. ഭൂപരിഷ്ക്കരണ സമ്പ്രദായം നിലവിൽ വന്നതോടെ, കൃഷിഭൂമി കർഷകന് എന്ന അവസ്ഥ സംജാതമാകുയും അത് ഈ പ്രദേശത്തിലെ ജനങ്ങളുടെ സാമൂഹികോന്നമനത്തിന് വലിയൊരു വഴിത്തിരിവാകുകയും ചെയ്തു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലുണ്ടായിരുന്ന സാമൂഹിക മാറ്റങ്ങളിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് പ്രാധാന്യം കൈവരാൻ തുടങ്ങി. ഇന്ത്യൻനാഷണൽ കോൺഗ്രസ്സ്, പ്രജാ സോഷ്യലിസ്റ്റ് പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടി മുസ്ലിം ലീഗ് എന്നിവ പ്രധാന രാഷ്ട്രീയ പാർട്ടികളായി രംഗത്തുവന്നു.

അക്കാലത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ കാഷിക മേഖലയിൽ ആയിരുന്നു. അടിമ-ഉടമ ബന്ധത്തിൽ ഊന്നിക്കൊണ്ടുതന്നെ മണ്ണും മനുഷ്യനും എന്ന വൈകാരികമായ ഒരു കൂട്ടായ്മ അന്ന് നിലവിലുണ്ടായിരുന്നു. വിളവിറക്കുമ്പോഴും വിളവെടുക്കുമ്പോഴും ഒരുത്സവത്തിൻെറ പ്രതീതിയായിരുന്നു. 'പുത്തരിസദ്യ' കാർഷിക സംസ്കാരത്തിൻെറ ഒരു ഭാഗമായിരുന്നു. ഈ സംസ്കാരത്തിന് ഒരു വെല്ലുവിളിയായി ഉപഭോക്തൃ സംസ്കാരം വളർന്നുകൊണ്ടിരിക്കുന്നു. നഗര സംസ്കാരം ഗ്രാമങ്ങളിലെ,വയലുകളെ കടന്നാക്രമിച്ചിരിക്കുന്നു.

നിത്യവൃത്തിക്കു വേണ്ടി പാരമ്പര്യ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വിഭാഗം ജനങ്ങൾ ഇന്നും ഈ പ്രദേശത്തുണ്ട്. പായ നെയ്ത്ത്, കുട്ട-വട്ടി നിർമ്മാണം, കയർ പിരിക്കൽ മുതലായവ ഇവയിൽപ്പെടുന്നു. അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം ഈ പാരമ്പര്യ തൊഴിലുകൾക്ക് ഭീഷണിയായിരിക്കുന്നു. പ്രാകൃതികവിഭവ വിപണനത്തിൽ ഈ പ്രദേശത്തെ ചെറുകിട കച്ചവടക്കാർക്ക് വലിയ സ്ഥാനമുണ്ടായിരുന്നു.

ഏതൊരു പ്രദേശത്തിൻെറയും സാംസ്കാരിക മുന്നേറ്റത്തിൽ വിദ്യാഭ്യാസത്തിന് പ്രഥമ സ്ഥാനമാണ് ഉള്ളത്. ഇക്കാര്യത്തിൽ നമ്മുടെ പഞ്ചായത്തും ഒട്ടും പിന്നിലല്ലെന്ന് കാണാം. സ്വാതന്ത്ര്യത്തിന് മുമ്പ് 1911-ൽ സ്ഥാപിതമായ പാറന്നൂർ ഗവ. മാപ്പിള എൽ.പി. സ്കൂൾ ആണ് ഈ രംഗത്തെ ആദ്യ ചുവടുവെപ്പ്. തുടർന്ന് 1916-ൽ നരിക്കുനി എ.യു.പി. സ്കൂളും 1917-ൽ പുന്നശ്ശേരി എ.യു.പി. സ്കൂളും സ്ഥാപിതമായി. പഴയകാലത്തെ പല എഴുത്തു പള്ളിക്കൂടങ്ങളുമാണ് ഇന്നത്തെ സ്കൂളുകളായി മാറിയത്. എഴുത്തു പള്ളിക്കൂടങ്ങളുടെ കാലത്തെ അയിത്താചരണം മേൽപ്പറഞ്ഞ

സ്കൂളുകളുടെ ആവിർഭാവത്തോടെ അപ്രത്യക്ഷമായി തുടങ്ങി. പിന്നോക്ക വിഭാഗക്കാർക്ക് വിദ്യാഭ്യാസ രംഗത്തേക്ക് പ്രവേശിക്കാമെന്ന സ്ഥിതി വന്നു. കാൽ നൂറ്റാണ്ട് മുമ്പ് തന്നെ ഈ വിഭാഗത്തിൽ നിന്ന് എഞ്ചിനീയർ, അധ്യാപകർ മറ്റു ഉദ്യോഗസ്ഥർ ഒക്കെ ഉണ്ടായിട്ടുണ്ട്.

വനിതകൾ പൊതുവെ വിദ്യാഭ്യാസത്തിൽ പിന്നിലായിരുന്നെങ്കിലും ഇന്ന് അഭ്യസ്തവിദ്യരായവർ പല തലങ്ങളിലും ഏറെയാണ്. മുസ്ലീം വനിതകൾ മുൻകാലങ്ങളിൽ വിദ്യാഭ്യാസത്തോട് വിമുഖത ഉള്ളവരായിരുന്നുവെങ്കിലും ഇന്ന് അവർ ബഹുദൂരം മുന്നിലാണെന്ന് കാണാം.

പാരമ്പര്യ ചികിത്സകളെ മാത്രം ആശ്രയിച്ചിരുന്ന ഒരു ആരോഗ്യ പരിപാലനമായിരുന്നു നമുക്കുണ്ടായിരുന്നത്. നരിക്കുനിയിലെ സാമൂഹ്യപ്രവർത്തകരുടെ കഠിനമായ പരിശ്രമഫലമായി ആധുനിക ചികിത്സാ സൗകര്യങ്ങൾ ഇവിടേക്ക് എത്തിനോക്കാൻ തുടങ്ങി. 1963-ൽ സ്ഥാപിതമായ പ്രാഥമികാരോഗ്യകേന്ദ്രമാണ് ഈ രംഗത്തെ ആദ്യ സ്ഥാപനം. ഇന്ന് കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർന്നിരിക്കുന്ന ഈ സ്ഥാപനത്തിൻെറ കീഴിൽ ഒമ്പത് പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുണ്ട്. ഇത് നരിക്കുനി അങ്ങാടിയിൽ സ്ഥിതി ചെയ്യുന്നതുകൊണ്ട് പഞ്ചായത്തിൻെറ വടക്കൻ മേഖലകളിലുള്ളവർക്ക് പരമാവധി പ്രയോജനം ലഭിക്കുന്നില്ല. ഇന്ന് ഒരു ആയുർവ്വേദ ഡിസ്പൻസറിയും ഹോമിയോ ഡിസ്പൻസറിയും കൂടി ഈ പഞ്ചായത്തിലുണ്ട്.

സംസ്കാരത്തെ പോഷിപ്പിക്കുന്നതിൽ കലയുടെ പങ്ക് നിസ്തുലമാണ്. അനുഷ്ഠാനകലകളായ തിറ, തെയ്യം മുതലായവ ഇന്നും നിലനിന്നുപോരുന്നു. 'നാഗപ്പാട്ട് ഉത്സവം' ഇന്ന് അന്യമായിരിക്കയാണ്. പല കലാസമിതികളും സാമാന്യം നന്നായി പ്രവർത്തിച്ചിരുന്ന നരിക്കുനി അങ്ങാടിയിൽ ഇന്നു അവയൊന്നും തന്നെ കാണുന്നില്ല. അങ്ങാടിയുടെ പടിഞ്ഞാറ് ഭാഗത്തുള്ള 'പള്ളിയറക്കാവ്' പല ക്ഷേത്രകലകളുടെയും കേന്ദ്രമായിരുന്നു. ഇവിട ത്തെ 'തിക്കിതി' എന്ന ഉത്സവത്തോടനുബന്ധിച്ചുള്ള ചടങ്ങ് ഈ പ്രദേശത്തിൻെറ സവിശേഷതയായിരുന്നു. ഇതുപോലെ തന്നെ വരിങ്ങിലോറ മലയുടെ മുകൾ തട്ടിലുള്ള കരിമ്പാല സമുദായത്തിൻെറ തിറയുത്സവവും; കൊടോളിയിടത്തിലെ തിറയുത്സവവും പല സവിശേഷതകളും നിറഞ്ഞവയാണ്.

സാംസ്കാരിരംഗത്ത് വായനശാലകൾക്കുള്ള പങ്ക് വളരെ വലുതാണ്. 1957-ൽ സ്ഥാപിച്ച ദേശീയ വായനശാലയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സാംസ്കാരിക സ്ഥാപനം. നൂറുകണക്കിന് പുസ്തകങ്ങളും അനേകം ആനുകാലികങ്ങളും ഉണ്ടായിരുന്ന പഞ്ചായത്ത് ലൈബ്രറി ഇന്ന് അനാഥമായ അവസ്ഥയിലാണ്.

1969-ലാണ് ആദ്യമായി നരിക്കുനിയിലേക്ക് ബസ്സ് സർവ്വീസ് ആരംഭിച്ചത്. പോസ്റ്റ് ഓഫീസിൻെറ ബ്രാഞ്ച് തുടങ്ങിയത് ടെലഫോൺ ലഭിക്കുന്നത്

കാർഷിക മേഖലയുടെ ഉല്പാദനതകർച്ചയും സേവന മേഖലയുടെ ഗുണനിലവാര തകർച്ചയുമാണ് നാമിന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. കൃഷിഭൂമി നാലിലൊന്നായി ചുരുങ്ങിയിരിക്കുന്നു. ജനപങ്കാളിത്തത്തോടെ ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. സേവന മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തിക്കൊണ്ടും സാംസ്കാരിക രംഗത്തെ ഫലപ്രദമായ ഇടപെടലുകൾ കൊണ്ടും നമ്മുടെ പഞ്ചായത്തിനെ ഉദ്ദിഷ്ടലക്ഷ്യത്തിലെത്തിക്കാൻ ജനകീയാസൂത്രണപ്രസ്ഥാനം കരുത്തു പകരട്ടെ.



# കൃഷിയും ജലസേചനവും

ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ ഗ്രാമത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും കാടുകളും മലകളുമായിരുന്നു. കൃഷിഭൂമികാം വളരെ കുറവായിരുന്നു. ജനങ്ങാം വന്യമൃഗങ്ങളോട് പടപൊരുതിയാണ് കാർഷികവൃത്തികളിൽ ഏർപ്പെട്ടിരുന്നത്.

1956-ൽ പാറന്നൂർ,നെടിയനാട്, പന്നിക്കോട്ടൂർ എന്നീ അംശങ്ങളും അതിൻ കീഴിലുള്ള പ്രദേശങ്ങളും ഉാപ്പെടുത്തി നരിക്കുനി വില്ലേജ് രൂപീകൃതമായി അതിനു ശേഷം 1962-ൽ നരിക്കുനി പഞ്ചായത്ത് നിലവിൽ വന്നു. 1950-കളുടെ തുടക്കത്തിൽ ചുരുങ്ങിയ ശതമാനം ആളുകാംക്കു മാത്രമേ സ്വന്തമായ ഭൂമി ഉണ്ടായിരുന്നുള്ളൂ. 950-ഓളം നായർ, നമ്പൂതിരി കുടുംബക്കാരായിരുന്നു. കുത്തക ജന്മിമാരായിരുന്നു ഭൂരിഭാഗം ഭൂമിയുടെയും ഉടമസ്ഥർ. ഭൂപരിഷ്ക്കരണ നിയമം വന്നതിനെ തുടർന്ന് മേൽപറഞ്ഞ ജന്മിമാരിൽ നിന്ന് പ്രസ്തുത ഭൂമി 4897 കർഷക കുടുംബങ്ങളിലേക്ക് ലഭിച്ചു. കൂടാതെ മുപ്പതോളം കുടികിടപ്പുകാർക്കും സ്വന്തമായി ഭൂമി ലഭിച്ചു. സമൂഹത്തിലെ ജന്മി-കുടിയാൻ ബന്ധം ഇല്ലാതായതോടെ കൃഷിഭൂമികൃഷിക്കാരന് സ്വതന്ത്രമായിലഭിക്കുകയും ചെയ്തതോടെ കാർഷികരംഗത്തും വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും വളരെയേറെ മാറ്റങ്ങാം വന്നുതുടങ്ങി.

കാർഷികരംഗത്തിനു വേണ്ടി 1974-ൽ സർക്കാർ നരിക്കുനി പഞ്ചായത്തിനെക്കൂടി ഉാപ്പെടുത്തിക്കൊണ്ട്

**പട്ടിക 1**

**ഭൂപ്രകൃതി**

| നമ്പർ | ഭൂപ്രകൃതി | വിസ്തീർണ്ണം (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1 | ഉയർന്ന സമതലം | | |
| | (a) മണ്ണില്ലാത്ത ഭാഗം | 35 | 1.98 |
| | (b) മണ്ണുള്ള ഭാഗം | 26 | 1.47 |
| 2 | ചരിവു പ്രദേശങ്ങാം | | |
| | (a) കുത്തനെയുള്ളത് | 306 | 17.35 |
| | (b) ഇടത്തരം | 512 | 29.02 |
| 3 | സമതലം | 885.37 | 50.18 |
| | ആകെ | 1764.37 | |

**പട്ടിക 2**

**ഭൂപരിധിയും-കുടുംബങ്ങളുടെ എണ്ണവും**

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | 1 സെൻറ് മുതൽ 10 സെൻറ് വരെ | 934 |
| 2 | 11 സെൻറ് മുതൽ 20 സെൻറ് വരെ | 976 |
| 3 | 21 സെൻറ് മുതൽ 50 സെൻറ് വരെ | 1386 |
| 4 | 51 സെൻറ് മുതൽ 1 ഏക്ര വരെ | 936 |

| | | |
|---|---|---|
| 5 | 1 ഏക്ര മുതൽ 2 ഏക്ര വരെ | 468 |
| 6 | 2 ഏക്ര മുതൽ 5 ഏക്ര വരെ | 174 |
| 7 | 5 ഏക്രയ്ക്കു മുകളിൽ | 23 |
| | ആകെ | 4897 |

ചേളന്നൂരിൽ കോക്കനെട്ട്പാക്കേജ്യൂനിറ്റ്(C P Unit) സ്ഥാപിച്ചു. തുടർന്ന് 1976-ൽ നരിക്കുനി, മടവൂർ പഞ്ചായത്തുകളെ ഉൾപ്പെടുത്തിക്കൊണ്ട് നരിക്കുനി ആസ്ഥാനമായി C P Unit സ്ഥാപിച്ചു പ്രവർത്തനമാരംഭിക്കുകയും വീണ്ടും 1987-ൽ പഞ്ചായത്തിന്നു മാത്രമായി നരിക്കുനി കൃഷിഭവൻ നിലവിൽവരികയും കർഷകരുടെ കാർഷിക ആവശ്യങ്ങൾ ഒരു പരിധി വരെ നിറവേറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു.

ഒരു കാർഷിക പ്രദേശമായ നമ്മുടെ പഞ്ചായത്തിൽ ഭൂപ്രകൃതിയനുസരിച്ച് ഉയർന്ന സമതലം, ചരിവു പ്രദേശം, സമതലം എന്നീ ഭൂപ്രദേശങ്ങളാണുള്ളത് (പട്ടിക 1). ഇവിടെയുള്ള ഉയർന്ന പ്രദേശങ്ങളിൽ രൂക്ഷമായ മണ്ണൊലിപ്പ് അനുഭവപ്പെടുന്നുണ്ട്. ഇത്തരത്തിലുള്ള കുന്നുകൾ ഇവയാണ്. തോൽപാറ, നാരായണൻകുന്ന്, കാരക്കുന്ന്, വേട്ടുവൻകുന്ന്, കല്ലാഞ്ഞിമാട്, മുരട്ടക്കുന്ന്, പന്തലുകുന്ന്, നീറ്റോറമല, മൂകാലുംപാറ, ആശാരിക്കുന്ന്, കുനിച്ചിപാറ, പെരിക്കോറമല, തേലമ്പാറ, വെങ്ങിണ്ടോറമല, ടൈവൻകുന്ന്, കൊമ്പിളിയൻ പാറ, വേയാട് മല, നൂഞ്ഞിക്കുന്നം, തുവ്വലക്കുന്ന്, ചെറു മലയുടെ ഒരു ഭാഗം, പുതിയാടൻകുന്ന്, വരിങ്ങിലോറമല, ചാലിയേക്കരക്കുന്ന്, കൈപ്പാടൻചാലിൽ മല, കുറുക്കൻകുന്ന്, പാവിട്ടിക്കുന്ന്, മാമ്പറ്റ മല, ചെമ്പക്കുന്ന്, തെക്കെക്കണ്ടിമീത്തൽ, നെല്ലിക്കുന്ന്, അടുക്കൻമല, മുച്ചിലാടിമല എന്നിവയാണ്. പഞ്ചായത്തിലെ വിളകൾ നെല്ല്, തെങ്ങ്, കവുങ്ങ്, കശുമാവ്, കുരുമുളക് എന്നിവയും ഇടവിളകളായി വാഴ, മരച്ചീനി, പച്ചക്കറികൾ, പയർവർഗ്ഗവിളകളും കൃഷി ചെയ്തുവരുന്നു. 4867 കർഷക കുടുംബങ്ങളിൽ 67 ശതമാനം പേരും 50 സെൻറിൽ താഴെ ഭൂമി കൈവശക്കാരാണെന്നത് കാർഷിക വികസനത്തിന് തടസ്സം നിൽക്കുന്നു. ഇത്തരക്കാർക്ക് ലോൺ സൗകര്യം ലഭിക്കാനായി ഭൂപരിധി കുറക്കേണ്ടതാണ്. (കൈവശ ഭൂമിയുടെ പരിധി കാണിക്കുന്ന പട്ടിക 2) ആളോഹരി സംസ്ഥാനത്തിൻെറ കൃഷി ഭൂമി 0.07 ഹെക്ടർ തന്നെയാണ് പഞ്ചായത്തിൻെറയും ആളോഹരിയുടെ തോത്.

### ഭൂവിനിയോഗം പട്ടിക 3
### അവലംബം: കൃഷി ഭവൻ രേഖ

| നമ്പർ | വിനിയോഗം | വിസ്തീർണ്ണം (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1 | (a) നെല്ല്-ഒന്നാം വിള | 30 | 1.7 |
| | (b) നെല്ല്-രണ്ടാം വിള | 60 | 3.4 |
| | (c) നെല്ല്-മൂന്നാം വിള | 15 | 0.85 |
| 2 | പയർ | 30 | 1.7 |
| 3 | എള്ള് | 0.5 | 0.03 |
| 4 | പച്ചക്കറികൾ | 3 | 0.17 |
| 5 | തെങ്ങ് | 858.5 | 48.66 |
| 6 | വാഴ | 70 | 3.97 |
| 7 | മരച്ചീനി | 25 | 1.42 |
| 8 | കുരുമുളക് | 16 | 0.9 |
| 9 | പ്ലാവ് | 50 | 2.83 |

| | | | |
|---|---|---|---|
| 10 | കശുമാവ് | 12 | 0.68 |
| 11 | മാവ് | 60 | 3.4 |
| 12 | കവുങ്ങ് | 100 | 5.67 |
| 13 | റബ്ബർ | 0.2 | 0.01 |
| 14 | തരിശുഭൂമി | 26.02 | 1.48 |
| 15 | തരിശുഭൂമി (കൃഷിയോഗ്യമായത്) | 8.22 | 0.46 |

പട്ടി 7

പുറമ്പോക്കു ഭൂമി സംബന്ധിച്ച വിവരങ്ങം (Ref. K. Village)

| നമ്പർ | ഇനം | പാറന്നൂർ | പാലങ്ങാട് | നെടിയനാട് | പന്നിക്കോട്ടൂർ |
|---|---|---|---|---|---|
| 1 | റോഡ് | 12.47(ഏ) | 1.52(ഏ) | 16.05(ഏ) | 3.85(ഏ) |
| 2 | ഇടവഴി | --- | --- | --- | --- |
| 3 | തോട് | --- | --- | 4.18 " | --- |
| 4 | ആസ്പത്രി | --- | --- | --- | 0.39 ' |
| 5 | വിദ്യാഭ്യാസം | --- | --- | 0.69 " | -- |

ആകെ 39.15 ഏക്കർ

പട്ടിക -5

നെൽക്കൃഷി വിളവിസ്തീർണ്ണം (കൃഷിഭവൻ രേഖ)

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | നെല്ല് ഒന്നാം വിള | 30 ഹെ. |
| 2 | നെല്ല് രണ്ടാം വിള | 60 ഹെ. |
| 3 | നെല്ല് മൂന്നാം വിള | 15 " |

ഭൂവിനിയോഗം (പട്ടിക മൂന്ന്)

പഞ്ചായത്തിലെ 1764.37 ഹെക്ടറിൽ 26.02 ,തരിശുഭൂമിയും 8.22 ഹെക്ടർ കൃഷിയോഗ്യമായ തരിശും അടങ്ങിയിരിക്കുന്നു. സർക്കാർ പുറംമ്പോക്കായി 39.75ഏക്കറും (പട്ടിക -4) ഉണ്ട്. റിക്കാർഡുകളിൽ പുറംമ്പോക്കായിപ്രഖ്യാപിക്കേണ്ടഭൂമിയും കെട്ടിടങ്ങളും ഇനിയുമുണ്ട്. ഈ ഭൂമി സംരക്ഷിക്കേണ്ട കടമ നാമോരോരുത്തർക്കും ഉണ്ടെന്ന കാര്യം മറക്കരുത്.

നെല്ല്, തെങ്ങ്, കമുക്, കശുമാവ്, കുരുമുളക്, പ്ലാവ്, മാവ് തുടങ്ങിയ ദീർഘകാല വിളകളും ഇടവിളകളായ വാഴ, മരച്ചീനി, പയറുവർഗ്ഗവിളകൾ പച്ചക്കറികൾ എന്നിവക്കുപുറമേ റോഡുകൾ തോടുകൾ കിണർ, കുളം, കെട്ടിടങ്ങൾ എന്നിവയുമുണ്ട്.

**നെൽക്കൃഷി**

അവലംബം : വിഭവ ഭൂപടം വില്ലേജ് രജിസ്റ്റർ കൃഷിഭവൻ രേഖകൾ

പഞ്ചായത്തിൽ നെൽക്കൃഷി വില്ലേജ് റിക്കോർഡ് പ്രകാരം 181.3 ഹെക്ടർ ഉണ്ടായിരുന്നു. ഇതിനു പുറമേ 40 ഹെക്ടർ കരഭാഗങ്ങളിലും കൃഷിചെയ്തിരുന്നു. ഇത് മൊത്തം ഭൂമിയുടെ 12.54 % ആയിരുന്ന സ്ഥാനത്ത് ഇന്ന് 3.4 % അതായത് 60 ഹെക്ടറായി ചുരുങ്ങിയിരിക്കുകയാണ്. (പട്ടിക -5) കരയിലെ നെൽക്കൃഷി തീർത്തും ഇല്ലാതായി മുകളിൽപ്പറഞ്ഞ കണക്കുകളിൽനിന്നും നെൽവയലുകൾ അനുദിനം കുറഞ്ഞുവരുന്നതായി കാണാം. ഇതിൻെറ പ്രധാന കാരണങ്ങൾ നെൽ വയലുകൾ മണ്ണിട്ടുനികത്തി ദീർകാലവിളകളും ഇടവിളകളും കൃഷിചെയ്യുവാനും കെട്ടിടങ്ങൾ നിർമ്മിക്കാനും ഉപയോഗിക്കുന്നതുകൊണ്ടാണ് കുണ്ടായി ഭാഗത്തെ മുക്കാൽ ഭാഗത്ത് വയലും മണ്ണിട്ടു

നികത്തി മറ്റുകൃഷികരം നടത്തുന്നു. പാലൊളിത്താഴം വയലിലും മണ്ണിടൽ പ്രവർത്തികരം നടന്നു വരുന്നു. വയൽപ്രദേശങ്ങരം മണ്ണിടുന്നതുകൊണ്ട് ഗുരുതരമായ പ്രത്യാഘാതങ്ങരം ഉണ്ടാവും എന്നകാര്യത്തിൽ സംശയം വേണ്ട. നെൽക്കൃഷി നമ്മുടെ നാട്ടിൽ നിന്നും അപ്രത്യക്ഷമാവുകയും ജലസംഭരണശേഷി മണ്ണിനു നഷ്ടപ്പെടുന്നതോടൊപ്പംതന്നെ ബാക്കിവരുന്ന സ്ഥലങ്ങരം വെള്ളക്കെട്ടായി മാറുകയും ഭാവിയിൽ യാതൊരു കൃഷിയും ചെയ്യാൻ പറ്റാത്ത അവസ്ഥയിലാവുകയും ചെയ്യും. പാരമ്പര്യവിത്തിനങ്ങളായ ആര്യൻ, പൊന്നാര്യൻ, പറമ്പുവട്ടൻ, ഇട്ടികണ്ടപ്പൻ, തവളകണ്ണൻ, ഓർപ്പാണ്ടി, (വെതാണ്ടം) തെക്കൻ ചിറ്റേനി, ഓണോട്ടൻ, കന്നിച്ചീര, ഔഷധപ്രാധാന്യമുള്ള നകര തുടങ്ങിയ രോഗകീടപ്രതിരോധശേഷിയുള്ള വിത്തിനങ്ങളിൽ പലതും പുതിയ ഇനങ്ങളായി അശ്വതി ഭാരതി, ജയ,ജ്യോതി,അന്നപൂർണ്ണ, പവിഴം, കാർത്തിക ത്രിവേണി ഐ.ആർ.എട്ട് എന്നിവയുടെ ആവിർഭാവത്തോടുകൂടി നാമാവശേഷമായിട്ടുണ്ട്. എങ്കിലു പഴയ വിത്തായ ഓർപ്പാണ്ടി ഇന്ന്കർഷകർ വ്യപകമായ തോതിൽ വെള്ളകെട്ടുള്ള പ്രദേശങ്ങിൽ കൃഷി ചെയ്തുവരുന്നു.

കാലാവസ്ഥയെ ആശ്രയിച്ചാണ്95 ശതമാനം കർഷകരും കൃഷിപ്പണികരം നടത്തുന്നത്. അനുകൂല കാലാവസ്ഥ ലഭിക്കാത്തതുകൊണ്ടും മണ്ണിടൽമൂലം നീർവാർച്ച സൗകര്യങ്ങളുടെ ഏറ്റക്കുറച്ചിലുകരംകൊണ്ടും സമയത്തിനു കൃഷിയിറക്കാൻ കർഷർക്ക്കഴിയാറില്ല. പണ്ടുനെൽക്കൃഷി പച്ചിലവളം , ചാണകം , എന്നിവ ഉപയോഗിച്ചു നടത്തിയിരുന്നു. കീടനിയന്ത്രണത്തിനായി എലികളെ നശിപ്പിക്കാനായി , മുളം കുറ്റിക്കെണി ചാഴിയെ നശിപ്പിക്കാനായി മുറം വീശൽ തെങ്ങിൻ കുലച്ചിൽ കൊണ്ടുള്ള ഇളക്കൽ എന്നീ നാടൻ രീതികളാണ് ഉപയോഗിച്ചിരുന്നത്. പാടത്ത്ജോലി ചെയ്തിരുന്ന സ്ത്രീതൊഴിലാളികരം ഞാറുപറി ,നടീൽ, എന്നിവ വടക്കൻപാട്ടുകരം പാടി ഒരാഘോഷമായി കൊണ്ടാടിയിരുന്നു. ഇതവരുടെ പ്രവൃത്തികരംഒരളവോളം ആയാസരഹിതമാക്കുന്നതിനും ജോലി ചെയ്യിക്കുന്നവർക്ക് സന്തോഷമുളവാക്കുവാനും സഹായിച്ചിരുന്നു. വയൽവരമ്പുകവും തോടുകളും ഓരോരോ കൃഷികരംക്കു വേണ്ടിയും വൃത്തിയാക്കുകയും വേണ്ടത്ര പരിചരണം നൽകുകയും ചെയ്തിരുന്നു. ഇതെല്ലാം പഴയ കഥകരം. ഇന്നതെല്ലാം ഓർമ്മകരം മാത്രം.

ഒരു ഹെക്ടറിൽ നിന്ന് നാടൻ ഇനങ്ങരംക്കു 1200-1300 കിലോയും അത്യുൽപാദന ഇനങ്ങരംക്ക്1600-1750 കിലോ നെല്ലും ലഭിക്കുന്നു. നേരത്തെ ഇതിലും കൂടുതൽ വിളവും ലഭിച്ചിരുന്നു. ഇപ്പോഴത്തെ വിളവ് വളരെ കുറവാണ്. നെൽകൃഷി മേഖലയിൽ നിന്ന് കർഷകർ പിറകോട്ട് പോവുകയാണ്. നെൽകൃഷി ലാഭകരമല്ലാത്തതിനാലും കാഷികപ്രവൃത്തികരം അറിയാവുന്ന ജോലിക്കാരുടെ അഭാവം, വർദ്ധിച്ച കൂലി നിരക്ക്, അശാസ്ത്രീയമായ കൃഷിരീതികരം, വിത്ത്, വളം യഥാസമയം ലഭിക്കായ്ക, ജലസേചന സൗകര്യങ്ങളും പോരായ്മകരം ഇവയെല്ലാംകൊണ്ടും പുതിയ റോഡുകളെല്ലാം പാടങ്ങളുടെ നടുക്കു കൂടി നിർമ്മിക്കുന്നതുകൊണ്ടും മണ്ണിടൽ പ്രവൃത്തികരം പുരോഗമിക്കുകയും മറ്റു വിളകളിലേക്കു ശ്രദ്ധ തിരിക്കുകയും ചെയ്യുന്നു.

**പാടശേഖര സമിതികരം**

കൃഷി ഭവൻെറ ആഭിമുഖ്യത്തിരം കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട നാലു പാടശേഖര സമിതികളാണ് നിലവിലുള്ളത്. ഇവ വേണ്ടത്ര ഫലപ്രദമായ രീതിയിലല്ല പ്രവർത്തിക്കുന്നത്. പാടശേഖര സമിതികളുടെ വിശദാംശങ്ങളും വിള ക്രമങ്ങളും പട്ടിക 6-ൽ ചേർത്തിരിക്കുന്നു. 3 പുലിലും നെൽകൃഷി ചെയ്യാവുന്നതും തരിശിടുന്നതുമായവ ഈ കൂട്ടത്തിലുണ്ട്. പാടശേഖരത്തിൽ ഉരംപ്പെടാത്ത കൃഷി സ്ഥലങ്ങരം മുണ്ടുപാലം തലക്കൽ, കൊട്ടയോട്ടുതാഴം, കുണ്ടായി, കൊടൊളി, പാലങ്ങാട്, പാവുപൊയിൽതാഴം, നെല്ല്യെരിത്താഴം, കരിപ്പറമ്പത്ത്താഴം എന്നിവയാണ്. ഇവിടെ ഒരു വിള മാത്രം കൃഷി ചെയ്യുന്നു.

**തെങ്ങു കൃഷിയും മറ്റു വിളകളും**

കര ഭാഗങ്ങളിലെ പ്രധാന കൃഷി തെങ്ങാണ്. 858.5 ഹെക്ടർ സ്ഥലത്ത് ഈ കൃഷി വ്യാപിച്ചു

കിടക്കുന്നു. മൊത്തം ഭൂമിയുടെ 48.66 ശതമാനം തെങ്ങ് കൃഷിയാണ്. വർഷംതോറും തെങ്ങ് കൃഷി കൂടിവരികയും നെൽകൃഷി കുറയുകയും ചെയ്യുന്നു. കൃഷിസ്ഥലം കൂടുന്നു എന്നല്ലാതെ ഉൽപാദനത്തിൻെറ കാര്യത്തിൽ നാം പിന്നിലാണ്. വർഷത്തിൽ 25-30 നാളികേരമാണ് ശരാശരി ലഭിക്കുന്നത്. സംസ്ഥാന ശരാശരി 38 നാളികേരമാണ്. ഇതിൽ നിന്നും നമ്മുടെ ഉല്പാദനം കുറവാണ് എന്ന കാര്യത്തിൽ സംശയമില്ല. അശാസ്ത്രീയമായ രീതിയിലുള്ള കൃഷിരീതികൾ ഇതിനു ഉദാഹരണമാണ്. ശാസ്ത്രീയമായ രീതിയിൽ 55-70 തെങ്ങുകൾ (ഒരു ഏക്ര) വെക്കേണ്ടിടത്ത് 100-110 എണ്ണം കൃഷി ചെയ്തുവരുന്നു. തുണ്ടുഭൂമികളായതും അടിതൈ നേരത്തെ വെക്കുന്നതുകൊണ്ടും ഇങ്ങനെ സംഭവിക്കുന്നു. യോജിച്ച സ്ഥലം തിരഞ്ഞെടുത്തല്ല കൃഷി ചെയ്യുന്നത്. കാലാവസ്ഥ അത്രഅനുകൂലമല്ലെങ്കിൽ പരിചരണവും രാസവളപ്രയോഗവും മുടങ്ങുന്നു. എൻ.പി.കെ. വളങ്ങൾ ആനുപാതികമായിട്ടില്ല നൽകുന്നത്. മണ്ണിൻെറ ഫലഭൂയിഷ്ടി കുറവ് രാസവളങ്ങളുടെ അമിതമായ പ്രയോഗം വേണ്ടത്ര ജൈവവളം ചേർക്കാതിരിക്കൽ. മണ്ണിൻെറ തരം കിടപ്പ്, നീർവാർച്ച സൗകര്യക്കുറവ്, നടീൽ വസ്തുക്കൾ തിരഞ്ഞെടുക്കുമ്പോഴുള്ള പോരായ്മകൾ, കൂമ്പുചീയൽ, ചെന്നീരൊലിപ്പ് രോഗങ്ങൾ, എലി, കൊമ്പൻചെല്ലി മുതലായ കീടങ്ങളുടെ ശല്യം ഇങ്ങനെ ഒരുപാട് കാരണങ്ങൾകൊണ്ട് നാവികേര കൃഷിയിൽ ഉല്പാദനം കുറഞ്ഞുകൊണ്ടേയിരിക്കുന്നു.

ഇടവിളകൾ (പട്ടിക 7) കൃഷി ചെയ്യുന്നുണ്ടെങ്കിലും അവക്ക് പ്രത്യേകം വളങ്ങൾ നല്കാറില്ല. കവുങ്ങിൽ നിന്ന് 150 അടക്കയും കുരുമുളക് വള്ളിയിൽ നിന്ന് ഒരു കിലോ കുരുമുളകും നേന്ത്രവാഴയിൽ നിന്ന് ശരാശരി എട്ട് കിലോ കുലയും ലഭിക്കുന്നു. കാർഷികവിളകൾക്കു മൊത്തത്തിൽ ഉല്പാദനം കുറവായാണം അനുഭവപ്പെടുന്നത്.

**വളം**

സഹകരണ മേഖലയിൽ രണ്ടും, സ്വകാര്യ മേഖലയിൽ രണ്ടും മൊത്തം നാല് വളം വിൽപ്പന കേന്ദ്രങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. 85 ശതമാനവും രാസവളങ്ങളാണ് കൃഷിക്ക് ഉപയോഗിക്കുന്നത്. വളപ്രയോഗം ശാസ്ത്രീയമായ രീതിയില്ല. ഇത് കൃഷി ചെലവ് കൂട്ടുകയും നഷ്ടവും ഉണ്ടാക്കുന്നു. നേരത്തെ ജൈവളം നന്നായി ഉപയോഗിച്ചിരുന്ന സ്ഥാനത്ത് ഇന്നത് പേരിന് മാത്രം ഉപയോഗിക്കുന്നു. ഇതു ഉല്പാദനം കുറയുകയും മണ്ണിൻെറ ഘടന മോശമാക്കുകയും ചെയ്യുന്നു. ജൈവവളത്തിൻെറ ലഭ്യതയില്ലായ്മയാണ് ഇത് കാണിക്കുന്നത്.

**പട്ടിക 6**

**പാടശേഖര സമിതികളും വിളക്രമവും**

| നമ്പർ | പാടശേഖരത്തിൻെറ പേര് | ഒന്നാംവിള | രണ്ടാംവിള | മൂന്നാംവിള |
|---|---|---|---|---|
| 1 | വടെക്കണ്ടിത്താഴം | നെല്ല് | നെല്ല് | നെല്ല് |
| | കൽക്കുടുമ്പ് | വാഴ | വാഴ | വാഴ |
| 2 | പാലൊളിത്താഴം | നെല്ല് | നെല്ല് | മരച്ചീനി |
| | | വാഴ, മരച്ചീനി | വാഴ | വാഴ |
| 3 | മൂർഖൻകുണ്ട് | നെല്ല് | നെല്ല് | - |
| | | വാഴ | വാഴ | - |
| 4 | പുല്ലാഞ്ഞൊളിത്താഴം | നെല്ല് | നെല്ല് | നെല്ല് |
| | പുതുശ്ശേരിത്താഴം | | വാഴ | വാഴ, മരച്ചീനി |

| | | |
|---|---|---|
| 7 | തെങ്ങുകയറ്റം | 1 തെങ്ങ് = 2 രൂപ |
| 8 | കള പറിക്കൽ | 40 രൂപ |
| 9 | കവുങ്ങ് (അടക്ക പറിക്കൽ) | 1 കവുങ്ങ് = 1 രൂ 50 പൈ |

പഞ്ചായത്തിൻെറ പരിധിയിലെ രാസവള വില്പനയുടെ വിശദ വിവരം പട്ടിക 8-ൽ വിവരിക്കുന്നു.

**കീടനാശിനികാം**

നെല്ല്, പച്ചക്കറികാം എന്നീ വിളകാംക്കാണ് കീടനാശിനികാം പ്രധാനമായി ഉപയോഗിക്കുന്നത് . കീടനാശിനികാം തളിക്കുമ്പോാം സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയമായ രീതിയോ പരിഗണിച്ചു കാണാറില്ല. കൃഷിക്കാരുടെ അറിവില്ലായാമ ഇതിനൊരു കാരണമാണ്. പഞ്ചായത്തിൽ വില്പന നടത്തിയ കീടനാശിനിയുടെ അളവ് പട്ടിക 9-ൽ പറയുന്നു. ഇവ കൃഷി ഭവൻ മുഖേന സർവ്വീസ്ബാങ്ക്മുഖേനയും വില്പന നടത്തിയതാണ്. കൂടാതെ പല സ്കീമുകളിലും, മറ്റു കടകളിൽ നിന്നും കീടനാശിനികാം വാങ്ങി ഉപയോഗിക്കുന്നു. പഞ്ചായത്തിൽ വില്പന ലൈസൻസ് എടുത്തവർ നിലവിലില്ല. അമിതമായ കീടനാശിനിപ്രയോഗം പരിസരമലിനീകരണമുണ്ടാക്കുന്നുണ്ട്.

**കാർഷിക ഉപകരണങ്ങാം**

നെല്ലുല്പാദനക സമിതികാംക്കായി കൃഷി ഭവൻ മുഖേന നൽകിയ ഒരു ട്രില്ലർ, മെതിയന്ത്രം, കേര സമിതികാംക്കും മറ്റു പദ്ധതികളിലുമായി നൽകിയ 22 റോക്കർ സ്പ്രെയറുകാം 19 നാപ്പ് സാക്ക് സ്പ്രെയർ, മൂന്ന് തെങ്ങ് കയറ്റ യന്ത്രം, ഒപ്പെക് (നീർമറി) വാട്ടർ ഷെഡ് പദ്ധതി പ്രദേശത്ത് നൽകിയ 5 കലപ്പകാം, 11 പോർട്ടബിാം പമ്പ് സെറ്റ് നാളികേര വികസന പദ്ധതിയിൽ കൊടുത്ത 68 വൈദ്യുതി പമ്പ് അടക്കം മൊത്തം 257 പമ്പ് സെറ്റുകാം കൂടാതെ ചെമ്പക്കുന്ന്, വരിങ്ങിലോറ, കാരക്കുന്ന് (ലക്ഷംവീട്), ഒടുവൻകുന്ന് എന്നീ പട്ടികജാതി കോളനികളിൽ കൊടുത്ത 105 മമ്മട്ടി, 87 പിക്കാസ്, 87 വെട്ടുകത്തി, 118 അലൂമിനിയ പാത്രം, 95 വിത്തു സംഭരണി എന്നിവയും കൃഷിഭവനിൽക്കൂടി വിതരണം നടത്തിയ കർഷിക ഉപകരണങ്ങളാണ്.

**കൂലിനിരക്ക്**

കാർഷികമേഖലയിലെ തൊഴിലാളികളുടെ എണ്ണം അനുദിനം കുറഞ്ഞുകൊണ്ടേയിരിക്കുന്നു. കൃഷിയോടുള്ള അഭിരുചിക്കുറവ്, വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങാം, മറ്റു തൊഴിലുകളിലെ കൂലി വർദ്ധനവ്, തൊഴിലിലെ പരിചയക്കുറവ് എന്നിവ ഇതിൻെറ കാരണങ്ങളാണ്. പട്ടിക 10-ൽ കൂലിനിരക്കുകാം വിവരിക്കുന്നു.

**കാർഷിക വായ്പ**

നരിക്കുനി സർവ്വീസ് സഹകണ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് നന്മണ്ട റൂറൽ ബാങ്കിൻെറ ഒരു ശാഖ, കാർഷിക വികസന ബാങ്കിൻെറ താമരശ്ശേരി ശാഖ എന്നിവയാണ് വായ്പകാം നൽകുന്നത്. സഹകരണ ബാങ്കിൽ നിന്നുള്ള വായ്പയെടുക്കൽ ലളിതമാക്കേണ്ടതാണ്. പഞ്ചായത്തിലെ ദേശസാൽകൃതബാങ്കിൻെറ അഭാവം കർഷകർക്ക് പ്രയാസങ്ങാം ഉണ്ടാക്കുന്നു. കാർഷിക ലോണുകാം ആ പേരിൽ വാങ്ങുന്നുണ്ട് എന്നല്ലാതെ മറ്റു ആവശ്യങ്ങാംക്ക് ഉപയോഗിക്കുന്നതുമൂലം കാർഷിക മേഖലക്ക് നഷ്ടവും വായ്പ തിരിച്ചടക്കാൻ കഴിയാതെ കർഷകർക്ക് പ്രയാസങ്ങളും നേരിടുന്നു.

**ജലസേചനം**

മഴയെ ആശ്രയിച്ച് കാഷിക മേഖലയിലെ ജോലികൾ നടത്തുന്ന പഞ്ചായത്തിൽ രണ്ടു ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും തെക്ക് കിഴക്ക് മൺസൂൺ സപ്തംബർ മുതൽ ഒക്ടോബർ വരെയുള്ള തുലാവർഷം (വടക്കു പടിഞ്ഞാറൻ മൺസൂൺ ഇവ കൃത്യമായി ലഭിച്ചില്ലെങ്കിൾ വരൾച്ചയെ നേരിടുന്നു. ജലലഭ്യത ആശ്രയിച്ചാണ് കാർഷിക ഉല്പാദന വർദ്ധനവ് ഉണ്ടാകുന്നത്. കഴിഞ്ഞ പത്ത് വർഷത്തെ മഴയുടെ കണക്ക് പട്ടിക 11-ൽ നോക്കുക. പഞ്ചായത്തിലെ പ്രധാന നീരൊഴുക്കുകൾ വടേക്കണ്ടിയിൽ താഴം, പാവിട്ട്യെൽതാഴം, പൊയിലംകണ്ടി, കിഴക്കേ ഓമശ്ശേരി, വെള്ളച്ചാൽ, അത്യേരിയിൽ, അരീക്കൽ എന്നവയാണ്. ഇത് തോടുകളും കുളങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. പഞ്ചായത്തിലെ തോടുകൾ തൊട്ടടുത്ത പഞ്ചായത്തുകളായ മടവൂർ, കാക്കൂർ എന്നിവിടങ്ങളിലേക്ക് ഒഴുകുന്നു. കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രകാരമുള്ള ഒരു ജലസംഭരണി, കുളങ്ങൾ, മൂന്ന് കുഴൽ കിണറുകൾ, 356 കിണറുകൾ എന്നിവയാണ് ജലവുമായി ബന്ധപ്പെട്ടവയായി ഉള്ളത്.

**തോടുകൾ**

പാലങ്ങാട്-തലശ്ശേരി, കൊടോളി-തലശ്ശേരി, പുല്ലാഞ്ഞൊളിത്താഴം-കൂട്ടുംപുറത്ത് താഴം, മഞ്ഞളാംഭാഗം-പുതുശ്ശേരിത്താഴം, അനന്തൻ കോട്ടക്കൽ-മഞ്ഞുളാംപൊയിൽ നെല്യേരിതാഴം-മുണ്ടുപാലം, മുച്ചിലാടിതാഴം-കൽക്കുടുമ്പ്, അരീക്കൽതാഴം-കൽക്കുടുമ്പ്, പൂളക്കോട്ടുകുളങ്ങര-നെട്ടൊടിതാഴം, വീര്യമ്പ്രം-കുണ്ടായി, മാട്ടുപ്പൊയിൽ-കുണ്ടായി, കുന്നുമ്മതാഴം-പാവുപൊയിൽ എന്നിവയാണ് പ്രധാന തോടുകൾ. കൂടാതെ കൈത്തോടുകളുമുണ്ട്. ചില ഭാഗങ്ങളിൽ ഇവ ഇല്ലാത്തതുകൊണ്ട് മഴവെള്ളം കൃഷിനാശം വരുത്തി ഒഴുകിപ്പോവുക പതിവാണ്. വറ്റാത്ത തോടുകൾ അരീക്കൽതാഴം-കൽക്കുടുമ്പ്, വീര്യമ്പ്രം-കുണ്ടായി, പുല്ലാഞ്ഞൊളിതാഴം-കുട്ടാമ്പുറത്ത്താഴം എന്നിവയാണ്. നിലവിലുള്ള തോടുകളെല്ലാം വശങ്ങൾ ഇടിഞ്ഞു വരമ്പുകളിൽ മത്സരിച്ചുള്ള കൃഷിരീതികളുംകൊണ്ട് തീർന്നിരിക്കുകയാണ്. കർഷകരുടെ കൂട്ടായ്മയിൽക്കൂടി ഇതെല്ലാം പുനഃസ്ഥാപിക്കാവുന്നതാണ്.

**കുളങ്ങൾ**

1972-ൽ എൻ.ആർ.ഇ.പി. സ്കീമിൽ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ സൗജന്യമായി നൽകിയ സ്ഥലത്ത് പണി തീർത്ത തേലശ്ശേരികുളം സർക്കാറിൻെറതായുണ്ട്. പത്താം വാർഡിൽ പണി തീർത്ത നെല്ലിക്കുന്നുമ്മൽ കമ്മ്യൂണിറ്റി ഇറിഗേഷൻ വക കിണറും സർക്കാറിൻെറതാണ്. വടേകണ്ടിയിൽ, അരീക്കൽ, അത്യേരിയിൽ, കുഴിക്കാട്ടുകുളം എന്നിവ വറ്റാത്തതും കൃഷിക്കം ഉപയുക്തമാക്കാവുന്നതുമാണ്. കാരക്കുന്നുമ്മൽ, കൊന്നാടി, അയ്യപ്പൻകാവിൽ ചാലിയേക്കര താഴം, കുളപ്പുറം, നടുക്കണ്ടി, എരഞ്ഞിക്കൽ, പൊന്മിളി എന്നീ കുളങ്ങളുമുണ്ട്. ഇവയൊന്നും തന്നെ യഥാവിധി സംരക്ഷിക്കപ്പെടുകയോ കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നില്ല. പുതുതായി കുളങ്ങൾ കുഴിച്ചും വറ്റാത്ത നീരുറവകളെ ഉപയോഗപ്പെടുത്തിയും കൃഷി അഭിവൃദ്ധിപ്പെടുത്താവുന്നതാണ്.

**മണ്ണ് ജലസംരക്ഷണം**

മുൻകാലങ്ങളിൽ വരമ്പുകളിലും അതിർത്തികളിലും മരങ്ങൾ വെച്ചുപിടിപ്പിച്ചും പറമ്പുകൾ ഉഴുതും കിളച്ചും മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ നടത്തിയിരുന്നു. കാലവർഷാരംഭത്തിലും അവസാനത്തിലും പറമ്പുകൾ വൃത്തിയാക്കുന്ന പതിവുണ്ടായിരുന്നു. ഭൂമിയുടെ തുണ്ടുവൽക്കരണവും കാ;ികവൃത്തിയോടുള്ള വിമുഖതയും മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. വിശ്വാസത്തിൻെറ പേരിലാണെങ്കിലും ഏതാനും ചെറിയ കാര്യങ്ങൾ ഇന്നും പഞ്ചായത്തിൻെറ വിവിധ

ഭാഗങ്ങളിൽ കാണാം. ഇതിൽ പ്രധാനപ്പെട്ട ഒന്നാണ് നരിക്കുനി അങ്ങാടിയുടെ ഹൃദയഭാഗത്തുള്ള കോട്ട. ഇത് മൂന്ന് ഏക്കറോളം കാണും. ഇതിൻെറ പല ഭാഗങ്ങളും മണ്ണെടുക്കമൂലം നശിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം കാവുകൾ സംരക്ഷിച്ചുപോരുന്നത് പരിമിതമായ തോതിലെങ്കിലും മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളെ സഹായിക്കുന്നുണ്ട്.

**കൃഷി ഭവൻ**

കാർഷിക മേഖലയിൽ പഞ്ചായത്തിൻെറ പ്രതീക്ഷയായിരുന്ന കൃഷിഭവൻെറ പ്രവർത്തനം ഇനിയും പുരോഗമിക്കേണ്ടിയിരിക്കുന്നു. ഒരു കൃഷി ഓഫീസർ, മൂന്ന് കൃഷി അസിസ്റ്റൻറുമാർ, ഒരു പാർട്ട് ടൈം സ്വീപ്പർ അടങ്ങിയതാണ് ഇതിൻെറ പ്രവർത്തനം. ഇതിൻെറ പ്രവർത്തന മേഖല പത്ത് വാർഡുകളാണ്. ഒപ്പെക് വാട്ടർ ഷെഡ് (നീർമറി) ഏരിയയുണ്ട്. വിസ്തീർണ്ണം 318 ഹെക്ടർ കർഷക കുടുംബങ്ങളുടെ എണ്ണം 570. ഇതിൽ 50 സെൻറിനു മുകളിൽ ഭൂമി കൈവശമായുള്ള കർഷകർ 233 എണ്ണം ഉണ്ട്. ഈ പദ്ധതികൊണ്ട് ഇത്രയും കർഷകർക്കെ ഗുണമുള്ളൂ. കാരണം ലോൺ സൗകര്യം കിട്ടാവുന്ന കർഷകർ ഇവരെയുള്ളൂ എന്നതാണ്. ഇതിൽ കല്ലുകൊണ്ടുള്ളകെട്ട്, കിണർ, പമ്പുസെറ്റ്, ഇടവിളകൾ. പശുവളർത്തൽ, എന്നിവക്കൊക്കെ ലോൺ സൗകര്യം ഉണ്ട്. 93-94ൽ തെങ്ങുകൃഷിക്ക് ഗ്രൂപ്പ്ജലസേചനപദ്ധതിപ്രകാരം നെല്ലിക്കുന്നുമ്മൽ, തേലശ്ശേരി കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 1 ലക്ഷം രൂപയിടേയും 20.000 രൂപയുടേയും പദ്ധതികളാണ് ഇവ. 85% സർക്കാർ വിഹിതവും 15% ഗുണഭോക്താക്കളുടെ വിഹിതവുമാണ്, കാർഷിക മേഖലയിൽ 1 ലക്ഷം യുവതീയുവാക്കളുടെ പദ്ധതിയിൽ 100 പേർ അംഗങ്ങളായുണ്ട്. നടീൽ വസ്തുക്കളായ തെങ്ങിൻ തൈകൾക്ക് ആവശ്യക്കാർ കുറവാണെങ്കിലും മറ്റുതൈകളായ കവുങ്ങ്, കശുമാവ്. ഒട്ടുമാവ് ഒട്ടുപ്ലാവ, ചാമ്പ, പേര, നാരകം, ജാതി, ഗ്രാമ്പു എന്നിവ ആവശ്യാനുസരണം കൊടുക്കാൻ കഴിയാറില്ല.

ഈ വർഷത്തിൽ തെങ്ങ് വികസന പദ്ധതിയിൽ കിണർ, പമ്പുസെറ്റ്, പട്ടികജാതിക്കാർക്ക് കിണർ, തെങ്ങ് കയറ്റയന്ത്രം, സ്പ്രെയറുകൾ , കമ്മ്യൂണിറ്റി ഇറിഗേഷൻ, ഡ്രിപ്പ് ഇറിഗേഷൻ ബയോഗ്യാസ് നിർമ്മാണം, മണ്ണ് പരിശോധന, കോളനി സ്കീം, കുരുമുളക്, ഇഞ്ചി, ജാതി, മാതൃകാത്തോട്ടം,നീർമാറി വ്യികസനം വിള ഇൻഷ്വറൻസ്, തൊഴിൽ ദാനപദ്ധതിയിൽമിനി നഴ്സറി തൊഴുത്ത്, മഹാളിരോഗത്തിനെതിരെ മരുന്നുതളി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

**ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടേയും ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ കാർഷികരംഗത്തെ പ്രധാനപ്രശ്നങ്ങൾ- നിർദ്ദേശങ്ങൾ**

* കർഷകന് സമൂഹത്തിൽ മാന്യമായ സ്ഥാനം ലഭിക്കുന്നില്ല.
* തേങ്ങക്ക് വേണ്ടത്ര വിലയും, തെങ്ങിൽ നിന്ന് വേണ്ടത്ര ഉല്പാദനവും കിട്ടുന്നില്ല.
* ജൈവവളങ്ങളുടേയും ജലസേചനസൗകര്യങ്ങളുടേയും കുറവ്
* ജലനിർഗമന ചാലുകളുടെ അഭാവം
* വായ്പ ലഭിക്കാനുള്ള പ്രയാസങ്ങൾ, പച്ചില വളവിത്തുകളുടേയും കാർഷിക ഉപകരണങ്ങളുടേയുയം ലഭ്യതക്കുറവ്
* മണ്ണിൽ അമ്ലരസ വർദ്ധനവ്, മണ്ണൊലിപ്പുമൂലം മേൽമണ്ണ് നഷ്ടപ്പെടൽ
* കൃഷിനാശം സംഭവിച്ചാൽ വേണ്ടത്ര സഹായം ലഭിക്കായ്കയും, കൃഷിനാശത്തിൻെറ പട്ടികയിൽ തെങ്ങിൻെറ കൂമ്പുചീയൽ രോഗം ഉൾപ്പെടുത്താതിരിക്കലും
* അശാസ്ത്രീയമായ കൃഷിരീതികളും മണ്ണ് പരിശോധിക്കാതെയുള്ള വളം ചെയ്യൽ
* ഫലവൃക്ഷ തൈകൾ, പച്ചക്കറി വിത്ത്, പുൽവിത്ത്, നെൽ വിത്ത് എന്നിവ സമയത്തിന് കിട്ടായ്ക
* കൃഷി ഭവൻെറ സഹായങ്ങൾ വേണ്ടത്ര ലഭിക്കായ്കയും കാർഷിക ലോണിൻെറ ദുരുപയോഗവും
* നെൽകൃഷിയിലെ ഉല്പാദനക്കുറവും കൃഷി ഭൂമി തരിശിടുന്ന പ്രവണതയും

* ജലസേചന, ജല നിർഗമന സൗകര്യങ്ങളുടെ കുറവ്
* നെൽകൃഷി അനുദിനം കുറഞ്ഞുകൊണ്ടിരിക്കൽ, കൂലി ചെലവുകളുടെ വർദ്ധനവ്, അനുസരിച്ച് ചെയ്യുന്ന ജോലിയുടെ നിലവാരമില്ലായ്മ, രോഗകീടങ്ങളുടെ ആക്രമണം
* നാളികേര സംഭരണ, സംസ്കരണ വിപണന കേന്ദ്രങ്ങൾ വാർഡുകൾ തോറും അല്ലെങ്കിൽ പഞ്ചായത്തിൽ രണ്ടെണ്ണമെങ്കിലും പൊതുമേഖലയിലോ സഹകരണ മേഖലയിലേ സ്ഥാപിച്ചാൽ തൊഴിലവസരങ്ങൾ കൂട്ടുകയും കർഷകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നു ഒരളവോളം രക്ഷിക്കുകയും ചെയ്യാം
* കാർഷിക പണിയായുധങ്ങൾ സഹകരണ സ്ഥാപനത്തിൽ കൂടി വിതരണം നടത്തുകയും വായ്പയും അനുവദിക്കുക
* ഉല്പാദന വർദ്ധനവിനായി ജൈവവളവും പച്ചിലവളവിത്തുകളും തെങ്ങിൻ തൈ ഒഴികെയുള്ള നടീൽ വസ്തുക്കളും നെൽവിത്ത്, പുൽവിത്ത് പച്ചക്കറി വിത്തുകൾ എന്നിവയും ലഭ്യമാക്കുക
* തെങ്ങ്, നെല്ല് കൃഷികളിൽ ശാസ്ത്രീയ രീതികൾ അവലംബിക്കുക
* ജൈവവളത്തിനായി പഞ്ചായത്തിൽ ജൈവവള നിർമ്മാണ യൂനിറ്റും ഒരു വീട്ടിൽ ഒരു കമ്പോസ്റ്റ് കുഴി നിർബന്ധമാക്കുകയും പരിസരമലിനീകരണം ഒഴിവാക്കുകയും ചെയ്യാം. ഇതോടൊപ്പം തന്നെ കമ്പോസ്റ്റു കുഴിക്കുള്ള സാമ്പത്തികസഹായം മെച്ചമായ രീതിയിൽ നൽകുകയും ചെയ്യണം
* രാസവളങ്ങൾക്കു സബ്സിഡിയും, വില കുറയ്ക്കുകയും ചെയ്യേണ്ടതാണ്. മണ്ണിൽ പുളിരസം കുറയ്ക്കാനായ് കുമ്മായം സൗജന്യനിരക്കിൽ വിതരണം നടത്തുക. ഇതുമൂലം കൃഷികളിലെ ഉല്പാദനം കൂട്ടാവുന്നതാണ്
* തരിശിടുന്ന ഭൂമിയിൽ കശുമാവ്, ഔഷധ സസ്യം, വിറകിനുള്ള മരം, പച്ചക്കറികൾ, പയർ വർഗ്ഗവിളകൾ എന്നിവ ചെയ്തു മണ്ണിൻെറ ഘടനയും ഗുണനിലവാരവും മെച്ചമാക്കി ഉല്പാദനം കൂട്ടാവുന്നതാണ്
* കാർഷിക ലോണിനു നേരത്തെ നൽകി, പിന്നീടു നിർത്തൽ ചെയ്ത പലിശ സബ്സിഡി (കൃത്യമായടക്കുന്നവർക്ക്) പുനഃസ്ഥാപിക്കുകയും ലോണിനുള്ള ഭൂപരിധി കുറയ്ക്കുകയും ചെയ്യുക
* തെങ്ങുകൃഷിക്കുള്ള വൈദ്യുതി സൗജന്യമാക്കുകയും കാർഷിക വായ്പയുടെ പലിശയുടെ തോത് എന്നിവ കുറയ്ക്കുക
* ഏതു വിധേനയുള്ള കൃഷിനാശത്തിനും സാമ്പത്തിക സഹായവും വിള ഇൻഷ്വറൻസും ബാധകമാക്കുകയും പ്രകൃതിക്ഷോഭത്തിൻെറ പട്ടികയിൽ തെങ്ങിൻെറ കൂമ്പുചീയൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതുമാണ്
* തെങ്ങുകൃഷിയിലെ ഗ്രൂപ്പ്,ഡ്രിപ്പ് ഇറിഗേഷൻ സ്കീമുകളിൽ പദ്ധതി വിഹിതവും സബ്സിഡിയും വർദ്ധിപ്പിച്ച് കാര്യക്ഷമമാക്കുക
* ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി അത്യുൽപ്പാദനശേഷിയുള്ള തൈകൾ സൗജന്യമായും കൃഷിക്ക് സാമ്പത്തികസഹായവും നല്കുക
* 30 സെൻറ് ഭൂമിയിൽ താഴെ കൈവശമുള്ളവർക്ക് കാർഷികാവശ്യത്തിന് ലോൺ ലഭിക്കത്തക്കവിധം ഭൂപരിധി കുറക്കുക
* കാഷിക യന്ത്രസാമഗ്രികളായ ട്രാക്ടർ, ട്രില്ലർ, മറ്റുപകരണങ്ങൾ എന്നിവക്ക് സബ്സിഡി വിഹിതം (ശതമാനം) കൂട്ടുക
* നടീൽവസ്തുക്കളും വിത്തുകളും ലഭിക്കുന്നതിനായി സഹകണാടിസ്ഥാനത്തിൽ നഴ്സറി ആരംഭിക്കുകയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക
* കാർഷിക ലോൺ മറ്റാവശ്യങ്ങൾക്കുപയോഗിക്കില്ലെന്ന് ഉറപ്പുവരുത്തുക
* പൈനാപ്പിൾകൃഷി പ്രചരിപ്പിച്ച് മണ്ണൊലിപ്പ് തടയുകയും കൃഷി ഭവൻ സ്കീമിൽ അമിതമായ കീടനാശിനിപ്രയോഗ ശുപാർശ നിർത്തൽ ചെയ്യുകയും വേണ്ടതാണ്

* നെൽകൃഷി പ്രോത്സഹിപ്പിക്കുവാനായി നേരത്തെ നിർത്തലാക്കിയ രാസവള സബ്സിഡി ഉല്പാദന ബോണസ്, തരിശിടുന്ന പ്രദേശങ്ങളിലേക്കാവശ്യമായ പയർ വർഗ്ഗ വിളകളുടെ വിത്തുകറം നിർജ്ജീവമായിക്കിടക്കുന്ന ഗ്രൂപ്പ് ഫാമിംഗ് സമിതികറം പുനരുജ്ജീവിപ്പിക്കുക. കുമ്മായം, വിത്ത് എന്നിവക്ക് സബ്സിഡി ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്
* പാടങ്ങറം നികത്തലും ആദായകരമല്ലാത്ത മറ്റു വിളകളുടെ കൃഷിയും, കെട്ടിട നിർമ്മാണവും നിയമംമൂലം തടയേണ്ടതാണ്
* മുൻകാലങ്ങളിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിലും നീർക്കെട്ട് ഒഴിവാക്കുന്നതിലും വലിയ പങ്ക്വഹിച്ചിരുന്ന തോടുകളും കുളങ്ങളും കർഷകരുടെ സഹായത്തോടെ സംരക്ഷിക്കുകയും പല തോടുകളും റോഡുകളായി മാറിയതുകൊണ്ട് ഇവയുടെ അരികിൽക്കൂടി ഡ്രൈനേജ് സ്വകര്യം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്
* മുണ്ടുപാലം തോടിൻെറ ചീർപ്പിന്ന് പലകകളിടുകയും കർഷക കമ്മിറ്റിയുണ്ടാക്കി ജലവിതരണം ക്രമീകരിക്കേണ്ടതും കോണ്ടങ്ങൽതാഴത്തു പുതിയ ബണ്ട് നിർമ്മിക്കേണ്ടതുമാണ്
* നിലവിലുള്ള കേര സമിതി, കുരുമുളകു സമിതി, നെല്ലുല്പാദക സമിതി എന്നിവ വേണ്ട മാറ്റങ്ങറം വരുത്തി പുനരുജ്ജീവിപ്പിക്കേണ്ടതാണ്
* പച്ചക്കറി ഉല്പാദനം കൂട്ടുവാനായി സ്കൂറം കേന്ദ്രമാക്കി കൃഷിത്തോട്ടങ്ങറം, ഗ്രൂപ്പായി കൃഷിത്തോട്ടങ്ങറം വീട്ടമ്മമാർക്കുള്ള കിറ്റുകറം (വളം, വിത്ത് അടങ്ങിയവ) വ്യക്തികറംക്കുള്ള കൃഷിയിടം എന്നിവ നടത്തുകയും വിത്ത്, വളം എന്നിവയും പാരിതോഷികങ്ങളും നല്കി പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. നെൽപ്പാടം തരിശുടുന്ന സമയത്തും കൃഷി വ്യാപിപ്പിക്കുക
* നെൽകൃഷിയുടെ സംരക്ഷണത്തിനായി മുഴവൻ തോടുകളുടേയും വശങ്ങറം കെട്ടുകയും ആഴം കൂട്ടുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. കൂടാതെ നീരുറവകളെ ഉപയോഗപ്പെടുത്തി കൃഷിസ്ഥലം കൂട്ടുകയും വിളവ് വർദ്ധിപ്പിക്കുകുയും ചെയ്യാവുന്നതാണ്. ഉദാഹരണമായി വടേക്കണ്ടിതാഴം, കൽക്കുടുമ്പ്പാടശേഖരത്തിൽ ഇങ്ങനെ ചെയ്താൽ മൂന്ന്വിളയും നന്നായി ഉണ്ടാക്കാവുന്നതാണ്. കൂടാതെ, പുതിയ കുളങ്ങറം താഴെ പറയുന്ന സ്ഥലത്ത് കുഴിച്ച് ഉല്പാദനം കൂട്ടാം. വടേക്കണ്ടിതാഴം, പൊയിലംകണ്ടി താഴം, വടക്കിനാത്ത് പൊയിൽ, കൂടത്തുംകണ്ടിതാഴം, ചാലിയേക്കര. കുണ്ടായി, തേലശ്ശേരി, പാലങ്ങാട്, പുല്ലാഞ്ഞോളി, അനന്ത( കോട്ടക്കൽ, മഞ്ഞുളാംപൊയിൽ, കോട്ടക്കൽതാഴം, പുതുയേടത്ത്താഴം, അയ്യപ്പൻകാവിൽതാഴം, പൂക്കോട്ട്കുന്നുമ്മൽതാഴം ഇവ ഗുണഭോക്താക്കളെ ഉപയോഗിച്ച് നടത്താവുന്നതാണ്
* വളരെ ചെലവ് കുറഞ്ഞതും ചുരുങ്ങിയ സമയ പരിധിക്കുള്ളിൽ വിളവ് തരുന്നതുമായ കൂൺകൃഷി, ആന്തൂറിയം, ഓർക്കിഡ് എന്നിവയിൽ വീട്ടമ്മമാർക്ക് പരിശീലനവും നടീൽവസ്തുകക്കളും കൊടുക്കുക
* ലോൺ സൗകര്യങ്ങറം മെച്ചപ്പെടുത്തുന്നതായി ദേശസാൽകൃത ബാങ്കിൻെറ ശാഖ അടിയന്തിരമായി പഞ്ചായത്തിൽ ഉണ്ടാവുന്നതിന് വേണ്ടത് ചെയ്യേണ്ടതാണ്
* വാണിജ്യ വിളകറംക്ക് സഹകരണാടിസ്ഥാനത്തിൽ വില്പനകേന്ദ്രവും കാർഷിക പണിയായുധങ്ങറം വാടകക്ക് കൊടുക്കുന്ന സംവിധാനവും ഉണ്ടാവേണ്ടതാണ്
* കാഷികമ മഖലയിലെ എല്ലാ വിളകറംക്കും അവാർഡുകറം ഏർപ്പെടുത്തുക
* കൃഷി പാഠ്യപദ്ധതിയിൽ ഉറംപ്പെടുത്തി യുവാക്കളെ കാർഷിക മേഖലയിൽ തത്പരരാക്കുകയും കൃഷിക്ക് മാന്യത ഉണ്ടാക്കുകയും ചെയ്യാം
* കൃഷി ഭവൻെറ അടിസ്ഥാന സൗകര്യങ്ങറം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ഓഫീസ് റെക്കാർഡുകറം, വിതരണത്തിനെത്തുന്ന വിത്ത്, തൈകറം, ജീവനക്കാരുടെ സുരക്ഷ എന്നിവയും ഉറപ്പുവരുത്തേണ്ടതാണ്
* നരിക്കുനി പഞ്ചായത്തിൻെറ കാർഷിക പുരോഗതി ലക്ഷ്യമാക്കി ഒട്ടേറെ നിർദ്ദേശങ്ങറം ഇതിൽ

അടങ്ങിയിട്ടുണ്ട്. പുത്തൻ വികസനം കൂട്ടായ്മയിലൂടെ നാം നേടിയടുേക്കേണ്ടതാണ്.

## പട്ടിക 7
## ഇടവിളകരം-വിസ്തീർണ്ണം (കൃഷിഭവൻ രേഖ)

| നമ്പർ | വിളകരം | വിസ്തീർണ്ണം ഹെക്ടർ |
|---|---|---|
| 1 | പയർ | 30 |
| 2 | എള്ള് | 0.5 |
| 3 | പച്ചക്കറികരം | 3 |
| 4 | വാഴ (നേന്ത്രൻ) | 70 |
| 5 | മരച്ചീനി | 25 |
| 6 | കുരുമുളക് | 16 |
| 7 | കവുങ്ങ് | 100 |

## പട്ടിക 8
## വളത്തിന്റെ ഉപയോഗം

| വർഷം | നൈട്രജൻ (N) | ഫോസ്ഫറസ്(P) | പൊട്ടാഷ്(K) |
|---|---|---|---|
| 1993-94 | 24.69 ടൺ | 18.19 ടൺ | 15.75 ടൺ |
| 1994-95 | 13.22 ടൺ | 12.17 ടൺ | 9.84 ടൺ |
| 1995-96 | 46.66 ടൺ | 33.97 ടൺ | 37.44 ടൺ |

## പട്ടിക 9
## കീടനാശിനികളുടെ ഉപയോഗം

| | കീടനാശിനി | |
|---|---|---|
| കൊല്ലം | ദ്രവം (ലി) | ഖരം (കി. ഗ്രാം) |
| 1993-94 | 1.300 | 163.800 |
| 1994-95 | 2.600 | 138.400 |
| 1995-96 | 2.900 | 139. |

## പട്ടിക 10

| ക്രമനമ്പർ | തൊഴിൽ | കൂലി (രൂപ) |
|---|---|---|
| 1 | ഉഴവ് | 165.00 |
| 2 | കിളക്കൽ | 75.00 |
| 3 | ഞാറ് പറിക്കൽ/നടീൽ | 50.00 |
| 4 | കീടനാശിനി തളിക്കൽ | 100.00 |
| 5 | തലച്ചുമട് | 100.00 |
| 6 | കൊയ്ത്തും മെതിയും | 1/8 നെല്ലു കൂലി |

## പട്ടിക 11

## മഴയുടെ അളവ് (മി.മി.) (RAINFALL DATA CWRDM)

| കൊല്ലം | ജനവരി | ഫിബ്രവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ആ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ക | | | | | | | | | | | | | |
| 1979 | 0.0 | 0.0 | 0.0 | 7.8 | 139.2 | 830.8 | 401.0 | 350.4 | 184.0 | 225.7 | 238.1 | 19.8 | 2396.8 മി.മി. |
| 1988 | 0.0 | 0.0 | 14.6 | 89.6 | 283.8 | 654.1 | 663.8 | 530.0 | 415.5 | 69.6 | 71.1 | 73.0 | 2365.1 ,, |
| 1989 | 0.0 | 0.0 | 0.8 | 59.4 | 247.3 | 920.4 | 475.1 | 365.2 | 213.8 | 216.2 | 5.52 | 1.4 | 2549.9 ,, |
| 1990 | 11.0 | 0.0 | 0.0 | 0.0 | 592.9 | 537.9 | 705.1 | 331.1 | 773 | 386.1 | 112.8 | 0.0 | 2724.2 ,, |
| 1991 | 0.0 | 0.0 | 3.4 | 61.6 | 34.2 | 1002.0 | 1001.1 | 539.9 | 14.7 | 336.2 | 91.8 | 0.0 | 3139.4 ,, |
| 1992 | 0.0 | 0.0 | 0.0 | 19.0 | 161.4 | 918.9 | 895.5 | 592.6 | 244.6 | 349.0 | 193.5 | 0.0 | 3374.5 ,, |
| 1993 | 0.0 | 0.0 | 0.0 | 16.4 | 210.3 | 737.6 | 836.4 | 382.4 | 52.5 | 307.8 | 1044.8 | 65.2 | 2633.4 ,, |
| 1994 | 0.0 | 0.0 | 0.0 | 138.7 | 109.0 | 1035.3 | 1343.0 | 484.5 | 200.6 | 432.8 | 71.2 | 3.6 | 3823.7 ,, |
| 1995 | 1.6 | 0.0 | 8.8 | 59.8 | 198.7 | 917.4 | 716.0 | 463.4 | 261.8 | 168.5 | 112.6 | 0.0 | 2716.6 ,, |
| 1996 | 0.0 | 1.0 | 47.6 | 32.8 | 64.2 | 719.8 | 723.6 | 339.6 | 381.4 | | | | |



# മൃഗ സംരക്ഷണവും മത്സ്യബന്ധനവും

**മൃഗസംരക്ഷണം**

നമ്മുടെ പഞ്ചായത്തിൽ പശു, ആട് എന്നീ മൃഗങ്ങളെയാണ് പ്രധാനമായും വളർത്തുന്നത്. വളരെ ചുരുക്കമായി ഉഴവു കാളകളും എരുമകളും മുയലുകളും വളർത്തപ്പെടുന്നുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. താറാവ്, കാടപ്പക്ഷി, പ്രാവുകൾ എന്നിവയേയും അപൂർവ്വമായി വളർത്തുന്നുണ്ട്. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ 914 പശുക്കളും 725 ആടുകളും 136 ഉഴവു കാളകളും 24 എരുമകളും 12 പോത്തുകളും 3 വിത്തുകാവകളുമാണ് ഉള്ളത്. ഇവിടെയുള്ള 30 ശതമാനം വീടുകളിൽ വളർത്തുമൃഗങ്ങളേയും 80 ശതമാനം വീടുകളിൽ കോഴികളേയും വളർത്തുന്നുണ്ട്.

കഴിഞ്ഞ കാൽ നൂറ്റാണ്ട് കാലത്തിനിടയിൽ പശു, കാള, എരുമ, ആട് എന്നിങ്ങനെ പരമ്പരാഗതമായി വളർത്തി വന്നിരുന്ന മൃഗങ്ങളുടെ എണ്ണം വളരെ കുറഞ്ഞിട്ടുണ്ട്. നെൽകൃഷി കുറഞ്ഞതും കാഷികരംഗത്ത് യന്ത്രവൽക്കരണം വന്നതും ഉല്പന്നങ്ങളുടെ വിലക്കുറവും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി. വാഹനങ്ങളുടെ വൻതോതിലുള്ള വർദ്ധനവ് കാരണം വണ്ടിക്കാളകളുടെ എണ്ണം കുറയുകയും യന്ത്രവൽക്കരണംമൂലം ചക്കുകാളകൾ നാമാവശേഷമാവുയകയും ചെയ്തു.

നമ്മുടെ പഞ്ചായത്തിൽ മൊത്തം മൂന്നര ലക്ഷത്തോളം ലിറ്റർ പാൽ ഒരു വർഷം ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. ഈ പാൽ മുഴുവൻ വിറ്റഴിക്കുവാനുള്ള സംവിധാനം ഇവിടെയില്ല. പാലിൻെറ വിലക്കുറവ്, കാലിത്തീറ്റയുടെ അടിക്കടിയുള്ള വില വർദ്ധനവ്, വൈക്കോലിൻെറയും പുല്ലിൻെറയും ലഭ്യതക്കുറവ്, കുടിക്കാനും കുളിപ്പിക്കാനുമുള്ള വെള്ളത്തിൻെറ അപര്യാപ്തത, സാമ്പത്തിക പരാധീനത, ചികിത്സാ സൗകര്യങ്ങളുടെ കുറവ് ഇവയെല്ലാം കാലിവളർത്തുന്നതിൽ നിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ നരിക്കുനി, പുളിക്കൽപാറ, പാലങ്ങാട് എന്നീ സ്ഥലങ്ങളിൽ ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിൽ നിന്ന് മൊത്തം 1,38,696 ലിറ്റർ പാൽ ശേഖരിക്കുകയും 59145.1 ലിറ്റർ പാൽ ഈ പഞ്ചായത്തിൽ തന്നെ വില്പന നടത്തുകയും 79550.-9 ലിറ്റർ പാൽ പുറത്തേക്ക് കയറ്റിയയ്ക്കുകയും ചെയ്യുന്നു. കൂടാതെ കർഷകർ സ്വന്തമായി മറ്റിടങ്ങളിലും വില്പന നടത്തുന്നുണ്ട്.

ഇവിടെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രിയാണ് ഇന്ന് നിലവിലുള്ളത്. 1972 നവംബർ 21-ന് ആരംഭിച്ച ഈ സ്ഥാപനത്തിൽ ഒരു ഡോക്ടർ, ലൈവ് സ്റ്റോക്ക് അസിസ്റ്റൻറ്, അറ്റൻറർ, പാർട്ട് ടൈം സ്വീപ്പർ എന്നിങ്ങനെ നാല് ജീവനക്കാരാണുള്ളത്. ഇവിടെ ആവശ്യാനുസൃതമുള്ള മരുന്നുകളോ മറ്റുപകരണങ്ങളോ ഒന്നും തന്നെയില്ല. പഞ്ചായത്തിലെ ഭൂരിപക്ഷം പേർക്കും ഈ സ്ഥാപനത്തിൻെറ സേവനം വേണ്ടത്ര ലഭിക്കാത്ത അവസ്ഥ നിലനിൽക്കുന്നു.

കന്നുകാലികളിൽ കണ്ടുവരുന്ന രോഗങ്ങൾ പ്രധാനമായും അകിടുവീക്കം, കുളമ്പുരോഗം, തൊണ്ടക്കെട്ടൽ, പനി മുതലായവയാണ്. കർഷകർക്ക് ബോധവൽക്കരണം ഇല്ലാത്തതിനാൽ രോഗങ്ങൾ തുടക്കത്തിലെ ചികിത്സിച്ചു മാറ്റുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെടുന്നു.

**പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ കണക്ക്**
**അവലംബം: ഗവ. മൃഗാസ്പത്രി, നാട്ടറിവ്**

| നമ്പർ | | ഇനം | എണ്ണം |
|---|---|---|---|
| 1 | | പശു | |
| | നാടൻ | കറവയുള്ളത് | 350 |
| | | കറവയില്ലാത്തത് | 125 |
| സങ്കരയിനം | | | |
| 1 | | കറവയുള്ളത് | 300 |
| | | കറവയില്ലാത്തത് | 139 |
| 2 | | ആട് | 725 |
| 3 | എരുമ | കറവയുള്ളത് | 14 |
| | | കറവയില്ലാത്തത് | 10 |
| 4 | | പോത്ത് | 12 |
| 5 | | ഉഴവുകാള | 136 |
| 6 | | വിത്തുകാള | 3 |
| 7 | | മുയൽ | 35 |
| 8 | | പട്ടി | 25 |

**കൃത്രിമ ബീജസങ്കലനം**

| | | |
|---|---|---|
| 1 | പശു | 539 |
| 2 | കിടാരി | 275 |
| 3 | എരുമ | 24 |

**പേവിഷബാധ കുത്തിവെപ്പ്/ചികിത്സ**

| | | |
|---|---|---|
| 1 | പശു | 10 |
| 2 | പട്ടി | 4 |

നരിക്കുനി പഞ്ചായത്തിൽ മൂന്ന് സ്ഥലങ്ങളിൽ ഗോബർഗ്യാസ് പ്ലാൻറുകൾ നിലവിലുണ്ട്. ഇതിൽ ഒരെണ്ണം മത്രമേ കാര്യക്ഷമമായി പ്രവർത്തിക്കുന്നുള്ളു. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടിവരുന്ന വലിയൊരു ഭാഗം ഇന്ധനം ഗോബർഗ്യാസ് പ്ലാൻറുണ്ടെങ്കിൽ പരിഹരിക്കുവാൻ കഴിയും. മൃഗ സംരക്ഷണ വകുപ്പ് മുഖേന ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിന് സബ്സിഡിയോടുകൂടിയ വായ്പാരീതി നിലവിലുണ്ടെങ്കിലും ഇവയൊന്നും തന്നെ ജനങ്ങളിലെത്തിയിട്ടില്ല. ഇതിനായി പ്രത്യേക ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കേണ്ടതാണ്.

സാമ്പത്തികക്ഷപരാധീനത അനുഭവപ്പെടുന്ന കർഷകർക്ക് പശുക്കളെ വാങ്ങുന്നതിനും ഉഴവു കാളകളെ വാങ്ങുന്നതിനും കാലി തൊഴുത്ത് നിർമ്മിക്കുന്നതിനും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് കാലി സമ്പത്ത് കുറയുന്നതിന് ഒരു പ്രധാന കാരണമാണ്. കൃഷിക്കാവശ്യമായ വളത്തിൻെറ പ്രധാന ഭാഗം കാലി വളർത്തലിലൂടെ നിറവേറ്റാൻ കഴിയുമെങ്കിലും നെൽകൃഷികുറഞ്ഞതോടെ കാലി വളർത്തൽ മന്ദഗതിയിലായി.

മുൻകാലങ്ങളിൽ എല്ലാവീടുകളിലും കോഴി വളർത്തൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഇറച്ചിക്കോഴിക്ക് വേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ് നാം ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ അവസ്ഥക്ക് മാറ്റം വരുത്താനായി കോഴിവളർത്ത് കേന്ദ്രങ്ങൾ

പഞ്ചായത്തിൽ ആരംഭിക്കേണ്ടതുണ്ട്. 3 വളർത്തു കേന്ദ്രങ്ങളിലായി 600 എണ്ണവും 6 വില്പന സ്റ്റാളുകളിലായി ദിവസേന ശരാശരി 200 കിലോയും പ്രത്യേക ദിവസങ്ങളിൽ കൂടുതലും വില്പന നടത്തുന്നുണ്ട്. പ്രതിശോധശേഷി കൂടുതലുള്ളതും കാലാവസ്ഥക്കനുയോജ്യവും പോഷക പ്രധാനവുമായ നാടൻ കോഴിയിനങ്ങളെ കൂടുതൽ ഉല്പാദിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നാടൻ കോഴിമുട്ടയാണ് ഏറ്റവും ഗുണമേന്മയുള്ളത്. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വൻസാമ്പത്തികനേട്ടം ഉണ്ടാക്കുന്നതിനും കോഴിവളർത്തലിലൂടെ കഴിയുന്നതാണ്. കോഴിവളം ഒരു ജൈവവളസമ്പത്താണ്.

മിക്കവാറും കൗതുകത്തിനു വേണ്ടിയാണ് ചില വീടുകളിലെങ്കിലും മുയൽ, താറാവ്, കാടപ്പക്ഷി, പന്നി എന്നിവയെ വളർത്തുന്നത്. വ്യാവസായികാടിസ്ഥാനത്തിൽ ഇവയെ ആരും വളർത്തുന്നില്ല. വളരെ ചുരുങ്ങിയ മുതൽമുടക്കിൽ ലാഭമുണ്ടാക്കാൻ പറ്റിയ ഇനങ്ങളാണ് മുകളിൽ സൂചിപ്പിച്ചത്. ഇതിന്നാവശ്യമായ പ്രോത്സാഹനം നല്കേണ്ടതാണ്.

**നമ്മുടെ പഞ്ചായത്തിലെ പക്ഷികകളുടെ സ്ഥിതിവിവര കണക്ക്**

| | |
|---|---|
| കോഴി പൂവൻ | 225 |
| മുട്ടയിടുന്നത് | 1650 |
| മുട്ടയിടാത്തവ | 1011 |
| താറാവ് | 36 |
| കാടപ്പക്ഷി | 15 |
| പ്രാവുകൾ | 35 |
| മറ്റുള്ളവ | 175 |

**പ്രശ്നങ്ങൾ**

1 കാലിത്തീറ്റയുടെ വില വർദ്ധനവ്
2 സാമ്പത്തികസഹായം ലഭിക്കുന്നതിനുള്ള താമസവും ബുദ്ധിമുട്ടും
3 പുല്ല്, വൈക്കോൽ എന്നിവയുടെ കുറവും വില വർദ്ധനവും
4 മൃഗ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത
5 കോഴിവസന്തരോഗം തടയാൻ തക്കതായ സംവിധാനമില്ല
6 ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങളില്ലായ്മ
7 പേപ്പട്ടിശല്യമുണ്ടാവുന്നു
8 ജലത്തിൻെറ ദൗർലഭ്യവും വൈദ്യുതി കിട്ടാനുള്ള വിഷമവും
9 അശാസ്ത്രീയമായ അറവുശാലകൾ
10 പരിചയമുള്ള കറവക്കാരുടെ അഭാവം
11 കാലിത്തൊഴുത്തുകളുടെ അനാരോഗ്യകരമായ അവസ്ഥ, ഡയറി യൂണിറ്റുകളുടെ ആവശ്യകത
12 പ്രദർശനത്തിൻെറയും വിപണനത്തിൻെറയും ആവശ്യകത
13 ഇൻഷ്വറൻസ് സംവിധാനത്തിൻെറ കുറവ്

**സാധ്യതകൾ-നിർദ്ദേശങ്ങൾ**

1 സഹകരണ സംഘങ്ങൾ മുഖേന കുറഞ്ഞ വിലക്ക് കാലിത്തീറ്റ, തീറ്റപ്പുൽവിത്ത്, വളം എന്നിവ ലഭ്യമാക്കുക
2 അത്യുൽപ്പാദനശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തികസഹായവും ബോധവൽക്കരണവും പ്രദർശന മത്സരങ്ങളും സംഘടിപ്പിക്കുക, ഉഴവുകാളകളെ വളർത്തുന്ന കഷകർക്ക് വേണ്ടപ്പെട്ട രീതിയിൽ പ്രോത്സാഹനം നൽകുക
3 നെൽകൃഷി പരമാവധി പ്രോത്സാഹിപ്പിക്കുക. തീറ്റപ്പുൽവിത്ത്, വളം എന്നിവ ആവശ്യാനുസൃതം അനുയോജ്യമായ സമയങ്ങളിൽ വിതരണം നടത്തുക

4 മൃഗ ചികിത്സാ സൗകര്യങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ലഭിക്കുന്നതിന് സബ് സെന്ററുകൾ ഓരോ വാർഡിലും തുറക്കുക

5 നരിക്കുനി പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കോഴിക്കുഞ്ഞുല്പാദനകേന്ദ്രം സ്ഥാപിക്കുക. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ധാരാളം കോഴി വളർത്തുകേന്ദ്രങ്ങൾ സ്ഥാപിക്കുക. കോഴിവസന്തരോഗത്തിനെതിരെുള്ള പ്രതിരോധ കുത്തിവെപ്പ് നടത്തുക. കുറഞ്ഞ വിലക്ക് കോഴിത്തീറ്റ ലഭ്യമാക്കുക. കോഴികളെ വിൽക്കുന്നതിന് സഹകരണസംഘം സ്ഥാപിക്കുക

6 നരിക്കുനി പഞ്ചായത്തിൽ മൊത്തം പ്രവർത്തനാധികാരമുള്ള ക്ഷീര വ്യവസായ സഹകരണസംഘം രൂപീകരിക്കുക. ഓരോ വാർഡിലും ഒന്നോ രണ്ടോ സംഭരണകേന്ദ്രങ്ങൾ തുറക്കുക. ഉല്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും സംഭരിക്കുക. വിതരണത്തിനു ശേഷം ബാക്കി വരുന്ന പാൽ തൈര്, നെയ്യ് എന്നിവയാക്കി മാറ്റുന്നതിനുള്ള സംവിധാനമുണ്ടാക്കുക. പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ മിൽമ ബൂത്തുകൾ തുറക്കുക

7 പേപ്പട്ടിശല്യം തടയുക. ലൈസൻസ് ഇല്ലാത്തതും അലഞ്ഞുതിരിയുന്നതുമായ എല്ലാ നായ്ക്കളേയും നശിപ്പിക്കാൻ ംസവിധാനം ഏർപ്പെടുത്തുക

8 പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും വൈദ്യുതി എത്തിക്കുക. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിൽക്കൂടിയും ഒഴുകുന്ന കൈത്തോടുകൾ ആഴം കൂട്ടിയും ഇരു കരകളിലും കരിങ്കല്ലുകൊണ്ട് കെട്ടിയും സംരക്ഷിക്കുക. വിവിധ ഭാഗങ്ങളിൽ കുളങ്ങൾ നിർമ്മിക്കുക, പാടശേഖരങ്ങളുടെ സംരക്ഷണാർത്ഥം മണ്ണിട്ടു നികത്തുന്നതും കെട്ടിടങ്ങൾ നിർമ്മിക്കുന്നതും നിയമംമൂലം തടയുക

9 അന്യസംസ്ഥാനങ്ങളിൽ നിന്നും വിദൂരപ്രദേശങ്ങളിൽ നിന്നും അറവുമൃഗങ്ങളെ ഇറക്കുമതി ചെയ്യുന്നത് നിരുത്സാഹപ്പെടുത്തുകയും അതതു പഞ്ചായത്തിൽ തന്നെ ഇല്പാദനം വർദ്ധിപ്പിച്ച് സാമ്പത്തിക ചോർച്ച തടയുകയും ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുക. അശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച മുഴുവൻ അറവുശാലകളും നിരോധിക്കുകയും നിമാനുസൃത അറവുശാലകൾക്കു മാത്രം ലൈസൻസ് നല്കുകയും ചെയ്യുക. പരിശോധന യഥാസമയം കർശനമായ രീതിയിൽ നടത്തുക

10 ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ മുഖേന തൊഴിൽരഹിതരായ ആളുകൾക്ക് കറവയിൽ പരിശീലനം നൽകാൻ സംവിധാനമുണ്ടാക്കുക

11 പഞ്ചായത്തിലെ മിക്കവാറും കാലിത്തൊഴുത്തുകൾ അശാസ്ത്രീയമാണ്. ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കാനാവശ്യമായ സാങ്കേതിക ഉപദേശങ്ങളും സാമ്പത്തിക സഹായങ്ങളും യഥാവിധി ലഭ്യമാക്കുക. കൃഷി വകുപ്പ് മുഖേനയുള്ള ഡയറി യൂണിറ്റുകളും കർഷക സമ്പർക്ക പരിപാടികളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുക. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ എല്ലാ ആവശ്യങ്ങൾക്കുമായി ചുരുങ്ങിയ വാടകക്ക് ലഭിക്കുന്നതിനായി ഒരു വാഹനം ഏർപ്പെടുത്തുക

12 ഗ്രാമ പഞ്ചായത്തിലെ ചന്തകൾ പുനഃസ്ഥാപിക്കുകയും പഞ്ചായത്തിന് വരുമാനം കൂട്ടുകയും ചെയ്യാം. കന്നുകാലികളുടെ പ്രദർശനവും വിവിധ ഭാഗങ്ങളിൽ കാളപൂട്ട് മത്സരങ്ങൾ സംഘടിപ്പിക്കുകയും ഗ്രാമീണ തനിമ നിലനിർത്തുകയും ചെയ്യുക

13 പഞ്ചായത്തിലെഎല്ലാ മൃഗങ്ങളേയും പക്ഷികളേയും ഇൻഷൂർ ചെയ്യാൻ സംവിധാനമുണ്ടാക്കുക.



# മത്സ്യബന്ധനം

മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചവർ ഈ പഞ്ചായത്തിലില്ല. എങ്കിലും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ ഉപയുക്തമായ ജലസ്രോതസ്സുകൾ ഇവിടെയുണ്ട്. നമ്മുടെ പഞ്ചായത്തിലെ മിക്കവാറും വയൽപ്രദേശങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ധാരാളം കൈത്തോടുകൾ ഒഴുകുന്നുണ്ട്. ഈ കൈതോടുകളുടെ ആഴവും വീതിയും വർദ്ധിപ്പിച്ച് ഭദ്രമാക്കിയാൽ നമ്മുടെ പരമ്പരാഗത മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിയും. ഈ മത്സ്യങ്ങൾ വൻതോതിലല്ലെങ്കിലും അത്യാവശ്യമായി നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയും. നമ്മുടെ കാർഷികാഭിവൃദ്ധിക്കും പരിസ്ഥിതി സംരക്ഷണത്തിനും ഇത്തരം കൈത്തോടുകളുടെ സംരക്ഷണവും വിപുലീകരണവും അത്യന്താപേക്ഷിതമാണ്. നമ്മുടെ മൃഗ സംരക്ഷണത്തിന്റെ ഭാഗമായി കന്നുകാലികർഷകർക്ക് അവയെ കുളിപ്പിക്കാൻ പറ്റിയതാണ് ഈ കൈത്തോടുകൾ. ചെറിയ തോതിൽ മത്സ്യം വളർത്താൻ പറ്റിയ മറ്റൊരു ജലേശഖരമാണ് പാറ പൊട്ടിച്ചെടുത്ത ക്വാറിയുടെ ഒഴിഞ്ഞ ഭാഗങ്ങൾ. മത്സ്യങ്ങളേയും താറാവുകളേയും വളർത്താവുന്നവയാണ് ഇത്തരം പ്രദേശങ്ങൾ.

ഉത്തരവാദപ്പെട്ടവരുടെ സജീവ ശ്രദ്ധ പതിയേണ്ട ഒരു മേഖലയാണ് നാട്ടിൻപുറത്തെ മത്സ്യകൃഷി. ഇതിനായി ബന്ധപ്പെട്ടവർ സാമ്പത്തികസഹായവും മത്സ്യക്കുഞ്ഞ് വിതരണവും നടത്തുന്നുണ്ടെങ്കിലും പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ഇക്കാര്യത്തിൽ വേണ്ടത്ര ബോധവാന്മാരല്ല. ആയതിനാൽ വേണ്ടത്ര ബോധവൽക്കരണവും സഹായവും നൽകി ഈ രംഗത്ത് പുരോഗതി കൈവരുത്തേണ്ടതാണ്.

പഞ്ചായത്തിൽ മത്സ്യ വിതരണം തൊഴിലായി സ്വീകരിച്ച നൂറിലധികം കുടുംബങ്ങളുണ്ട്. പ്രഭാതം മുതൽ പ്രദോഷം വരെ മത്സ്യം ചുമലിലേറ്റി വീടുവീടാന്തരം നടന്ന് വിൽക്കുന്നവരാണ് അധികം പേരും. വിതരണത്തിനായി ശേഖരിക്കുന്ന മത്സ്യം വിറ്റഴിയാതെ വരുമ്പോൾ അവ ഏറ്റവും കുറഞ്ഞ വിലക്ക് വില്ക്കുകയോ അല്ലെങ്കിൽ നശിപ്പിക്കുകയോ ചെയ്യേണ്ടിവരുന്നു. ദരിദ്രരിൽ ദരിദ്രരായ ഇക്കൂട്ടർക്ക് കൂടുതൽ കടബാധ്യതകൾ ഇതുമൂലമുണ്ടാകുന്നു. ഇവരുടെ ജീവിതഭദ്രത ഉറപ്പുവരുത്താനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

ഇവിടെ ഒരു സ്വകാര്യ മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇത് കുറ്റമറ്റരീതിയിലല്ല പ്രവർത്തിക്കുന്നത്. പൊതുജനാരോഗ്യത്തിന് ഹാനികരമായ രീതിയിൽ മത്സ്യവിപണനം നടത്തുന്നതിനാൽ ദുർഗന്ധം വമിക്കുന്ന അന്തരീക്ഷം അവിടെ എപ്പോഴും നിലനിൽക്കുന്നു. ഇതുമൂലം വൻതോതിൽ പരിസരമലിനീകരണം നടക്കുന്നു. ഇതിന് അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്. മത്സ്യവിപണനം നടത്തുന്ന കുടുംബങ്ങളെപ്പറ്റി ഒരു സർവ്വെ നടത്തേണ്ടതാണ്. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് ഇവരെ മോചിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

**പ്രശ്നങ്ങൾ**

1 മത്സ്യ വിതരണ രംഗത്ത് പ്രവർത്തിക്കുന്നവരുടെ സാമ്പത്തികപ്രശ്നങ്ങൾ
2 മത്സ്യ വിപണന സഹകരണ കേന്ദ്രം ആധുനിക സംവിധാനങ്ങളോടെ രൂപീകരിക്കൽ
3 വില്പന കേന്ദ്രങ്ങളുടെ കുറവ്
4 മത്സ്യ രോഗങ്ങൾ തടയാൻ മടപടി വേണം
5 വൈദ്യശുശ്രൂഷ, വിദ്യഭ്യസം, പാർപ്പിടം, പെൻഷൻ എന്നിവ നടപ്പിലാക്കൽ
6 നിലവിലുള്ള തോടുകളുടെയും കുളങ്ങളുടെയും വിപുലീകരണവും സംരക്ഷണവും
7 മത്സ്യ മാർക്കറ്റും പരിസരമലിനീകരണവും
8 മത്സ്യകൃഷിയ്ക്ക് പ്രോത്സാഹനവും അറിവില്ലായ്മയും

**സാധ്യതകൾ-നിർദ്ദേശങ്ങൾ**

1 വിതരണത്തിനും മറ്റാവശ്യങ്ങൾക്കും വേണ്ടിയുള്ള സാമ്പത്തിക സഹായം യഥാസമയം

ലഭ്യമാക്കുക.

2 ആധുനിക സൗകര്യങ്ങളുള്ള സഹകരണസംഘങ്ങൾ രൂപീകരിക്കുകയും വിപണനത്തിന് വേദി ഒരുക്കുകയും ചെയ്യുക.

3 വാർഡുകൾ തോറും വിവിധ സ്ഥലങ്ങളിൽ മത്സ്യ വിതരണ കേന്ദ്രങ്ങൾ (വില്പന ശാലകൾ)സ്ഥാപിക്കുക.

4 മത്സ്യരോഗങ്ങൾ തടയാൻ നടപടികൾ സ്വീകരിക്കുകയും ജലമലിനീകരണമുണ്ടാക്കുന്ന അശാസ്ത്രീയ കീടനാശിനി പ്രയോഗത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുക

5 മത്സ്യ വിതരണത്തിൽ ഏർപ്പെട്ട കുടുംബങ്ങൾക്ക് ചികിത്സ, കുട്ടികളുടെ വിദ്യഭ്യാസം, പാർപ്പിടം, ക്ഷേമനിധി എന്നിവ ലഭ്യമാക്കുകയും ഇളം പ്രായത്തിൽ തൊഴിലിൽ ഏർപ്പെടുന്നതു തടയുകയും ചെയ്യുക

6 തോടുകൾ ആഴവും വീതിയും കൂട്ടുകയും നിലവിലുള്ള കുളങ്ങൾ സംരക്ഷിക്കപ്പെടുകയും വേണം

7 ആധുനിക സൗകര്യങ്ങളുള്ള മത്സ്യ മാർക്കറ്റുകൾ പൊതു ഉടമയിൽ നിർമ്മിക്കുക. നിലവിലുള്ള മത്സ്യ മാർക്കറ്റിലെ മാലിന്യങ്ങളും അവശിഷ്ടങ്ങളും നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കുക. പരിസര മലിനീകരണം തടയുക. ബന്ധപ്പെട്ട അധികാരികൾ യഥാസമയം പരിശോധന നടത്തി ജനങ്ങളുടെ ആരോഗ്യ രക്ഷ ഉറപ്പു വരുത്തുക

8 കുളങ്ങളും ജലശേഖരങ്ങളും കൈവശമുള്ളവരെ സംഘടിപ്പിച്ച് മത്സ്യ കൃഷിയെ പറ്റി ബോധവൽക്കരണം നടത്തുക ഏറ്റവും കുറഞ്ഞ നിരക്കിൽ പലിശ ഈടാക്കി സാമ്പത്തിക സഹായവും അത്യുല്പാദന ശേഷിയുള്ള മത്സ്യ കുഞ്ഞുങ്ങളെയും വിതരണം ചെയ്യുക.

# വ്യവസായം



**ന**രിക്കുന്നി പഞ്ചായത്തിൻെറ വ്യാവസായിക ചരിത്ര പശ്ചാത്തലം തേടി ഏറെ പിറകിലേക്ക് പോകേണ്ടതില്ല. നാട്ടറിവും കേട്ടറിവും തേടി പോയ നമുക്ക് വ്യാവസായിക വളർച്ചയുടെ വീരഗാഥകൾ കേൾക്കാൻ കഴിഞ്ഞില്ല. സ്വാതന്ത്ര്യത്തിൻെറ സുവർണ്ണജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുമ്പോഴും വ്യവസായിക രംഗത്തെ നേട്ടങ്ങളിൽ അഭിമാനം കൊള്ളാൻ നമുക്ക് കഴിയുന്നില്ല. വികസനം ഗതി മുട്ടി നിൽക്കുന്ന ഈ രംഗം ഗൗരവമായ പരിചിന്തനത്തിന് വിധേയമാക്കേണ്ടിയിരിക്കുന്നു. വ്യവസായിക രംഗത്തെ മുരടിപ്പ് നരിക്കുന്നി പഞ്ചായത്തിൻെറ മാത്രം പ്രശ്നമല്ലെന്നറിയാം. കേരളത്തിൻെറയും പ്രശ്നങ്ങൾ തന്നെയാണ്. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, വ്യവസായ സംരഭകരുടെ താല്പര്യക്കുറവ്, ജനങ്ങളുടെ രുചി ഭേദം തുടങ്ങിയ മൂർത്തവും അമൂർത്തവുമായ കരണങ്ങൾ പലതും ചൂണ്ടിക്കാട്ടാം. വ്യവസയ രംഗം നേരിടുന്ന ഈ പൊതു പ്രശ്നങ്ങൾ നമ്മുടെ പഞ്ചായത്തിനും ബാധകമാണ്.

പഞ്ചായത്തിൽ വിവിധ മേഘലകളിലായി ആകെ 4552 പേർ ജോലി ചെയ്യുന്നു. പുരുഷൻമാർ 4041, സ്ത്രീകൾ 511. വ്യവസായ മേഘലയിൽ മാത്രം 364 പേർ വെിൽ ചേയ്യുന്നു. പുരുഷൻമാർ 201, സ്ത്രീകൾ 163. ഇത് തൊഴിലാളികളുടെ 8ശതമാനം മാത്രമാകുന്നു.

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ നിന്നും തുടങ്ങുന്ന നമ്മുടെ വ്യാവസായിക ചരിത്രം കേരളത്തനിമയുടെ ഈടു വെയ്പുകളാണ് ഈ കുടിൽ വ്യവസായങ്ങൾ. കുടിൽ വ്യവസായങ്ങളുടെ പട്ടിക വളരെ നീണ്ടതാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ പേരിനെങ്കിലും അവശേഷിക്കുന്നത് പായ നിർമ്മാണമാണ്. കൂട്ട, വട്ടി,മുറം എന്നിവയുടെ നിർമ്മാണം തലക്കുട നിർമ്മാണം, ഓട്ടുപാത്ര നിർമ്മാണം എന്നിവയാണ്. അധ:സ്ഥിത വിഭാഗങ്ങളാണ് ഈ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നത്. കുലത്തൊഴിലുമായി ബന്ധപ്പെട്ടാണ് ഈ വ്യവസായങ്ങൾ വളർന്ന് വന്നത്. നമ്മുടെ പഞ്ചായത്തിൽ ഈ രംഗത്ത് പിടിച്ച് നിൽക്കുന്നത് വളരെ കുറച്ചു പേർ മാത്രം. ഈ പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ നിശ്ചിതമായ കൂലി ഇല്ല. സ്വയം തൊഴിൽ ചെയ്ത്തു ഉല്പന്നങ്ങൾ വിറ്റു ഉപജീവനം കഴിക്കുകയാണ് ഇവർ ചെയ്യുന്നത്. സംഘടിതമായ പ്രവർത്തനം ഈ മേഘലയിൽ നടക്കുന്നില്ല. റബ്ബർ, പ്ളാസ്റ്റിക്ക് എന്നിവ കൊണ്ടു നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ തള്ളിക്കയറ്റം ഈ കുടിൽ വ്യവസായങ്ങളുടെ നിലനിലനില്പിന് തന്നെ ഭീഷണിയായിത്തീർന്നിരിക്കുന്നു. ഇവയെ സംരക്ഷികക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

**ചെറുകിട വ്യവസായങ്ങൾ**

ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം എന്നീ രംഗങ്ങളിൽ നരിക്കുന്നി പഞ്ചായത്തിൽ നടന്ന പുരോഗമന പ്രവർത്തനങ്ങൾ നരിക്കുന്നി പട്ടണത്തിൻെറ വികസനത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. വ്യാപാര മേഖലയിൽ ഈ മാറ്റം വളരെ പ്രകടമാണ്. മറ്റു വികസന മേഖലകളിലും ഇതിൻെറ പ്രതിഫലനം കാണാം. ഈ സാഹചര്യത്തിലാണ് നരിക്കുന്നി പട്ടണത്തിലും പരിസരങ്ങളിലും ഏതാനും ചെറുകിട വ്യവസായ യൂണിറ്റുകൾ ആവിർഭവിച്ചത്.

## പട്ടിക 1 ചെറുകിട വ്യവസായ യൂണിറ്റുകൾ

| നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ |
| 1 | തടി-ഈർച്ചമിൽ | 2 | 7 | - | 7 |
| 2 | ഓയിൽമിൽ | 4 | 12 | - | 12 |
| 3 | ആയുർവ്വേദ മരുന്നു | 3 | 7 | 2 | 9 |
| 4 | കയർ | 1 | 1 | 5 | 6 |
| 6 | ഐസ്ഫാക്ടറി | 1 | 2 | - | 2 |
| 7 | മെറ്റൽ ഇൻഡസ്ട്രീസ് | 4 | 8 | 9 | 1 |
| 8 | ഹോളോബ്രിക്സ് | 1 | 3 | - | 3 |
| 9 | ഫർണ്ണിച്ചർ | 11 | 32 | - | 32 |
| 10 | റെഡിമെയ്ഡ് വസ്ത്രനിർമ്മാണ് | 5 | 4 | 9 | 13 |
| 11 | ധാന്യമില്ലുകൾ | 8 | 10 | - | 10 |
| 12 | പേപ്പർകവർയൂണിറ്റ് | 1 | 1 | 3 | 4 |
| 13 | ബേക്കറിയൂണിറ്റ് | 5 | 15 | - | 15 |
| 14 | മെഴുകുതിരിനിർമ്മാണം | 1 | 1 | 3 | 4 |
| 15 | സോഡാനിർമ്മാണം | 1 | 3 | - | 3 |
| 16 | നീറ്റുകക്ക | 2 | 3 | 1 | 4 |
| 17 | പപ്പടനിർമ്മാണം | 6 | 20 | - | 20 |
| 18 | ജില്ലിനിർമ്മാണം | 8 | 6 | 40 | 46 |
| 19 | ഖാദിയൂണിറ്റ്(നൂൽനൂൽപ്പ്) | 1 | - | 34 | 34 |
| | ആകെ | 68 | 141 | 101 | 242 |
| | **പരമ്പരാഗത കുടിൽ വ്യവസായങ്ങൾ** | | | | |
| 20 | പായനിർമ്മാണം | - | - | 30 | 30 |
| 21 | കൂട്ട,വട്ടി, മുറം നിർമ്മാണം | - | 10 | 25 | 35 |
| 22 | തലക്കുട നിർമ്മാണം | - | 4 | - | 4 |
| 23 | ഓട്ടു പാത്ര നിർമ്മാണം | - | 1 | 1 | 2 |
| | ആകെ | - | *15* | *56* | *71* |

*അവലംബം. സെക്കൻററി ഡാറ്റ-ഗ്രാമസഭ ചർച്ച*

പട്ടിക 111- വിവിധ മേഖലകളിലെ കൂലി നിരക്ക്

| ക്രമനമ്പർ | ഇനം | കൂലിനിരക്ക് | |
|---|---|---|---|
| | | പു | സ്ത്രീ |
| 1 | തടി-ഈർച്ചമിൽ | 100 | - |
| 2 | കയർ | - | 35 |
| 3 | ആയുർവ്വേദം | 50 | - |
| 4 | ഓയിൽമിൽ | 90 | - |
| 5 | അച്ചടി | 45 | 35 |
| 6 | ഭക്ഷ്യധാന്യം | 75 | - |
| 7 | ബേക്കറി | 75 | - |
| 8 | പപ്പടം | 75 | - |
| 9 | ഖാദി | - | 10 |
| 10 | റെഡിമെയ്ഡ് | - | 35 |
| 11 | ഐസ്ഫാക്ടറി | 50 | - |
| 12 | ഫർണിച്ചർ | 150 | - |
| 13 | ഇൻഡസ്ട്രീസ് | 150 | - |
| 14 | ജല്ലി | - | 25 |
| 15 | പ്ളാസ്റ്റിക്ക് കസേര മടയൽ | - | 35 |
| 16 | സോഡാനിർമ്മാണം | 40 | - |

*അവലംബം: സെക്കൻററി ഡാറ്റ*

2 ഈർച്ചമില്ലുകളും , 4 ഓയൽ മില്ലുകളും ആയുർവ്വേദ മരുന്നു നിർമ്മിക്കുന്നതിനുള്ള 3 യൂണിറ്റുകളും ഒരു കയർ വ്യവസായ കേന്ദ്രവും 3 അച്ചടി ശാലകളും ഒരു ഐസ് ഫാക്ടറിയും 4 മെറ്റൽ ഇൻഡസ്ട്രീസും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഹോളോ ബ്രിക്സ് യൂണിറ്റാണ് മറ്റൊന്ന്. മേൽ പറഞ്ഞസ്ഥാപനങ്ങളിലെല്ലാം കൂടി മൊത്തം 46 പുരുഷൻമാരും ,11 സ്ത്രീകളും തൊഴിൽ ചെയ്യുന്നു. (പട്ടിക 1)

തടി ഈർച്ച വ്യവസായത്തിൻെറ അനുബന്ധമെന്ന നിലയിൽ ഫർണിച്ചർ നിർമ്മാണത്തിന് വേണ്ടിയുള്ള 11 യൂണിറ്റുകൾ സ്ഥാപിതമായിട്ടുണ്ട്. നരികുനി പട്ടണത്തിൻെറ വ്യാപാര മേഖലയിൽ ഫർണിച്ചർ നിർമ്മാണത്തിൻെറ സ്വാധീനം കാണാം. സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്ന

റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകൾ 5 എണ്ണം നരിക്കുനിയിലുണ്ട്. ബേക്കറിയൂണിറ്റ്, പപ്പടനിർമ്മാണയൂണിറ്റ് എന്നിവയാണ് കൂടുതൽപേർ ജോലിചെയ്യുന്ന ഇതരസ്ഥാപനങ്ങൾ. ജില്ലിനിർമ്മാണം നടത്തുന്ന 8 യൂണിറ്റുകളിലായി 6 പുരുഷൻമാരും 40 സ്ത്രീകളും തൊഴിൽ ചെയ്യുന്നു. ക്വാറികളോടനുബന്ധിച്ചാണ് മിക്കവെയും പ്രവത്തനം നടത്തുന്നത്.

പട്ടിക -2
വ്യവസായനുബന്ധ മേഖലകൾ

| നമ്പർ | വിഭാഗം | യൂണിറ്റ് | തൊഴിലാളികളുടെ എണ്ണം പു | സ്ത്രീ | എണ്ണം |
|---|---|---|---|---|---|
| 1 | കാർഷീകോപകരണങ്ങൾ ഗൃഹോപകരണങ്ങൾ എന്നിവയുടെ നിർമ്മാണം | 7 | 12 | - | 12 |
| 2 | ഓട്ടോമൊബൈൽ റിപ്പയറിംഗ് വർക്ക്ഷോപ്പ് | 6 | 17 | - | 17 |
| 3 | പ്ലാസ്റ്റിക് കസേര നിർമ്മാണം | 1 | 1 | 3 | 4 |
| 4 | ഇലക്ട്രോണിക് റിപ്പയറിംഗ് | 5 | 6 | - | 6 |
| 5 | വാച്ച് റിപ്പയറിംഗ് | 4 | 6 | - | 6 |
| 6 | ഫോട്ടോസ്റ്റാറ്റ് | 3 | 3 | 3 | 6 |
| | ആകെ | 26 | 45 | 6 | 51 |

അവലംബം : സെക്കൻഡറി ഡാറ്റാ

പട്ടിക 2 ൽ കാണിച്ച പ്രകാരം വ്യവസായനുബന്ധ സ്ഥാപനങ്ങളിലായി( പട്ടിക-11 ൽ 1മുതൽ 6 വരെ) 45 പുരുഷൻമാരും 6 സ്ത്രീകളും ജോലിയെടുക്കുന്നു. നരിക്കുനി പട്ടണത്തിൽത്തന്നെ കേ( ന്ദ്രീകരിച്ചു പ്രവർത്തിക്കുന്നതാണ് ഇവയിൽ മിക്കതും.

നാളികേരം കൊപ്രയാക്കുന്ന ജോലി നമ്മുടെ പട്ടണങ്ങളിൽ നടക്കുന്നുണ്ട്. സ്ത്രീകൾക്ക് ധാരാളം തൊഴിൽ സാധ്യതയുള്ള അടക്കസംസ്ക്കരണ യൂണിറ്റുകളും നമ്മുടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായുണ്ട്.

സ്ത്രീകൾമാത്രം ജോലിചെയ്യുന്ന ഒരുകേന്ദ്രമാണ് നരിക്കുനിയിലെ ഖാദി നൂൽനൂൽപ്പ് കേന്ദ്രം. 34 സ്ത്രീകൾ ഇവിടെ ജോലിചെയ്യുന്നു.

ചെറുകിട വ്യവസായ യൂണിറ്റുകളിൽ പുരുഷന്മാർക്ക് 40 രൂപ മുതൽ 150 രൂപ വരെ ദിവസക്കൂലി കിട്ടുമ്പോഠം സ്ത്രീകഠംക്ക് 10 രൂപ മുതൽ 50 രൂപ വരെയാണ് കൂലി. ഖാദി യൂണിറ്റിലാണ് ഏറ്റവും കുറഞ്ഞ കൂലി. ഇവിടെ ഒരു സ്ത്രീ തൊഴിലാളിക്ക് കിട്ടുന്ന ദിവസക്കൂലി 10 രൂപയാണെന്ന് അറിയുന്നു. ഈ കൂലിനിരക്കിൽ ഇവർ തികച്ചും അസംതൃപ്തരാണ്.

നരിക്കുനിയിൽ മുമ്പ് സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന മൂന്ന് ചെറുകിട വ്യവസായ യൂണിറ്റുകഠം ഇപ്പോഠം പ്രവർത്തിക്കുന്നില്ല.

1 നവീന ബ്രഡ് യൂണിറ്റ്

2 സുബിലിന്നിസ ഫേഷൻ ഡ്രസ് യൂണിറ്റ്

3 പേപ്പർ കവർ നിർമ്മാണ യൂണിറ്റ്

വൻകിട വ്യവസായങ്ങഠം നമ്മുടെ പഞ്ചായത്തിൽ ഇല്ല. കാർഷിക മേഖലയുമായി സമന്വയിപ്പിച്ചുകൊണ്ടുള്ള പുതിയ വ്യാവസായിക സംരംഭങ്ങഠം പരിശോധിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിൽ വിരലിലെണ്ണാവുന്ന ചെറുകിട വ്യവസായ യൂണിറ്റുകഠം മാത്രമാണുള്ളത്. ഉള്ളവ തന്നെ രോഗഗ്രസ്തമാണെന്ന് പറയാം. പുത ിയ വ്യവസായ സംരംഭകരെ ആകർഷിക്കാൻ ഈ മേഖലയിൽ കഴിയുന്നില്ല. തൊലിലാളികളുടെ കുറഞ്ഞ കൂലിയും ഈ മേഖലയെ അനാകർഷകമാക്കുന്നു.

പരമ്പരാഗത കുടിൽവ്യവസായങ്ങഠം സ്തംഭനാവസ്ഥയിലാണ്. ഈ മേഖലയുടെ പുനരുജ്ജീവനം ദുർബല വിഭാഗങ്ങളുടെ തന്നെ പുനരുജ്ജീവനമായിരിക്കും. വൈവിധ്യവൽക്കരണവും ആധുനികവൽക്കരണവും ഈ മേഖലയുടെ വികസനത്തിന് അനിവാര്യമാണ്. ജനകീയാസൂത്രണത്തിലൂടെ പദ്ധതി ലക്ഷ്യങ്ങഠം പൂർത്തീകരിക്കുമ്പോഠം കാർഷിക മേഖലയിലുണ്ടാകുന്ന പുതിയ ഉണർവ്വിൽ നിനം ഊർജ്ജം നേടി വ്യവസായികമേഖലയേയും ചലനാത്മകമാക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാം.

## പ്രശ്നങ്ങഠം

* സാമ്പത്തികമായ കഴിവുകളുള്ള വ്യക്തികളും സംഘങ്ങളും പുതിയ വ്യവസായ സംരംഭങ്ങഠം തുടങ്ങുന്നതിന്. വൈമുഖ്യം കാണിക്കുന്നു. എളുപ്പത്തിൽ ലാഭം കൊയ്തെടുക്കാൻ കഴിയുന്ന മേഖലകളിലേക്ക് ചേക്കേറുന്ന പ്രവണത നിലനില്ക്കുന്നു.
* നമ്മുടെ പ്രധാന കാർഷിക ഉല്പന്നങ്ങളായ നാളികേരം, അടക്ക മുതലായവ വ്യവസായികമായി പ്രയോജനപ്പെടുത്തുന്നില്ല
* വ്യവസായങ്ങഠം സ്ഥാപിക്കുന്നതിനുള്ള സ്ഥല ദൗർലഭ്യം
* വൈദ്യുതി പ്രശ്നങ്ങഠം
* ലൈസൻസ് ലഭിക്കുന്നതിനുള്ള കാലതാമസവും നടപടിക്രമങ്ങളുടെ സങ്കീർണ്ണതയും
* വിദഗ്ദ്ധ തൊലിലാളികളെ കിട്ടാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നു
* തൊഴിലാളികളുടെ കൂലി കുറവും സേവന വ്യവസ്ഥകളുടെ അപര്യാപ്തതയും
* ഉല്പാദന സാധ്യതകളെപ്പറ്റിയുള്ള അജ്ഞത
* വിപണികഠം കണ്ടെത്തുന്നതിൽ അനുഭവപ്പെടുന്ന പ്രയാസങ്ങഠം
* പരിസ്ഥിതി പ്രശ്നങ്ങഠം
* സർക്കാർ ജോലികളോടുള്ള ആഭിമുഖ്യം ഇതര ജോലിസാധ്യതകഠം കണ്ടെത്തുന്നതിനെ നിരുത്സാഹപ്പെടുത്തുന്നു
* വ്യവസായ സംരംഭകർക്ക് മാർഗ്ഗനിർദ്ദേശങ്ങഠം വേണ്ട രീതിയിൽ ലഭിക്കുന്നില്ല
* സഹകരണാടിസ്ഥാനത്തിൽ വ്യവസായ സംരംഭങ്ങഠം തുടങ്ങുന്നതിനുള്ള കൂട്ടായ ശ്രമത്തിന്റെ അഭാവം

* പരമ്പരാഗത കുടിൽവ്യവസായങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റിയുള്ള വിദഗ്ദ്ധ പഠനത്തിൻെറ അഭാവം
* പ്രയോജനപരതയിൽ ശ്രദ്ധയൂന്നാത്ത തൊഴിൽ വിദ്യാഭ്യാസം
* തൊഴിൽ സംരംഭകർക്ക് നൽകുന്ന ധനസഹായങ്ങൾ ഉദ്ദിഷ്ടലക്ഷ്യങ്ങൾക്ക് ഉപകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനത്തിൻെറ അപര്യാപ്തത

**സാധ്യതകളും നിർദ്ദേശങ്ങളും**

* പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുകയും, നിർമ്മിത വസ്തുക്കളുടെ വിപണി കണ്ടെത്തുകയും വേണം. ചന്തകളും മേളകളും സംഘടിപ്പിച്ച് ഇതിനുള്ള സൗകര്യം സൃഷ്ടിക്കേണ്ടതാണ്
* വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ വളരെ പ്രിയമുള്ള ഹുക്കകൾ നിർമ്മിക്കുന്ന നമ്മുടെ പഞ്ചായത്തിലെ കുടുംബങ്ങൾക്ക് ഇതിൻെറ നിർമ്മാണത്തിന് ആവശ്യമായ പ്രോത്സാഹനം നൽകേണ്ടതാണ്
* റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം വികസനസാധ്യതയുള്ള ഒരു മേഖലയാണ്. തയ്യൽ പരിശീലനം നേടിയിട്ടുള്ളവരേയും ഈ രംഗത്ത് നിലവിൽ ജോലി ചെയ്യുന്ന മുഴുവൻ ആളുകളേയും പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഒറ്റ കുടക്കീഴിൽ അണിനിരത്തുന്ന ഒരുസ്ഥാപനമായി ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ കേന്ദ്രം ആരംഭിക്കാവുന്നതാണ്. ഡിസൈനിംഗ് പരിണശീലനവും അനുബന്ധമായി നടത്താം
* പഞ്ചായത്തിൽ രണ്ട് ഈർച്ചമില്ലുകളാണുള്ളത്. നിലവിലുള്ള ഈർച്ചമില്ലുകളിൽ നിന്നും വിദൂരസ്ഥമായ സ്ഥലത്ത് ഒരു ഈർച്ചമിൽ സ്ഥാപിക്കുക
* കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഹോളോബ്രിക്സ് നിർമ്മാണത്തിന് കൂടുൽ സാധ്യതയുണ്ട്
* കളിമണ്ണിൻെറ ലഭ്യതയനുസരിച്ച് ഇഷ്ടിക നിർമ്മാണത്തിൻെറ സാധ്യതയും പരിശോധിക്കാവുന്നതാണ്
* കൊപ്ര സംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് മുന്നോട്ടുവരുന്ന വ്യക്തികൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക
* കയർ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക. ചൂടിപ്പടം, ബ്രഷ് എന്നിവയും ഉല്പാദിപ്പിക്കാം
* ഭക്ഷ്യസംക്രണ യൂണിറ്റ് ആരംഭിക്കുക. കൈതച്ചക്ക, വാഴപ്പഴം, മാങ്ങ, കശുമാങ്ങ തുടങ്ങിയ പ്രാദേശിക പഴവർഗ്ഗങ്ങൾ ഉപയോഗിക്കാം. പൈനാപ്പിൾ (കൈതച്ചക്ക) കൃഷി പ്രോത്സാഹിപ്പിക്കാനും ഇത് പ്രയോജനപ്പെടും
* ഈടും ഉറപ്പും ഭംഗിയുള്ള ഫർണ്ണിച്ചർ നിർമ്മിക്കുന്നതിന്ന് ഒരു ഫർണിച്ചർ വ്യവസായ യൂണിറ്റ് ആരംഭിക്കുക
* നോട്ടുബുക്ക് നിർമ്മാണത്തിന് മുന്നോട്ടുവരുന്ന വനിതകൾക്ക് പ്രോത്സാഹനം നൽകുക. ബുക്ക് ബൈൻെറിംഗ്, ഫയൽ നിർമ്മാണം എന്നിവയും അനുബന്ധമായി നടത്തുക
* ചന്ദനത്തിരി നിർമ്മാണ യൂണിറ്റ് ആരംഭിക്കുക
* തീപ്പെട്ടി നിർമ്മാണത്തിനുള്ള സാധ്യതകൾ ആരായുക
* ബേക്കറി ഉല്പന്നങ്ങളുടെ വിപണനസാധ്യത വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് നിലവിലുള്ള ബേക്കറി യൂണിറ്റുകളെ ഏകോപിപ്പിച്ച് വിപുലീകൃതമായ രീതിയിൽ ബേക്കറി സാധനങ്ങളുടെ നിർമ്മാണം നടത്താവുന്നതാണ്
* പെയിൻറ് നിർമ്മിക്കുന്നതിനുള്ള ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുക
* സിന്തറ്റിക് വിനാഗിരി നിർമ്മിക്കുന്നതിനുള്ള കേന്ദ്രം ആരംഭിക്കുക
* സോപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക

* കൈത്തറി വസ്ത്ര നിർമ്മാമണ യൂണിറ്റ് ആരംഭിക്കുക
* പഞ്ചായത്തിലെ പാരമ്പര്യ വൈദ്യന്മാരെയും അംഗീകൃത വൈദ്യന്മാരേയും സംഘടിപ്പിച്ചുകൊണ്ട് അവരുടെ സംയുക്ത നേതൃത്വത്തിൽ ഒരു ആയുർവ്വേദ മരുന്നു നിർമ്മാണശാല ആരംഭിക്കുക. പഞ്ചായത്തിലെ കുന്നിൻപുറങ്ങളിലുള്ള തരിശുനിലങ്ങളിൽ ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുക
* ഫ്ളോർമിൽ സ്ഥാപിച്ച് വിവിധയിനം ഭക്ഷ്യധാന്യങ്ങൾ പൊടിച്ച് പാക്കറ്റുകളിലാക്കി വിതരണം ചെയ്യുന്നതിനുള്ള യൂണിറ്റ് ആരംഭിക്കുക
* മരം, ചിരട്ട, ചകിരിനാര്, പഞ്ഞി, കാർഡ് ബോർഡ് എന്നിവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് ആരംഭിക്കുക
* ചെരുപ്പു നിർമ്മാണശാല ആരംഭിക്കുക
* കുട നിർമ്മാണ യൂണിറ്റ് ആരംഭിക്കുക
* പ്ലാസ്റ്റിക്ക് ലെതർ വർക്സ് യൂണിറ്റ് ആരംഭിക്കുക
* കൂൺകൃഷി ചെയ്യുന്നവർക്ക് പ്രോത്സാഹനം നൽകുക
* സോഡാ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക
* ആട്, കോഴി ഫാമുകൾ തുടങ്ങാൻ മുന്നോട്ടുവരുന്ന സ്ത്രീകൾക്ക് പ്രോത്സാഹനം നൽകുക
* മെഴുകുതിരി നിർമ്മാണ യൂണിറ്റ് ആരംഭിക്കുക
* തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുക
* പഞ്ചായത്തിലെ ജനപ്രതിനിധികൾ, വ്യവസായികൾ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഒരു വ്യാവസായിക സമിതി രൂപീകരിച്ച് പ്രാദേശിക വ്യവസായ സംരംഭങ്ങൾക്കു പ്രോത്സാഹനം നൽകുക
* ടൂറിസം വികസനത്തിനുള്ള സാധ്യത നമ്മുടെ പഞ്ചായത്തിൽ തെളിഞ്ഞു കാണുന്നില്ല. എങ്കിലും വിനോദസഞ്ചാരികളെ ആകർഷിക്കാൻ പറ്റിയ ഒന്നാണ് കൊടോളിയിലെ മുക്കാലുംപാറയിൽ സ്ഥിതിചെയ്യുന്ന നാട്ടിക്കല്ല്. ഇതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

**സാധ്യതാവ്യവസായങ്ങൾ**

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ എം.എസ്.എസ്.ഐ | 1 | മരം ഫർണീച്ചർ |
| | 2 | ചെരുപ്പ് |
| | 3 | അലൂമിനിയ പാത്രങ്ങൾ |
| | 4 | ലിക്വിഡ് ഡിറ്റർജന്റ് |
| | 5 | പെയിന്റ് |
| | 6 | ക്ലിനിക്ക് പൗഡർ |
| | 7 | ഓട്ടോ ഇലക്ട്രിക്ക് ഷോപ്പ് |
| | 8 | ജനറൽ എഞ്ചിനീയറിംഗ് |
| | 9 | എമർജൻസി ലാംബ് |
| | 10 | സിന്തറ്റിക് വിനാഗിരി |
| | 11 | അലങ്കാരപ്പണിചെയ്ത മരംകൊണ്ടുള്ള വീട്ടുപകരണങ്ങൾ |
| | 12 | പഴം ജാമുകൾ |
| | 13 | ചകിരിച്ചവറും ഉപയോഗിച്ചുള്ള വളം |
| | 14 | ചിപ്സ് നിർമ്മാണം |

| | | |
|---|---|---|
| | 15 | ചിരട്ടകൊണ്ടുള്ള കരകൗശലവസ്തുക്കൾ |
| | 16 | ചൂടിപ്പടം, ബ്രഷ് ചകിരിനീരിന്റെ കിടക്ക, തലയണ |
| | 17 | ആയുർവേദ മരുന്ന് നിർമ്മാണം |
| | 18 | പ്ലാസ്റ്റിക്ക് ബട്ടൺസ് |
| വനിത | 1 | അലക്കു സോപ്പ് |
| | 2 | റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| | 3 | പേപ്പർ കവർ നിർമ്മാണം |
| | 4 | മെഴുകുതിരി നിർമ്മാണം |
| | 5 | അവിൽ വ്യവസായം |
| സഹകരണ സംഘം (വനിത) | 1 | കുട-നോട്ട്ബുക്ക് നിർമ്മാണം |
| | 2 | കറി പൗഡർ നിർമ്മാണം |
| | 3 | ജല്ലി നിർമ്മാണം |
| | 4 | റക്സിൻ ഉല്പന്നങ്ങൾ |
| സഹകരണ സംഘം (ജനറൽ) | 1 | സ്റ്റീൽ ഫർണ്ണിച്ചർ |
| | 2 | നെയ്ത്ത് |
| | 3 | ഇഷ്ടിക നിർമ്മാണം |
| | 4 | സിമന്റുകൊണ്ടുള്ള ഗൃഹ നിർമ്മാണ വസ്തുക്കൾ |
| സഹകരണ സംഘം (പട്ടികജാതി) | 1 | കിടക്ക നിർമ്മാണം |
| | 2 | റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| | 3 | കൂൺകൃഷി |
| | 4 | തേനീച്ച വളർത്തൽ |

*അവലംബം: ജില്ലാ വ്യവസായ കേന്ദ്രം*



# വിദ്യാഭ്യാസം

ചരിത്രസ്മരണകൾ ഉറങ്ങുന്ന കോഴിക്കോട് നഗരത്തിൽ നിന്ന് 20 കിലോമീറ്റർ കിഴക്കു മാറി, അനുദിനം വികസ്വരമായിക്കൊണ്ടിരിക്കുന്ന ഒരു കൊച്ചു പട്ടണമാണ് ഗ്രാമ പഞ്ചായത്തിൻെറ ആസ്ഥാനമായ നരിക്കുനി വാണിജ്യസ്ഥാപനങ്ങളുടെ വൈവിധ്യം, വാഹനബാഹുല്യം, വൈകുന്നേരങ്ങളിൽ ഒത്തുകൂടുന്ന ജനങ്ങളുടെ സാന്ദ്രത, എന്നിവ മറ്റു സമീപ സ്ഥ പഞ്ചായത്ത് ആസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എടുത്തുപറയേണ്ട സവിശേഷതകളാണ്.

ഈ നൂറ്റാണ്ടിൻെറ ആദ്യ ദശകത്തിൽ തന്നെ ഒന്നിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉദയം ചെയ്തിരുന്ന ഈപഞ്ചായത്തിൻെറ സാക്ഷരതാ നിരക്ക് അറുപത് പിന്നിട്ടവരെ ഒഴിച്ചു നിർത്തിയാൽ നൂറുശതമാനം തന്നെ വിദ്യആർജിച്ചവരും ജോലി സിദ്ധിച്ചവരും നിരവധി ആയതിനാൽ സംസ്കാരിക ചൈതന്യത്തിൻെറ ഒരു തൂവൽസ്പർശം ഈ പ്രദേശത്തെ അനുഗ്രഹിച്ചിട്ടുണ്ടെന്നത് സുവ്യക്തമാണ്. പരിമിതമായ പ്രഭാതഭക്ഷണത്തിൻെറ മാത്രം ഊറ്റത്തിൽ പത്തുപതിനഞ്ച് നാഴിക വരുന്നദുർഗമങ്ങളായ വഴിത്താരകൾ താണ്ടി, ഒരു കാലത്ത് പ്രശസ്തമായി പ്രവർത്തിച്ചിരുന്ന നൻമണ്ട പയമ്പ്ര എന്നീ ഹൈസ്ക്കൂളുകളെ ആശ്രയിച്ചിരുന്ന ഒരു തലമുറയുടെ അനുഭവ കഥനങ്ങൾ പുളകത്തോടും തെല്ലൊരതിശയത്തോടും കുടിയേ ഇന്നത്തെ തലമുറ കേട്ടിരിക്കുകയുള്ളൂ.

ഔപചാരിക വിദ്യാഭ്യാസത്തിൻെറ ഹരിശ്രീ കുറിച്ച ഒരു സ്ഥാപനത്തിൽ നിന്നാവട്ടെ നമ്മുടെ വിദ്യാഭ്യാസ ചരിത്ര ചിന്തകൾ. ആയിരത്തിതൊള്ളായിരത്തി പതിനൊന്നുമുതൽ പ്രവർത്തനരേഖകൾ ലഭ്യാമായ ഇന്നത്തെ പാറന്നൂർ ഗവ:എം.എൽ.പി. സ്കൂളാണ്ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കംചെന്ന വിദ്യാലയം. മലബാർ ഡിസ്ട്രിക്റ്റ് ബോർഡിൻെറ മേൽനോട്ടത്തിലായിരുന്നു തുടക്കം. ജനാബ് കോയാമുട്ടിമുല്ല, ശ്രീ: രാമൻ ഗുരുക്കൾ എന്നിവരായിരുന്നു ആദ്യകാല അധ്യാപകർ. പഴയകാല ഗുരുകുല സമ്പ്രദായത്തിൻെറയും എഴുത്തുപള്ളിക്കൂടങ്ങളുടെയും കൂട്ടായ്മയുടെ തുടർച്ചയാട്ടുവേണം ഈ സംരംഭത്തെക്കാണാൻ. ആദ്യകാല അധ്യാപകരുടെ പേരുകൾതന്നെ - മുല്ലയും ഗുരുക്കളും (മുല്ല=ബുദ്ധിശക്തിയിലും ഉദ്ധരണികളുടെ പ്രയോഗത്തിലും അവഗാഹം നേടിയവൻ, ഗുരു=ഗുരുകുലത്തിൻെറ ആചാര്യൻ) പ്രസ്തുത നിഗമനത്തിന് ഉപോദ്ബലകമായ തെളിവുകൾ അ ത്രെ.

സ്ഥലനാമം സൂചിപ്പിക്കുന്നതുപോലെ നരികളുടെ വിഹാരവേദിയായി കരുതാവുന്ന, ഇന്നും ഇരുട്ട് കൂടുവിടാൻ മടിക്കുന്ന മനുഷ്യപാദസ്പർശം ഏൽക്കാത്ത ഇടങ്ങളേറിയ പള്ളിയറക്കോട്ടയുടെ സജീവസാന്നിധ്യമുള്ള നരിക്കുനിയുടെ സമീപവാസികളിൽ ചിലർ ഏകദേശം ഒരു നൂറ്റാണ്ടുമുമ്പ് വിദ്യാഭ്യാസകാര്യങ്ങളിൽ കാണിച്ച ശുഷ്കാന്തി അനല്പമായ അഭിമാനത്തോടെവേണം സ്മരിക്കാൻ

കേരളപ്പിറവിക്കുമുമ്പുള്ള മലബാർ ഡിസ്ട്രിക്റ്റ് ബോർഡിനായിരുന്നു അക്കാലത്തെ വിദ്യാലയങ്ങളുടെ സംരക്ഷണവും മേൽനോട്ടവും ഏൽപ്പിച്ചിരുന്നത്. അതിനുമുമ്പ് മദിരാശി സംസ്ഥാനത്തിൽ മലബാർ താലൂക്ക് ബോർഡ് എന്ന ഏജൻസി ഉണ്ടായിരുന്നതായി അറിയുന്നു. മാപ്പിളറേഞ്ച്, ഹിന്ദുറേഞ്ച് എന്നീ തരത്തിൽ വിഭജനം നടത്തി വിദ്യാഭ്യാസതൽപ്പരരായ ആളുകളെ കണ്ടെത്തി അവർക്ക് സ്കൂളുകൾ അനുവദിക്കുകയായിരുന്നു പതിവ്. ഓത്തുപള്ളിയിലൊ ഗുരുകുലത്തിലോ ഉള്ള ചിരകാലത്തെ പരിചയ സമ്പത്തായിരുന്നു അവരുടെ യോഗ്യത.

നിസ്കാരപ്പള്ളി(സ്രാമ്പ്യ)കളോട് അനുബന്ധിച്ചുള്ള മത പഠനക്ലാസുകളിൽ വെച്ച് മലയാളവും കണക്കും പഠിപ്പിച്ചിരുന്നു. ചെന്തമിഴ്, സംസ്കൃതം, അറബി എന്നീ ഭാഷകളിലെ വാക്കുകളും പ്രയോഗങ്ങളും സമ്മിശ്രമായി ഇണക്കിച്ചേർത്ത അനേകം പദ്യഭാഗങ്ങൾ ഹൃദ്യസ്തമാക്കി പഴമക്കാർ ഇന്നും ജിവിച്ചിരിപ്പുണ്ട്. അറബി മലയാള ശൈലി ഉടലെടുത്തത് അക്കാലത്തായിരിക്കാം. ഇരുപത് വരെയുള്ള ഗുണനപ്പട്ടികകൾക്കുപുറമെ കാൽ, അര, മുക്കാൽ, അരയ്ക്കാൽ എന്നീ ഭിന്ന സംഖ്യകളുടെ

പട്ടികപോലും നിർബന്ധമായും ഉരുവിട്ടു പഠിപ്പിച്ചിരുന്നതായി കാണാം.
തൊഴിലില്ലായ്മ പരിഹരിക്കുന്നതിൻെറ ഭാഗമായി ഏതെങ്കിലും തൊഴിൽ സംഘടനയുടെയോ കർഷക സംഘടനയുടേയോ പ്രമേയത്തിൻെറ അടിസ്ഥാനത്തിൽ ഏകാധ്യാപക വിദ്യാലയങ്ങൾ അനുവദിച്ചതായി രേഖകൾ ഉണ്ട്. 'ഡപ്പിടി ഇൻസേട്ടർ' എന്ന് പഴമക്കാർ വിളിച്ചിരുന്ന, വസ്ത്രധാരണത്തിലും നടപ്പിലും അസാധാരണത്വം പുലർത്തിയിരുന്ന ഗ്രാമീണരുടെ സർവ്വാദരണീയനായ ഉദ്യോഗസ്ഥനായിരുന്നു ഇവയുടെ പരിശോധന നിർവ്വഹിച്ചിരുന്നത്. ഗ്രാൻറ് എന്ന പേരിൽ വല്ലപ്പോഴും ലഭിച്ചിരുന്ന തുച്ഛമായ തുകയിൽ നിത്യനിദാന ചെലവുകളും മാനേജരുടെ വിഹിതവും അധ്യാപക മാസപ്പടിയും ഒതുക്കേണ്ടിയിരുന്നു. കച്ചേരിപ്പറമ്പ്, വട്ടപ്പാറപ്പൊയിൽ, പേരടി, പൂളക്കാപ്പറമ്പ് എന്നിവിടങ്ങളിൽ നേരത്തെ ഉണ്ടായിരുന്ന വിദ്യാലയങ്ങൾ ഇന്ന് നിലവിലില്ല. കേരള വിദ്യാഭ്യാസ നിയമങ്ങളും ചട്ടങ്ങളും നടപ്പിലായതോടു
കൂടിയാണ് ഈ മേഖലയിൽ വർഷങ്ങളായി നിലനിന്നിരുന്ന ദുരവസ്ഥകൾ പരിഹൃതമായത്.
ഈ പഞ്ചായത്തിൽ നിലവിലുള്ള സ്കൂളുകളെക്കുറിച്ച് ലഭ്യമായ വിവരങ്ങളെ അടിസ്ഥാമാക്കിയുള്ള ഒരു സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.
ജി.എം. എൽ.പി.എസ്. പാറന്നൂർ:- 1911 ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ 149 വിദ്യാർഥികളും 5 അധ്യാപകരും ഉണ്ട്. പട്ടിക ജാതി വിഭാഗത്തിൽപെട്ട ഒരു പെൺകുട്ടിമാത്രമേ ഇപ്പോൾ ഇവിടെ പഠിക്കുന്നുള്ളൂ. ഭൗതിക സാഹചര്യങ്ങൾ ഏറെക്കുറെ തൃപ്തികരമാണ് ഒരു കളിസ്ഥലത്തിൻെറ അഭാവം മുഴച്ചുനിൽക്കുന്നു. റോഡ് അരികിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും 5000ക വിനിയോഗിച്ചുകൊണ്ട് ഈ വർഷം ശുദ്ധ ജല വിതരണത്തിനായി ഒരു പമ്പുസെറ്റ് സ്ഥാപിച്ചിട്ടുണ്ട്.

എ.യു.പി.എസ് നരിക്കുനി:- നരിക്കുനിയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം സ്ഥാപിതമായത് 1916ലാണ്. 983 കുട്ടികൾ ഇപ്പോൾ ഇവിടെ പഠിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ 157 പേർ പട്ടികജാതിയിൽപ്പെട്ടവരാണ്. ഇവിടെയുള്ള 36 അധ്യാപകരിൽ 15 പേർ സ്ത്രീകളാണ്. ശ്രീ ആപ്പുറത്ത് കൃഷ്ണൻ നായരായിരുന്നു ഇതിൻെറ സ്ഥാപകൻ. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത ഈ സ്ഥാപനത്തെ വീർപ്പുമുട്ടിക്കുന്നു. ഇതിൻെറ നടത്തിപ്പിലും പഠന നിലവാരത്തിലും ഗ്രാമസഭയിൽ രൂക്ഷമായ വിമർശനം ഉയർന്നു വന്നിട്ടുണ്ട്.
എ.യു.പി.എസ്. പുന്നശ്ശേരി:- 1917ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. ശ്രീ. പീടികക്കണ്ടി രാമൻനായർ സ്ഥാപിച്ച എഴുത്തുപള്ളിക്കൂടമാണ് ഇതിൻെറ തുടക്കം. ശ്രീ. സി.പി.അച്ചുതൻ നായരാണ് ഇതിൻെറ സ്ഥാപക മാനേജർ. ഏറെക്കുറെ തൃപ്തികരമായ ഭൗതികചാഹചര്യങ്ങൾ ഉള്ള ഈ വിദ്യാലയത്തിൽ ഇപ്പോൾ 17 ഡിവിഷനുകൾ പ്രവർത്തിക്കുന്നു. 1992ൽ പ്ലാറ്റിനം ജൂബിലി സമുചിതമായി ഇവിടെ കൊണ്ടാടുകയുണ്ടായി. 741 കുട്ടികൾ ഈ വിദ്യാലയത്തിൽ ഇപ്പോൾ പഠിക്കുന്നുണ്ട് അതിൽ 114 പേർ പട്ടികജാതി വിഭാഗത്തിൽ പെടുന്നവരാണ്.
എ.എം.എൽ.പി.സ്കൂൾ, പാലങ്ങാട്:- 1926-ൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. ജനാബ്പീടികക്കണ്ടി മൊയ്തീൻ കുട്ടി എന്ന ആളായിരുന്നു ഇതിൻെറ മേനേജർ. ഇപ്പോൾ 102 മുസ്ലിം വിദ്യാർഥികൾ മാത്രമാണ് ഇവിടെ പഠിക്കുന്നത്. 5 അധ്യാപകർ ഇവിടെ ഉണ്ട്

ജി.എൽ.പി.എസ്. നെടിയനാട്:- 1927 ലാണ് സർക്കാർ മേഖലയിലുള്ള ഈ വിദ്യാലയംസ്ഥാപിതമായത്. ഹിന്ദുറേഞ്ച്വിഭാഗത്തിൽ പെൺക്കുട്ടികൾക്ക്മാത്രമായി അനുവദിച്ചു കിട്ടിയതായിരുന്നു ഇത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ ഭൗതിക സാഹചര്യങ്ങൾ സാമാന്യം തൃപ്തികരമാണ്. 108 വിദ്യാർഥികൾ പഠിക്കുന്ന ഇവിടെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 19 കുട്ടികളുണ്ട്. 5 അധ്യാപകരും
ജി.എം.എൽ.പി.എസ്. നെടിയനാട്:- 1927ൽ ആരംഭിച്ച ഈ വിദ്യാലയം മുസ്ലീം റേഞ്ചിൽ അനുവദിച്ചു കിട്ടിയ ഒരു സർക്കാർ സ്ഥാപനമാണ്. ഈ വിദ്യാലയിത്തിന് സർക്കാർ അക്വയർ ചെയ്ത 69 സെൻറ് സ്ഥലം സ്വന്തമായി ഉണ്ട്. താൽക്കാലകഷെഡിൽ ഇപ്പോൾപ്രവർത്തിക്കുന്ന ഈ സ്കൂളിന്ന് യ.യ. സ്കീമിൽ രണ്ടുമുറികളോടു കൂടിയ ഒരു സ്ഥിരം കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും പണി

പൂർത്തിയായിട്ടില്ല. 136 പേർ വിദ്യാർഥികൾ പഠിച്ചുകൊണ്ടിരിക്കുന്ന ഇവിടെ 17 പേർ പട്ടികജാതി വിഭാഗത്തിൽ നിന്നുള്ളവരാണ്.

എ.എം.എൽ.പി.എസ്. പാറന്നൂർ(വെസ്റ്റ്):- 1929ൽ സ്ഥാപിതമായ ഈ വിദ്യാലയം ഓത്തുപള്ളിക്കൂടങ്ങൾ ഇന്നത്തെ നിലയിലുള്ള പ്രൈമറി സ്കൂളുകളായി മാറുയതിനുള്ള ഉദാഹരണമാണ്. ബ്രിട്ടീഷിന്ത്യയിൽ മദിരാശി സംസ്ഥാനത്തിൽ അന്നത്തെ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന സ്റ്റാത്താൻ സായിപ്പ് പിന്നോക്ക മുസ്ലീം ജനവിഭാഗത്തെ ഉദ്ധരിക്കുന്നതിന്റെ ഭാഗമായി ചെങ്ങോട്ടു പൊയിലിൽ ചിരകാലം പ്രവർത്തിച്ചിരുന്ന ഓത്തുപള്ളി സ്കൂളാക്കി രൂപാന്തരപ്പെടുത്തി. അക്കാലത്ത് മലബാർ ഡപ്യൂട്ടി ഇൻസ്പകടർ

ഗഫൂർഷാ ആയിരുന്നു. ആദ്യകാലമേനേജർ തൈത്തൊടുകയിൽ പോക്കർ കുട്ടി ഇതിന്റെ പ്രധാനാധ്യാപകൻ കൂടിയായിരുന്നു. ഇന്നത്തെ ശുഷ്കമായ ഭൗതിക സാഹചര്യത്തിൽ വളരാൻ മടിച്ചു നിൽക്കുന്ന ഒരു സ്ഥാപനമാണിത്. 105 കുട്ടികൾ പഠിക്കുന്നു. 5 അധ്യാപകർ ഉണ്ട്.
എ.എം.എൽ.പി.എസ്.നെടിയനാട്(സൗത്ത്):- 1931 ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിന്റെ തുടക്കം ഒരു മത വിദ്യാഭ്യാസ സ്ഥാപനമായിക്കൊണ്ടാണ്. ഇതിന്റെ സ്ഥാപകൻ പരിക്കാട്ടു പറമ്പത്ത് ഖാദർ മുസ്ല്യാർ ആയിരുന്നു. 86 കുട്ടികൾ ഇവിടെ പഠിക്കുന്നു. അതിൽ 11പേർ പട്ടികജാതി വിഭാഗത്തിൽ പെടുന്നവരാണ് 5 അധ്യാപകർ ഇവിടെ ഉണ്ട്. അനാദയകര വിഭാഗത്തിൽ പെടുന്ന ഈ വിദ്യാലയത്തിൽ തദ്ദേശിയരായ അധ്യാപകർ ആരുംതന്നെയില്ല. ഈ വിദ്യാലയത്തിനു സമീപം ഒരു മദ്രസയില്ലാത്തതും ചൂണ്ടിക്കാണിക്കപ്പെടുന്നു.

എ.എൽ.പി.എസ്. കുണ്ടായി:- 1952ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിന്റെ മേനേജർ ഇവിടെ ഹെഡ്മാസ്റ്റർ കൂടിയായിരുന്ന ജനാബ് ഇമ്പിച്ചമ്മത് മാസ്റ്റർ ആണ്. അനാദയകര വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഇവിടെ 94 കുട്ടികൾ പഠിക്കുന്നണ്ട്. ഇതിൽ 5 പേർ പട്ടികജാതി വിഭാഗത്തിൽ നിന്നുള്ളവരാണ്. ഇപ്പോൾ 5 അധ്യാപകർ ഇവിടെയുണ്ട്. ജനകീയ എ.എൽ.പി.എസ്. കൊടോളി:- 1954ൽ സ്ഥാപിതമായ ഈ വിദ്യാലത്തിൽനിന്നുള്ള സ്ഥലം സൗജന്യമായി വിട്ടുകൊടുത്തത് ഒടുപാറക്കപ്പൊയിൽ മൊയ്തീൽ കുട്ടിയെന്ന മാന്യനായിരുന്നു. ഈ സ്ഥാപനത്തിലെ പ്രഥമ അ ധ്യാപകൻ ശ്രീ. എം. ഉണ്ണിക്കുറുപ്പ് ആയിരുന്നു. അനാദയകര വിഭാഗത്തിൽ പെടുന്നഈവിദ്യാലയത്തിൽ 78കുട്ടികൾ പഠിക്കുന്നു. ഇതിൽ പട്ടികജാതി വിഭാഗത്തിൽനിന്നുള്ള 9 പേർ ഉണ്ട്. 5 അധ്യാപകരാണ് ഇപ്പോഴുള്ളത്.
എ.യു.പി.എസ്. നെടിയനാട്:- 1956ൽ സ്ഥാപിച്ച ഈ വിദ്യാലയത്തിന്റെ ആദ്യകാല മേനേജർ ജനാബ് ടി.കെ. ഉത്തൻഹാജി ആയിരുന്നു. യു.പി.വിഭാഗം മാത്രം പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ 280 പേർ പഠിക്കുന്നു. ഇതിൽ 24പേർ പട്ടികജാതി വിഭാഗത്തിൽ നിന്നുള്ളവരാണ്. 14 അധ്യാപകരാണ് ഇവിടെയുള്ളത്.

**ജി.എൽ.പി.എസ്. പന്നിക്കോട്ടൂർ:-** മലബാർ ഡിസ്ട്രിക്ട് ബോർഡ് അനുവദിച്ച ഈ സർക്കാർ വിദ്യാലയം കുണ്ടുങ്ങരപ്പാറയിലെ പുറ്റിങ്ങാത്തെരിയിൽ കുഞ്ഞായൻ എന്നയാളുടെ പീടികയിൽ 1957ലാണ് നിലവിൽവന്നത്. പിന്നീട് വലിയ പറമ്പത്ത് ഒരു വാടകകെട്ടിടത്തിൽ പ്രവർത്തനം തുടർന്നുവരുന്നു. കെട്ടിടഉടമ അന്തരിച്ച ശ്രീ. വി. കണാരൻനായർ 1/2 ഏക്കർ സ്ഥലം സ്കൂളിന്റെ സൗകര്യങ്ങൾ വികസിപ്പിക്കാനായി നീക്കിവെച്ചിട്ടുണ്ടെങ്കിലും നടപടികൾ പൂർത്തിയാക്കി സർക്കാർ ഏറ്റെടുത്തിട്ടില്ലെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. 155 വിദ്യാർഥികളുള്ളതിൽ 17പേർ പട്ടികജാതിയിൽ നിന്ന് ഉള്ളവരാണ് ഇവിടെ അധ്യാപകർ കുറവുള്ളത് ഉടനടി നികത്തേണ്ടിയിരിക്കുന്നു. 4പേർ ഇവിടെ ജോലിചെയ്യുന്നു. തൃപ്തികരമായ ഭൗതിക സാഹചര്യങ്ങൾ ഇവിടെയുണ്ട്.
ജി.എൽ.പി.എസ്. നെടിയനാട്(വെസ്റ്റ്):- 1957ൽ ഏകധ്യാപകവിദ്യാലയമായി ജൻമംകൊണ്ട ഈ സ്ഥാപനം നരിക്കുനി കർഷക സംഘംചേർന്ന് പാസാക്കിയെടുത്ത ഒരു പ്രമേയത്തിന്റെ അ ടിസ്ഥാനത്തിൽ അനുവദിച്ചുകിട്ടിയതാണ്. കർമ്മ നിരതരായ സ്ഥലവാസികളുടേയും

അധ്യാപകരുടേയും ആത്മാർഥമായ പരിശ്രമത്തിൻെറ കഥയാണ് ഈ സ്കൂളിൻെറ ചരിത്രം. 30 സെൻറ് സ്ഥലം സ്വന്തമായി ഇപ്പോഠം സ്കൂളിനുണ്ട്. വിലയ്ക്കുവാങ്ങിയ ഈ സ്ഥലത്ത് 6 മുറികളോടുകൂടിയ കെട്ടിടം നിർമിച്ചിട്ടുണ്ട്. വൈദ്യുദി ലഭ്യമായിട്ടില്ലെങ്കിലും ശുദ്ധജലം ലഭ്യമാണ്. ഈ വർഷം നരിക്കുനിഗ്രാമപഞ്ചായത്തിൻെറ JRY സ്കീം ഉപയോഗിച്ചു 30000ക ചെലവിൽ കക്കൂസും മൂത്രപ്പുരയും ഇവിടെ നിർമ്മിച്ചിട്ടുണ്ട്. ഓപ്പറേഷൻ ബ്ലേക്ക് ബോർഡ് സ്കീമിൽ പണിത 2 ക്ലാസ്സ്മുറികളുള്ള കെട്ടിടം അപൂർണമായി കിടക്കുകയായിരുന്നു. ഈ വർഷം അതിൻെറ അറ്റകുറ്റ പണികളും നടത്തി. അപ്ഗ്രഡേഷൻ അർഹിക്കുന്ന ഒരു വിദ്യാലയമാണിത്.

**ജി.എച്ച്.എസ്നരിക്കുനി:-** നരിക്കുനി പഞ്ചായത്തിൽ അനുവദിച്ചുകിട്ടിയ ഏക ഹൈസ്കൂളാണിത്. പ്രബുദ്ധരായ സ്ഥലവാസികളിൽനിന്നും രൂപംകൊണ്ട കമ്മറ്റിയുടെ അത്യദ്ധ്വാനഫലമാണ് 1974ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിനുപിന്നിൽ ഉള്ളത് പ്രസ്തുതവർഷം സ്ഥലം എം.എൽ.എ ശ്രീ. എ.സി. ഷൺമുഖദാസിൻെറ അധ്യക്ഷതയിൽ പരേതനായ വിദ്യാഭ്യാസമന്ത്രി സി.എച്ച്. മുഹമ്മദ്കോയ ഉൽഘാടനം നിർവ്വഹിച്ചു. ആദ്യത്തെ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. പി. മാധവൻനായരുടെ പ്രവർത്തനം സ്മരണീയമാണ്. സർവ്വ ശ്രീ.സി.വേലായുധൻനായർ, (പ്രസി) കെ പത്മനാഭൻ ഏറാടി (സിക്ര) ഇബ്രാഹിം ഹാജി(ഖജ) എന്നിവർ കമ്മറ്റി ഭാരവാഹികളായിരുന്നു. അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന സി.പി. അവറാൻ മാസ്റ്ററും നിർമ്മാണപ്രവർത്തനങ്ങഠംക്ക് നെടുനായകത്വം വഹിച്ചിരുന്നു. ഇപ്പോഠം നിലവിലുള്ള കെട്ടിടം 1985ൽ സ്ഥലം എം.എൽ.എ. ആയിരുന്ന പി.വി.മുഹമ്മദിൻെറ അധ്യക്ഷതയിൽ വിദ്യാഭ്യാസമന്ത്രി ശ്രീ. ടി.എം. ജേക്കബ്ബാണ് ഉത്ഘാടനം ചെയ്തത്. ചാലിയേക്കര ക്കുന്നിൽപുറത്തെ വിശാലതയിൽ 3 ഏക്കർ സ്ഥലത്ത സ്ഥിതിചെയ്യുന്ന ഈസ്ഥാപനത്തിൽ ഇപ്പോഠം 663 കുട്ടികഠം പഠിക്കുന്നുണ്ട്. ഇതിൽ 124പേർ S.C./S.T. വിഭാഗത്തിൽ നിന്നുള്ളവരാണ്. വിദ്യാലയവിവരങ്ങഠംക്ക് പട്ടിക I.A. നോക്കുക.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച സ്ഥിതിവിവരണകണക്കുകളുടേയും ഗ്രാമ സഭകളിലെ സജീവ ചർച്ചകളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന നിഗമനങ്ങളുടേയും നിർദ്ദേശങ്ങളുടേയും ചുവടു പിടിച്ചാണ് ഈ റിപ്പോർട്ട്. എല്ലാ ഗ്രാമ സഭകളിലും വിദ്യാഭ്യാസ മേഖലയിലെ ഇല്ലായ്മയുടേയും വല്ലായ്മയുടേയും അനാസ്ഥയുടേയും അ വഗണനയുടേയും പിടിപ്പുകേടിൻെറയും ഏണും കോണുമൊപ്പിച്ച അവലോകനങ്ങഠം സജീവമായിരുന്നു, ചിലയിടെങ്ങളിലെ ചെയ്തികളുടെ നേരെ രൂക്ഷമായ വിമർശന ശരങ്ങളും തൊടുത്തുവിടാൻ ജനങ്ങഠം മറന്നില്ല. പ്രാദേശികമായ ചില പരിഹാര നിർദ്ദേശങ്ങളും ഉരുത്തിരിയാതിരുന്നിട്ടില്ല.

ഈ പഞ്ചായത്തിൽ ഒരു ഗവൺമെൻറ് ഹൈസ്ക്കൂളും നാലു ഗവ: ലോവർ പ്രൈമറി സ്കൂളുകളും മൂന്നു എയ്ഡ്ഡ് അപ്പർപ്രൈമറി സ്കൂളുകളും 6 എയ്ഡ്ഡ് ലോവർപ്രൈമറി സ്കൂളുകളുമാണുള്ളത് (പട്ടികIA&IB)

ആകെ 14 സ്ഥാപനങ്ങളിലായി ഇപ്പോഠം മൊത്തം 3832 കുട്ടികഠം പഠിക്കുന്നു. ഇവരിൽ 1992പേർ ആൺകുട്ടികളും 1840പേർ പെൺകുട്ടികളുമാണ്. (പട്ടിക **IC** കാണുക)ഇതിൽ മൊത്തം 518പേർ പട്ടികജാതി വിഭാഗമാണ്.( പട്ടി ID കാണുക) ഉപരിപഠനത്തിനുവേണ്ടി കോഴിക്കോട് നഗരത്തിലെ വിവധ കോളേജുകളേയും ചേളന്നൂർ എസ്. എൻ. കോളേജിനേയും ആശ്രയിക്കുന്നു. സാങ്കേതികവിദ്യാഭ്യാസത്തിനു ഇന്നുള്ള ഏക പ്രൈവറ്റ് സ്ഥാപനം ഒട്ടും പര്യാപ്തമല്ല. വളരെ കുറച്ചുപേരെ മാത്രമേ അവർക്കാകർഷിക്കാൻ കഴിഞ്ഞിട്ടുള്ളു. ജോലി സധ്യതകഠം ഉള്ള ഇലക്ട്രാണിക് കമ്പ്യൂട്ടർ എൻഞ്ചിനിയറിങ്ങ് ശാഖയിൽ പരിശീലനം നേടാനുള്ള സ്ഥാപനങ്ങളോ സംവിധാനമോ തൃപ്തികരമല്ല. ഇംഗ്ലീഷ് മീഡിയങ്ങളോടുള്ള

ആഭിമുഖ്യം ഒരു 'മാനിയ' ആയി ഇവിടെ മാറിയിട്ടില്ലെങ്കിലും അത്തരം ഒരു ചായ്‌വ് ചില കേന്ദ്രങ്ങളിൽ പ്രസരിക്കുന്നുണ്ട്. ഇരുപത്തൊന്നാം നൂറ്റാണ്ടിൻെറ പടിവാതുക്കലെത്തി, ഒരു കുതിച്ചുചാട്ടത്തിനുള്ള വെടിയൊച്ചക്ക് കാതോർക്കുന്ന ഒരു ജനതയുടെ പരിച്ഛേദമാണല്ലോ നമ്മളും. ആധുനിക ടെക്നോളജിയുടെ അനന്തസാധ്യതകളെ സ്വാംശീകരിക്കാനുള്ള ഒരു മാനസിക പശ്ചാത്തലം പുതിയ തലമുറയെങ്കിലും ആർജിക്കേണ്ടതുണ്ടല്ലോ. വിദ്യാഭ്യാസ കാര്യങ്ങളിൽ അക്ഷന്തവ്യമായ അലംഭാവത്തിനു അടിമപ്പെട്ടാൽ ഭാവിയിൽ മറ്റുപ്രദേശങ്ങളിൽ നിന്നും നാം ഒറ്റപ്പെട്ടുപോവാൻ സാധ്യതയുണ്ട് പഞ്ചായത്തിലെ 14 സ്ഥാപനങ്ങളിൽ 8എണ്ണവും സ്വാതന്ത്ര്യലബ്ദിക്കുമുമ്പ് വീണുകിട്ടിയതാണ് എന്നത് ഒരു വൈചിത്ര്യമാണ് ഉള്ളതിൽ തന്നെ പലതിലും അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ല. പട്ടിക IIA & IIBകാണുക. ശാസ്ത്രപഠനത്തിന് ആവശ്യംവേണ്ട ലബോറട്ടറി സൗകര്യംപലയിടത്തും നാമമാത്രമാണ്. ഉള്ളവതന്നെ വേണ്ടുംവണ്ണം ഉപയോഗിക്കുന്നുമില്ല. പലേടത്തും കിട്ടിയ സയൻസ് കിറ്റുകളിലെ ഉപകരണങ്ങൾ തുരുമ്പെടുത്തു നശിച്ചുകൊണ്ടിരിക്കുന്നു. സ്കൂളുകളിൽ റേഡിയോ ഉണ്ടെങ്കിലും പലതും പ്രവർത്തനക്ഷമമല്ല. പേരിനു ലൈബ്രറികൾ ഉണ്ടെങ്കിലും അവയിൽ പലതും ഫലപ്രദമായി ഉപയോഗിക്കുന്നില്ല. പുസ്തകങ്ങൾ അലമാരകളിൽ ഭദ്രമായി അടച്ചുവെച്ചിട്ടെന്തുകാര്യം? പട്ടിക IIBകാണുക

സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിലുള്ള അംഗനവാടികളും, ബാലവാടികളും ഇവിടെഉണ്ട്. വേണ്ടത്ര കളിക്കോപ്പുകളോ സുരക്ഷിതങ്ങളായ കെട്ടിടങ്ങളോ എല്ലാ സ്ഥാപനങ്ങൾക്കും ആയിട്ടില്ല. പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ ഒരു ശിശുമന്ദിരം നിലവിലുണ്ട്. ,സ്വന്തമായി കെട്ടിടമില്ലാത്ത ഈ ശിശുമന്ദിരത്തിനുവേണ്ടി ജനാബ് പുല്ലാഞ്ഞോളികുഞ്ഞോതി ഹാജി സൗജന്യമായി നൽകിയിട്ടുണ്ട്.

അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് എല്ലാപ്രശ്നങ്ങൾക്കും മൂലകാരണമെന്ന് തോന്നിപോകുന്നു. പ്രായേണ ആകർഷകമായ ഗൃഹാന്തരീക്ഷത്തിൽനിന്ന് വേറിട്ട് വിദ്യലയങ്ങളിലെ അനാകർഷങ്ങായ ചുറ്റുപാടിൽ തളച്ചിടാൻ ശ്രമിക്കുന്നതിൻെറ താളക്കേടായി വേണം പഠനകാര്യത്തിലെ അശ്രദ്ധയെക്കാണാൻ. പാഠ്യേതരകാര്യങ്ങളെ പൊതുജന പങ്കാളിത്തത്തോടെ സമ്പന്നവും ആകർഷകവുമാക്കേണ്ടതുണ്ട്.

അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സേവനവും സ്മരണീയമാണ്. 4 പാരൽകോളേജുകളും 3 ടൈപ്പ്റൈറ്റിങ്ങ്ഇൻസ്റ്റിറ്റ്യൂട്ടുകളും ഉണ്ട്. കൂടാതെ ഒരു ട്യൂട്ടോറിയൽ കോളേജ്, രണ്ട് സംഗീത നൃത്തവിദ്യാലയങ്ങൾ എന്നിവയുടെ സേവനവും ലഭ്യമാണ്. ശിശുവിദ്യാഭ്യാസമേഖല വേണ്ടത്ര കൈവരിച്ചിട്ടില്ലെങ്കിലും ഈ രംഗത്തും പിറകിലല്ല. കെട്ടിടസൗകര്യങ്ങളുടെ അപര്യാപ്തതയും ഉപകരണ ദാരിദ്ര്യമേഖലയെ വീർപ്പുമുട്ടിക്കുന്നതായാണ് അനുഭവം. കൂടെകൂടെ കാര്യക്ഷമമായും ശാസ്ത്രീയമായും ഇവയുടെ പ്രവർത്തനം സംവിധാനം ചെയ്യപ്പെടുന്നില്ലെങ്കിൽ ഈ രംഗത്തേക്ക് പിഞ്ചുകുട്ടികളെ ആകർഷിക്കാൻ കഴിഞ്ഞെന്നുവരില്ല.

തൊഴിലധിഷ്ഠിത മേഖലകളിൽ പരിശീലനം നൽകുന്ന ഒരു സാങ്കേതിക സ്ഥാപനം I.E.M.T. I.T.C. നരിക്കുനിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ കമ്പ്യൂട്ടർ, റേഡിയോ, റഫ്രിജറേഷൻ, എയർകണ്ടീഷനിങ്ങ്,(K.G.C.E) ഡ്രാഫ്റ്റ്സ്മെൻ, വയർമാൻ, പ്ലംബർ എന്നീകോഴ്സുകളിലായി മൊത്തം 48 വദ്യാർഥികളെ പരിശീലിപ്പിക്കുന്നു. 5 ഇൻസ്ട്രക്റ്റർമാർ ഉണ്ട്.

മതവിദ്യാഭ്യാസ രംഗത്ത് 18 മദ്രസകൾ സജീവമായി പ്രവർത്തിക്കുന്നു. ഒരു അഗതി അ

നാഥമന്ദിരവും ഇവിടെയുണ്ട്. സ്കൂൾ ലൈബ്രറികൾക്കുപുറമെ 5 വായനശാലകൾ പ്രവർത്തനക്ഷമങ്ങളാണ്. ആരംഭകാലത്ത് ആർജവം നിലനിർത്താൻ സാക്ഷരതാ പ്രസ്ഥാനത്തിന് കഴിയാതെ പോയതും തുടർവിദ്യാഭ്യാസം നിലനിർത്താൻ കഴുയാത്തതും അനൗപചാരിക വിദ്യാഭ്യാസ രംഗത്തെ വീഴ്ചയായി പരിഗണിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലവാരത്തകർച്ചയ്ക്ക് ആക്കം കൂട്ടുന്നതായി കണ്ടെത്താവുന്നതാണ്. ഈ പഞ്ചായത്തിലെ ഒരൊറ്റ പ്രൈമറിസ്കൂളിൽപോലും വേണ്ടത്ര ബെഞ്ചുകളോ, ഡസ്ക്കുകളോ ഇല്ല. ഉള്ളവതന്നെ മിക്കവയും ഉപയോഗയോഗ്യങ്ങളല്ല. ആർദ്ധസ്ഥിര കെട്ടിടങ്ങളിലോ ഷെഡുകളിലൊ നഗ്നമായ വെറുങ്ങലിച്ച ക്ലാസുമുറികളിൽ ചിതലരിച്ച് ജീണിച്ച് ഊഞ്ഞാലാടുന്ന ബെഞ്ചുകൾ, വിണ്ടുകീറിയ ചതിക്കുഴികൾ,ഒളിപ്പിച്ച നിലങ്ങളിൽ ബാലൻസ് ചെയ്യാൻ പെടുന്ന പാട് പതിവു കാഴ്ചകളാണ്. മുറികളുടെ സാന്ദ്രതയിൽ മുഴങ്ങുന്ന പ്രകമ്പനങ്ങളാൽ പഠനമെന്ന പ്രക്രീയ അർഥരഹിതമായ ആഭാസമായി മാറുന്ന കഴ്ചകളും വിരളമല്ല. കൊഴിഞ്ഞുപോയവരുടെ കണക്കുപട്ടിക IIC കാണുക.

എയഡ്ഡ് സ്കൂളിലെ ശോച്യാവസ്ഥയെ പരാമർശിക്കാതിരിക്കാൻ നിർവാഹമില്ല. ഇവയിൽ ചിലതിൻെറ കെട്ടിടങ്ങളെ പ്രീ. കെ. ഈ ആറിൻെറ ശീതളഛായയിൽ ഓക്സിജൻ നൽകി കിടത്തിയിരിക്കുകയാണ്. മാനേജ്മെൻറിൻെറ ഉദാസീനതകളെക്കുറിച്ചും പിടിപ്പുകേടിനെക്കുറിച്ചും ഗ്രാമസമതികളിലും വിദ്യാഭ്യാസ സമിതികളിലും മുഴങ്ങിക്കേട്ട അമർഷങ്ങൾക്ക് നേരെ കണ്ണടയ്ക്കാവതല്ല.
കക്ഷി രാഷ്ട്രീയത്തിലധിഷ്ഠതമായ വിദ്യാർഥി സമരങ്ങളുടെ ബലിയാടാണ് ഈ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ. സമരംമൂലം സാദ്ധ്യയദിവസങ്ങൾ പലതും നഷ്ടപ്പെടുന്നു. വിജയശതമാന കണക്ക്പട്ടിക III A യിൽ നോക്കുക. ഈ വിദ്യാഭ്യാസത്തിൻെറ പരിധിയിൽപ്പെട്ട അനേകം

വിദ്യാർഥികൾ സമീപപ്രദേശങ്ങളിലെ എം.ജെ. ഹൈസ്ക്കൂൾ, മടവൂർ ചക്കാലക്കൽ ഹൈസ്ക്കൂൾ, കുടുമ്പൂർ ഹൈസ്ക്കൂൾ, എന്നീ സ്വകാര്യ സ്ഥാപനങ്ങളെ ശരണം പ്രാപിക്കുന്നു. ഭൗതിക സാഹചര്യങ്ങളുടെ അഭാവമാണ് ഇന്നത്തെ പിന്നോക്ക അവസ്ഥക്ക് കാരണമെന്ന് പറഞ്ഞുകൂടാ. ഫർണീച്ചറുകളൊ പഠനോപകരങ്ങളൊ അധ്യാപകരുടെ കുറവൊ ഇവിടെ ഒരു പ്രശ്നമാവുന്നില്ല. അധ്യാപകരും വിദ്യാർഥികളും ഒരേ തരംഗദൈർഘ്യത്തിൽ സഞ്ചരിക്കുമ്പോൾ മാത്രമേ പഠനമെന്ന പ്രക്രീയ നടക്കുന്നുള്ളുവെന്ന മന: ശാസ്ത്ര സിദ്ധാന്തത്തിൻെറ വെളിച്ചത്തിൽ സമാധാനപരവും ശാന്തവുമായ ഒരു വിദ്യാലയന്തരീക്ഷം സൃഷ്ടിക്കൽ അടിയന്തിര പ്രാധാന്യം അർഹിക്കുന്നു. സമാധാനവും സംയമനവും കാംക്ഷിക്കുന്ന കുട്ടികൾക്ക് മടിപ്പുളവാക്കുന്ന വിധത്തിലുള്ള പ്രക്ഷുബ്ധാവസ്ഥകൾ അരങ്ങുമാറി ചിലപ്പോഴെങ്കിലും നടുറോഡിലിറങ്ങിത്തിരിച്ച സന്ദർഭങ്ങളും അപൂർവ്വമല്ല.

പഞ്ചായത്തിലെ പ്രൈമറിക്ലാസുകളിൽ ഉച്ചഭക്ഷണ പരിപാടി നിലവിലുണ്ട്. പക്ഷേ യഥാവിധി ചിട്ടയായി വിതരണംചെയ്യുന്നതിന്ന് പലതടസ്സങ്ങളും നിലവിലുണ്ട്. അതിൽപ്രധാനം പദ്ധതിക്കുള്ള അനാഥത്വമാണ്. ഫുഡ്കോർപ്പറേഷനിൽ ഭക്ഷണ വിഭവങ്ങൾ സ്റ്റോക്കുണ്ടാവുകയും മാവേലിസ്റ്റോറിൽ അവയെത്തിപ്പെടാൻ വിധിയുണ്ടാവുകയും, അന്നേ ദിവസത്തിൽഎ.ഇ.ഒ.വിൽ നിന്ന് ഇൻറൻറ് അയച്ചുകിട്ടുകയും ചെയ്യുന്ന ശുഭമുഹൂർത്തങ്ങൾ

ഒത്തുവന്നാലെ കുട്ടിക്ക് കഞ്ഞിയുള്ളൂ. സ്കൂൾ അധികൃതർക്ക് അവ സ്വീകരിക്കാനുള്ള സൻമനസ്സും ഇവിടെ

ശ്രദ്ധിക്കേണ്ടതുണ്ട്. ഉച്ചഭക്ഷണപാചകക്കൂലി, കടത്തുക്കൂലി, മറ്റുചെലവുകൾ എന്നിവയ്ക്കു സർക്കാരിൽനിന്ന് കിട്ടുന്ന തുച്ഛമായ സംഖ്യപോലും ഈയിടെയായി കിട്ടാത്തതും കാലതാമസവും ക്ഷന്തവ്യമല്ല. ഭക്ഷണസാധനങ്ങൾ സുരക്ഷിതമായി സ്റ്റോക്ക് ചെയ്യാനുള്ള സംവിധാനങ്ങളും പലയിടത്തുമില്ല.പ്രസ്തുത കാര്യങ്ങളുടെ ചുമതലയും ബാധ്യതയും ഗ്രാമപഞ്ചായത്തിൻെറ മേൽനോട്ടത്തിലാവുന്നത് നന്ന്.
സാർവ്വത്രിക പ്രതിഭാസമെന്ന് പരക്കെ അറിയപ്പെടുന്ന ഇംഗ്ലീഷ്മീഡിയത്തോടുള്ള ആഭിമുഖ്യത്തിൽനിന്ന് ഈ പ്രദേശവും മുക്തമല്ല. ചിലരൊക്കെ അൺ എയ്ഡ്സ് സ്ഥാപനങ്ങളിലും അഭയംതേടുന്നു. മാതൃഭാഷയോടുള്ള വിപ്രതിപത്തി മറ്റുവിഷയങ്ങളുടെ ഗ്രഹണശേഷിയും പ്രതികൂലമായിബാധിക്കുവെന്ന് അഭിപ്രായമുണ്ട്. ദൃശ്യമാധ്യമങ്ങളോടുള്ള പിഞ്ചുമനസ്സുകളുടെ അമിതാവേശം പഠനത്തെസാരമായി തളർത്തുന്നതായി ചൂണ്ടിക്കാണിക്കപ്പെടുന്നു.
മിക്കവിദ്യാലയങ്ങളിലും അധ്യാപിക രക്ഷാകർത്തൃസമതികൾ നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ ആശാവഹമായ ഒരു പരുവത്തിലെത്തിയതായി കാണുന്നില്ല. പി.ടി.എ. എന്ന പ്രസ്ഥാനത്തിൻെറ ഗുണപരമായ സാധ്യതകളെകുറിച്ച് ഇന്ന് രക്ഷിതാക്കൾ വേണ്ടത്ര ബോധവാൻമാരല്ല. ചിലേടത്തെങ്കിലും യോഗം വിളിച്ച് കോറംതികയാൻ കാത്തിരിക്കുന്നതായി അനുഭവസ്ഥർ സാക്ഷ്യപ്പെത്തുന്നു.
മാതൃ സംഗമംപ്രായേണ വിജയകരമാണന്നത് ശുഭോദർക്കമത്രെ - പലമാതൃവേദികളും പ്രഗത്ഭരെ പങ്കെടുപ്പിച്ച് ക്ലാസുകൾ സംഘടിപ്പിച്ചതായി അറിയുന്നു. ആരോഗ്യകാര്യങ്ങളെക്കുറിച്ചും ബോധവൽക്കരണം ആവശ്യമാണ്. പഠനവർഷത്തിൻെറ പകുതിപ്പുറം പിന്നിട്ടിട്ടുപോലും പാഠപുസ്തകങ്ങൾ ലഭിച്ചിട്ടില്ലെന്ന പരാതി പലേടത്തും മുഴങ്ങികേൾക്കുന്നു17

പ്രായേണ വിരസങ്ങളായ പാഠ്യപ്രവർത്തനങ്ങളെ സരസങ്ങളാക്കുന്ന പാഠ്യേതര പ്രവർത്തനങ്ങൾക്കും വേണ്ടത്ര ഊന്നൽകൊടുക്കുന്നില്ല. അധ്യയന യാത്രകൾ, ലഘുപഠനയാത്രകൾ, കായികമൽസരങ്ങൾ, സ്കൂൾ പാർലിമെൻറ്, സാഹിത്യമൽസരങ്ങൾ,സാഹിത്യ സമാജങ്ങൾ, ലൈബ്രറികൾ, പ്രദർശനങ്ങൾ എന്നിവയ്ക്ക് അവയർഹിക്കുന്ന സ്ഥാനം നൽകികാണുന്നില്ല. ഈ ദൃശ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നവർ കഴിഞ്ഞ കാലത്തെ അപേക്ഷിച്ച് വിമുഖരാണെന്നാണ് അനുഭവം.
സാധ്യതകൾ

നാട്ടോടൊപ്പമുള്ള വിദ്യാഭ്യാസ നിലവാരത്തകർച്ചയിൽനിന്ന് ഈ പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളും അന്യമല്ല. പത്തു ഗ്രാമസഭകളിലെ സുദീർഘസംവാദങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ അഭിപ്രായ സമന്വയങ്ങളെ അവതരിപ്പിക്കാൻ ശ്രമിക്കുകയാണിവിടെ.

ഇന്നുനിലവിലുള്ള ഫുൾപ്രമോഷൻ സമ്പ്രദായത്തോടു ഭൂരിപക്ഷവും യോജിക്കുന്നില്ല. എണ്ണത്തിലല്ല ഗുണപരമായ മേൻമയിലാണ് എല്ലാവരും വിശ്വസിക്കുന്നത് . വിദ്യാഭ്യാസത്തിൻെറ അടിസ്ഥാന ശിലയായ പ്രൈമറി തലത്തോട് കാണിക്കുന്ന അവഗണനക്കും തത്സംബന്ധമായ അനാസ്ഥയ്ക്കുമെതിരെ സകലരും രൂക്ഷമായ പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി. വിദ്യാലയങ്ങളിലെ നാമമാത്രമായ പരിശോധന അവസാനിപ്പിച്ച് ശാസ്ത്രീയവം പ്രായോഗികവും പ്രയോജനപ്രദവുമായ പരിശോധന സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.
പഠിപ്പിക്കാൻ തയ്യാറുള്ള അധ്യാപകരേയും പഠിക്കാൻ സ്വയംതയ്യാറുള്ള വിദ്യാർഥിസമൂഹത്തേയും സൃഷ്ടിക്കുന്നതിനുള്ള ഒരു വ്യവസ്ഥിതിയെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. വിദ്യാർഥികളുടെ സംഘടനാ സ്വാതന്ത്ര്യത്തെ തള്ളിപ്പറയുന്നില്ലങ്കെിലും കക്ഷിരാഷ്ട്രീയത്തിലധിഷ്ഠിതമായ വിദ്യാർഥി സമരങ്ങളെ എല്ലാവർക്കും വെറുപ്പാണ്. സംഘടിത വിദ്യാർഥി രാഷ്ട്രീയം സജീവമായതോടെ അധ്യാപകർക്ക് വിദ്യാർഥികളിലുള്ള സ്വാധീനം കുറഞ്ഞുവരുന്നതായാണ് അനുഭവം.

### അടുത്ത അഞ്ചുവർഷങ്ങളിൽ നടപ്പിൽവരുത്തേണ്ട പ്രവർത്തന പദ്ധതി

1. പ്രൈമറി വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കുക.
2. ഗൃഹാന്തരീക്ഷത്തിലുള്ള പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ബോധവൽക്കരണം നടത്തുക.
3. അധ്യാപകർക്കുവേണ്ടിയുള്ള ഇൻസർവ്വീസ്കോഴ്സുകൾ കാര്യക്ഷമമാക്കുക.
4. അധ്യാപകർക്ക് വിതരണം ചെയ്യാനുള്ള കൈപുസ്തകങ്ങൾ യഥാസമയം ചിട്ടയായി തയ്യാറാക്കിഎത്തിക്കുക.
5. എയ്ഡഡ് മേഖലകളിൽ മേനേജ്മെൻറിൻെറ സമ്പൂർണസഹകരണം ഉറപ്പുവരുത്തുക.
6. പഞ്ചായത്ത് തലത്തിൽ കലാ കായിക മൽസരങ്ങൾ സംഘടിപ്പിക്കുക

പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഊർജസ്വലത കൈവരുത്തുക.

7. പാഠ്യപദ്ധതികളിൽ ധാർമിക മൂല്യങ്ങൾക്ക് ഊന്നൽകൊടുത്തുകൊണ്ട് പുനരാവിഷ്കരിക്കുക.
8. സ്കൂൾ കോംപ്ലക്സുകൾ പുനരുദ്ധരിക്കുക.
9. സാക്ഷരതാ പ്രവർത്തനങ്ങൾ തുടർന്നും നടത്തുക
10. വിദ്യാലയ പ്രവേശനത്തിനുള്ള പ്രായപരിധി 6 ആക്കി ഉയർത്തുക.
11. അധ്യാപക വിദ്യാർഥി അനുപാതം 1:25 ആക്കുക.
12. പി.ടി.എ. മാതൃവേദി എന്നിവയുടെ പ്രവർത്തനങ്ങൾ പൂർവ്വോപരി സജീവമാക്കുക.
13. പാഠപുസ്തകങ്ങൾ വർഷാരംഭത്തിൽ തന്നെ ലഭ്യമാക്കുക.
14. ഹൈസ്കൂളിൽ പ്ലസ്2, വി.എച്ച്.സി. എന്നിവയിലേതെങ്കിലും ആരംഭിക്കുക.
15. നെടിയനാട് വെസ്റ്റ് ജി.എൽ.പി.സ്കൂൾ, യു.പി.ആക്കി അപ്ഗ്രേഡ് ചെയ്യാനുള്ള നടപടികൾ ആരംഭിക്കുക. പട്ടിക IV.A. കാണുക,
16. പാലങ്ങാട്ട് ഒരു യു.പി.സ്കൂൾ, അനുവദിക്കുക
17. വടേക്കണ്ടിചാലിൽ പാറഭാഗത്ത് ഒരു ലോവർ പ്രൈമറി സ്കൂൾ അനുവദിക്കുക.
18. വിദഗ്ദരായ അധ്യാപകരെ ക്ഷണിച്ചുവരുത്തി അവരുടെ സേവനം ഉപയോഗപ്പെടുത്തുക.

#### എന്തിനീ ജനകീയ പങ്കാളിത്തം?

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതലയും നിർവ്വഹണാധികാരങ്ങളും ത്രിതല പഞ്ചയത്തുകളിൽ നിക്ഷിപ്തമായിരിക്കുകയാണല്ലോ. കഴിഞ്ഞകാലങ്ങളിലെ സ്കൂൾ കോംപ്ലക്സുകളുടെ പരിമിതികളെ അവധാന പൂർവ്വം
വിലയിരുത്തിയതിൻെറ വെളിച്ചത്തിൽ പുതിയ ചില പ്രവർത്തന പദ്ധതികളുമായാണ് ഗ്രാമസഭകൾ ഈരംഗത്തേക്ക് തിരനോട്ടം നടത്തുന്നത്. നിരക്ഷതാ നിർമാജനത്തിനും നിലവാരത്തകർച്ചയ്ക്കുമെതിരെ ഫലപ്രദമായ ചില പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പിൽ വരുത്താൻ കഴിയുമെന്നാണ് ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായം.

#### ജനകീയസൂത്രണം വിദ്യാഭ്യാസത്തിൽ.

ഓരോപ്രദേശത്തും ഉന്നത വിദ്യാഭ്യാസം ലഭിച്ചവരും ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കുന്നവരും ഉണ്ടാകാം. വിവിധവിഷയങ്ങളിൽ പാണ്ഡിത്യവും കർമ്മശേഷിയും ഉള്ളവരും കാണും. വിവിധതൊഴിലുകളിൽ ഏർപ്പെട്ട സാധാരണക്കാരെയും സമ്പന്നരേയും കാണാം. ഭിന്ന ശ്രേണികളിൽപ്പെട്ട എല്ലാവരുടേയും ശ്രദ്ധയുംസേവന വ്യഗ്രതയും പരിചയസമ്പത്തും വിദ്യാഭ്യാസകാര്യങ്ങളിൽ പ്രയോജനപ്പെടുത്തുകയും എന്നതാണ് ജനകീയ പങ്കാളിത്തംകൊണ്ട് അർത്ഥമാക്കുന്നത്. വിദ്യാലങ്ങളുടെ ദൈനംദിനകാര്യങ്ങളിൽ അനവസരമായ ഇടപെടലുകളായി

ഇതിനെ തെറ്റിദ്ധരിച്ചുകൂടാ. താൻ അധിവസിക്കുന്ന കൊച്ചുഗ്രാമത്തിൽ ഉണ്ടാവേണ്ട പുരോഗതിയിൽ പങ്കാളികളാകുക് ഒരു ഉത്തമ പൗരൻെറ ലക്ഷണമാണ്. ദന്തഗോപുര വാസികളുടെകാലം എന്നോ കഴിഞ്ഞിരിക്കുന്നല്ലോ.

ഇന്ന് വിദ്യാഭ്യാസത്തിൻെറ നിലവാരത്തകർച്ചയെക്കുറിച്ച് പരിതപിക്കാത്തവരോ പ്രസംഗിക്കാത്തവരോ ന്യൂനാൽ ന്യൂനപക്ഷമേ കാണുകയുള്ളൂ. പക്ഷേ ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിക്കാനോ അത് നടപ്പിൽ വരുത്താനോ പങ്കാളികളാവാനോ പലരും വിമുഖരാണ്. ഈ ദൃശലക്ഷ്യങ്ങൾക്കുവേണ്ടി ഒരു കൂട്ടായ്മക്ക് രൂപംകൊടുക്കാൻ സ്വയം ഭരണസ്ഥാപനങ്ങൾ പ്രതിജ്ഞാബദ്ധമാണ്. ഈ വിദ്യാഭ്യാസ വർഷാരംഭത്തിൽതന്നെ ചില പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയത് ശ്രദ്ധേയമാണ്. പഞ്ചായത്ത് വിദ്യാഭ്യാസസമിതികൾ, വാർഡ് വിദ്യാഭ്യാസ സമിതികൾ, സ്കൂൾതല വിദ്യാഭ്യാസമതികൾ, സമ്പർക്കസമിതികൾ, എന്നിവയുടെ രൂപീകരണം ആശാവഹമായ ചില കാൽവെപ്പുകളായി ഞങ്ങൾ കാണുന്നു. തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങൾക്ക് കാഴ്ചക്കാരായി മാറിനിൽക്കാതെ സജീവ ശ്രദ്ധചെലുത്താനുള്ള ഒരു ബോധവൽക്കരണത്തിൻെറ ഭാഗമാണിത്. വേണ്ടിടത്ത് വേണ്ടപ്പോൾ. ക്രിയാത്മകമായി പ്രതികരിക്കുകയെന്നതാവട്ടെ നമ്മുടെ മുദ്രാവാക്യം.

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതമൂലം ഞെങ്ങിഞെരങ്ങുന്ന ഈ മേഖലകളെ സാമ്പത്തികമായി സഹായിക്കാനും അർഹിക്കുന്ന പരിഗണനകൾ അധികൃതരിൽനിന്ന് പിടിച്ചുവാങ്ങാനും ഇത്തരം സമിതിക്ക് കഴിയുമെന്നുറപ്പാണ്. വിദ്യാഭ്യാസമേഖലയിലെ കാലികപ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ച് കൂട്ടായ സംവാദത്തിന് ജനപങ്കാളിത്തം കളമൊരുക്കുന്നു. വിദ്യാർഥികളിൽ തഴച്ചുവരുന്ന മൃഗീയ വാസനകൾക്കും നിഷേധാത്മക സമീപനത്തിനും തടയിടാനും അതുവഴി സമാധാനപൂർണമായ ഒരന്തരീക്ഷം സൃഷ്ടിക്കാനും സർവോപരി വിദ്യാഭ്യാസരംഗത്തെ ഊർജസ്വലമാക്കാനും ജനപങ്കാളിത്ത പദ്ധതികൾക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

അധികാരം ജനങ്ങളിലേക്ക്

| പട്ടിക - 3.എ<br>എസ്.എസ്.എൽ.സി.വിജയശതമാനം നരിക്കുനി ഹൈസ്കൂൾ | | | | | |
|---|---|---|---|---|---|
| വർഷം | 91-92 | 92-93 | 93-94 | 94-95 | 95-96 |
| വിജയശതമാനം | 17 | 17 | 9.7 | 16 | 19 |

| പട്ടിക - 4.എ<br>സ്കൂളിലേക്കുള്ള ശരാശരി യാത്രാ ദൂരം | | |
|---|---|---|
| തരം | ശരാശരി ദൂരം | പരമാവധി ദൂരം |
| എൽ.പി.വിഭാഗം | .5 കി.മി. | 1.5 കി.മി. |
| യു.പി.വിഭാഗം | 1 കി.മി. | 3 കി.മി. |
| ഹൈസ്കൂൾ | 2 കി.മി. | 3.5 കി.മി. |

### പട്ടിക.2.ബി
### അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കാത്തത് | റേഡിയോ | ടേപ്പ്റിക്കാർഡർ | ടെലിവിഷൻ | സിനിമാപ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക്ബോർഡ് ആവശ്യമുള്ളവ | മാതൃസംഘം സജീവം | പി.ടി.എ.പ്രവർത്തിക്കുന്നു |
|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 13 | 11 | 8 | 7 | 1 | 14 | 13 | 0 | 0 | 0 | 14 | 14 | 14 |
| ഇല്ലാത്തത് | 1 | 2 | 6 | 1 | 13 | 0 | 1 | 14 | 14 | 14 | 0 | 0 | 0 |

### പഞ്ചായത്തിൽ ജോലി ചെയ്യുന്ന തദ്ദേശീയരായി ജോലി ചെയ്യുനന്ന അദ്ധ്യാപകരുടെ കണക്ക്

| സ്ക്കൂളിൻെറ പേർ | തദ്ദേശീയർ | അല്ലാത്തവർ |
|---|---|---|
| ജി.എം.എൽ.പി. എസ് പാറന്നൂർ | 3 | 2 |
| ജി.എൽ.പി.എസ്.നെടിയനാട് | 4 | 2 |
| ജി.എൽ.പി.എസ്.പന്നിക്കോട്ടൂർ | 2 | 2 |
| ജി.എൽ.പി.എസ്.നെടിയനാട് | 3 | 2 |
| ജി.എൽ.പി.എസ്.നെടിയനാട് (വെസ്റ്റ്) | 4 | 2 |
| ജനകീയ.എൽ.പി.എസ്.(കൊടോളി) | 4 | 1 |
| എ.എം.എൽ.പി.എസ്.പാറന്നൂർ (വെസ്റ്റ്) | 4 | 1 |
| എ.എൽ.പി.എസ്.കുണ്ടായി | 3 | 2 |
| എ.എം.എൽ.പി.എസ്.നെടിയനാട് (സൗത്ത്) | 0 | 5 |
| എ.എം.എൽ.പി.എസ്, പാലങ്ങാട് | 2 | 3 |
| എ.യു.എസ്, പുന്നശ്ശേരി | 8 | 17 |
| എ യു.പി.എസ്, നെടിയനാട് | 6 | 8 |
| എ.യു.എസ്, നരിക്കുനി | 20 | 16 |
| ജി.എച്ച് എസ്,നരിക്കുനി | 7 | 26 |
| | 89 | |

## വിദ്യാലയ വിവരങ്ങൾ 1 A

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | സ്ഥാപിത വർഷം | കുട്ടികളുടെ എണ്ണം | | | Sc/ST കുട്ടികളുടെ എണ്ണം | | | അധ്യാ. എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആ | പെ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ |
| 1 | ജി.എം.എൽ.പി.എസ്. പാറന്നൂർ | സർക്കാർ | 1911 | 85 | 64 | 149 | 0 | 1 | 1 | 3 | 2 | 5 |
| 2 | ജി.എം.എൽ.പി.എസ്. നെടിയനാട് | ,, | 1927 | 70 | 66 | 136 | 9 | 8 | 17 | 4 | 2 | 6 |
| 3 | ജി.എൽ.പി.എസ്. പന്നിക്കോട്ടൂർ | ,, | 1957 | 83 | 72 | 155 | 10 | 7 | 17 | 4 | - | 4 |
| 4 | ജി.എൽ.പി. സ്കൂൾ നെടിയനാട് | ,, | 1927 | 64 | 44 | 108 | 10 | 9 | 19 | 4 | 1 | 5 |
| 5 | ജി.എൽ.പി.എസ്. നെടിയനാട് വെ. | ,, | 1957 | 70 | 72 | 142 | 8 | 6 | 14 | 5 | 1 | 6 |
| 6 | ജനകീയ എം.എൽ.പി.എസ് കൊടോളി | എ.യ്ഡഡ് | 1953 | 44 | 34 | 78 | 6 | 3 | 9 | 4 | 1 | 5 |
| 7 | എ.എം.എൽ.പി.എസ് പാറന്നൂർ വെ. | ,, | 1929 | 50 | 55 | 105 | 4 | 2 | 6 | 3 | 2 | 5 |
| 8 | എ.എൽ.പി.എസ്. കുണ്ടായി | ,, | 1952 | 52 | 42 | 94 | 3 | 2 | 5 | 3 | 2 | 5 |
| 9 | എം.എൽ.പി.എസ്. നെടിയനാട് സൗ. | ,, | 1931 | 43 | 43 | 86 | 6 | 5 | 11 | 3 | 2 | 5 |
| 10 | എ.എം.എൽ.പി.എസ്. പാലങ്ങാട് | ,, | 1926 | 46 | 56 | 102 | - | - | - | 5 | 1 | 5 |
| 11 | എ.യു.പി.എസ്. പുന്നശ്ശേരി | ,, | 1917 | 362 | 379 | 741 | 52 | 62 | 114 | 15 | 10 | 25 |
| 12 | എ.യു.പി.എസ്. നെടിയനാട് | ,, | 1956 | 160 | 120 | 280 | 16 | 8 | 24 | 8 | 6 | 14 |
| 13 | എ.യു.പി.എസ്. നരിക്കുനി | ,, | 1916 | 534 | 449 | 953 | 84 | 73 | 157 | 21 | 15 | 36 |
| 14 | ജി.എച്ച്.എസ്. നരിക്കുനി | സർക്കാർ | 1974 | 329 | 334 | 663 | 62 | 62 | 124 | 19 | 14 | 33 |
| | ആകെ | | | 1992 | 1840 | 3832 | 270 | 248 | 518 | 100 | 59 | 159 |

| പട്ടിക 1 ബി നരിക്കുനി പഞ്ചായത്തിൽ ഓരോ ക്ളാസ്സിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | I.P | | | | up | | | H.S | | |
| ക്ളാസ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആകെ |
| ആൺ | 202 | 206 | 222 | 197 | 260 | 304 | 272 | 121 | 83 | 125 | 19.2 |
| പെൺ | 189 | 220 | 205 | 183 | 230 | 227 | 252 | 108 | 112 | 114 | 18.40 |
| ആകെ | 391 | 226 | 427 | 380 | 490 | 531 | 524 | 229 | 195 | 239 | 38.32 |
| പെൺകുട്ടികളുടെ ശതമാനം | 48.34 | 51.46 | 48.0 | 48.16 | 46.94 | 42.75 | 48.09 | 47.16 | 57.43 | 47.69 | 48.02 |
| ശരാശരി ശതമാനം | | 49.07 | | | | 45.39 | | | 50.37 | | |

## പട്ടിക - 2 എ വിദ്യാലയ സൗകര്യങ്ങൾ

| സ്ക്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റോർ മുറി | ലൈബ്രേറിയൻ | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കിണർ | ചുറ്റുമതിൽ |
|---|---|---|---|---|---|---|---|---|---|---|
| 1. ജി.എം.എൽ.പി.എസ്. പാറന്നൂർ | 7.5 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 2. ജി.എം.എൽ.പി.എസ്. നെടിയനാട് | 20 | '' | '' | '' | '' | '' | ഉണ്ട് | ഇല്ല | ഇല്ല | '' |
| 3. ജി.എം.എൽ.പി.എസ്. പന്നിക്കോട്ടൂർ | 25 | '' | '' | ഉണ്ട് | '' | ഇല്ല | '' | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. ജി.എം.എൽ.പി.എസ്. നെടിയനാട് | 26 | '' | '' | '' | ഉണ്ട് | '' | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 5. ജി.എം.എൽ.പി.എസ്.നെടിയനാ് വെസ്റ്റ് | 10 | '' | ഉണ്ട് | ഉണ്ട് | ഉണ്ട് | '' | ഉണ്ട് | ഇല്ല | '' | ഇല്ല |
| 6. ജനകീയ എ എൽ പി എസ് കൊടോളി | 07 | '' | ഇല്ല | ഇല്ല | '' | ഇല്ല | ഇല്ല | '' | ഇല്ല | '' |
| 7. എ. എംം എ ൽ പി എസ് പാറന്നൂർ വെസ്റ്റ് | 25 | '' | '' | '' | ഇല്ല | '' | ഇല്ല | '' | ഉണ്ട് | '' |
| 8. എ. എൽ. പി എസ്. കുണ്ടായി | 30 | '' | '' | '' | ഉണ്ട് | '' | '' | '' | ഉണ്ട് | ഇല്ല |
| 9. എ. എം .എൽ പി എസ് നെയിയനാ്. | 15 | '' | ഉണ്ട് | ഉണ്ട് | '' | '' | ഉണ്ട് | '' | '' | ഉണ്ട് |
| 10. എ.എം എൽ. പി.എസ്. പാലങ്ങാട് | 50 | '' | '' | ഇല്ല | ഇല്ല | '' | ഇല്ല | '' | ഇല്ല | ഇല്ല |
| 11.എ.യു.പി.എസ് പുന്നശ്ശേരി | 100 | '' | '' | ഉണ്ട് | ഉണ്ട് | ഉണ്ട് | '' | ഉണ്ട് | '' | '' |
| 12. എ. യു. പി എസ് നെടിനയനാട് | 34 | '' | '' | '' | '' | ഇല്ല | ഉണ്ട് | ഇല്ല | '' | '' |
| 13. എ.യു പി എസ് നരിക്കുനി | 65 | '' | '' | '' | '' | ഉണ്ട് | '' | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 14. ജി എച്ച് എസ് നരിക്കുനി | 3000 | '' | '' | '' | '' | '' | - - | '' | '' | ഇല്ല |

പട്ടിക - 1.സി

എൽ.പി,യു.പി, എച്ച്.എസ് വിഭാഗത്തിലെ പെൺകുട്ടികളുടെ വിവരം

| | L.P | | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|---|
| ആകെ വിദ്യാർത്ഥികം | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 3832 | 827 | 797 | 49.07 | 836 | 709 | 45.88 | 329 | 334 | 50.37 |
| | | | | | | | ആകെ | 48.0 | |

പട്ടിക - 1.ഡി

പട്ടികജാതി / പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| | L.P | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|
| ആകെ വിദ്യാർത്ഥികം | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1624 | 177 | 10.9 | 1547 | 217 | 14.04 | 663 | 124 | 18.7 |
| | | | | | | ആകെ | 518 | 13.51 |

പട്ടിക - 2.സി

പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 7 | 2 | 9 | 22. | 8 | 30 |
| | | | ആകെ | | 39 |



# സംസ്കാരം

വികസനത്തിന്റെ മുദ്രകൾ തെളിഞ്ഞുവന്നത് വളരെ മന്ദഗതിയലായതുകൊണ്ടാകാം സംഘടിതമായ സാംസ്ക്കാരിക മുന്നേറ്റം താരതമേന്യ വൈകിയെത്തിയ പഞ്ചായത്താണ് നമ്മുടേത് സ്ഥലനാമങ്ങളിൽ ഇപ്പോഴും അവശേഷിക്കുന്ന 'നരി'ക്കുനികളും 'മൂർഖൻ'കുണ്ടുകളും വളരെ വൈകിമാത്രമാണ് നമ്മുടെ പഞ്ചായത്തിൽനിന്നും അപ്രത്യക്ഷമായത് . പ്രകൃതിയോടൊത്ത് ചേർന്ന് സ്വരൂപിച്ചെടുത്ത ഈ ഗ്രാമീണസംസ്കാരത്തിൽ പക്ഷേ ഊക്കിന്റെ പ്രഭാവംമറ്റെവിടെയും എന്നപോലെ നിലനിന്നിരുന്നു. വിദേശവാഴ്ചക്കെതിരെയുണ്ടായ പ്രതിഷേധ സ്വരങ്ങൾ അതീവ ദുർബലമായിരുന്നു. ദേശിയ സ്വാതന്ത്ര്യസമരത്തിൽ നമ്മുടെ പഞ്ചായത്തിന്റെ സംഭാവന പ്രസ്തവ്യമായ ഒന്നല്ല.

ഗ്രാമീണ സംസ്കൃതിയിൽ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നു. വിവിധ സമുധായക്കാരായ ജനങ്ങൾ ഏറെക്കുറെ സ്വയം പര്യാപ്തമായ ഒരു കൂട്ടായ്മ വളർത്തിയെടുത്തു. കരിമ്പാലരാണ് ഈ പ്രദേശത്തെ ആദിവാസികളെന്ന് കരുതപ്പെടുന്നു. ഓരോസമുദായത്തിന്റെയും വിശ്വാസാചാരങ്ങളുമായി പൊരുത്തപ്പെടുന്ന അനുഷ്ഠാനകലകളും (തിറ, തെയ്യാട്ട് എന്നിവ) മറ്റുനാടൻ കലാരൂപങ്ങളും (കോലം ,തുള്ളൽ ,തുടി,മുട്ട്, മുടിയാട്ടം, വട്ടക്കളി, വെള്ളാട്ട്) നിലനിന്നു. ഭേദചിന്തകൾക്കിടയിലും,അനുരഞ്ജനത്തിന്റെ അന്തരീക്ഷം എക്കാലവും ഇവിടെയുണ്ടായിരുന്നുവെന്നത് എടുത്തുപറയേണ്ടതാണ്. പഞ്ചായത്തിലെ വടേക്കണ്ടിയിലുംവരിങ്ങലോറ മലയിലും കണ്ടെത്തിയ ഗുഹകളും അവിടെനിന്ന് ലഭിച്ചിട്ടുള്ള വസ്തുക്കളും പൗരാണികസംസ്കൃതിയുടെ സൂചനകളാണ്. ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ പഞ്ചായത്തിൽ അവിടവിടെയുണ്ടായിരുന്ന എഴുത്തുപള്ളികൾ സൃഷ്ടിച്ചെടുത്ത സാക്ഷരതാ നമ്മുടെ സാംസ്കാരിക പുരോഗതിയുടെ അടിസ്ഥാന ശിലയായി മാറി. അറിവുനേടിയ പലരും വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കും വായനാ സംസ്കാരത്തിനും തുടക്കം കുറിക്കുകയും ചെയ്തു. ഇപ്പോഴത്തെ പാറന്നൂർ ഗവ: മാപ്പിള ലോവർ പ്രൈമറി സ്കൂളിന്റെ തുടക്കം അക്കാലത്താണ് ( 1911ൽ ) പഞ്ചായത്തിലെ ആദ്യത്തെവിദ്യാലയവും ഇതുതന്നെ. പിന്നീടുവന്ന സ്കൂളുകളാണ് കുട്ടമ്പൂരിലും, തെച്ചോട്ടുപൊയിലിലും (നരിക്കുനി) ഇപ്പോഴുള്ള അപ്പർപ്രൈമറിവിദ്യാലയങ്ങൾ, തൃക്കൈപറമ്പിൽ (അഞ്ചാംവാർഡ്) പെൺകുട്ടികൾക്ക് മാത്രമായി ഒരു വിദ്യാലയവും കച്ചേരിപറമ്പിൽ (പാറന്നൂർ ) ഹരിജൻകുട്ടികൾക്കുമാത്രമായി മറ്റൊരു വിദ്യാലയവും സ്ഥാപിക്കപ്പെട്ടു. ഇന്നു പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂളും 3 അപ്പർ സ്ക്കൂളുകളും ഉൾപ്പെടെ 14 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ ഒരു ബാലവാടിയും ഒരു ശിശുമന്ദിരവും 10 അംഗനവാടികളും നിലവിലുണ്ട്.

1957ൽ സ്ഥാപിതമായ ദേശീയവായനശാലയാണ് പഞ്ചായത്തിൽ ഇന്നു നിലവിലുള്ള ആദ്യത്തെ സാംസ്ക്കാരിക സ്ഥാപനം. ഇതേകാലഘട്ടത്തിൽ രൂപംകൊണ്ട പാലങ്ങാട് ജ്ഞാനപ്രദായനി വായനശാല മൂർഖൻകൊണ്ട് ആസാദ് റീഡിംഗ് റൂം ആൻറ് ലൈബ്രറി കാരുകുളങ്ങര ജനകീയ വായനശാല ഇവ ഒന്നും തന്നെ ഇന്ന് നിലവിലില്ല. നരിക്കുനി

ദേശിയവായനശാല നല്ല ഒരു ഗ്രന്ഥശാലയോടുകൂടി ഇപ്പോഴും നിലനിൽക്കുന്നു. ഇപ്പോൾ പഞ്ചായത്തിൽ ഗ്രന്ഥാലയങ്ങളും വായനാശാലകളുമായി5 സ്ഥാപനങ്ങളുണ്ട്. (പട്ടിക 1 നോക്കുക) ഇത്കൂടാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളായി ഇരുപതോളം (20) കലാ-സാംസ്കാരിക സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. (പട്ടിക 2 നോക്കുക) ഒരു ജന വിദ്യാഭ്യാസകേന്ദ്രമാണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്.

ജാതിയവും മതപരവുമായ സ്പർദ്ദകളൊ, പ്രശ്നങ്ങളോ കൂടാതെ തികച്ചും സൗഹാർദ്ദത്തോടെ ജീവിക്കുന്നവരാണ് നമ്മുടെ ഗ്രാമീണജനത. കണക്കുകളനുസരിച്ച് 28 അമ്പലങ്ങളും 6 മണ്ഡപങ്ങളും ചെറുതുംവലുതുമായി 38 മുസ്ലീം ആരാധനാലയങ്ങളും 2 മന്ദിരങ്ങളുമുണ്ട്. പല ക്ഷേത്രങ്ങളിലും സവിശേഷമായ പല ആചാരങ്ങളും നിലനിൽക്കുന്നു. മിക്ക അമ്പലങ്ങളിലും വർഷത്തിലൊരിക്കിൽ തിറ, വിഷുവിളക്ക്, അയ്യപ്പൻ വിളക്ക് എന്നി ഉൽസവ പരിപാടികൾ നടക്കുന്നു. ഉൽസവങ്ങളുടെ നടത്തിപ്പ് പലയിടങ്ങളിലും ജനകീയ പങ്കാളിത്തത്തോടെയാട്. അധികമുസ്ലീം പള്ളികളും കേന്ദ്രീകരിച്ച് ബദർ നേർച്ചകളും നബി ദിന ആഘോഷപരിപാടികളും നടത്തിവരുന്നു. പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി ധാരാളം സർപ്പക്കാവുകളുണ്ട്. പച്ചപ്പാടുകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് പരിസ്ഥിതി സംതുലനത്തിന്റെ കാര്യത്തിൽ ഈ കാവുകൾ വഹിക്കുന്ന പങ്ക് ചെറുതല്ല. ഇലകട്രോണിക് മാധ്യമങ്ങളുയർത്തിയ പുതിയ സംവേധനസംസ്കാരം വായനാശീലത്തെ കുറച്ചൊന്നുമല്ല പ്രതികൂലമായി ബാധിച്ചത്. പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം വായനപത്രങ്ങളിലൊതുങ്ങുന്നു. മാതൃഭൂമി, മലയാള മനോരമ, മാധ്യമം, ചന്ദ്രിക, കേരളകൗമുദി, ദേശാഭിമാനി, ജൻമഭൂമി എന്നപത്രങ്ങളാണ് ഏറെയും വായിക്കപ്പെടുന്നത്. പത്ര വായനയിൽ പഞ്ചായത്തിലെ സ്ത്രീകൾ പൊതുവെ പിന്നിലാണ്, വായിക്കപ്പെടുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങൾ അധികവും വേണ്ടത്ര നിലവാരം പുലർത്തുന്നവയല്ല. സിനിമാവാരികകൾക്കും ബാലമാസികകൾക്കും സാമാന്യ നല്ല പ്രചാരമാണ്. മതസംസ്ക്കാരിക സംഘടനകളുടെ പ്രസിദ്ധീകരണങ്ങൾക്കും വായനക്കാരുണ്ട് യൂറീക്ക,ശാസ്ത്രകേരളം, ശാസ്ത്രഗതി, എന്ന ശാസ്ത്രസാഹിത്യ പ്രസിദ്ധീകരണങ്ങൾക്ക് ചെറിയതോതിൽ പ്രചാരമുണ്ട് - 1967 മുതൽ വർഷങ്ങളോളം പാലാങ്ങാട്ടു നിന്നും പ്രസിദ്ധീകരിച്ചിരുന്ന'പ്രഭാതം', കൊടോളി പൂർണ്ണിമയുടെ ആഭിമുഖ്യത്തിലുണ്ടായിരുന്നു. 'സന്ദേശം' എന്നീ കയ്യെഴുത്തുമാസികസൾക്ക് ഗ്രാമീണ സംസ്കാരിക തനിമയുടെ പ്രതിഫല നമാദ്ധ്യമമെന്ന പ്രാധാന്യം ഉണ്ടായിരുന്നു. രണ്ടു സിനിമശാലകളാണ് പഞ്ചായത്തിലുള്ളത്.

രണ്ടു ഫിലീം സൊസൈറ്റികൾ(രസന, ചിത്രവേദി) പഞ്ചായത്തിൽ ഏറെക്കുറെ തൃപ്തികരമായ നിലയിൽ പ്രവർത്തിച്ചിരുന്നുവെങ്കലും രണ്ടിനും ഏറെനാൾ പിടിച്ചുനിൽക്കാനായില്ല. വിവിധകേന്ദ്രങ്ങളിൽ സ്ഥാപിക്കപ്പെട്ടിരുന്ന റേഡിയോസെറ്റുകളുറിൽ പലതും പ്രവർത്തിക്കാതായിട്ടുണ്ട്. ചെമ്പക്കുന്നു ലക്ഷംവീട് കോളനയിൽ പഞ്ചായത്തുവക ഒരു ടി.വി. സെറ്റ് പ്രവർത്തിക്കുന്നുണ്ട്.
തിറ, വെള്ളാട്ട്, തെയ്യാട്ട് എന്ന അനുഷ്ഠാന കലകൾ ക്ഷേത്രാരാധന കളുമായി ബന്ധപ്പെട്ടുനിലവിലുണ്ട്. നാഗപ്പാട്ട്ഉൽസവങ്ങളും ചിലയിടങ്ങളിൽ നിലനിൽക്കുന്നു. ഈ രംഗത്ത് പ്രഗത്ഭമതികളായ കലാകാരൻമാരുടെ. പാരമ്പര്യം നമുക്ക് അ

വകാശപ്പെടാനുണ്ട്. ചെണ്ട, തുടി എന്നീ വാദ്യോപകരണങ്ങളിൽ മികവുപുലർത്തുന്ന കലാകാരൻമരും നമുക്കുണ്ട് ചില പ്രത്യേക സമുദായ ക്കാരുടെ ഇടയിൽ പരിചകളിൽ നിലനിൽക്കുന്നു. കോൽക്കളിയും അടവുകളിയും, പ്രചാരത്തിലുണ്ട് ആയോധനകലകളിൽ പ്രമുഖസ്ഥാനത്തുള്ള കളരിപ്പയറ്റിൽ പ്രാഗൽഭ്യം നേടിയ പലരുമുണ്ടങ്കിലും പരിശീലനസൗകര്യങ്ങളുടെ അഭാവം മൂലം യുവതലമുറയിലേക്ക് അത് എത്തിപ്പെടുന്നില്ല. കരാട്ടെ അഭ്യസിപ്പിക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

ഒപ്പന, വഴിനീളപ്പാട്ട് എന്നിവ അടുത്ത കാലംവരെ മുസ്ലീങ്ങളുടെ വിവാഹാഘോഷ പരിപാടിയിലെ മുഖ്യഇനമായിരുന്നു. എന്നാൽ ഇപ്പോൾ അവ സ്ക്കൂൾ യുവജനോൽവ വേദിയിൽ മാത്രമായി ചുരുങ്ങിപ്പോയിരിക്കുന്നു. ഒരുകാലത്ത് വളരെ പ്രചാരമുണ്ടായിരുന്ന തിരുവാതിരക്കളിയുടെഗതിയും ഇതുതന്നെ. ഒരു കാലത്ത് വയലേലകളെ മുഖരിതമാക്കിയിരുന്ന നാട്ടിപ്പാട്ടുകൾ നാമമാത്രമായി ചുരുങ്ങിയിട്ടുണ്ട്. പഞ്ചായത്തിലെ ചിലസ്ഥലങ്ങളിൽ ദഫ്മുട്ട്സംഘങ്ങൾ പ്രവൽത്തിച്ചുവരുന്നു. നൃത്താഭ്യാസം ചെറിയതോതിലെങ്കിലും നടക്കുന്നത് വ്ദ്യാലയങ്ങളിലെ വാർഷികാഘോഷ വേളകളിലാണ് ശാസ്ത്രീയ സംഗീത പാഠങ്ങൾ നൽകിവരുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ വിരളമാണ്.

മാജിക്ക്ഷോ എന്ന കല അവതരിപ്പിക്കുന്ന 'ബൈജുമാജിക്ക്ഷോ' കമ്പനി പന്നിക്കോട്ടൂരിൽ പ്രവർത്തിക്കുന്നുണ്ട്. കലാസാഹിത്യരംഗത്ത് പ്രസ്താവ്യമായ സംഭാവനകൾ അർപ്പിക്കാൻ കഴിഞ്ഞ ചില വ്യക്തികൾ നമ്മുടെ പഞ്ചായത്തിലുണ്ടായി എന്നത് അഭിമാനാർഹമാണ്. പാലങ്ങാട് ഗ്രാമോദയ വായനശാലയുടെ പ്രവർത്തകനും നോവലിസ്റ്റുമായിരുന്ന കെ.സി. പാലങ്ങാട്, നരിക്കുനി ദേശീയ വായനശാലവയുടെ സംഘാടകനും സംസ്കാരിക പ്രവർത്തകനും കവിയുമായിരുന്ന കെ.സി.കെ നെടിയനാട് എന്നിവർ നമ്മോടൊപ്പമില്ല. പ്രശ്സതകവി പി.പി. ശ്രീധരനുണ്ണി അറിയപ്പെടുന്ന നോവലിസ്റ്റ് ശ്രീ പാറന്നൂർ പത്മനാഭൻ, സംഗീതസംവിധായകനായ ശ്രീ. ചന്ദ്രൻ നെടിയനാട്, സൗന്ദരരാജ് എന്നിവരും ശാസ്ത്ര്യാന്വേഷകനും നക്ഷത്രനിരീക്ഷകനും പണ്ഡിതനുമായ ചെറോട്ടു പരമേശ്വരൻ നമ്പൂതിരി എന്നിവരും നമ്മുടെ പഞ്ചായത്തിൻെറ യശസ്സ് ഉയർത്തിയവരാണ് നമ്മുടെ സംസ്കാരിക മൂല്യങ്ങൾ കനത്ത വെല്ലുവിളി ഉയർത്തിയിരിക്കുന്നു. ഉപഭോക്തതൃഷ്ണ കൊച്ചുഗ്രമത്തേയും ത്രസിച്ചിരിക്കുന്നു. കുത്തകകളും, ടി.വി. ഉൾപ്പെടെയുള്ള മാധ്യമങ്ങളും സൃഷ്ടിച്ചുവിടുന്ന ഉപഭോക്ത്യസംസ്ക്കാരത്തിൻെറ ഇരകളായി തീരുന്ന സാധാരണക്കാരന് ഉയർത്തുന്നത് ഏറ്റവും വലിയ ഒരു സ ാംസ്ക്കാരിക പ്രശ്നമാണ്. എല്ലാമായിട്ടും ഒരു ഉപഭോക്താവിൻെറ അവകാശത്തെപ്പറ്റി ശരിയായ ഒരു അറിവുപോലും അവന് ലഭ്യമാകുന്നില്ല. ബോധവൽക്കരണം വളരെ അധികം ആവശ്യമായിവരുന്ന ഈമേഖലയിൽ നമ്മുടെ പഞ്ചായത്തിൽ ഒരു ഉപഭോകൃത സംരക്ഷണസമിതി റജിസ്റ്റർ ചെയത് പ്രവർത്തനമാരംഭിച്ചിട്ടുണ്ടുള്ളത് ആശ്വാസകരമാണ്. നരിക്കുനി അങ്ങാടി കേന്ദ്രീകരിച്ചിട്ടുള്ള സമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾക്ക് വിരാമമിടാൻ എല്ലാ രാഷ്ട്രീയ കക്ഷികൾക്കും പ്രാതിനിധ്യമുള്ള ജനകീയ പ്രതികരണവേദി രൂപം കൊണ്ടിട്ടുള്ള കാര്യം ശുഭോദർക്കമാണ്.

നമ്മുടെ പഞ്ചായത്തിൽ കോൺഗ്രസ്സ്ഐ, സി.പി.ഐ(എം) , മുസ്ലീം ലീഗ്, ബി.ജെ.പി, ജനതാദൾ, കോൺഗ്രസ്.എസ്, ഇന്ത്യൻ നാഷനൽ ലീഗ്, സി.പി.ഐ തുടങ്ങിയ പ്രമുഖ

രാഷ്ട്രീയ കക്ഷികളും അവയുടെ യുവജനവിഭാഗങ്ങളും ട്രേഡ്യൂനിയൻ സംഘടനകളും പ്രവർത്തിക്കുന്നു. വിവിധ സർവ്വീസ് സംഘടനകളുടെ പ്രവർത്തനങ്ങളും നടക്കുന്നുണ്ട് ഒട്ടേറെ മത-സാംസ്ക്കാരിക സംഘടനകളും പ്രവർത്തിച്ചുവരുന്നുണ്ട്. നരിക്കുനി പള്ളിയറ ഭഗവതീ ക്ഷേത്രത്തിലെ 'ദിക്കിരി' എന്ന ചടങ്ങ് പ്രസിദ്ധമാണ്.

മലബാർ വിശേഷമായി പത്ര കൗതുകപംക്തികളിൽ ഇതിനകം സ്ഥാനംപിടിച്ച മുക്കാലും പാറമലയിലെ 'നാട്ടിക്കല്ല്' പഞ്ചായത്തിലെ മൂന്നാംവാർഡിലാണ് സ്ഥിതിചെയ്യുന്നത് കോടോളി എടത്തിൽഭഗവതി ക്ഷേത്രവുമായിബന്ധപ്പെട്ട വിശ്വാസങ്ങളിൽ ചൈതന്യമൂർത്തിയായി നിലകൊള്ളുന്ന നാട്ടിക്കല്ല് ഒട്ടേറെ ആളുകളെ ആകർഷിച്ചുവരുന്നു.

**കായിക സംസ്കാരം:-**

ഇച്ഛാശക്തിയും ആത്മവിശ്വാസവുമുള്ള ആരോഗ്യ ദൃഢഗാത്രരായ ഒരു ജനതയെ വാർത്തെടുക്കാൻ ഉതകുന്ന കായികസംസ്കാരം വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിൻെറ ഏറ്റവും വലിയ ഒരാവശ്യമാണ് . അഗ്രം വളഞ്ഞ മുളംകോലുകൾ ഉപയോഗിച്ചു കാര എന്ന പന്തടിച്ചുമൽസരിക്കുന്ന ഒരു പഴയ തലമുറ നമുക്കുണ്ടായിരുന്നു. ഹോക്കിയുടെ പ്രാകൃതരൂപമായിരുന്നഇനങ്ങളിൽശാരീരിക ശക്തിയായിരുന്നു മുൻതൂക്കം. മകരകൊയ്ത്തുകഴിഞ്ഞ പാടങ്ങളിൽ പന്ത്വെട്ടിക്കളി അടുത്തകാലം വരെ നിലവിൽ ഉണ്ടായിരുന്നു, കുറ്റിയും കോലും കളിയും കുറ്റിയറ്റുപോയിട്ടധികമായിട്ടില്ല. കാർഷിക ഗ്രാമ സംസ്കൃതിയുടെ ഒരു വിനോദപരിപാടി എന്നതിൽ കവിഞ്ഞ പ്രാധാന്യവും പ്രോൽസാഹനവും ഇത്തരം കളികൾക്കില്ലാതെ പോയി. ഗ്രാമീണരുടെ മറ്റൊരു വിനോദപരിപാടിയായ കാളപൂട്ട് നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ നിലവിലില്ലങ്കിലും അടുത്തപ്രദേശങ്ങളിൽ നടക്കുന്ന മൽസരങ്ങളിൽ സജീവമായി പങ്കെടുക്കുന്ന കമ്പക്കാർ ഇവിടെയുമുണ്ട് ഇവിടത്തെ പഴയ കാളപൂട്ട് കണ്ടങ്ങൾ പലതും പാടങ്ങളോ പുരയിടങ്ങളോ ആയിമാറി.

സമീപകാലത്ത് പഞ്ചായത്തിൽ ഏറ്റവും വികസനം പ്രാപിച്ച ഗെയിം എന്ന സ്ഥാനം വോളിബോളിനു കൈവന്നരിക്കുന്നു. പഞ്ചായത്തിൻെറ കിടപ്പ് ഫുട്ബോൾ പോലുള്ള കളികൾക്ക് പറ്റാത്തതും വിസ്തൃതി കുറഞ്ഞ കളിസ്ഥലങ്ങൾ വോളിബോളിനു മതിയാകുന്നതും ഇതിനു കാരണങ്ങളാണ്. മുൻ തലമുറയിൽനിന്ന് പകർന്നുകിട്ടിയ പാരമ്പര്യവും പ്രോൽസാഹനവും എടുത്തുപറയേണ്ടതാണ്. സംസ്ഥാനത്തിനകത്തും, പുറത്തും നമ്മുടെ പ്രദേശത്തിൻെറ യശസ്സുയർത്തിപ്പിടിച്ച വോളിബോൾ താരങ്ങൾ നമ്മുക്ക് ഉണ്ടായിട്ടുണ്ട് നെടിയാട, നരിക്കുനി, പാലങ്ങാട് എന്നിവിടങ്ങളിൽ കളിച്ചുവർന്ന് ഖ്യാതിനേടിയ പലതാരങ്ങളും ഇന്ന് നമ്മോടൊപ്പമില്ല. ഇടക്കാലത്ത് മങ്ങിപ്പോയ വോളിബോളിൻെറ യശസ്സു നമ്മുടെ പഞ്ചായത്തിൽവീണ്ടെടുത്ത് നിലനിർത്തിപോരുന്നത് പലങ്ങാടാണ് കോഴികേക്ാടു ജില്ലയിൽ വടകര കഴിഞ്ഞാൽ വോളിബോളിൻെറ ഇപ്പോൾ ഏറ്റവും മികവു പുലർത്തുന്നതും പാലങ്ങാടാണ്. സംസ്ഥാന ദേശീയ തലങ്ങളിൽ കളിക്കുന്ന പലതാരങ്ങളേയും. സംഭാവന ചെയ്യാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിലെ ഈ കളിക്കാർക്ക് പരിശീലനം കൊടുത്തുവരുന്ന കോച്ചുകളും നമുക്ക് ഉണ്ട് ചെറുപ്പക്കാരായ പല താരങ്ങൾക്കും പല ഉയർന്നതൊഴിൽമേഘലകളിലേക്കും വഴിയൊരുക്കാൻ വോളിബോൾ

സഹായകമായിട്ടുണ്ട്. പാലങ്ങാട്ജി.എ.എസ്.സി., ഫൈറ്റേർസ്, സൊപ്രാനോ ക്ലബുകൾ വോളിബോൾ രംഗത്തു ചെയ്തിട്ടുള്ള സംഭാവനകൾ ചെറുതല്ല. സൊപ്രാനോ പാലങ്ങാട് മൂന്നാം വാർഡിൽ സ്വന്തമായി സ്ഥാപിച്ചിട്ടുള്ള സംസ്ഥാന ജില്ലാതലങ്ങളിൽ നടന്ന പല മൽസരങ്ങൽക്കും വേദിയായിട്ടുണ്ട്. ധാരാളം വികസിത സാദ്ധ്യതയുള്ള പ്രത്യേക പരിഗണനന അർഹിക്കുന്ന ഒന്നാണ് ഈ സ്റ്റേഡിയം.

വോളിബോളിനു പുറമേ ബാഡ്മിൻറൻ, കബഡി, ബാസ്ക്കറ്റ്ബാൾ എന്ന കളികളിൽ പഞ്ചായത്തിൽ ധാരാളം സാധ്യതതകളുണ്ട്. ചെറുപ്രായക്കാർക്കിടയിൽ ക്രിക്കറ്റ് ഭ്രമം വളർന്നുവരുന്നുണ്ട് ചതുരരംഗത്ത് വിരുതൻമാരായ പഴയതലമുറ ഇവിടെ ഉണ്ടിയിരുന്നെങ്കിലും പുതിയ തലമുറയെ കണ്ടെത്തി പരിശീലിപ്പിക്കാൻ ശ്രമങ്ങൾ നടക്കുന്നില്ല.

പ്രശ്നങ്ങൾ:-

വായനാശീലം വളർത്തിയെടുക്കാനുള്ള പ്രചാരണ പരിപാടികളും ബോധവൽക്കരണവും ശരിയായ രീതിയിൽ നടക്കുന്നില്ല. പഞ്ചായത്തിലെ ലൈബ്രറികളുടെ എണ്ണവും പുസ്തക ശേഖരണവും അപര്യാപ്തമാണ്. റഫറൻസ് സൗകര്യങ്ങളുടെ പോരായ്മ അനുഭാവപ്പെടുന്നുണ്ട്. പുസ്തകങ്ങൾ തിരഞ്ഞെടുക്കുമ്പോൾ ഗുണമേൻമ നിഷ്കർക്കപ്പെടുന്നില്ല. സൗകര്യമുള്ള കെട്ടിടങ്ങളുടേയും പരിശീലനം സിദ്ധിച്ചലൈബ്രറിയൻമാരുടേയുംഅഭാവം ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. പഞ്ചായത്ത് തലത്തിൽ ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പി ക്കാനുള്ളമതിയായ സംവിധാനങ്ങളില്ല.

ജനകീയ പങ്കാളിത്തത്തോടെ സംഘിടിതമായ രൂപത്തിൽ കലാ-സാഹിത്യപ്രവർത്തനങ്ങളോ മൽസരങ്ങളോ നടക്കുന്നില്ല. നാടൻ കലകളുടെ സംരക്ഷണത്തിനുേ പ്രാൽസാഹനത്തിനും വേണ്ട ഫലപ്രദങ്ങളായ സംവിധാനങ്ങളില്ല. കഥകളി, മോഹനിയാട്ടം, ഭരതനാട്യം,ഓട്ടൻതുള്ളൽ, ശാസ്ത്രീയ സംഗീതം, നാടോടി നൃത്തം തുടങ്ങിയ കലകൾ പരിശീലിപ്പിക്കാനാവശ്യമായ സംവിധാനമില്ല. പഞ്ചായത്തിലുള്ള കലാ-സാംസ്കാരിക സംഘടൾക്കും സ്ഥാപനങ്ങർക്കും സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള പ്രോൽസാഹനങ്ങൾ ലഭിക്കുന്നില്ല. ഇതുകാരണമായി പല സമിതികളുടേയും പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.തുടർസാക്ഷരതാപ്രവർത്തനങ്ങൾ സജീവമില്ല. മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, വിവാഹാഘോഷങ്ങളോടനുബന്ധിച്ചുള്ള ധൂർത്ത്, ആർഭാടം, അനാചാരങ്ങൾ, എന്നീ സാമൂഹിക തിൻമകൾക്കെതിരായുള്ള ബോധവൽക്കരണ പരിപാടികൾ നടക്കുന്നില്ല.

സാംസ്കാരികപ്രവർനങ്ങളിൽ സ്ത്രീകൾക്ക് മതിയായ പങ്കാളിത്തം നൽകാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നില്ല.

പൊതുചടങ്ങുകൾ സംഘടിപ്പിക്കാനുതകുന്ന കമ്മ്യൂണിറ്റിഹാളിൻെറ അഭാവം പഞ്ചായത്തിൽ നിനലനിൽക്കുന്നു.

പഞ്ചായത്തിൽ പൊതു കളി സ്ഥലങ്ങളില്ല. കളികൾ പരിശീലിക്കാൻ സ്വകാര്യവ്യക്തികളുടെ വയലുകളേയാണ് ആശ്രയിക്കേണ്ടിവരുന്നത് ഈ നെൽവയലുകൾ കൊയ്ത്തുകഴിഞ്ഞ് വളരെ കുറഞ്ഞ കാലയളവിലേ ലഭ്യമാകൂ

എന്നുള്ളത് ഒരു പരിമിധിയാണ്.
സ്പോർട്സ് ക്ലബുകൾക്ക് കളിക്കാവശ്യമായ ഉപകരണങ്ങളോ മറ്റു സാമ്പത്തിക സഹായങ്ങളോ ലഭ്യമാകുന്നില്ല,
കഴിവുള്ള കളിക്കാരേ ചെറുപ്പത്തിലേ കണ്ടെത്തി പ്രോൽസാഹിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നില്ല. പഞ്ചായത്ത് തലത്തിൽ കായിക മൽസരങ്ങൾ ഫലപ്രദമായി യഥാസമങ്ങളിൽ നടത്തപ്പെടുന്നില്ല.

**നിർദ്ദേശങ്ങൾ:-**

1. നിലവിലുള്ള പഞ്ചായത്ത് ഗ്രന്ഥാലയം ആധുനിക സൗകര്യങ്ങളോടെ വിപുലീകരിച്ച് ഒരു റഫറൻസ് ലൈബ്രറിയായി ഉയർത്തുക. ഇതോടനുബന്ധിച്ച് 'കരിയർ ഗൈഡൻസ് സെൻറർ' സ്ഥാപിക്കുക. പഞ്ചായത്തു വായനശാല കൂടുതൽ സൗകര്യപ്രദമായ സ്ഥത്തേക്ക് മാറ്റുകയും എല്ലാ ആനുകാലിക പ്രസിദ്ധീകരണങ്ങളു ലഭ്യമാക്കുകയും ചെയ്യുക. പഞ്ചായത്തിൽ നിലവിലുള്ള മറ്റു ഗ്രന്ഥാലയങ്ങളുടെ വികസനത്തിനാവശ്യമായ സഹായങ്ങൾ നൽകുക.ഗ്രന്ഥാലയങ്ങളും വായനശാലകളും നിലവിലില്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക. ഗ്രന്ഥശാലകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുക. സ്ത്രീകൾക്കിടയിൽ വായനശീലം വളർത്തുന്നതിന് പുസ്തകങ്ങൾ വീട്ടിലെത്തിച്ചുകൊടുക്കുന്ന സംവിധാനം(സഞ്ചരിക്കുന്ന ലൈബ്രറി) ഏർപ്പെടുത്തുക. വായനശാലയോടനുബന്ധിച്ച് വനിതാവിഭാഗം, ശിശുവിഭാഗം, കൃഷികോർണർ, എന്നിവസ്ഥാപിക്കുക.
2. നരിക്കുനി അങ്ങാടിക്കടുത്തുള്ള സൗകര്യപ്രദമായ സ്ഥലത്ത് നാടൻ കലകൾ, നൃത്തം, സംഗീതം, എന്നിവ പരിശീലിപ്പിക്കാനാവശ്യമായ കെട്ടിടസൗകര്യങ്ങളോടുകൂടിയ ഒരു സ ാംസ്കാരിക സമുച്ഛയം നിർമ്മിക്കുക. കോൺഫ്രറൻസ് ഹാളുകളും, ഓഡീയോ ,വീഡിയോ സൗകര്യങ്ങളും ഇവിടെ സജ്ജമാക്കുക,അ നുഷ്ഠാനകലകൾക്കുപയോഗിക്കുന്ന കോപ്പുകൾ, പുരാവസ്തുക്കൾ, താളിയോലഗ്രന്ഥങ്ങൾ എന്നിവ ശേഖരിച്ച് ഇവിടെ സൂക്ഷിക്കുക. ഡിഷ് ആൻറിന സ്ഥാപിച്ചു ലഭ്യമായ വിദ്യാഭ്യാസ ചാനലുകളുടെ സഹായത്തോടെ വിദ്യാർഥികൾക്ക് പ്രയോജനകരമായ വീഡിയോ ക്ലാസ്സുകൾ സ്ഥിരമായി സംഘടിപ്പിക്കുക. ഇവയിൽ പ്രധാനപ്പെട്ട പരിപാടികളുടെ വീഡിയോ റിക്കോർഡിംഗ് സൗകര്യവും ഏർപ്പെടുത്തുക.
3. ഇപ്പോൾ പ്രവർത്തന രഹിതമായ കിടക്കുന്ന കലാ-സാംസ്കാരിക സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമായ പ്രോൽസാഹനം നൽകുക. അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക. പഞ്ചായത്തിൻെറ വികസന പ്രക്രീയയിൽ കലാ-സാംസ്കാരിക സംഘടനകളുടെ സന്നദ്ധസേവനം പ്രയോജനപ്പെടുത്തുക. കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു വാർഷിക കലണ്ടർ ഏർപ്പെടുത്തുക. സംഘടനകൾ വാർഷികാഘോഷപരിപാടികൾ നടത്തുന്നതിനുപുറമെ ഓണം, വിഷു, പെരുന്നാൾ, തുടങ്ങിയ ആഘോഷാവസരങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെ സാംസ്കാരിക പരിപാടികളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

4. വർഷംതോറും പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ വിദ്യാർഥികൾക്കും. യുവജനങ്ങൾക്കും, വയോജനങ്ങൾക്കുമായി കലാസാഹിത്യമൽസരങ്ങളും, പൂക്കളമൽസരങ്ങളും, ക്വിസ്മൽസരങ്ങളും നടത്തുക.നാടൻ കലകൾക്കു മാത്രമായി ഒരു മേളസംഘടിപ്പിക്കുക.
5. നാടൻപാട്ടുകൾ, പുള്ളുവൻ പാട്ടുകൾ, തോറ്റംപാട്ടുകൾ എന്നിവശേഖരിച്ച് ശബ്ദലേഖനം ചെയ്ത് അച്ചടിച്ച് സൂക്ഷിക്കുക. അസ്തപ്രായമായ കലകളുടെ പുനരുജ്ജീവനത്തിനായുള്ള പരിപാടികൾ സംഘടിപ്പിക്കുക. ശബ്ദലേഖനം, വീഡിയോ റിക്കാർഡിംഗ് എന്നീ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതോടൊപ്പം പുതിയ തലമുറയെ പരിശീലിപ്പാക്കാനാവശ്യമായ പരിപാടികൾ സംഘടിപ്പിക്കുക.
6. നൃത്തം, സംഗീതം എന്നിവ അഭ്യസിക്കപ്പിക്കുന്നതിന് പ്രഗത്ഭമതികളായ പരിശീലകരെ കണ്ടത്തെി അവരുടെ സേവനം ഉപയോഗപ്പെടുത്തുക
7. പ്രെഫഷനൽ അമേച്ചർ നാടകസംഘങ്ങളുടെ രൂപീകരണത്തിനും പ്രവർത്തനത്തിനുംവേണ്ട മാർഗനിർദേശങ്ങളും പ്രോൽസാഹനവും നൽകുക. ഫിലീം സൊസൈറ്റികളും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രോൽസാഹനങ്ങളുംനൽകുക.
8. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ കായികപ്രസക്തമായ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചർച്ചകളും സംവാദങ്ങവും സംഘടിപ്പിക്കുക.
9. വർഷത്തിലൊരിക്കലെങ്കിലും കവി സമ്മേളനങ്ങൾ സംഘടിപ്പിക്കുക.
10. ജനവിദ്യാ കേന്ദ്രങ്ങൾ സ്ഥാപിച്ച് തുടർസാക്ഷരതാപ്രവർത്തനം ഊർജിതമാക്കുക.
11. ഹരിജൻ കോളനികളിലും എല്ലാവാർഡുകളിലേയും തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലും ടി.വി. സെറ്റുകൾ സ്ഥാപിക്കുക.
12. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ കെട്ടിടസൗകര്യങ്ങൾ ഏർപ്പെടുത്തുകയുംചെയ്യുക.
13. സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന രീതിയിൽ മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ ക്രമീകരിക്കുക.
14. നരിക്കുനിയിൽ ഒരു കമ്യൂണിറ്റിഹാളുകൾ നിർമിക്കുക.
15. ടെലിഫോൺസൗകര്യം സാധാരണക്കാർക്കുകൂടി പ്രയോജനപ്പെടുത്തുന്നതിന്പബ്ലിക് ടെലഫോൺ ബൂത്തുകൾ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുന്നതീ മുൻകൈ എടുക്കുക.
16. 'മംഗലശ്ശേരി ശാന്തകുമാറിൻെറ കുടുംബാംഗങ്ങൾ സംഭാവന നൽകിയ സ്ഥലത്ത് ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക.
17. പഞ്ചായത്തിലെ കലാകാരൻമാരെ ഉപയോഗിച്ച് തെയ്യം, തിറ, എന്നിവയുടെ ശൈലിയിൽ ബോധവൽക്കരണ പ്രചാരണപരിപാടികൾ സംഘടിപ്പിക്കുക. സ്കൂൾ, പഞ്ചായത്ത് തലങ്ങളിൽ നടത്തപ്പെടുന്ന കലാമൽസരങ്ങളിൽ വിജയികളാകുന്ന കലാകാരൻമാരെ ഉപയോഗപ്പെടുത്തി ബോധവൽക്കരണപരിപാടികൾ നടത്താവുന്നതാണ്.
18. പഞ്ചായത്തിൽ ഒന്നാം വാർഡിലുള്ള 'ബൈജുമാജിക്ക്ഷോ കമ്പനി' ക്കാവശ്യമായ പ്രോൽസാഹനവും നൽകുക. പരിപാടി ബോധവൽക്കരണത്തിന്, സാംസ്കാരി പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തികമാർഗമായും ഉപയോഗപ്പെടുത്താവുന്നതാണ്.
19, പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു മിനിസ്റ്റേഡിയം

നിർമ്മിക്കുക. ഇതോടനുബന്ധിച്ച് കളരിപ്പയറ്റ് , കരാട്ടെ, എന്നീ ആയോധനകലകൾ പരിശീലിപ്പിക്കുന്നതിനുള്ള സൗകര്യംനൽകുക.

20, വോളിബോളിൻെറ വികസന സാദ്ധ്യത കണക്കിലെടുത്ത് നിലവിൽ സ്റ്റേഡിയം ഉള്ള ഇടങ്ങളിൽ (ഉദാഹരണം:- സൊപ്രാനോ പാലങ്ങാട്) അവ വിപുലീകരിക്കുന്നതിനും നിലനിർത്തുന്നതിനും ഉള്ള സഹായം നൽകുക.

21. എല്ലാവാർഡുകളിലും ഒരു വോളിബോൾ കോർട്ട് എങ്കിലും സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുക.

22. സ്പോർട്സ്, ഗെയിംസ് എന്നിവയിൽ താൽപര്യവും കഴിവുമുള്ള കുട്ടികളെ കണ്ടെത്തി പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ പ്രത്യേക പരിശീലനകേമ്പുകൾ സംഘടിപ്പിക്കുക. ഇതിനായി സ്കൂളുകളിലെ കായിക അധ്യാപകരുടേയും വിദഗ്ദ്ധരായ കോച്ചുകളുടേയും സേവനം ഉപയോഗപ്പെടുത്തുക.

23, സ്പോർട്സ് ക്ലബുകളുടെ സഹകരണത്തോടെ വർഷം തോറും വിപുലമായ രീതിയിൽ കായികമേള സംഘടിപ്പിക്കുക. കാളപൂട്ട്, കമ്പവലി, കാർഷികതൊഴിൽ മേഖലയായി ബന്ധപ്പെട്ട തെങ്ങുകയറ്റം ഓലമെടയൽ എന്നിവയുടെ മൽസരങ്ങളും ഇതിനോടനുബന്ധിച്ച് നടത്താവുന്നതാണ്.

അധികാരം ജനങ്ങളിലേക്ക്

## പട്ടിക 1

# ഗ്രന്ഥാലയം വായനശാലകം

ക്രമ നമ്പർ , ഗ്രന്ഥശാലകളുടെ പേര് ,സ്ഥാപിച്ചവർഷം ഗ്രേഡ് പുസ്തകങ്ങളുടെ എണ്ണം ശരാശരിപ്രതിമാസ വിതരണം, ആനുകാലികപ്രസിദ്ധികരണങ്ങളുടെ എണ്ണം , മറ്റനുബന്ധ പ്രവർത്തനങ്ങാം എന്നിവ യഥാക്രമം.

1. ദേശീയവായനശാലകം നരിക്കുനി , 1957 C , 3557 , 400 , 15 , -
2.ഗ്രാമോദയാ റീഡിംഗ്റൂം ആൻറ് ലൈബ്രറി
ആർട്സ് സ്പോർട്സ് ക്ലബ്, പന്നിക്കോട്ടൂർ ,G962.3215 , 500 , 10 , ആർട്സ് സ്പോർട്സ്
3. നരിക്കുനി പഞ്ചായത്ത് പബ്ലിക് ഗ്രന്ഥശാല
വായനശാല 1967 1090 280 2. -
4. ജയപ്രകാശ് സ്മാരക ഗ്രന്ഥാലയം
വായനശാല കൽകുടുമ്പ് 1987 - 800 200. 4 . സാംസ്കാരിക പ്രവർത്തനം.
5. ഉദയാ വായനശാല പാറന്നൂർ 1982 - - - - -

## പട്ടിക 2

### കലാ-കായിക- സാംസ്കാരിക സ്ഥാപനങ്ങാം

പേരും, മേൽവിലാസം,.സ്ഥാപിച്ചവർഷം, മെമ്പർമാരുടെ എണ്ണം,.കെട്ടിടത്തിൻെറ വിവരം., ധനസഹായത്തിൻെറ വിവരം,. അഫലിയേഷൻ,. പ്രവർത്തനത്തിൻെറ ലഖുവിവരണം. എന്നിവ യഥാക്രമം.

1. സൊപ്രാനൊ ആർട്സ്, സ്പോർട്സ് ,എഞ്ചിനിയറിംഗ് പാലങ്ങാട്, 1975, 94, വാടകകെട്ടിടം, - D.V.A, N.Y.K ,പഞ്ചായത്ത് ആർട്സ് ,സ്പോർട്സ്
2. ഫൈറ്റേർസ് ആർട്സ്, സ്പോർട്സ് എഞ്ചിനിയറിംഗ് പാലങ്ങാട് 1976 101 വാടക -D.V.A, N.Y.K ആർട്സ് സ്പോർട്സ്
3. ഫൊസാക്ക നരിക്കുനി, 1977, 35, വാടക, - സാമൂഹ്യക സാംസ്കാരിക, കായികം,
4. ഫൈവ്സ്റ്റാർ വട്ടപ്പാറപ്പൊയിൽ, 1977, 32 വാടക - - ആർട്സ്
5. പൂർണ്ണിമ ആർട്സ് , സ്പോർട്സ് ക്ലബ്, കൊടോളി, 1978 73 വാടക - D.V.A, N.Y.ലപഞ്ചായത്ത് ആർട്സ ്സ്പോർട്സ്
6. ഗ്രീൻ സ്റ്റാർ ആർട്സ ്സ്പോർട്സ് നരിക്കുനി ,1980, 50 വാടക D.V.A, സ്പോർട്സ് ,ആർട്സ്
7. കലാ കാരുകുളങ്ങര ,1989, 21, വാടക ,- ,- ,ആർട്സ്
8. ജാസ് കൽകുടുമ്പ് ,1985, 22 ,സ്വന്തം, -,- ,സ്പോർട്സ്
9. സിതാര കൽകുടുമ്പ് ,1986, 30, വാടക, - ,- ,കലാസാമൂഹ്യപ്രവർത്തനം
10. മാസ്കൊ നെടിയനാട് ,1986, 15, വാടക, -, - ,സാമൂഹ്യം, കല
11. യുവശക്തി കാവുംപൊയിൽ 1989 50 വാടക - .ഷ.ലസംഗീത നാടക അക്കാദമി ആർട്സ്, സംസ്കാരിക സാമൂഹ്യം
12. നഖശ്ശ്രീ വട്ടപ്പാറപ്പൊയിൽ, 1990, 6, വാടക, -, - ,കല, നൃത്തപരിശീലനം
13. ആസാദ് സേ്പാർട്സ് ക്ലബ്- മൂർഖൻകുണ്ട്- 1993-50-വാടക- D.V.A,ആർട്സ് സ്പോർട്സ്
14. ഗ്രാമം കളത്തിൽപാറ, 1993, 50 ,വാടക, - D.V.A,ആർട്സ് ,സ്പോർട്സ്
15. ന്യൂ പാസ്ക് പാറന്നൂർ, 1995, 50, വാടക, -, -, ആർട്സ് സ്പോർട്സ്
16. ജ്വാല സാംസ്കാരിക വേദിനെല്ല്യേരിതാഴം, 1996, 25, വാടക, -, - ,പട്ടികജാതി വിഭാഗത്തിൻേറയും പൊതുജനങ്ങളുടേയുംസാംസ്കാരിക സാമൂഹ്യ പ്രവർത്തനകല
17. ഒരുമ പാലോളിത്താഴം 1996, 57, വാടക, --
18. സാരഥി ആർട്സ് പന്നിക്കോട്ടൂർ 1996, 35, വാടക ,- ,- ,ആർട്സ് സ്പോർട്സ്
19. സംഗമം പന്നിക്കോട്ടൂർ 1996, 27, വാടക ,- - ആർട്സ്
20. ഇസ്ക്ര ആർട്സ് സ്പോർട്സ് പൈക്കാട്ടുതാഴം 1996, 44, വാടക., - - ആർട്സ്



# വനിത

നരിക്കുന്നി പഞ്ചായത്തധീന പ്രദേശങ്ങളിൽ പൊതുവേ ഗ്രാമീണ അന്തരീക്ഷമാണുള്ളത്. ആസ്ഥാനമായ നരിക്കുന്നി ഇതിൽനിന്ന് വ്യത്യസ്തമായി ഒരു നഗര സ്വഭാവം കൈകൊണ്ടു വരുകയാണ്.

കല-കായിക സാസ്കാരിക രംഗങ്ങളിൽ വനിതകൾ പൊതുവേ പിറകിലാണ്. സവർണ്ണമേധാവിത്ത സംവിധാനങ്ങളിൽലധിഷ്ടിതമായ ഒരു സംസ്ക്കാരത്തിന്റെ കാലൊച്ചകൾ കാതോർക്കുന്ന മുന്നോക്കക്കാരിൽ, പഴയ ജന്മി-കുടിയാൻ- അടിയാർ ബന്ധങ്ങളുടെ ചങ്ങലക്കെട്ടുകളിൽ നിന്നും മോചിതരായി, ആധുനിതകയെ വാരിപുണരാൻ ഉത്സുകരായ പിന്നോകാരും, എല്ലാമെല്ലാമടങ്ങുന്ന ഒരുജനതയാണ് ഈ പഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നത് പണ്ടുകാലത്തെ വറുതികളും, കോളറ, വസൂരി തുടങ്ങിയ നടപ്പുധീനങ്ങളുടെ നരകയാതനകളും അല്ലാതെ ഇവിടുത്തെ മുത്തശ്ശിമാരുടെ മനസ്സുകളിൽ കുരുന്നു തലമുറകൾക്ക് പകർന്നുകൊടുക്കാൻ ധിര ദേശാഭിമാനപരമായ ഓർമ്മകൾക്ക് വലിയ സ്ഥാനമുണ്ടെന്ന്തോന്നുന്നില്ല. ആരാധനയിലും തൊഴിലുകളിലുമൊക്കെ പാരമ്പര്യത്തിന്റെ ബാക്കി പത്രം കാണാവുന്നതാണം.

മൂന്നു വാർഡുകളിൽ ഓരോ വനിതാസമാജം ഉള്ളതൊഴിച്ചാൽ വനിതകളുടെ സാമൂഹികമായ ഉണർവ്വ് ലക്ഷ്യംവെച്ചുകൊണ്ട് പ്രവർത്തിക്കുന്ന സംഘടനകൾ ഇല്ലെന്ന്തന്നെ പറയാം. പുരുഷന്മാരെ ആശ്രയിച്ചുകൊണ്ടുള്ള ജീവിതരീതിയാണ് ഇവിടുത്തെ വനിതകളുടേത്. സ്ത്രീകൾ സ്വയം സാമൂഹിക സാംസ്കാരിക രംഗങ്ങളിലേക്ക് കടന്നുവരുന്നതായി കാണുന്നില്ല. രാഷ്ട്രീയ രംഗത്തും പ്രവർത്തിക്കാൻ താത്പര്യമില്ലാത്തവരാണ് ഈ പ്രദേശത്തെ വനിതകൾ. പുരുഷ മേധാവിത്തത്തിൽ അടിയുറച്ചുപോയ ജീവിതരീതിയിൽ പെട്ടെന്നൊരു മാറ്റം വരുത്തി മുന്നോട്ടുവരാൻമാത്രം ആധുനിക കാഴ്ചപ്പാടുകൾ ഉള്ളവരല്ല ഈ പഞ്ചായത്തിലെ വനിതകൾ.

നരുക്കുന്നി ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 23904, ഇതിൽ 12766 പുരുഷന്മാരുണ്ട്. ഇത് മൊത്തം ജനസംഖ്യയുടെ 53.4% വരും. അതായത് 1016 പുരുഷന്മാർക്ക് 1000 സ്ത്രീകൾ! പട്ടികജാതിക്കാരിൽ സ്ത്രീകൾ പുരുഷന്മാരെക്കാൾ പഞ്ചായത്ത് ശരാശരിയിലും താഴെയാണ്. 1996 സെപ്റ്റംബറിലെ കണക്കനുസരിച്ച് മൊത്തം 5083 കുടുംബങ്ങളിൽ 332 എണ്ണം വനിതകളുടെ നിയന്ത്രണത്തിലാണ്.

ഈ പഞ്ചായത്ത് പ്രദേശത്തെ വനിതകൾ സാക്ഷരതയിൽ മുൻപന്തിയിൽ നില്ക്കുന്നു. ഇവരിൽ പി.എച്ച്.ഡി വരെയുള്ള ബിരുദാനന്തര ബിരുതധാരികളുമുണ്ട്. അതേസമയം തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിൽ സ്ത്രീകൾ താഴെയാണെന്നു കാണാം. വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന്ന് മുമ്പ്തന്നെ കുടുംബ ജീവിതത്തിലേക്ക് കടക്കാൻ നിർബന്ധിതരാകുന്നതാണ് കാരണം!

പട്ടിക 1 ഈ കാര്യം വിശദമാക്കുന്നു.

1991 ലെ സെൻസസ്

| മൊത്തം | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| ജനസംഖ്യ: 19912 | 10018 | 9894 |

| തൊഴിൽ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| കൃഷിക്കാർ | 612 | 22 | 634 |
| കർഷക തൊഴിലാളികൾ | 878 | 203 | 1081 |
| മൃഗസംരക്ഷണം | 219 | 8 | 227 |

| | | | |
|---|---|---|---|
| ഖനനം | 108 | 22 | 130 |
| കുടിൽവ്യവസായം | 25 | 13 | 38 |
| മറ്റു വ്യവസായങ്ങൾ | 212 | 23 | 235 |
| കെട്ടിട നിർമ്മാണം | 151 | 1 | 152 |
| വ്യാപാരം | 552 | 12 | 564 |
| ഗതാഗതം-വാർത്താവിനിമയം | 276 | 2 | 278 |
| മറ്റു സർവീസുകൾ | 780 | 176 | 956 |
| മാർജിനൽ വർക്കേഴ്സ് | 650 | 340 | 990 |
| തൊഴിലില്ലാത്തവർ | 5555 | 9072 | 14627 |

പഞ്ചായത്ത ിലെ സ്ത്രീകളിൽ ബഹുഭൂരിഭാഗവും തൊഴിൽരഹിതരാണ്. തൊഴിൽ ഉള്ളവരിൽ ഉദ്യോഗസ്ഥർ വളരെ വളരെ കുറവും കാർഷികവൃത്തി, നിർമ്മാണപ്രവർത്തനങ്ങൾ ചെറുകിട കുടിൽ വ്യവസായങ്ങൾ, മൃഗസംരക്ഷണം, വ്യാപാരം തുടങ്ങിയ മേഖലകളിലാണ് സ്ത്രീകൾ ജോലി ചെയ്യുന്നത്. ഒരേ ജോലി ചെയ്യുന്ന സ്ത്രീ പുരുഷാർക്കിടയിൽ കൂലി നിരക്കിൽ ഭീമമായ അന്തരം നിലനിൽക്കുന്നു. പുരുഷന്മാർക്ക് 75 മുതൽ 150 രൂപ വരെ കൂലി ലഭിക്കുമ്പോൾ സ്ത്രീകൾക്ക് 40 മുതൽ 75 രൂപവരെ മാത്രമേ ലഭിക്കുന്നുള്ളു.

അധ്യാപനം, ഖാദി വസ്ത്രനിർമ്മാണം, ഗാർമെൻറ്സ് വ്യവസായം, ജല്ലി (മെറ്റൽ നിർമ്മാണം) എന്നീ മേഖലകളിൽ പുരുഷന്മാരേക്കാൾ സ്ത്രീകൾ മുൻപന്തിയിലാണ്. അധ്യാപനത്തിലും നിർമ്മാണ പ്രവർത്തനങ്ങളിലും സ്ത്രീപങ്കാളിത്തം കൂടിവരുന്നതായി കാണുന്നു.

പൊതു പ്രവർത്തനത്തിൻെറ വിവിധ മേഖലകളിൽ സ്ത്രീപങ്കാവിത്തം കുറഞ്ഞു കാണുന്നു. പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന ബഹുജനസംഘടനാ ഭാരവാഹികളിൽ വനിതാ പ്രാതിനിധ്യം കുറവാണ്.

വനിതകൾക്ക് മാത്രമായി മൂന്ന് തൊഴിൽ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. നരിക്കുനി അങ്ങാടിയിൽ പ്രവർത്തിക്കുന്ന നൂൽനൂൽപ്പ് കേന്ദ്രം ഖാദി ബോർഡിൻെറ കീഴിലാണ്. ത്താം വാർഡിലുള്ള പ്ലാസ്റ്റിക് വർക്സ് കയർ വർക്സ് എന്നില സ്വകാര്യ മേഖലയിലാണ്. സ്ത്രീകൾക്ക് തൊഴിൽ നൽകുന്ന എട്ട് ജല്ലി (മെറ്റൽ) നിർമ്മാണ കേന്ദ്രങ്ങളും ഒരു ഗാർമെൻറ്സ് കേന്ദ്രവുമുണ്ട്. എംബ്രോയിയിറി അടക്കമുള്ള ഒരു തയ്യൽപരിശീലനകേന്ദ്രവും ഈയിടെ തുടങ്ങിയിട്ടുണ്ട്. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, പേപ്പർ കവർ നിർമ്മാണം മുതലായവ വീട്ടിൽവെച്ചു നടത്തുന്ന വനിതകളുമുണ്ട്. ഇത്തരം റ്റപ്പെട്ട പ്രവർത്തനങ്ങളെ സഹകര ണാടിസ്ഥാനത്തിൽ ഏകോപിപ്പിച്ചാൽ ഏറെ ലാഭകരമായി നടത്തിക്കൊണ്ടിപോകാവുന്നതാണ്.

ഇവക്കു പുറമെ പ്രിൻറിംഗ് വർക്സ്, മെറ്റൽ ഇൻഡസ്ട്രിയൽ, നീറ്റുകക്ക നിമ്മാണം, ഓട്ടുപാത്ര നിർമ്മാണം, ഫോട്ടോസ്റ്റാറ്റ്, കോഴി വളർത്തൽ, ആയുർവ്വേദ മരുന്നു നിർമ്മാണം, ക്ലിനിക്കൽ ലബോറട്ടറി എന്നീ രംഗങ്ങളിലെല്ലാം തന്നെ സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. ഏറെ പ്രോത്സാഹനങ്ങളും പരിശീലനവും അർഹിക്കുന്ന തൊഴിലുകൾ ഇക്കൂട്ടത്തിലുണ്ട്. ചെരുപ്പ് നിർമ്മാണംപോലുള്ള തൊഴിലുകളിൽ പരിശീലനം ലഭിച്ചവരായി 44 പേരുണ്ടെന്ന് കാണുന്നു.

മേൽപറഞ്ഞ കാര്യങ്ങളിലേക്ക് വെളിച്ചംവീശുന്ന പട്ടിക 2 ചുവടെ ചേർക്കുന്നു

**പട്ടിക 2**

| ക്രമനമ്പർ | തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം |
|---|---|---|
| 1 | റെഡിമെയ്ഡ്സ് | 19 |
| 2 | പേപ്പർ കവർ നിർമ്മാണം | 3 |
| 3 | പ്രിൻറിംഗ് വർക്സ് | 3 |
| 4 | മെഴുകുതിരി നിർമ്മാണം | 3 |

| | | |
|---|---|---|
| 5 | ഖാദി നൂൽനൂൽപ്പ് കേന്ദ്രം | 34 |
| 6 | ചൂടിപ്പട നിർമ്മാണം | 5 |
| 7 | മെറ്റൽ ഇൻഡസ്ട്രിയൽ | 1 |
| 8 | നീറ്റുകക്ക നിർമ്മാണം | 1 |
| 9 | ഓട്ടുപാത്ര നിർമ്മാണം | 1 |
| 10 | കോഴി വളർത്തൽ | 2 |
| 11 | ജല്ലി (മെറ്റൽ) നിർമ്മാണം | 55 |
| 12 | ആയുർവേദ മരുന്ന് നിർമ്മാണം | 1 |
| 13 | പ്ലാസ്റ്റിക് വർക്സ് | 3 |
| 14 | ഫോട്ടോസ്റ്റാറ്റ് | 3 |
| | **ആകെ** | **134** |

കാലത്തിനൊത്ത ജീവിതരീതി മെനഞ്ഞെടുക്കുന്നതിന് സ്ത്രീകളെ സമൂഹത്തിന്റെ എല്ലാ മുൻനിരയിലേക്ക് കൊണ്ടുവരേണ്ടിയിരിക്കുന്നു. യാഥാസ്ഥിതിക ചിന്താഗതികൾ, അന്ധവിശ്വാസങ്ങൾ-അനാചാരങ്ങൾ ഇവയുടെ കടുംപിടുത്തങ്ങളിൽ നിന്ന് സ്ത്രീകൾ മോചിതരാകാൻ വൈകിയിരിക്കുന്നു! ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തേണ്ടത് പുരുഷന്മാരാണ്. എല്ലാ വിഷയങ്ങളിലും സാമാന്യ ജ്ഞാനമെങ്കിലും സ്ത്രീകൾക്കുണ്ടായിരിക്കണം. അവരിലൂടെ ആവിർഭവിക്കുന്ന ഒരു തലമുറയുടെ ആരോഗ്യകരമായ നിലനില്പിന് ഇത് അത്യന്താപേക്ഷിതമാണ്. സ്ത്രീകളെ ലക്ഷ്യംവെച്ചുകൊണ്ട് ഒരു സാംസ്കാരിക കേന്ദ്രത്തിന് ഇവിടെ പ്രസക്തി ഏറെയാണ്.

**പ്രശ്നങ്ങൾ**

1 നിലവിലുള്ള സാമൂഹിക വ്യവസ്ഥിതിമൂലം പൊതു രംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.

2 കോളേജ് വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്

3 കുടുംബ ഭദ്രതയെ തകർക്കുന്ന മദ്യം പഞ്ചായത്ത് പ്രദേശങ്ങളിൽ ഒരു പ്രശ്നമായി നിലനില്ക്കുന്ന.

4 വനിതകൾ എൺപത് ശതമാനത്തോളം തൊഴിൽ രഹിതരാണ്

5 വനിതകൾക്ക് അവശ്യം ആവശ്യമായ മേഖലകളിൽ ബോധവൽ ക്കരണം നടക്കുന്നില്ല. പല രംഗങ്ങളിലും വഞ്ചിക്കപ്പെടുന്നത് സ്ത്രീകളാണെന്നും കാണാം. ഉപഭോക്തൃ പ്രസ്ഥാനത്തിന് പ്രസക്തി ഏറിവരുന്ന ഇക്കാലത്ത് ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ചുള്ള അജ്ഞത സ്ത്രീകളിൽ കൂടുതലാണ്. ഇതിനും ബോധവൽകരണംകൂടിയേ കഴിയൂ.

6 രാഷ്ട്രീയ പാർട്ടികളിലോ സംഘടനകളിലോ സ്ത്രീകൾ കടന്നുവരുന്നില്ല

7 സ്വന്തമായി വരുമാനമാർഗങ്ങളില്ലാത്ത അവസ്ഥയിൽ ഭൂരിഭാഗം സ്ത്രീകളും പുരുഷന്മാരെ ആശ്രയിച്ച് കഴിയേണ്ടിവരുന്നു.

8 സ്ത്രീകൾക്ക് മാത്രമായി സാംസ്കാരിക കേന്ദ്രങ്ങളോ വായനശാലയോ പഞ്ചായത്തിൽ ഇല്ല

9 അശ്ലീല സിനിമാ പ്രദർശനങ്ങൾ അവയുടെ പോസ്റ്റർ പ്രദർശനം ഇവയെല്ലാം സ്ത്രീത്വത്തെ അപമാനിക്കുന്ന രീതിയിൽ നടന്നുവരുന്നു

10 ഒരേ ജോലി ചെയ്യുന്ന സ്ത്രീപുരഷന്മാർക്കിടയിൽ കൂലിയിൽ ഭീമമായ അന്തരം കാണുന്നു

11 സ്ത്രീധന സമ്പ്രദായം പ്രത്യക്ഷമായും പരോക്ഷമായും സമൂഹത്തിൽ പടർന്നുപിടിച്ചിരിക്കുന്നു. ഇതിൽനിന്നുണ്ടാകുന്ന സ്ത്രീകളുടെ സ്വൈരജീവിതം തകർത്തിരിക്കുന്നു.

**പരിഹാരസാധ്യതകൾ**

1 പഞ്ചായത്തിൽ ഒരു കോളേജ് സ്ഥാപിക്കുക. ദൂരെയുള്ള നഗരത്തിൽ പോയി ഉന്നത വിദ്യാഭ്യാസം നേടുക വനിതകളെ സംബന്ധിച്ചേടത്തോളം ശ്രമകരണ്.

2 സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക

3 ഇന്നത്തെ എല്ലാ സാമൂഹ്യപ്രശ്നങ്ങളിലും സ്ത്രീകളെ മുൻനിരയിലേക്ക് കൊണ്ടുവരാൻ പ്രോത്സാഹജനകമായ ബോധവൽക്കരണ പരിപാടി നടത്തപ്പെടേണ്ടതാണ്

4 രാഷ്ട്രീയപ്രസ്ഥാനങ്ങൾ വനിതാ പങ്കാളിത്തം ഉറപ്പുവരുത്താൻ ആകർഷകമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്

5 പഞ്ചായത്തിൽ വനിതാ സാംസ്കാരിക കേന്ദ്രം-വായനശാല മുതലായവ സ്ഥാപിക്കണം. ഗൃഹാന്തരീക്ഷത്തിൽ അൽപം വിട്ടുനിന്ന് സാമൂഹികസമ്പർക്കത്തിന് ഇതിലൂടെ വനിതകൾക്ക് അവസരം ലഭിക്കുന്നു. പുകച്ചുമരുകൾക്കിടയിൽ തളക്കപ്പെടുന്ന, കുടുംബഭാരം പേറിത്തളരുന്ന സ്ത്രീകൾക്ക് ഇതൊരാശ്വാസകേന്ദ്രം കൂടിയാകട്ടെ.

6 പ്രാദേശിക മഹിളാ സമാജങ്ങൾ രൂപീകരിച്ച് വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്ക് സൗകര്യ സൃഷ്ടിക്കുക

7 അശ്ലീല സിനിമാ പോസ്റ്റർ പ്രദർശനങ്ങൾക്കെതിരെ ശക്തമായ നടപടികളുണ്ടാകുക. ഇതിൽ വനിതകൾ മുന്നിൽ നിന്നുകൊണ്ടുള്ള പ്രക്ഷോപണ പരിപാടികൾ ഉണ്ടാവേണ്ടതാണ്.

8 സ്ത്രീകൾക്കായി ചെറുകിട കുടിൽവ്യവസായ സംരംഭങ്ങൾ ഉണ്ടാവുക. പച്ചക്കറി കൃഷി, കോഴി വളർത്തൽ മുതലായവയിൽ പരിശീലനവും പ്രോത്സാഹനവും നൽകുക

9 ഒരേ ജോലി ചെയ്യുന്ന സ്ത്രീ പുരുഷന്മാർക്ക് ലഭിക്കുന്ന കൂലി നിരക്കിലുള്ള അന്തരം കുറച്ചുകൊണ്ടു വരിക

10 പെൺകുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിയണം. ഉന്നത വിദ്യാഭ്യാസത്തിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും സാമ്പത്തികമുൾപ്പെടെ കൂടുതൽ സഹായങ്ങളും പ്രോത്സാഹനങ്ങളും ഉണ്ടാകണം. നിയമസാധുതയില്ലെന്നിരിക്കെ നേരത്തെയുള്ള വിവാഹം നിരുത്സാഹപ്പെടുത്തുന്നത് ഉന്നതവിദ്യാഭ്യാസം നേടുന്നതിൽ അവർക്ക് സഹായകമായിരിക്കും

11 സ്ത്രീധന സമ്പ്രദായം ഇല്ലാതാകണം. ഇതിൽ സ്ത്രീകൾ തന്നെ ശക്തമായി രംഗത്ത് വരേണ്ടിയിരിക്കുന്നു. കലയും, സാഹിത്യവും, രാഷ്ട്രീയവും ഒക്കെ മാധ്യമമാക്കി അവർക്ക് പ്രവർത്തിക്കാവുന്നതാണ്

സ്ത്രീകളുടെ സാമൂഹികക്ഷേമത്തിന് എന്തൊക്കെ നീക്കങ്ങൾ നടത്തണം എന്ന കാര്യത്തിൽ ആദ്യമായി വേണ്ടത് അവർക്ക് വെല്ലുവിളിയായി ഉയർന്നുവരുന്ന പ്രശ്നങ്ങൾ പഠിക്കുക എന്നതാണ്. പഞ്ചായത്തിലെ മൊത്തം സ്ത്രീകളുടെ ഇടയിൽ ഇക്കാര്യത്തിൽ ഒരു 'സർവ്വെ' ഒഴിച്ചുകൂടാത്തതാണ്.

വനിതകൾക്ക് കൂടുതൽ തൊഴിൽ സാധ്യതയുള്ള രംഗങ്ങൾ ഏതെല്ലാമെന്ന് പഠിച്ചുകൊണ്ടായിരിക്കണം പരിശീലനം നൽകുന്നതും പദ്ധതികൾ തുടങ്ങുന്നതും. പൊതുവെ ചെറുകിട വ്യവസായ രംഗത്തേക്ക് കടന്നുവരാനുള്ള പ്രവണത കാണുന്നുണ്ട്. റെഡിമെയ്ഡ്സ്, ഫോട്ടോസ്റ്റാറ്റ്, പ്രിൻറിംഗ് പ്രസ്സ്, ക്ലിനിക്കൽ ലബോറട്ടറികൾ എന്നിവയിലാണ് എവിടെയും വനിതകൾ കൂടുതൽ പ്രവർത്തിക്കുന്നത്.



# ആരോഗ്യം

വളരെയേറെ പഠനങ്ങൾ ആവശ്യമായ ഒരു ശാസ്ത്ര ശാഖയാണ് ആരോഗ്യശാസ്ത്രം. നിരന്തരമായി ആനന്ദിക്കാനുള്ള ഒരവസ്ഥ തന്നെയാണ് ശരിയായ ആരോഗ്യം. മനസ്സും ശരീരവും ശരിയായ രീതിയിൽ പ്രവർത്തിക്കുമ്പോഴാണ് ആരോഗ്യത്തിന്റെ അടിത്തറ ഒരു വ്യക്തിയിൽ രൂപപ്പെടുന്നത്. 'രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യം' എന്ന ലോകാരോഗ്യ സംഘടനയുടെ ലക്ഷ്യം സാർത്ഥകമാക്കുന്നതിന് നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ കഴിഞ്ഞകാല ആരോഗ്യപരിപാലനവും ഇന്നു നിലവിലുള്ള ആധുനിക ചികിത്സാ സൗകര്യവും. ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കുന്നതിൽ എന്തു മാത്രം പങ്ക് വഹിച്ചു എന്ന് പരിശോധിക്കേണ്ടതുണ്ട്.

1962 വരെ പഞ്ചായത്തിലെ ആരോഗ്യ രംഗം പാരമ്പര്യ വൈദ്യ കുടുംബങ്ങളെയായിരുന്നു ആശ്രയിച്ചിരുന്നത് . ഗതാഗത സൗകര്യം ഏറെ വികസിച്ചിട്ടില്ലാത്ത അക്കാലങ്ങളിൽ ആധുനിക ചികിത്സാ സൗകര്യം ജനങ്ങൾക്ക് അപ്രാപ്യമായിരുന്നു. രോഗശമനത്തിനു വേണ്ടി ചരടു ജപിച്ചു കൊടുക്കു, മന്ത്രം ചെയ്ത് ഊതുക, നേർച്ചകൾ നടത്തുക എന്നീ അനധവിശ്വാസജടിലമായ ചികിത്സാ രീതികളും നിലനിന്നിരുന്നു. ജനങ്ങളിൽ ഭീതി പടർത്തിയ ഇത്തരം ചികിത്സയുടെ സ്ഥായിയായ നിലനില്പിന് ബോധമായ ശ്രമവും നടന്നിരുന്നു. ആധുനികശാസ്ത്രവും ചികിത്സാരീതികളും നിലനില്ക്കുന്ന ഈ കാലഘട്ടത്തിലും പ്രായമായഅവർ ഇത്തരം 'ചികിത്സ' രീതികൾ സ്വീകരിക്കുന്നുണ്ട് എന്നത് ദുഃഖകരമായ ഒരു സത്യമാണ്.

1963-ൽ നരിക്കുനിയിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിച്ചതോടെയാണ് ആധുനിക ചികിത്സാ സമ്പ്രദായം നരിക്കുനി ഗ്രാമത്തിൽ ആരംഭിക്കുന്നത്. നരിക്കുനി പഞ്ചായത്തിന്റെ വികസനത്തിന് ഈ പ്രാഥമിക ആരോഗ്യകേന്ദ്രം വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്. ഈ സ്ഥാപനത്തിന് ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന് ഇവിടെ തന്നെ ഇത് സ്ഥാപിച്ചുകിട്ടുന്നതിനും അശ്രാന്തപരിശ്രമം നടത്തിയ ''കൊട്ടയോട്ട് അമ്മദുംകുട്ടി'' എന്ന വ്യക്തിയേയും നരിക്കുനിയിലെ മറ്റു സാമൂഹ്യ പ്രവർത്തകരേയും ഇത്തരുണത്തിൽ അനുസ്മരിക്കുന്നത് ഉചിതമായിരിക്കും. ഇന്ന് ഒരു ആയുർവേദ ഡിസ്പൻസറിയും ഒരു ഹോമിയോ ഡിസ്പൻസറിയുമടക്കം ഏഴ് സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. ഇവക്കു പുറമെ സ്വകാര്യ ചികിത്സ നടത്തുന്ന മൂന്നം അലോപ്പതി സ്ഥാപനങ്ങളും ഏഴ് ആയുർവേദ സ്ഥാപനങ്ങളുമുണ്ട്. കൂടാതെ 15 ഹോമിയോ ക്ലിനിക്കുകളും സ്വകാര്യ ചികിത്സ നടത്തുന്നുണ്ട്. പതിനഞ്ചോളം പാരമ്പര്യ വൈദ്യന്മാരും ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ആയുർവേദ മരുന്ന് നിർമ്മാണത്തിൽ വാലിയേറി വൈദ്യശാലയും പ്രവർത്തിക്കുന്നു. ഇവക്കെല്ലാം പുറമെ മൂന്ന് മർമ്മ ചികിത്സാലയങ്ങളും നമ്മുടെ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു.

സ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനക്കനുസൃതമായി ജനങ്ങളുടെ ആരോഗ്യ സ്ഥിതിയിൽ ഗുണപരമായ മാറ്റം കാണുന്നില്ല എന്നാണ് സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത്. 1995-96 വർഷത്തിൽ 2415 ജലജന്യരോഗങ്ങളും 631 വായുജന്യരോഗങ്ങളും 13 പ്രാണിജന്യരോഗങ്ങളും 28066 മറ്റു രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. കുഷ്ഠരോഗം ബാധിച്ച് മൂന്ന് പേരും ക്ഷയരോഗം ബാധിച്ച് 12 പേരും ചികിത്സയിൽ കഴിയുന്നവരായിട്ടുണ്ട്. കൂടാതെ രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ രോഗങ്ങൾക്ക് ചികിത്സ തേടിയെത്തുന്ന 800-ഓളം പേരുണ്ട്. നരിക്കുനി പഞ്ചായത്തിലെ ജനനനിരക്ക് 25-ഉം മരണനിരക്ക് 4-ഉം ആകുന്നു. ശരാശരി കുടുംബ വലുപ്പം നാല് മാത്രമാണ്. പഞ്ചായത്തിൽ കിടത്തി ചികിത്സാസൗകര്യമുള്ള ഒരു സക്കാർ ആശുപത്രിയും രണ്ട് സ്വകാര്യ ആശുപത്രികളുമുണ്ട്. കൂടാതെ മൂന്ന് മർമ്മ ചികിത്സാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഗ്രാമസഭയിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കുക വഴി രോഗരഹിതവും ആരോഗ്യപൂർണവുമായ ഒരു ജനതയെ

സൃഷ്ടിക്കാനാവും.

നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൻെറ സ്ഥിതി ഏറെ ശോചനീയമാണ്. നരിക്കുനി പഞ്ചായ്തതിൻെറ പുറത്ത് നിന്നുപോലും ഒട്ടേറെ രോഗികൾ ഈ ആശുപത്രിയിൽ ചികിത്സ തേടിയെത്താറുണ്ട്. രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ഇല്ലാത്തത് രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിന് തടസ്സമാവുന്നുണ്ട്. ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസിലെ താൽപര്യം സ്ഥിതി കൂടുതൽ ശോചനീയമാക്കുന്നു.

ആരോഗ്യ സംരക്ഷണ കാര്യത്തിൽ മരുന്നുകളോളം തന്നെ പ്രാധാന്യം ബോധവൽക്കരണ പ്രവർത്തനത്തിനുമുണ്ട്. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി സ്ഥിതി ചെയ്യുന്ന കുടുംബ ക്ഷേമ ഉപ കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തത് ഇവയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമുണ്ടാക്കുന്നു. ഫീൽഡ് വർർമാരുടെ സേവനം ഭൂരിപക്ഷം ജനങ്ങൾക്കും ലഭിക്കാത്തത് ബോധവൽക്കരണ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. പൊതു ആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും സ്വകാര്യ സ്ഥാപനങ്ങളോടുള്ള താൽപര്യവും സ്ഥിതി കൂടുതൽ ശോചനീയമാക്കുന്നതിന് സഹായിക്കുന്നു. ഇവയെ ബോധപൂർവ്വം ബന്ധപ്പെടുത്തി ആരോഗ്യരംഗത്ത് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാക്കേണ്ടിയിരിക്കുന്നു.

l ഗ്രാമസഭയിൽ ഈ വിഷയത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

ഗ്രാമസഭയിൽ നിന്നുവന്ന നിർദ്ദേശങ്ങൾ

1 നരിക്കുനി ആശുപത്രിക്ക് അടിയന്തിരമായി ചുറ്റുമതിൽ കെട്ടുകയും രാത്രി ഒരു വാച്ച്മാനെ നിയമിക്കുകയും ചെയ്യുക
2 ആവശ്യത്തിനുള്ള സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെ നിയമിക്കുക
3 അത്യാവശ്യമുള്ള മരുന്നുകൾ പൊതുജനങ്ങൾക്ക് നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തുക
4 ആശുപത്രിയിൽ നിലവിലുള്ള എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ലബോറട്ടറി സ്ഥാപിക്കുക
5 ആശുപത്രിയിൽ നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക
6 ആശുപത്രിയിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ സംസ്കരിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക
7 ആശുപത്രി പരിസരത്ത് വർഷകാലത്ത് വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കാൻ പരിസരം മണ്ണിട്ട് ഉയർത്താൻ വേണ്ട നടപടി സ്വീകരിക്കുക
8 ആശുപത്രി ശുചീകരണം തീരെ നടക്കുന്നില്ല. ഇതിനുള്ള ജീവനക്കാരെ ഉടൻ നിയമിക്കുക

ആറാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തമായ ഒരു കെട്ടിടമോ ഫർണിച്ചർ സൗകര്യമോ ഇല്ല. രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഒരു കെട്ടിടം പണിതാൽ ജനങ്ങൾക്ക് വളരെയധികം പ്രയോജനകരമായിരിക്കും. 4, 5, 6 വാർഡുകൾക്കുള്ള കുടുംബക്ഷേമ ഉപകേന്ദ്രം സ്വകാര്യ കെട്ടിടത്തിന് മുകളിലാണ് പ്രവർത്തിക്കുന്നത്. ഗർഭിണികൾക്കും മറ്റും എത്തിച്ചേരാൻ വിഷമമുള്ളതുകൊണ്ട് സൗകര്യപ്രദമായ സ്വന്തം സ്ഥലത്ത് കെട്ടിടം പണിയണം.

ഒന്നാം വാർഡിലെ നിലവിലുള്ള ആയുർവേദ ഡിസംപൻസറി ആശുപത്രിയായി ഉയർത്തുക എന്ന ആവശ്യം ഗ്രാമസഭയിൽ മുഴങ്ങിക്കേട്ടു. അലോപ്പതി സബ് സെൻററിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല. സബ് സെൻററിൽ ഡോക്ടർമാരുടെ സേവനം ഒട്ടുംതന്നെ ലഭിക്കുന്നില്ല. രോഗികൾക്കാവശ്യമായ മരുന്നിൻെറ ലഭ്യത ഉറപ്പുവരുത്തണമെന്ന ആവശ്യം ഗ്രാമസഭയിൽ ഉയർന്നുവന്നു.

**കക്കൂസ്**

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ശുചിത്വം. ഇതിൽ പരിസരശുചിത്വം പാലികകാൻ പ്രഥമമായി വേണ്ടി ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ 3452 വീടുകളിൽ നിലവിൽ കക്കൂസ് ഇല്ല. ഇതിനാൽ വിരശല്യം, വയറിളക്കരോഗങ്ങൾ എന്നിവ കൂടുതൽ കണ്ടുവരുന്നു. 1995-96 വർഷത്തെ കണക്കു പ്രകാരം

പഞ്ചായത്തിൽ 2415 പേർക്ക് ജലജന്യരോഗങ്ങൾ ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. (അടി: ആരോഗ്യ സ്ഥാപന സർവ്വെ)

**പരിസരശുചിത്വം**

വ്യവസായവൽക്കരണംകൊണ്ടുള്ള പരിസരമലിനീകരണം ഇല്ലെങ്കിലും നഗരവൽക്കരണംകൊണ്ടുള്ള പരിസരമലിനീകരണമാണ് ഇന്ന് മുഖ്യമായും നേരിടുന്ന ഗുരുതരമായ പ്രശ്നം. അനുദിനമുള്ള നഗരവൽക്കരണവും ജനസംഖ്യവർദ്ധനവും പ്രശ്നത്തെ കൂടുതൽ സങ്കീർണമാക്കാൻ സാദ്ധ്യതയുണ്ട്. പൊതുവായി ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്തിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുകയും അവരുടെ കൃത്യനിർവഹണം ഉറപ്പുവരുത്തുകയും വേണം.

**പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും**

**നഗരശുചീകരണ പദ്ധതികൾ**

* അങ്ങാടിയിലെ കടകളിൽ നിന്നും റോഡിലേക്ക്ഒഴിവാക്കുന്ന മാലിന്യങ്ങൾ നീക്കം ചെയയ്യ്കയു കുഴികളിൽ നിക്ഷേപിച്ച് കംബോസ്റ്റാക്കി മാറ്റുകയും ചെയ്വുന്നതാണ്.
* ഓടകളിൽ മലിനജലത്തിൻെറ ഒഴുക്ക് സുഗമമാക്കുന്നതിന് ഓടയിലെ തടസ്സങ്ങൾ ഒഴിവാക്കുക. മലിനജലം കെട്ടിനിൽക്കുന്നത് കൊതുക് വളരുന്നതിന് ഇടയാക്കും.
* കൊതുകു നശീകരണത്തിനുള്ള മരുന്നുകൾ ഓടകളിൽ ദിവസവും സ്പ്രേ ചെയ്യുക.
* ടൗൺ പ്രദേശത്ത് പുതുതായി ഹോട്ടലുകൾ ബേക്കറികൾ, അറവുശാലകൾ എന്നിവക്കു ലൈസൻസ് നൽകുമ്പോൾ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് ലൈസൻസ് നൽകുക.
* പഴയ ഹോട്ടൽ, ബേക്കറി, അറവുശാല, എന്നിവയുടെ ലൈസൻസ് കാലവധികഴിഞ്ഞ് പുതുക്കുമ്പോൾ ആരോഗ്യവകുപ്പുമായി ആലോചിച്ച് സാനിറ്ററിനില മെച്ചപ്പെടുത്തിയ ശേഷം ലൈസൻസ് തുടർന്നു നൽകുക.
* അറവുശാലകളിൽ അറവിനു മുമ്പ് മൃഗത്തിൻെറ ആരോഗ്യ നിലവാരം ഉറപ്പുവരത്തുക.
* എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒരു അറവുശാല പഞ്ചായത്തിൽ സ്ഥാപിക്കുകയും ഇവിടെവച്ച് മാത്രം മൃഗങ്ങളുടെ അറവ് ഉറപ്പുവരുത്തുകയും ചെയ്യുക.
* നിലവിലുള്ള അറവുശാലകളുടേയും,കോഴിക്കടകളിലേയും മാംസവശിഷ്ടം അലക്ഷ്യമായി വലിച്ചെറിയുന്നത് പരിസരവാസികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
* ഹോട്ടലുകളുംട പിന്നാമ്പുറങ്ങൾ വൃത്തിഹീനമാണ്. മലിനജലം ഒഴുക്കുന്നതിന് സേഫ്ടി ടാങ്കും ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് വെയ്സ്റ്റ് ബിന്നും സ്ഥാപിക്കേണ്ടതാണ്.
* പഞ്ചായത്തിൽ ഡി.ജി.എസ് ലൈസൻസ് കൊടുക്കുമ്പോൾ ആരോഗ്യവകുപ്പിൻെറ ഉപദേശം സ്വീകരിക്കണ്.

വർഷക്കാലത്തും, വരൾച്ചകാലത്തും, പകർച്ചവ്യാധികൾ പടർന്ന പിടികക്കുക സാധാരണമാണ് .. ഇതിനെതിരെ കിണറുകളിൽ, ക്ലോരിനേഷൻ, ഈച്ചനശികരണം കൊതുകുനശീകരണം എന്നിവ ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്. മുമ്പ്നിർമാർജ്ജനം ചെയ്ത പലരോഗങ്ങളും ഇന്ന് വീണ്ടും പ്രത്യക്ഷപ്പെടാൻ തുടങ്ങിയിരിക്കുന്നു. മാല്യന്യങ്ങൾ അടിഞ്ഞുകൂടുന്നതാണ് ഇതിൻെറ പ്രധാന കാരണ് . ഇത് കമ്പോസ്റ്റ് കുഴികളിൽ നിക്ഷേപിച്ചാൽ ഈച്ചകളും കൊതുകുകളും വളരുന്നതിനെ നല്ലൊരളോളം തടയാൻ കഴിയുന്നതാണ്. വീടുകളെ കേന്ദ്രീകരിച്ചുള്ള പരിസരശുചിത്വം രോഗങ്ങളെ തടയുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗമാണ്. അടുക്കളയിലുള്ള ചപ്പ് ചവറുകൾ നിക്ഷേപിക്കുന്നതിന് കമ്പോസ്റ്റ് കുഴിയുണ്ടാക്കുകയാണെങ്കിൽ പരിസരം ശുചിത്വമുള്ളതാക്കുന്നതിനും അടുക്കളത്തോട്ടത്തിനുള്ള വളവും ഇതിലൂടെ ലഭിക്കും. വീടിൻെറ പരിസരങ്ങളിൽ വെളം കെട്ടി നില്ക്കുന്നത് തടയുക, കൊതുക് നിവാരിണികൾ തളിക്കുക തുടങ്ങിയ മാർഗ്ഗങ്ങൾകൊതുകുവളരാതിരിക്കാൻ സഹായിക്കും.

**പഞ്ചായത്ത് തലത്തിൽ പ്രവർത്തികമാക്കാലുള്ള നിർദ്ദേശങ്ങൾ യോഗകേന്ദ്രം**

* പഞ്ചായത്തിലെ ജനങ്ങളുടെ മാനസീകവും ശാരീരികവുമായ ആരോഗ്യത്തിനുതുകുന്ന ഒരു യോഗപരിശീലനകേന്ദ്രം പഞ്ചായത്തിൻെറ കീഴിൽ സ്ഥാപിക്കുക. ഓരോകുടുംബത്തിനു ഹെൽത്ത് കാർഡ് സംവിധാനം ഏർപ്പെടുത്തുക.

**പൊതുശ്മശാനം**

7-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പൊതുശ്മശാനത്തിലേക്ക് കൃത്യമായ വഴിയില്ല. ഇതുമൂലം ശ്മാശാനം ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. ഇതിലേക്ക് പൊതുവഴി ഉണ്ടാക്കി ശ്മശാനം ഉപയോഗയോഗ്യമാക്കണം.

**വയോജന ആരോഗ്യകേന്ദ്രം**

നിലവിലുള്ള അണുകുടുംബവ്യവസ്ഥയിൽ വൃദ്ധജനങ്ങൾ അനുഭവിക്കക്കുന്ന ഏകാന്തതക്കും മാനസീക പിരുമുറക്കത്തിനും ഒരയവ് നൽകുന്നതിനുവേണ്ടി പഞ്ചായത്തിൽ വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രായമായവരുടെ ശാരീരീരകവും മാനസീകവുമായ പ്രശ്നങ്ങൾ പ്രത്യേകം കകൈാര്യം ചെയ്യാൻ പരിശീലനം നേടിയവരെ ഉപയോഗിച്ച് അവരോട് ആരോഗ്യപരവും മാനസികപരവുമായ ഉയർച്ചക്ക് ആവശ്യമായ പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതാണ്.

**പാരമ്പര്യവൈദ്യമേഖല**

ആധുനിക പരിഷ്കാരം ജീവിതത്തിൻെറ സമസ്ത മേഖലയിലും വ്യാപിക്കാൻ തുടങ്ങിയതോടെ നമുക്കുണ്ടായിരുന്ന പല നാട്ടറിവുകളും അസ്തമിച്ചുകൊണ്ടിരിക്കുകയാണ്. പാരമ്പര്യവൈദ്യന്മാർ തങ്ങവുടെ അറിവകുൾ വാമൊഴിയിലൂടെ അടുത്ത തലമുറക്ക് പകർന്നുകൊടുക്കുന്ന സമ്പ്രദായമായിരുന്നു നിലവിലുണ്ടായിരുന്നത്. പലതായി ചിതറിക്കിടക്കുന്ന ഈ ശാഖയെ ഏകോപിപ്പിക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്. ആയുർവേദരംഗത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഔഷധദൗർഭല്യം പരിഹരിക്കുവാനായി സഹകരണാടിസ്ഥാനത്തിൽ ഔഷധ സസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുകയും 'ഔഷധസസ്യ സൊസൈറ്റികൾ' രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്ത് വാസികളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനെ പുകവലി, മദ്യപാനം എന്നിവ പ്രചാരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രിക്കേണ്ടതാണ്.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണമായി പ്രയോജനപ്പെടുത്തി ആരോഗ്യസ്ഥാപനങ്ങളേയും സന്നദ്ധ സംഘടനകളേയും കൂട്ടിയിണക്കിയാൽ ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിച്ചെടുക്കാൻ കഴിയും. അതിനാവട്ടെ നമ്മുടെ ഇതിനുള്ള പ്രവർത്തനം.

**നരിക്കുനി പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ**

| | |
|---|---|
| കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ | 1 |
| ആയുർവേദ ഡിസ്പൻസറി | 1 |
| ഹോമിയോ ഡിസ്പൻസറി | 1 |
| കുടുംബക്ഷേമ ഉപകേന്ദ്രം | 4 |

**പട്ടിക (ആരോഗ്യം)**

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ നരിക്കുനി | 8 | 26-1-1963 | 60 |
| 2 | ഗവ. ആയുവേദ ഡിസ്പൻസറി പന്നിക്കോട്ടൂർ | 1 | 31-3-77 | 4 |
| 3 | ഗവ. ഹോമിയോ ഡിസ്പൻസറി കാരുകുളങ്ങര | 6 | 31-3-87 | 4 |
| 4 | കുടുംബക്ഷേമ ഉപകേന്ദ്രം മുരിങ്ങോലിത്തോഴ | 10 | - | 1 |
| 5 | കുടുംബക്ഷേമ ഉപകേന്ദ്രം നെടിയനാട് | 4 | - | 1 |
| 6 | കുടുംബക്ഷേമ ഉപകേന്ദ്രം പാലങ്ങാട് | 1 | 1986 | 2 |
| 7 | കുടുംബക്ഷേമ ഉപകേന്ദ്രം നരിക്കുനി | 8 | 26-1-63 | 2 |



# കുടിവെള്ളവും പൊതുജനാരോഗ്യവും

മനുഷ്യൻെറ ആരോഗ്യം നിലനിർത്താൻ അത്യന്താപേക്ഷിതമായ ഒന്നാണ് മലിനമുക്തമായ കുടിവെള്ളം. കുടിവെള്ള സമ്പാദനത്തിന് പഞ്ചായത്തിലെ തൊണ്ണൂറ് ശതമാനം കുടുംബങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. 5083 കുടുംബങ്ങളുള്ള പഞ്ചായാത്തിൽ 3048 കിണറുകളുണ്ട്. 59.96 ശതമാനം വീടുകൾക്കേ കിണറുകളുള്ളൂ. ഇവയിൽ 1157 ഓളം കിണറുകൾ വെള്ളം ഇല്ലാത്തവയാണ്. പഞ്ചായത്തിലെകുടിവെള്ളക്ഷാമബാധിത പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാനുള്ള പദ്ധതികൾ പഞ്ചായത്തിൽ വളരെകുറവാണ്. പഞ്ചായത്തിൻേറതായുള്ള രണ്ട് ശുദ്ധജലവിതരണ പദ്ധതികൾ അവ ഉൾക്കൊള്ളുന്ന പ്രദേശത്തുമാത്രം ഒതുങ്ങി നിൽക്കുന്നു. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി ഏഴ് പൊതു കിണറുകളും എട്ട് പൊതുടാപ്പുകളും ഉണ്ട്. പഞ്ചായത്തിലെ ജനസംഖ്യയുടെ മുക്കാൽ ഭാഗവും ശുദ്ധ ജലക്ഷാമം അനുഭവപ്പെടുന്നു. ശുദ്ധ ജല സ്രോതസ്സുകൾ പട്ടിക- 1 കാണുക.

1995 -96 വർഷത്തിൽ മാത്രം 2415 പേർക്ക് ജലജന്യരോഗങ്ങൾ ബാധിക്കുകയുണ്ടായി. കുടിവെള്ള സമ്പാദനത്തിനായി രണ്ടുകിലോമിറ്റർ ദൂരം സഞ്ചരിക്കേണ്ടവരുന്നവർ പഞ്ചായത്തിലുണ്ട്. വിശേഷാൽ ഗ്രാമസഭാ ചർച്ചകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള കുടിവെള്ള സംബന്ധമായ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും പഞ്ചായത്തിലെ വാർഡുകളിൽ സംയുക്തമായി നടത്താവുന്ന പദ്ധതികളും സൂക്ഷ്മ വിശകലനത്തിനായി ചുവടെ ചേർക്കുന്നു ( കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും, പട്ടിക. 11 കാണുക)

ഒന്നാം വാർഡ്: വാർഡിലെ തോൽപാറ, നാരായണൻ കുന്ന്, കാരക്കുന്ന്, കല്ലാഞ്ഞിമാട്, വേട്ടുവക്കുന്ന്, നെല്ലിക്കുന്ന്, എന്നീ ഭാഗങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം ഏതെങ്കിലും ജല സ്രോതസ്സുകളിൽ നിന്നുള്ള ജലം തോൽപാറഭാഗത്ത് ടാങ്ക് സ്ഥാപിച്ച് അതിലേക്കെത്തിച്ച് വിതരണം നടത്തിയാൽ പരിഹരിക്കപ്പെടുന്നതാണ്.

രണ്ടാംവാർഡ്:- 80 ശതമാനത്തോളം കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ഈ വാർഡിലെ ക്ഷാമബാധിത പ്രദേശങ്ങളായ കാരക്കുന്ന്, വേലരുകുന്ന്, നെല്ലിക്കുന്ന്, നീറ്റേറ മല, കൂളിപ്പൊയിൽ, കാരത്തോട്, കുറുക്കൻ കുന്ന്, ഭാഗങ്ങളിൽ വെള്ളം എത്തിക്കാൻ കാരക്കുന്നിൻെറ മുകളിൽ ടാങ്ക് സ്ഥാപിച്ച് കുണ്ടായിഭാഗത്തു നിന്ന്

വെള്ള് എത്തിച്ച് വിതരണം നടത്തിയാൽ പരിഹരിക്കപ്പെടും. കൂടാതെ ഈ പദ്ധതി മൂലം സമീപ വാർഡുകളിലെ അഞ്ഞൂറോളം കുടുംബങ്ങൾക്കും വെള്ളമെത്തിക്കാൻ കഴിയും.

മൂന്നാം വാർഡ് - മുക്കാലും പാറമല, മുക്കാലും പാറ ഹരിജൻ കോളനി, പറമ്പിൽ പുറായിൽ, തേലമ്പറ്റക്കുന്ന്, വേങ്ങാക്കുന്ന്, ചാലുകണ്ടി തുടങ്ങിയ ഭാഗങ്ങളിലാണ് വാർഡിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്. മുക്കാലും പാറയിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തിയാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്. വേങ്ങാക്കുന്നിൽ ബ്ലോക്ക് നിർമിച്ച പൊതുകിണർ നാമാവശേഷമായിപ്പോയിട്ടുണ്ട്. ഈ കിണറിൻെറ പുനർ നിർമാണം നടത്തിയാൽ ഈ ഭാഗത്തെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടെത്താനാകും.

നാലാം വാർഡ്:- ഒടുപാറ, പെരിക്കോറമല, മുക്കാലും പാറ, മൂത്തേടത്ത് പുറായിൽ, വട്ടിക്കുന്ന്, ഒടുവൻകുന്ന് മല, തോട്ടോളിപ്പുറായിൽ,ഭരണിപാറ, പൊയിൽ ഭാഗം, വെങ്ങിണ്ടോറമല, അംഗൻവാടി ഏരിയ, മുതുവനക്കുന്ന്, പുളിക്കിപ്പാറ, മാട്ടാമ്പാറ, കൊമ്പിളിമ്മൽ, പുതിയോട്ടും കണ്ടി, നല്ലക്കണ്ടി, അരീക്കുഴി ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇതിൽ ഓടുപാറ, ഭരണിപാറ, പെരിക്കോറമല, പൊയിൽ ഭാഗം,ഒടുവൻ കുന്ന്, വട്ടിക്കുന്ന്, മൂത്തേടത്ത് പുറായിൽ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം കോട്ടക്കുളം നന്നാക്കി മുക്കാലും പാറയിൽ ടാങ്ക് സ്ഥാപിച്ച് മൊത്തമായി പരിഹരിക്കാവുന്നതാണ്. വട്ടിക്കുന്ന് ഭാഗത്തുള്ള ജലക്ഷാമം പരിഹരിക്കാൻ കാവുംപൊയിലിലെ കിണർ വീതികൂട്ടി കുറച്ച് താഴ്ത്തിയും മൂത്തേടത്ത് പുറായിൽ ഭാഗത്ത് പഞ്ചായത്തിന് നൽകിയസ്ഥലത്തുള്ള ഇടിഞ്ഞുവീണ കിണർ പുനർനിർമാണം നടത്തിയും പൊയിൽ ഭാഗത്തുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാൻ ആഭാഗത്തുള്ള കിണർ വീതി ആഴം എന്നിവ കൂട്ടി നന്നാക്കിയും, നല്ലക്കണ്ടി ഭാഗത്തുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാൻ ആറാം വാർഡിൻെറ ജലവിതരണ പദ്ധതിയുമായി ബന്ധപ്പെടുത്തിയും മുതുവനക്കുന്ന് ഭാഗത്ത് കുഴൽകിണർ കുഴിക്കാൻ പറ്റിയ സ്ഥലം സർവ്വേ നടത്തി കണ്ടുപിടിച്ച് കുഴൽകിണർ കുഴിക്കുകയും ചെയ്ത് പരിഹാരം കാണാവുന്നതാണ്. ഇല്ലത്ത് ഭാഗത്തുള്ള കുളം നന്നാക്കിയാൽ വെങ്ങിണ്ടോറമല, ഭരണിപാറ, അംഗൻവാടി ഏരിയ എന്നീ ഭാഗങ്ങളിൽ വെള്ളമെത്തിക്കാവുന്നതാണ്. അരീക്കുഴി ഭാഗത്തുള്ള ജലക്ഷാമം പരിഹരിക്കുന്നതിന്ന് ആ ഭാഗത്തുള്ള കിണർ നന്നാക്കുകയും പുതിയോട്ടുംകണ്ടി,.കൊമ്പിളിയമ്മൽ, മാട്ടാംപാറ ഭാഗങ്ങളിലെകുടിവെള്ളക്ഷാമം പരിഹരിക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

അഞ്ചാംവാർഡ്:- തൊണ്ട്യാപ്പാറമല, തച്ചറക്കൽ മല, തലക്കോട്ടുമല, തയ്യുള്ളതിൽ, നൊച്ചിപ്പറമ്പത്ത് പുറായിൽ, എന്നീഭാഗങ്ങളിൽ അനുഭവപ്പെടുന്ന

കുടിവെള്ളക്ഷാമം പരിഹരിക്കാൻതലക്കോട്ട് ഭാഗത്ത് കിണർ നിർമ്മിച്ച് തൊണ്ട്യാപ്പാറ മലയിൽ ടാങ്ക് സ്ഥാപിച്ച് പൈപ്പ്ലൈൻ സംവിധാനം മുഴുവൻ ഭാഗത്തേക്കും നീട്ടുകയും മഞ്ഞളാംപൊയിൽ രണ്ടാം കുന്ന് ചാൽ എന്നീഭാഗങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പാറപ്പിലാവിൽ ഭആഗത്ത് ടാങ്ക് സ്ഥാപിച്ച് വിതരണം നടത്തുകയും ചെയ്താൽ പ്രശ്നം പരിഹരിക്കപ്പെടും. ഈ പദ്ധതിക്ക് അവശ്യമായ സൗകര്യങ്ങൾ ചെയ്തുതരാൻ സ്ഥലവാസികൾ തയ്യാറാണ്.

ആറാം വാർഡ്:- നൂഞ്ഞിക്കുന്നുമല, കരിയാട്ടുചാലിൽ ഭാഗം, പാറക്കൽ പ്രദേശം, വേയാട്ടുമല, പുളിക്കിൽ പാറ, പുതിയോത്ത് എന്നീ ഭാഗങ്ങളിലാണ് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. ഇതു പരിഹരിക്കുവാൻ പ്രാദേശിക ജലസംഭരണികൾ സ്ഥാപിച്ച് വിതരണം നടത്തുകയോ വേയാട്ടുമലയിൽ ടാങ്ക് സ്ഥാപിച്ച് മെത്തത്തിൽ വിതരണം നടത്തുകയോ ചെയ്യേണ്ടതാണ്.

ഏഴാം വാർഡ്:- തുവ്വലക്കുന്ന്, ഓടംപറമ്പത്ത്, ചാലിൽ പുറായിൽ, അരീക്കരക്കണ്ടി. ഒതയോത്ത് മുക്ക് എന്നീ ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ട്. ഇതുപരിഹരിക്കാൻ വാർഡിലെ ഉയർന്ന പ്രദേശത്ത് ടാങ്ക് നിർമിച്ച് ജലവിതരണം നടത്തുകയും അരീക്കരക്കണ്ടി, ഒതയോത്ത് മുക്ക് എന്നീ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻവാരിക്കോട്ട് പാറയിൽ ജലം സംഭരിച്ച് വിതരണം നടത്തുകയും ചെയ്താൽ ഇരുന്നൂറോളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടും. ചാലിൽപ്പുറായിൽ ഭാഗത്തുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാൻ മുണ്ടുപാലത്ത് കിണർ കുഴിച്ച് ചാലിൽപ്പുറായിൽ ടാങ്ക് നിർമിച്ച് ശുദ്ധജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആവശ്യമായ സ്ഥലം സ്വജന്യമായി ലഭിക്കും.

**എട്ടാം വാർഡ്:- ചാലിയേക്കര കുന്ന്, കുടിലാട്ട് മീത്തൽ, കൈപ്പാടൻ ചാലിൽ മല, നെല്ല്യേരി ഭാഗം മുതൽ പയ്യടിമീത്തൽ ഭാഗം വരെ, വരിങ്ങിലോറ മല, ഹരിജൻ കോളനി, ചെമ്പക്കുന്ന് ലക്ഷം വീട് പരിസരം, കാവുങ്ങൽ ഭാഗം , അരീക്കൽ പുറായിൽ, എന്നീ ഭാഗങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്. നെല്ല്യേരി ഭാഗം മുതൽ പയ്യടിമീത്തൽ ഭാഗം വരെയുള്ള പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്ന് മേലേ അരീക്കൽ ഭാഗത്തുള്ള കുളം നന്നാക്കി ജല വിതരണം നടത്തുകയും ചെമ്പക്കുന്ന് ലക്ഷം വീട് ഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നിലവിലുള്ള പൈപ്പ് ലൈൻസംവിധാനം നവീകരിച്ച് ആഭാഗങ്ങളിലേക്ക് കൂട്ടുകയും ചാലിയേക്കര ക്കുന്ന് ഭാഗത്തുള്ള കുടിവെള്ളക്ഷാമം തറോക്കണ്ടി ഭാഗത്തുനിന്ന് വെള്ളം എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയും പരിഹരിക്കാവുന്നതാണ്. നെല്ല്യേരിത്താഴത്തെ കുഴൽകിണറിൽ നിന്നുള്ള ജലം ആവശ്യമായ സംവിധാനങ്ങളോടെ വിതരണം ചെയ്താൽ ആ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹൃതമാവുന്നതാണ്.**

ഒമ്പതാം വാർഡ്:- മാമ്പറ്റക്കുന്ന്, പാറപ്പുറത്ത് മീത്തൽ, അരീക്കൽ മീത്തൽ, കുരുട്ടാച്ചിമ്മൽ, വടേക്കണ്ടി മീത്തൽ, മുണ്ടപ്പുറത്തുചാലിൽ ചപ്പങ്ങാ തോട്ടം എന്നീ ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. മാമ്പറ്റക്കുന്ന് ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കൊന്നാടി ഭാഗത്ത് കിണർ കുഴിച്ച് മാമ്പറ്റക്കുന്നിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തിക്കൊണ്ടും പാറപ്പുറത്തു മീത്തൽ, അരീക്കൽ മീത്തൽ, കുരുട്ടാച്ചിമ്മൽ, വടേക്കണ്ടി മീത്തൽ മുണ്ടപ്പുറത്തു ചാലിൽ എന്നീ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പാവട്ടിക്കുന്ന് ഭാഗത്ത് പണി നടന്നുകൊണ്ടിരിക്കുന്ന ജല വിതരണ പദ്ധതി പൂർത്തിയാക്കി സേവനം ഈ മേഖലകളിലേക്ക് കൂടി വ്യാപിപ്പിച്ചുകൊണ്ടും പരിഹരിക്കാവുന്നതാണ്.

പത്താം വാർഡ്:-

അരുത്താരുകണ്ടി., തെക്കേക്കണ്ടി, തെക്കേപ്പുറായിൽ, അടുക്കമ്മല, മുച്ചിലാടി എന്നീ ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. അരുത്താരുകണ്ടി, തെക്കേക്കണ്ടി, തെക്കേപ്പുറായിൽ ഭാഗങ്ങളലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നെല്ലിക്കുന്ന് ഇറിഗേഷൻ പ്രോജക്ടിലെ ജലം എത്തിച്ച് വിതരണം നടത്തുകയും മുച്ചിലാടി, അടുക്കമ്മല എന്നീ ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഈ ഭാഗത്തെ ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടി ജലം സംഭരിച്ച് വിതരണം നടത്തുകയും ചെയ്താൽ ജലക്ഷാമം പരിഹരിക്കാവുന്നതാണ്. ആവശ്യമായ സ്ഥലം സൗജന്യമായ നൽകാൻ സ്ഥലവാസികൾ തയ്യാറാണ്.

മറ്റു പദ്ധതികൾ:- രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ചുരുക്കം ചില പഞ്ചായത്തുകളിൽഒന്നാണ് നമ്മുടെ ഗ്രാമ പഞ്ചായത്ത്. ആധുനിക ജലവിതരണ സംവിധാനത്തിൻെറ സാധ്യതകൾ പ്രയോഗത്തിൽ വരുത്താൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല എന്നു കാണാം. ഇന്നത്തെ ഈ പ്രതിസന്ധി തരണം ചെയ്യാൻ ഗ്രാമ സഭാ ചർച്ചകളിലെ പരിഹാരമാർഗങ്ങൾക്കു പുറമെ മറ്റു പദ്ധതികളും നടപ്പാക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ:-

1. ഓമശ്ശേരി, മടവൂർ, കിഴക്കോത്ത്, കൊടുവള്ളി എന്നീ പഞ്ചായത്തുകളിൽ സംയുക്തമായി നടത്തുന്ന ജലവിതരണ പദ്ധതികളിൽ നരിക്കുനി ഗ്രാമ പഞ്ചായത്തിനെയും ഉൾപ്പെടുത്തുക.

2. ചേളന്നൂർബ്ലോക്ക് പഞ്ചായത്ത്, കാക്കൂർ പഞ്ചായത്തിലെ മുക്കാലും പാറയിൽ ആരംഭിക്കാൻ പോകുന്ന ജലപദ്ധതിയുമായി സഹകരിച്ചാൽ പഞ്ചായത്തിലെ മൂന്ന് നാല് വാർഡുകളിലെ മുഴുവൻ ജനങ്ങൾക്കും അവരുടെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. ഈ പദ്ധതിക്ക് വിതരണത്തിനാവശ്യമായ വെള്ളത്തിന് നാലാം വാർഡിലെ കോട്ടക്കുളം വികസിപ്പിച്ച് ആവശ്യമായ രീതിയിൽ നന്നാക്കിയാൽ മതി.

3. KWA യുടെ പഞ്ചായത്തിലെ ജലവിതരണം അങ്ങാടിയുടെ പ്രധാന ഭാഗങ്ങളിലും

അങ്ങാടിയിൽ നിന്ന് നാലു ഭാഗങ്ങളിലേക്കുമുള്ള പ്രധാനപ്പെട്ട റോഡുകളുടെ അരികിലും പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിലും വ്യാപിപ്പിക്കുക. നിലവിലുള്ള ടാങ്കിൻെറ സംഭരണ ശേഷി വർധിപ്പിക്കുക.

4. പഞ്ചായത്തിലെ ഒന്ന്, രണ്ട്, വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ വാർഡുകൾക്ക് സംയുക്തമായി ജല വിതരണം നടപ്പാക്കാവുന്നതാണ്. ഇതിന്നാവശ്യമായ ജലസംഭരണി ഈ വാർഡുകളിലെ ഉയർന്ന പ്രദേശമായ തോൽപാറയിൽ സ്ഥാപിച്ച് ജല വിതരണം നടത്തിയാൽ മതിയാകും.

പ്രവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ:-

1. മലിന മുക്തമായ കുടിവെള്ളത്തിൻെറ ആവശ്യകതയെ ക്കുറിച്ച് ജനങ്ങളെ ബോധവൽക്കരണം നടത്തുക.

2. പുരയിടങ്ങളിലും കൃഷിയിടങ്ങളിലും വീഴുന്ന മഴവെള്ളം ഒലിച്ചുപോകാതിരിക്കാനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുക. ഉദാ: ബണ്ടുകൾ നിർമിക്കുക, ചരിവുകളിൽ മഴവെള്ള സംഭരണികൾ നിർമിക്കുക.

3. ഉപയോഗ ശൂന്യമായ കിണറുകൾ, കല്ലുവെട്ടുകുഴികൾ, എന്നിവയിലേയ്ക്ക് മഴവെള്ളം തിരിച്ചുവിട്ട് മണ്ണിൻെറ ജലസംഭരണ ശേഷി വർധിപ്പിക്കുക.

4. പഞ്ചായത്തിലൂടെ ഒഴുകുന്ന തോടുകൾക്ക് ചീർപ്പ് കെട്ടുക.

5. കിണർ കുഴിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.

6. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മേഖലകളിലെ ജനങ്ങളുടെ കൂട്ടായ്മയിലൂടെ പ്രശ്ന പരിഹാരത്തനാവശ്യമായ പദ്ധതികൾനടപ്പാക്കുകയും സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുക.

## കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും പട്ടിക .2

| വാർഡ് പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗങ്ങൾ |
|---|---|
| 1. തോൽപാറ, നാരായണൻകുന്ന്, കാരക്കുന്ന്,<br>കല്ലാഞ്ഞിമാട് കുന്ന്, വേട്ടുവക്കുന്ന്<br>നെല്ലിക്കുന്ന് | ഉയർന്ന പ്രദേശമായ തോൽപാ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തുക. |
| കുണ്ടായി കുണ്ടത്തും കുഴിഭാഗം | പൊതുകിണറുകൾ സ്ഥാപിക്കുക |
| 2.കാരക്കുന്ന്, വേലരുകുന്ന്, നെല്ലിക്കുന്ന്,<br>നീറ്റേറ മല, കൂളിപ്പൊയിൽ, കാരത്തോട്,<br>കുറുക്കൻ കുന്ന്, | കാരക്കുന്ന് ഭാഗത്ത് ടാങ്ക് കെട്ടി ശുദ്ധ ജല വിതരണ പദ്ധതി നടപ്പാക്കുക. |
| 3.മുക്കാലും പാറ, മുക്കാലും പാറ<br>ഹരിജൻ കോളനി, പറമ്പിൽ പുറായിൽ,<br>തേല്പ്പറ്റക്കുന്ന്,<br>വേങ്ങാക്കുന്ന്, ചാലുങ്കണ്ടി | മുക്കാലും പാറയിൽ ടാങ്ക് കെട്ടി ശുദ്ധജല വിതരണം നടത്തുക. |
| വേങ്ങാക്കുന്ന് | ബ്ലോക്ക് വക നിർമിച്ച ഇടിഞ്ഞു നികന്നുപോയ കിണർ പുനർനിർമിക്കുക |
| 4.ഒടുപാറ, ഭരണിപാറ,പെരിക്കോറമല,<br>പൊയിൽഭാഗം, ഒടുവൻകുന്ന്,<br>മൂത്തേടത്ത് പുറായിൽ ഭാഗം<br>നല്ലക്കണ്ടി ഭാഗം. | കോട്ടക്കുളം നന്നാക്കി മുക്കാലും പാറയിൽ ടാങ്ക് സ്ഥാപിച്ച് ശുദ്ധ ജല വിതരണം നടത്തുക.<br>ആറാം വാർഡിന്റെ വാട്ടർ ടാങ്ക് പദ്ധതിയുമായി ബന്ധപ്പെടുത്തുക |
| വെങ്ങിണ്ടോറമല, ഭരണിപാറ<br>അംഗൻവാടി ഏരിയ | ഇല്ലത്തു ഭാഗത്തുള്ള കുളം നന്നാക്കി വെങ്ങിണ്ടോറമലയിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തുക. |
| പൊയിൽ ഭാഗം | പൊയിലിലെ കിണർ നന്നാക്കിയാൽ 20 ഓളം വീടുകൾക്ക് ഉപകരിക്കും. |
| മുതുവനക്കുന്ന്<br>വട്ടിക്കുന്നു മേഖല<br>മൂത്തേടത്ത് പുറായിൽ | കുഴൽ കിണർ<br>കാവും പൊയിലിൽ കിണർ നന്നാക്കുക<br>പഞ്ചായത്തിനു നൽകിയിട്ടുള്ള സ്ഥലത്തെ കിണർ നന്നാക്കുക |
| അരീക്കുഴി ഭാഗം | കിണർ വീതി കൂട്ടുക |
| 5.തൊണ്ട്യാപ്പാറമല, തച്ചറക്കൽ മല,<br>തലക്കോട്ട് മല, തയ്യുള്ളതിൽ,<br>നൊച്ചിപ്പറമ്പത്ത് പുറായിൽ | തലക്കോട്ട് മലയിൽ കിണർ നിർമിക്കുക,<br>തൊണ്ട്യപ്പാറ മലയിൽ ടാങ്ക് സ്ഥാപിച്ച് പൈപ്പ് ലൈൻ സംവിധാനം മുഴുവൻ സ്ഥലത്തേക്കും നീട്ടുക, |

| | |
|---|---|
| മഞ്ഞളാം പൊയിൽ, രണ്ടാംകുന്ന് ചാൽ | പാറപ്പിലാവിൽ ഭാഗത്ത് കിണർ കുഴിക്കുക,രണ്ടാം കുന്നിൽ ടാങ്ക് സ്ഥാപിച്ച് ജല വിതരണം നടത്തുക. |
| 6.നൂഞ്ഞിക്കുന്നുമല, കരിയാട്ടുചാലിൽഭാഗം, പാറക്കൽ പ്രദേശം, വേയാട്ടുമല, പുളിക്കൽ പാറ, പുതിയോത്ത് | പ്രാദേശിക ജല സംഭരണികം സ്ഥാപിച്ച് ജലവിതരണം നടത്തുക<br>അല്ലെങ്കിൽ വേയാട്ടുമലയിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തുക. |
| 7.തുവ്വലക്കുന്ന്, ഓടം പറമ്പത്ത്, ചാലിൽ പുറായിൽ, അരീക്കരക്കണ്ടി, ഒതയോത്ത് മുക്ക് | വാർഡിലെ ഉയർന്ന പ്രദേശത്ത് ടാങ്ക് നിർമിച്ച് ജലവിതരണം നടത്തുക.<br>വാതിക്കോട്ട് പാറയിൽ ജലം സംഭരിച്ച് വിതരണം നടത്തിയാൽ 200- ഓളം കുടുംബക്കാർക്ക് ഉപകാരപ്രദം<br>വെളഞ്ഞം കണ്ടി ഭാഗത്ത് കിണർ കുഴിച്ച് ജലവിതരണം നടത്തുക. |
| ഓടം പറമ്പ് ഭാഗം<br>ചാലിൽ പുറായിൽ | മുണ്ടുപാലത്ത് കിണർകുഴിച്ച് ചാലിൽ പുറായിൽ ടാങ്ക് നിർമിച്ച് ജലവിതരണം നടത്തുക.<br>മേലേ അരീക്കൽ ഭാഗത്തുള്ള കുളം നന്നാക്കി ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടി ജല വിതരണം നടത്തുക. |
| 8..നെല്ല്യേരി ഭാഗം മുതൽ പയ്യടി ഭാഗം വരെ<br>ചെമ്പക്കുന്ന്<br>ചാലിയേക്കരക്കുന്ന് | നിലവിലുള്ള പൈപ്പ് ലൈൻ നവീകരിച്ച് ഈ ഭാഗത്തേക്ക് എത്തിക്കുകതറോക്കണ്ടി ഭാഗത്ത് കിണർ കുഴഇച്ച് ചാലിയേക്കര കുന്നിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണ സംവിധാനം മെച്ച പ്പെടുത്തുക<br>.പ്രാദേശികജലവിതരണ പദ്ധതികളോ വാർഡ്തല പദ്ധതിയോ നടപ്പാക്കുക |
| കൈപ്പാടൻ ചാലിൽമല,<br>കുടിലാട്ട് മീത്തൽ, വരിങ്ങിലോറമല<br>ഹരിജൻ കോളനി, കാവുങ്ങൽ ഭാഗം,<br>അരീക്കൽ പുറായിൽ<br>9.മാമ്പറ്റക്കുന്ന്<br>പാറപ്പുറത്ത് മീത്തൽ, അരീക്കൽ മീത്തൽ<br>കുരുട്ടാച്ചിമ്മൽ, വടേക്കണ്ടി മീത്തൽ<br>മുണ്ടപ്പുറത്തു ചാലിൽ | കൊന്നാടി ഭാഗത്ത് കിണർ കുഴിച്ച് മാമ്പറ്റക്കുന്നിൽ ടാങ്ക് നിർമ്മിച്ചം ജല വിതരണം നടത്തുകപാവട്ടിക്കുന്ന് ഭാഗത്ത് പണി നടന്നുകൊണ്ടിരിക്കുന്ന ജലവിതരണ പദ്ധതി പൂർത്തിയാക്കി സേവനം ഈ മേഖയലിലേക്കു കൂടി വ്യാപിപ്പിക്കുക. |
| 10.അരുത്താരു കണ്ടി തെക്കേക്കണ്ടി<br>തെക്കെപ്പുറായിൽ<br>മുച്ചിലാടി, അടുക്കൻ മല | നെല്ലിക്കുന്ന് ഇറിഗേഷൻ പ്രോജക്ടിലെ ജലം എത്തിക്കുക<br>ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടി ജലം സംഭരിച്ച്, പൈപ്പ് ലൈൻ മുഖേന വിതരണം ചെയ്യുക |

## പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡുതിരിച്ച് സ്ഥിതിവിവര കണക്കും

| വാർഡ് | പൊതുസ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| 1 | ആയുർവേദ ഡിസ്പൻസറി അലോപതി സബ് സെൻറർ 1 | ഇല്ല | വയറിളക്കം ഛർദി | ആവശ്യമുള്ള മരുന്ന് ലഭ്യമല്ല. കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല. സബ് സെൻററിൽ ജലക്ഷാമം അനുഭവപ്പെടുന്നു | ആവശ്യമുള്ള മരുന്നുകൾ ലഭ്യമാക്കുക. സബ് സെൻററിലെ ഉപയോഗശൂന്യമായ കിണർ നന്നാക്കുക ആവശ്യമുള്ള ഫർണിച്ചർ സൗകര്യം ഏർപ്പെടുത്തുക |
| 2 | ഇല്ല | ഇല്ല | വയറിളക്കം ഛർദി ചെങ്കണ്ണ് ബാലക്ഷയം ആസ്മ | ചികിത്സാ സൗകര്യത്തിന് അഞ്ച് കിലോമീറ്ററോളം യാത്ര ചെയ്യേണ്ടിവരുന്നു | പ്രൈമറി ഹെൽത്ത് സെൻററോ ഹോമിയോ ഡിസ്പൻസറിയോ ആയുർവേദ ഡിസ്പൻസറിയോ സ്ഥാപിക്കുക |
| 3 | ഇല്ല | ഇല്ല | വയറിളക്കം ഛർദി ചെങ്കണ്ണ് ബാലക്ഷയം മലേറിയ | അടുത്തുള്ള ആയുർവേദ ഡിസ്പൻസറിയിൽ മരുന്നുകൾ ലഭ്യമല്ല. ആരോഗ്യ ക്ലാസുകൾ നടത്താറില്ല | ആയുർവേദ ഡിസ്പൻസറിയിൽ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക. ആരോഗ്യ ക്ലാസുകളും നടത്തുക. |
| 4 | ഇല്ല | ഇല്ല | വയറിളക്കം ചെങ്കണ്ണ് ബാലക്ഷയം | അടുത്തുള്ള കമ്യൂണിറ്റി ഹെൽത്ത് സെൻററിനെയാണ് രോഗികൾ ആശ്രയിക്കുന്നത് | ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരെ നിയമിക്കുക പരിസരമലിനീകരണം തടയുന്നതിന് ബോധവൽക്കരണം നടത്തുക. പ്രതിരോധ കുത്തിവെപ്പ് നടത്തുക. |
| 5 | ഇല്ല | ഇല്ല | വയറിളക്കം അഞ്ചാംപനി ചെങ്കണ്ണ് | രോഗികൾ ചികിത്സക്ക് നരിക്കുന്നി ഹെൽത്ത് സെൻററിനെ ആശ്രയിക്കുന്നു. തൊട്ടടുത്തുള്ള സബ് സെൻററിൻെറ പ്രയോജനം ലഭിക്കു | കുടുംബക്ഷേമകേന്ദ്രത്തിൻെറ ആരോഗ്യ ക്ലാസുകളും ഗൃഹസന്ദർശനവും ഉറപ്പുവരുത്തുക |

| | | | | | |
|---|---|---|---|---|---|
| | | | | ന്നില്ല. അംഗൻവാടിയിൽ നിന്നും കുത്തിവെപ്പ് നടത്തുന്നു. | |
| 6 | ഹോമിയോ ഡിസ്പൻസറി | ഇല്ല | വയറിളക്കം<br>മഞ്ഞപ്പിത്തം | ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടമില്ല. കുടുംബക്ഷേമ ഉപകേന്ദ്രം സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് രോഗികൾക്ക് അസൗകര്യമുണ്ടാവുന്നു | ഹോമിയോ ഡിസ്പൻസറിക്ക് ആവശ്യമായ കെട്ടിടം പണിയുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക. കുടുംബക്ഷേമ ഉപകേന്ദ്രത്തിന് സ്വന്തമായി കെട്ടിടം പണിയുക |
| 7 | ഇല്ല | മർമ്മ ചികിത്സാലയം | പോഷകാഹാരക്കുറവുമൂലമുള്ള വിളർച്ച | | ബോധവൽക്കരണ പ്രവർത്തനങ്ങളും ആരോഗ്യ ക്ലാസുകളും സംഘടിപ്പിക്കുക. |
| 8 | കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ | രണ്ട് സ്വകാര്യ ആശുപത്രികൾ<br>ഹോമിയോ ക്ലിനിക് | വയറിളക്കം<br>മഞ്ഞപ്പിത്തം<br>ഛർദി<br>ക്ഷയം | കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ ആവശ്യത്തിന് ഡോക്ടർമാരില്ല. അടിസ്ഥാനസൗകര്യക്കുറവ്, ശുചിത്വമില്ലായ്മ | പരിസരം ശുചിയാക്കാനാവശ്യമായ ജോലിക്കാരെ നിയമിക്കുക. ആവശ്യമുള്ള ഡോക്ടർമാരെയും മറ്റു ജീവനക്കാരെയും നിയമിക്കുക. എക്സ്റേ പ്ലാൻറ് സ്ഥാപിക്കുക. |
| 9 | ഇല്ല | ഇല്ല | വയറിളക്കം<br>ചെങ്കണ്ണ്<br>ഛർദി<br>മലേറിയ | ചികിത്സക്ക് നരിക്കുനി ആശുപത്രിയെ ആശ്രയിക്കുന്നു. | 9, 10 വാർഡുകൾക്കായി കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കുക. |
| 10 | കുടുംബക്ഷേമ ഉപകേന്ദ്രം | മർമ്മ ചികിത്സാലയം | വയറിളക്കം<br>പനി<br>ഛർദി | കുടുംബക്ഷേമകേന്ദ്രത്തിൽ സ്ഥിരമായി ജീവനക്കാരുണ്ട് | കുടുംബക്ഷേമ ഉപകേന്ദ്രത്തിന് സ്ഥിരമായ കെട്ടിടം നിർമ്മിക്കണം. രോഗപ്രതിരോധത്തിനുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. |



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

**ഗതാഗതം**

അൻപതു വർഷം മുൻപുള്ള ചരിത്രം പരിശോധിക്കമ്പോാം നരിക്കുനി പഞ്ചായത്ത് ഗതാഗതരംഗത്ത് ദുസ്സഹമായ പ്രശ്നങ്ങാം അനുഭവിച്ച പ്രദേശമായിരുന്നു എന്നു മനസ്സിലാവുന്നു. 1969വരെ ബാഹ്യലോകവുമായി ബന്ധപ്പെടാൻ പാടുപെട്ട ഒരു കുഗ്രാമമായിരുന്നു നമ്മുടേത്. ദുർഗ്ഗമങ്ങളായ പ്രദേശങ്ങാം ഉാംപ്പെടുന്ന ഈ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളെ കൂട്ടിയിണക്കുന്ന സൗകര്യങ്ങളും അക്കാലത്ത് ഇവിടെ ഉണ്ടായിരുന്നില്ല. വർഷങ്ങളോളം പഴക്കമുള്ള നന്മണ്ട-പടനിലം റോഡ് മാത്രമാണ് നരിക്കുനിയിലൂടെ കടന്നുപോയിരുന്നത്. പഞ്ചായത്തിൻെറ വികസനത്തിന്ഈ റോഡ്അക്കാലങ്ങളിൽ കാര്യമായ പങ്കുവഹിച്ചിട്ടില്ല. കോഴിക്കോട് അങ്ങാടിയുമായി ബന്ധപ്പെടാൻ കാക്കൂർ, കക്കോടിമുക്ക്,കൊടുവള്ളി. നന്മണ്ട എന്നിവിടങ്ങളിലെ ബസ് ഗതാഗതത്തെയാണ് ജനങ്ങാം പ്രധാനമായും ആശ്രയിച്ചിരുന്നത്. 1969ൽ നരിക്കുനി അങ്ങാടിയിൽനിന്ന് ബസ് ഗതാഗതം തുടങ്ങുന്നതിനു മുൻപ് തന്നെ സമീപ പ്രദേശങ്ങളായിരുന്ന പുന്നശ്ശേരി.മുർഖൻ കുണ്ട്, പാലങ്ങാട് എന്നീ സ്ഥലങ്ങളിൽ നിന്ന് കേഴിക്കോട്ടേക്ക് ബസ് സർവ്വീസ് ഉണ്ടായിരുന്നു. എന്നാൽ 25 വർഷങ്ങാംക്കു മുൻപ് ഈ രംഗത്ത് കാര്യമായ മാറ്റങ്ങ ാം ഉണ്ടായതായി കാണാവുന്നതാണ്. കോഴിക്കോട് വയനാട് റോഡിൻെറ ദേശസൽക്കരണമാണ് ഇതിനുനിദാനമായിരുന്നത്. ഇതു മൂലം പ്രൈവറ്റ് ബസ്സുകാം ചുരത്തിന് താഴെയുള്ള താമരശ്ശേരിയുമായി ബന്ധപ്പെടാൻ നരിക്കുനി വഴിയുള്ള ഗതാഗതത്തെയാണ് കാര്യമായി ആശ്രയിച്ചത്. ഇതിനെത്തുടർന്ന് വാഹനങ്ങളുടെ വർദ്ധനവ് ക്രമാതീതമായിരുന്നു. ഇത് നരിക്കുനി അങ്ങാടിയുടെ വികസനത്തിന് വിലയേറിയ സംഭാവനവയാണ് നൽകിയത്. കാലപ്പഴക്കം ചെന്ന ചില നടപ്പാതകാം മാത്രമേ ഇവിടെ അവശേഷിക്കുന്നുള്ളൂ. ഇവയും റോഡായി മാറിക്കോണ്ടിരിക്കുകയാണ്.

ഇന്ന് അൻപതിലധികം ബസുകാം, 3 മിനിബസ്സുകാം നരിക്കുനിയുമായി ബന്ധപ്പെടുകയും അന്യപ്രദേശങ്ങളിലേക്ക് കടന്നുപോവുകയും ചെയ്യുന്നു. കൂടാതെ 21 ടാകസി ജീപ്പുകാം 43 ഓട്ടോറിക്ഷകാം, നിരവധി ലോറികാം തുടങ്ങിയ മറ്റു വാഹനങ്ങളും യാത്രക്കും ചരക്ക് കയറ്റിറക്കുമതിക്കും ജനങ്ങളെ സഹായിക്കുന്നു. 1994 ൽ മാത്രമാണ് ഈ പഞ്ചായത്തിൻെറ ആസ്ഥാനമായ നരിക്കുനിയിൽ ഒരു ബസ് സ്റ്റാൻറ് നിലവിൽ വന്നത്. 2833 ച. മീറ്റർ വിസ്തൃതിയുള്ള ബസ് സ്റ്റാൻറിൽ ഇപ്പോാം എട്ടു ബസ്സുകാംക്കേ പാർക്കിംഗ് സൗകര്യ മുള്ളൂ. ഇത് പൂർണ്ണ രൂപത്തിൽ

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകളുടെ വിശദ വിവരങ്ങം
താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

**പട്ടിക - ഒന്ന്**

**പഞ്ചായത്തിലെ ടാർ റോഡുകൾ**

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മി | വീതി മീ. | യാത്രാ സൗകര്യം |
|---|---|---|---|---|---|
| 1 | പടനിലം- നന്മണ്ട | PWD | 4..40 | - | ഉണ്ട് |
| 2 | പൂന്നൂർ - നരിക്കുനി | PWD | 4 | - | ” |
| 3 | കാക്കൂർ - നരിക്കുനി | ” | 1 | - | ” |
| 4 | നരിക്കുനി - കുമാരസ്വാമി | ” | 2.40 | - | ” |
| 5 | പരപ്പൊൻപൊയിൽ - പുന്നശ്ശേരി | ” | 3 | - | ” |
| 6 | മടവൂർ മുക്ക്- നരിക്കുനി | ” | 1.50 | - | ” |
| 7 | പാലത്ത് - പാലോളിത്താഴം | ” | 0.70 | - | ” |
| 8 | നരിക്കുനി - പന്നൂർ | പഞ്ചായത്ത് | 1.65 | 8 | ” |
| 9 | നരിക്കുനി - പാവുപൊയിൽ | ” | 2 | 6 | ” |
| 10 | ചെമ്പക്കുന്ന് - പുല്ലാളൂർ | ” | 1 | 8 | ” |
| 11 | നെല്ല്യേരിത്താഴം - പാലങ്ങാട് റോഡിൽ ഒട്ടുപാറ വരെ | ” | 1.50 | 8 | ” |
| 12 | പാലോളിത്താഴം - നിട്ടോടിത്താഴം | ” | 1.08 | 8 | ” |
| 13 | ഒതയോത്ത്താഴം - പുന്നശ്ശേരി | ” | 0.80 | 8 | ” |

അവലംബം- 1 PWD റോഡ് വിഭാഗം നരിക്കുനി
2 പഞ്ചായത്ത് റോഡ് റജിസ്റ്റർ

ഉപയോഗയോഗ്യമാക്കിയാൽ പതിനാറ് ബസുകൾക്ക് പാർക്ക് ചെയ്യാം.അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിൽ ബസ്സ്റ്റാൻറ് വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. പത്ത്വാർഡുകളിലായി ഏഴ്ബസ്വെയിറ്റിംഗ് സ്റ്റേഷനുകൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. സ്വകാര്യ മേഖലയിൽ ഏഴ് ഓട്ടോ മൊബൈൽ വർക്കു ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. റോഡുവഴിയുള്ള ഗതാഗതമാണ്ജനങ്ങളുടെ ഏക അവലംബം. നിവലിലുള്ള റോഡുകൾ, നടപ്പാതകൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക.2

| നിലവിലുള്ള മെറ്റൽ റോഡുകൾ | ദൂരം. കി. മീ. | വീതി. മീറ്റർ |
|---|---|---|
| വാർഡ്നമ്പർ | | |
| 3. നെല്ല്യേരിത്താഴം - പാലങ്ങാട് റോഡിൽ ഒരുപാറ മുതൽ കൊടോളിത്താഴം വരെ | 0.75 | 6 |
| 5. മുർഖൻ കുണ്ട്- പൂളക്കാപറമ്പ് | 0.40 | 6 |
| 6. കാരുകുളങ്ങര-പന്നൂർ | 0.80 | 6 |

**പട്ടിക-3**

നിലവിലുള്ള മൺ റോഡുകൾ- വാർഡ്തിരിച്ച്

| വാർഡ്നമ്പർ | ദൂരം കി.മീ. | വീതി മീറ്റർ |
|---|---|---|
| 1.പൂളക്കാപറമ്പ്-കാരക്കുന്ന് | 1.50 | 6 |
| 2. കുണ്ടായി - വീര്യമ്പ്രം | 1 | 6 |
| 3.കുണ്ടായി- ഇയ്യാട് | 0.75 | 4 |
| 2. മേലെ പാലങ്ങാട് - ആലിൻ ചുവട് | 0.50 | 4 |
| 3 കൊല്ലരുങ്കണ്ടി-പാലങ്ങാട് | 0.70 | 6 |
| ഒടുപാറഫ-മേലെപാലങ്ങാട് | 1.5 | 4 |
| കൊടോളിത്താഴം-പാലങ്ങാട് | 0.80 | 6 |
| 4 പാലങ്ങാട്-വേങ്ങാക്കുന്ന് | 1.5 | 4 |
| പുളിക്കിൽപാറ-പുതിയേടത്ത് ലക്ഷം വീട് കോളനി | 1.50 | 6 |
| പറശ്ശേരി മുക്ക്ഒ-ഭരണി പാറ | .60 | 4 |
| കൊട്ടയോട്ട്താഴം-ഭരണി പാറ | 1. | 4 |
| മുതുവനക്കുന്ന്-മാട്ടാപ്പാറ | .5 | 4 |
| 5 മൂർഖൻ കുണ്ട്- പൂളക്കാപറമ്പ് | 1.7 | 6 |
| കുണ്ടത്തുംകുഴി- പേടങ്ങച്ചാലിൽ - മുർഖൻ കുണ്ട് | .60 | 4 |
| കുണ്ടത്തും കുഴി-കല്ലാഞ്ഞിമാട്-മൂർഖൻ കുണ്ട് | 0.40 | 4 |
| കുണ്ടത്തും കുഴി-തോപ്പാറ | 1. | 4 |
| വീണപാറ- കുണ്ടത്തും കുഴി. | 2 | 4 |

6. കാരുകുളങ്ങര വർദ്ധനവ് ക്രമാതീതമായിരുന്നു. ത് നരിക്കുനി അങ്ങാടിയുടെ വികസനത്തിന് വിലയേറിയ സംഭാവനവയാണ് നൽകിയത്. കാലപ്പഴക്കം ചെയ്യ ചില നടപ്പാതകൾ മാ- വേയാട്ട മല

7. നരിക്കുനി-പന്നൂർ റോഡിൽ വട്ടപ്പാറ പ്പൊയിൽ-ഒതയോത്ത് മുക്ക് വരെ

അരീക്കൽ താഴം - മണ്ണെങ്ങരതാഴം

ഒതയോത്ത് മുക്ക്-മടവൂർ റോഡ്

8. പുതുക്കോട് താഴ മുതൽ എരഞ്ഞിക്കൽ താഴെ വരെ

വരിങ്ങിലോറ മല ഹരിജൻ കോളനി റോഡ്

വേങ്ങാട്ടൊടി -ഒടുവൻകുന്ന്

പയ്യടി താഴെ-അരീച്ചോല

9. മുണ്ടപ്പുറത്ത് ചാലിൽ-അയനിക്കാട് താഴെ

പന്ന്യം വെള്ളി-മുണ്ടപ്രത്ത് ചാലിൽ

10. പാലോളിത്താഴം-കോട്ടക്കൽ താഴം

അവലംബം-പഞ്ചായത്ത് റോഡ് രജിസ്റ്റർ

നിലവിലുള്ള നടപ്പാതകൾ- എണ്ണം

നടപ്പാതകൾ

നമ്പർ

1.പൂളക്കോട്ടു കുളങ്ങര-പുൽപറമ്പിൽ ഇടവഴി

2. ചെങ്ങോട്ടുപൊയിൽ-കാരക്കുന്നമ്മൽ

3.തറോക്കണ്ടി താഴം-കുഴിക്കാടൻ കണ്ടി

4. പുൽപറമ്പിൽ-മടവൂർ ഇടവഴി

5. കുണ്ടത്തും കുഴി-തിയ്യക്കണ്ടി ഇടവഴി

8.കാരുകുളങ്ങര-കുറ്റ്യാപ്പറമ്പ്

9. വടക്കേണ്ടി - കുറ്റ്യാപറമ്പ്

10. കുണ്ടത്തുംകുഴി- തോൽപാറമ്മൽ

11.പുതിയേടത്ത്- തേലമ്പറ്റ

12 കാവുംപൊയിൽ- നാട്ടാപ്പാറ

13. വീര്യമ്പ്രം- പള്ളിത്താഴം -കാരത്തോട്

14. ഒതയോത്ത് മുക്ക്-കോണ്ടമ്മൽ താഴം

15 ചാലിയേക്കരക്കുന്ന്- ഹരിജൻ കോളനി റോഡ്

16. കാപ്പിൽ താഴം-കാരക്കുന്ന് ഇടവഴി

17. കാരിയാട്ടിചാലിൽ മുക്ക്- കാവുംപൊയിൽ താഴം

18. മുച്ചിലാടി മീത്തൽ ഇടവഴി

19. പുതുശ്ശേരിത്താഴം-പുതിയേടത്ത് ലക്ഷം വീട് കോളനി നടപ്പാത

20 പന്നൂർ- വേയാട്ട് മസ

21 പാലോളി-കോണോട്ട്

അവലംബം-പഞ്ചായത്ത് റോഡ് രജിസ്റ്റർ

നരിക്കുനി ഗ്രാമപഞ്ചായത്തിലെ പലഹരിജൻ കോളനികളിലേക്കും ലക്ഷം വീട് കോളണികളിലേക്കും റോഡ് ഗതാഗതം ഇല്ല. ഇത് എല്ലാവിധത്തിലും കോളണി വാസികളുടെ ജീവിത പ്രശ്നങ്ങൾ വർദ്ധിപ്പിക്കുന്നു. 7-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ശ്മശാനത്തിലേക്ക് റോഡ് ഗതാഗതമില്ലാത്തതിനാൽ ശ്മശാനം ഉപയോഗപ്പെടുത്താൻ അസൗകര്യങ്ങൾ ഉണ്ടാക്കുന്നു. നിലവിലുള്ള മൺറോഡുകളും മെറ്റൽ റോഡുകളും അധികവും ശോചനീയമായ അവസ്ഥയിലാണ്. ഇരുപത്തിയേഴ് കൊല്ല ം പഴക്കമുള്ള ഏഴാം വാർഡിലെ വട്ടപ്പാറ പ്പൊയിൽ - ഒതയോത്ത് മുക്ക് റോഡിന്റെ അവഗണനയ്ക്കെതിരെ ജനങ്ങളുടെ പ്രതിഷേധം ഉയർന്നിട്ടുണ്ട്. ഗ്രാമസഭാ നിർദ്ദേശങ്ങളോടൊപ്പം പഞ്ചായത്തിൽ നിർമ്മിക്കേണ്ടതും പുതുക്കിപ്പണിയേണ്ടതുമായ റോഡുകൾ, വഴികൾ, നടപ്പാതകൾ ഇവയുടെ പട്ടിക ചുവടെ കൊടുക്കുന്നു.

പുതുക്കി പ്പണിയേണ്ട റോഡുകൾ

വാർഡ് നമ്പർ

1. വീണപാറ-പന്നിക്കോട്ടൂർ
പന്നിക്കോട്ടൂർ-മങ്ങാട്
പൂളക്കാപ്പറമ്പ്-കുന്നുമ്മൽ
പൂളക്കാപ്പറമ്പ്-കുണ്ടായി -വീര്യമ്പ്രാ
പൂളക്കാപ്പറമ്പ്-മൂർഖൻ കുണ്ട്
2. കല്ലിൽ താഴം-കുണ്ടായി
പറമ്പിൽ താഴം - വീര്യമ്പ്രാ
3. മേലെപാലങ്ങാട്-ഒടുപാറ
മണ്ടയാട്ട് താഴം-പെരിക്കോറ ഹരിജൻ കോളനി
വേങ്ങാക്കുന്ന് ഹരിജൻ കോളനിറോഡ്
4. ചീനിയിൽ - മുക്കാലും പാറ
മുതുവനക്കുന്ന്- ആറാട്ടുപാര
പിളിക്കിൽ പാറ-പാലാങ്ങാട്
ഭരണിപാറ-പുളിക്കിൽ പാറ
ഭരണിപാറ-പറശ്ശേരി മുക്ക്
5. മുർഖൻകുണ്ട്- കുണ്ടത്തുംകുഴി
കുണ്ടുങ്ങരപ്പാറ-പാറപ്പിലാക്കിൽ
കളത്തിൽപ്പാറ-പുതിയേടത്ത്താഴം
6. പന്നൂർ-കാരുകുളങ്ങര
കാരുകുളങ്ങര-കരിയാട്ടിചലിൽ-മൂർഖൻ കുണ്ട്
അരീക്കൽ താഴം -മണ്ണ ങ്ങരത്താഴം
വട്ടപ്പാറപ്പൊയിൽ-വേയാട്ടുമല-കാരുകുളങ്ങര

7. മണ്ണങ്ങരത്താഴം-അരീക്കൽതാഴം
പുതിയേടത്ത് താഴം-ചെട്ട്യാം കണ്ടിതാഴം
ചാമ്പാട്ട് മുക്ക്-പൊത്തില്ലത്ത് താഴം വഴി മടവൂർ മുക്ക്
തുമ്പലക്കുന്ന്- പുതിയേടത്തിൽ താഴം
8. എരഞ്ഞിയിൽ പുന്നശ്ശേരി റോഡുമായി ബന്ധിക്കുന്ന വരിങ്ങ്ഹിലോറ ഹരിജൻ കോവനി റോഡ്
9. പാലോളിത്താലം-നിട്ടോടിത്താഴം
ചാലിയേക്കര-പറവുപൊയിൽ
മുണ്ടപ്രത്ത് ചാലിൽ-അയനിക്കാട്നാലുപുരക്കൽ താഴം-പൂളക്കോട്ട് താഴം
മാമ്പറ്റക്കുന്ന് ഹരിജൻ കോളനി റോഡ്
പൂളക്കോട് താഴം-നിട്ടോടിത്താഴം
പാവിട്ടിക്കുന്ന്-ഹരിജൻ കോളനി-അയനിക്കാട് മുക്ക്
ചപ്പങ്ങാതേത്താട്ടം-കൊല്ലരുകണ്ടിതാഴം
പുതിതയാതി നിർമ്മിക്കേണ്ട റോഡുകൾ
പട്ടിക-6
റോഡുകൾ
2. കുട്ടമ്പൂർ ഹൈസ്കൂൾ-താണിക്കൽ
മുരിക്കൻ കുന്ന് - നീറ്റോമല
3. ഒട്ടുപാറ-മുക്കാലും പാറ ഹരിജൻ കോളനിറോഡ്
4.കാവുംപൊയിൽ-ആട്ടാംപാറ
കൂവ്വപ്പറ്റ-പുതിയേടത്ത് ലക്ഷം വീട് കോളനി
പറശ്ശേരി-ഭരണിപാറ
കാവംപൊയിൽ-വട്ടിക്കുന്ന്
പൈക്കാട്ട് മുക്ക്-മുക്കാലും പാറഹരിജൻ കോളനി റോഡ്
5.കുണ്ടത്തും കുഴി-മൂർഖൻ കുണ്ട്
വീണപാറ-കുണ്ടത്തും കുഴി
കളത്തിൽ പാറ-പുതിയേടത്ത് താഴം
തിങ്ങാംപെറയിൽ പെരിക്കോറമല
8. ബസ്സ്റ്റാൻറ്-ചാലിയേക്കരക്കുന്ന് ഹരിജൻ കോളനി ഹൈസ്കൂളുമായി ബന്ധപ്പിക്കണം.
പയ്യടിത്താഴം-പാടാലിക്കുഴി വഴി ചാലിയേക്കര താഴം
കിഴക്കേടത്ത് കണ്ടി മലവഴങ്ങ വരിങ്ങിലോറ ഹരിജൻകോളനി
കുളങ്ങിപുറായിൽ ഹരിജൻ കോളണി റോഡ്
പയ്യടിപ്പൊയിൽ- പെങ്ങോട്ടുപൊയിൽ താഴം
മുച്ചിലാടി നട മുതൽ കോട്ടക്കൽ വരെ
10. മുച്ചിലാടി നടമുതൽ കോട്ടക്കൽവരെ
അടുക്കും മല ഭാഗത്തുകൂടി നരിക്കുനി കുമാരസ്വാമി റോഡിൽ നിന്ന് ബസ്സ്റ്റാൻറുമായി ബന്ധിക്കാൻ ലിങ്ക്റോഡ്

മുമ്പിലാടി റോഡിനോട് ബന്ധപ്പെടുത്തുന്ന ചെനങ്ങരപ്പുറായിൽ പുൽപറമ്പിൽ തിയ്യരുതൊടുകയിൽ, താന്നിച്ചോടിൽ വെള്ളച്ചാലിൽ തെക്കേക്കണ്ടി, പാറോപ്പാറ ആലുംച്ച,വട്ടിൽ എന്നീ പോക്കറ്റ് റോഡുകൾ

## നിർമ്മിക്കേണ്ട നടപ്പാതകൾ

**നടപ്പാതകൾ**

2. വീര്യമ്പ്രം-പള്ളിക്കരക്കുന്ന്
തടപ്പറമ്പിൽ-കല്ലിൽ താഴം
കാപ്പിയിൽ പീടിക- കുണ്ടായി സ്കൂൾ
4. പൂതപ്പൊയിൽ മുക്ക് -ഭരണിപാറ
പറശേഅശരി മുക്ക്-പുല്ലാട്ട്പറമ്പ്
കല്ലുംപുറത്ത്-വടക്കേക്കരമീത്തൽ
പറശ്ശേരിമുക്ക്-പൈക്കാട്ട് മീത്തൽ
ഓട്ടുപുക്കപ്പൊയിൽ-കൊട്ടയോട്ട് താഴം
5. തീയ്യക്കണ്ടി-പുതുശ്ശേരി ത്താഴം
കളത്തിൽപ്പാറ-താഴെ മൂർഖൻകുണ്ട്
കാരുകുളങ്ങര-ഓട്ടിലാവിൽ
നൊച്ചിപ്പറമ്പത്ത് താഴം-മൂർഖൻ കുണ്ട്
പൂക്കാട്ട് കുന്ന് താഴം-ഉമിയങ്ങൽ താഴം
6.നെല്ല്യേരിത്താഴം-മുണ്ടുപാലം
കാരുകുളങ്ങര-ചെട്ട്യാം കണ്ടി
കാവുംപൊയിൽ-വടക്കയിൽ താഴം തോട് വരമ്പ്
ഇടക്കണ്ടിത്താഴം-ഇടവഴിത്തോടുവരെ
മുണ്ടുപാലം-എടത്തും പടിക്കൽ
7. പുത്തൻവീട്ടിൽ-പയ്യടിത്താഴം
അമിഞ്ഞാട് താലം-പുല്ലം കണ്ടിത്താലം
തിയ്യക്കണ്ടി ത്താഴം-വിളഞ്ഞം കണ്ടിത്താഴം
പിതിയാടത്തിൽ താഴം-തരിപ്പക്കണ്ടിത്താഴം
കോണ്ങ്ങ്ദരംത്താഴം-ഒതയോത്ത് താഴം
തൂവ്വലക്കുന്ന്-ചാമ്പാട്ടിൽ മുക്കഫ്ല
പുറത്തില്ലത്ത്താഴം-വള്ളു വപ്രചാലിൽ മുക്ക്
8.മരക്കാട്ടിൽ വയൽ-വരിങ്ങലോറമല
മണ്ണാരച്ചാലിൽ പുറായിൽ പയ്യടിപുറായിൽ
9.അരീക്കൽ-പാവിട്ടിക്കുന്ന് മല
കച്ചേരിപ്പറമ്പ്-മാമ്പറഅറ
പാലോളിത്താഴം-മാമ്പറ്റമല
ചെങ്ങോട്ട് പൊയിൽ-കരീപ്പറമ്പത്ത്
മലയിൽ ത്താഴം-പരിക്കാട്ട് മീത്തൽ
ചെങ്ങോട്ട് പൊയിൽ-കാരക്കുന്നുമ്മൽ താഴം
അയനിക്കാട് മുക്ക്
അംഗൻ വാടി-കിഴക്കേലത്ത് താഴം
ഗ്രാമീണ ബാങ്ക്-കൊന്നാടിത്താഴം വഴി അമ്പലമുക്ക്

**നിലവിലുള്ള സ്കീമുകൾ**

പുനൂർ നരിക്കുനി റോഡിൻെറ വീതി 8 മീറ്ററിൽ നിന്ന് 12 മിറ്റർ ആക്കി വർദ്ധിപ്പിക്കാനുള്ള പണി നടന്നുവരുന്നു.
മടവൂർ മുക്ക് നരിക്കുനി റോഡിൻെറ പുനരുദ്ധരണ പ്രവർത്തനം പുരോഗതിയിലാണ്.
നന്മണ്ട -പടനിലം റോഡ് ടാർ ചെയ്ത ഭാഗം വീതി കൂട്ടുന് പ്രവൃത്തി നടന്നുകൊണ്ടിരിര്കുന്നു.
പാലത്ത്-പാലോളിത്താഴം റോഡിൻെറ ടാറിങ്ങിന് ടെൻഡർ

**പ്രശ്നങ്ങൾ**

പഞ്ചായത്തിലെ റോഡുകൾപൊതുവെ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നവയാണ്
റോഡ് മാർഗ്ഗമുള്ള ഗതാഗതം കൂടിയെങ്കിലും ഇതിന് ആനുപാതികമായി രോഡുകൾ വികസിച്ചിട്ടില്ല
പല ഡിപ്പാർട്ടുമെൻറുകളും അവരുടെ ആവശ്യാർത്ഥം റോഡ്കൊത്തിക്കീറുമ്പോൾ അവ പൂർവ്വ സ്ഥിതിയിലാക്കുന്ന സ്ഥിതി വിശേഷമില്ല.
റോഡിലെ വളവുകൾ പലപ്പോഴും അപകടങ്ങൾ ഉണ്ടാക്കാറുണ്ട്.
അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽപോലും റോഡിൻെറ വശങ്ങൾ കെട്ടി സംരക്ഷിക്കാറില്ല. ഇത് റോഡിൻെറ സരക്ഷിതതത്തിന് ഭീഷണിയാണ്.
രോഡിൻെറ വശങ്ങളിൽ സ്വകാര്യവ്യക്തികൾ മരമിറക്കാനും കരിങ്കല്ലിറക്കാനുമായി ഉപയോഗിക്കുന്നതുമൂലം റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നു. •
റോഡിൻെറ വശങ്ങളിൽ സ്ഥിരമായ കെട്ടിടങ്ങൾപണിയമ്പോഴും കെട്ടിടനിയമങ്ങൾ വേണ്ട രൂപത്തിൽ പാലിച്ചു കാണാറില്ല്. ഇത് ഭാവി വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നു.
റോഡുകൾ യഥാ സമയം റിപ്പേയർചെയ്യാത്തതുകൊണ്ട് യാത്ര ദുഷ്കരമാവുന്നു. ഇതുമൂലം സർക്കാറിൻെറ ചെലവ് വർദ്ധിക്കാനും കാരണമാവുന്നു.
ഒന്നാം വാർഡിലെ ബാവട്ടിചാലിൽ, കല്ലാഞ്ഞിമാട്, പന്തൽകുന്ന്, പന്നിക്കോട്ടൂർ, കുണ്ടായി, തോൽപ്പാറ, ഹരിജൻ കോളണി, കുഞ്ഞമ്പുറത്ത്, തച്ചരുകണ്ടി ഭാഗം എന്നിവിടങ്ങളിൽഗതാഗതസൗകര്യം വളരെ കുറവാണ്.
അഞ്ചാംവാർഡിലെ മൂർഖൻ കുണ്ട്- പാലക്കാട് റോഡിൽപ്പെട്ട കളത്തിൽ പാറഭാഗത്തുള്ള പാലം അപകടാവസ്ഥയിലാണ്.ഒൻപതാം വാർഡിലെ കൽക്കുടുമ്പിലുള്ള പാലവും അപകടാവസ്ഥയിലാണ്.

പുതിയറോഡുകൾ നിർമ്മിക്കുമ്പോൾ തോടുകൾ നികത്തുന്നതുമൂലം പരിസ്ഥിതിക്ക് കോട്ടമുണ്ടാക്കുന്നു. ഇതുമൂലം റോഡിൻെറ നിലനിൽപ്പും ഭീഷണിയിലാവുന്നു.

റോഡിൻെറ വശങ്ങളിലും നടവഴികളിലുമുള്ള വഴിയോരകച്ചവടം യാത്രക്കാർക്ക് ഹാനകരമാവുന്നു.

നിർദ്ദേശങ്ങൾ

റോഡുകൾ യഥാസമയം അറ്റ കുറ്റപ്പണി നടത്തുകയും ആവശ്യമുള്ള അകപയർ ചെയ്ത് വീതി വർദ്ധിപ്പിക്കേണ്ടുമാണ്.

റോഡിലെ വളവുകളൾക്കടുത്തു സൂചനാ ബോർഡുകൾസ്ഥാപിച്ച് അപകടം കുറക്കാവുന്നതാണ്.

കെട്ടിട നിർമ്മാണനിയമങ്ങൾ കർശനമായി പാലിക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

സ്വകാര്യവ്യക്തികൾ റോഡ് കേടുവരുത്തുന്നത് തടയാൻ നിയമങ്ങൾ കർശനമാക്കേണ്ടതാണ്. ഇതോടൊപ്പം ബോധവൽക്കരണവും അത്യാവശ്യമാണ്.

പാഴ്വസ്തുക്കൾ റോഡിലേക്ക് വലിച്ചെറിയാതെ ഇവ നിക്ഷേപിക്കാൻ വേണ്ട ഉചിതമായ ഏർപ്പാടുകൾ കച്ചവടക്കാരുട സഹകരണത്തോടെ നടപ്പാക്കേണ്ടതാണ്.

കേടുവന്ന പാലങ്ങൾ പുതുക്കപ്പണിയുക ,വഴിയോരക്കച്ചവടങ്ങൾ നിരാധിക്കു ഇവ ഉടൻ പരിഗണിക്കേണ്ട കാര്യങ്ങളാണ്.

ഓട്ടോ, ടാക്സീ ജീപ്പ്, ഇവ പാർക്ക് ചെയ്യാൻ പ്രത്യേക സ്റ്റാൻറ് തന്നെ ഏർപ്പെടുത്തുക

പുതിയ റേആഡുകൾ മെറ്റലിട്ട് ടാർ ചെയ്യണം.

ബസ് സ്റ്റാഡിൽനിന്ന് സർവ്വീസ് കോ-ഓപ്പ്റേറ്റീവ് ബാങ്കിനടുത്തക്ക് ഒരു ലിങ്ക് റോഡ് പ്രത്യേക പരിഗണനന അർഹിക്കുന്നു.

നരിക്കുനിയിലേക്ക്സർവ്വീസ്നടത്തിയിരുന്നകെ. എസ. ആർ. ടി.സി. ബസ്സുകൾ പുന:സ്ഥാപിക്കണം.

പുറമ്പോക്ക് റോഡിൽ ആനധികൃതകയ്യേറ്റമുണ്ടോ എന്ന്പരിശോധിക്കുകയും സമയബന്ധിതമായി ഇത് പരിഹരിക്കുകയും വേണം.

ഓവുചാലുകളുടെ നിർമ്മാണം ശാസ്ത്രീയമായിരക്കണം.

ബസ്സ്റ്റാൻഡിൽ സമയവിവരപ്പട്ടിക പ്രദർശിപ്പിക്കേണ്ടതാണ്.

ബസ്സ്റ്റാൻറഇൽ തന്നെ പാർക്ക് ചെയ്യാനുള്ള കർശനനടപടികൾ വേണം

റോഡുനിർമ്മാണത്തിനു നീക്കിവെക്കുന്ന തുക പൂർണ്ണമായും യഥാകാലം ഉപയോഗിച്ച് റോഡിൻെറ ഗുണനിലവാരം ഉയർത്തണം.

നരിക്കുനിയിൽ നിന്ന് കാരൂർ ഭാഗത്തേക്ക് ബസ് സർവ്വീസ് പുനരാരംഭിക്കാനുള്ള ഏർപ്പാടുകൾ വേണം.

റേഡ് നിർമ്മാണക്കിനുള്ള സന്നദ്ധ പ്രവർത്തനത്തിന് ഗ്രാമവാസികൾ തയ്യാറാണ്. ഇത് പ്രയോജനപ്പെടുത്താൻ അധികാരികൾ ശ്രദ്ധിക്കണം.



# ഊർജ്ജം

നാരിക്കുനി പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി കടന്നുവരുന്നത് 27.4.1964 ലാണ്. അങ്ങാടിയിലെ ചില കടകളിലും സമീപ പ്രദേശങ്ങളിലുള്ള ചില വീടുകളിലും മാത്രമാണ് അന്ന് വൈദ്യുതി കണക്ഷൻ ലഭിച്ചിരുന്നത്. നീണ്ട 32 വർഷം കഴിഞ്ഞെങ്കിലും പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ഇന്നും വൈദ്യുതി എത്തയിട്ടില്ല. പഞ്ചായത്തിലെ 96-97ലെ കണക്കുകൾ പ്രകാരം 4680 കെട്ടിടങ്ങൾ ഉള്ളതിൽ 1970 കെട്ടിടങ്ങളളൽ മാത്രമെ വൈദ്യുതീതിയിട്ടു്. ശേഷിക്കുന്ന വീടുകളിലും മറ്റു കച്ചവടസ്ഥാപനങ്ങളിലും വെളിച്ചത്തിനു മറ്റ് ആവശ്യങ്ങൾക്കും വേണ്ടി ഇതര ഊർജ്ജത്തെയാണ് ആശ്രയിക്കുന്നത്. പ്രധാനമായും മണ്ണെണ്ണയാണ് സാധാരണക്കാരന്റെ ഇന്ധനമായി ഉപയോഗിക്കുന്നത്. നമ്മുടെ നാടിന്റെ പുരോഗതി അനുദിനം വർദ്ധിക്കുന്നുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ വൈദ്യുതീകരിക്കാത്ത വീടുകൾ 52% ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമായി കാണേണ്ടതാണ്. പഞ്ചായത്തിൽ വൈദ്യുത കണക്ഷനുവേണ്ടി പണം അടച്ച് കണകഷ്ന് കാത്തിരിയ്ക്കുന്നവർ 218 എണ്ണം മാത്രമേ ഉള്ളൂ. എന്നാണ് രേഖകളിലിൽ കാണുന്നത്. വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിന് വൈദ്യുത ബോർഡിന്റെ ഭാഗത്തു വരുന്ന കാലതാമസവും ആവശ്യക്കാരന് വരുന്നഭാരിച്ച സാമ്പത്തിക ബാദ്ധ്യതയും മറ്റുള്ളവരെ വൈദ്യുതകണക്ഷൻ എടുക്കുന്നതിൽ നിന്നും അകറ്റി നിർത്തുന്നു എന്നുകാണാവുന്താണ്. മറ്റു വ്യക്തികളുടെ സ്ഥലത്തു കൂടി ലൈൻ വലിയ്ക്കുന്നതിന് സമ്മതപത്രം കിട്ടാത്തതും ചിലയിടങ്ങളളൽ വൈദ്യുത വൽക്കരണത്തിന് തടസ്സമായി നിൽക്കുന്നു എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

തെരുവു വിളക്കുകളുടെ കാര്യത്തിലുംസ്ഥിതി ഏറെ കുറേ ഇതു തന്നെയാണ്. ആകെ 125 തെരുവു വിളക്കുകളാണ് പഞ്ചായത്തിന്റെ പരിധിയിലുള്ളത് ഇതിൽ 87 എണ്ണംസാധാരണ ബൾബുകളും 33 എണ്ണം ട്യൂബ്ലൈറ്റുകളും 2 എണ്ണം സോഡിം വാപ്പർ ലാമ്പുമാണ്. പഞ്ചായത്തിലെ മൊത്തം റോഡുകളുടേയും പ്രധാന ാടപാതകളുടേയും എണ്ണം പ്രധാനപ്പെട്ട ചില റോഡുകളിൽ പോലും ഇന്നും തെരുവു വിളക്കുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ല. മിക്ക ഗ്രാമ സഭകളിലും തെരുവു വിളക്കുകൾക്ക് വേ?ണ്ടി നീണ്ട പട്ടിക കൾ തന്നെ സമർപ്പിച്ചിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി വിതരണം ചെയ്യുന്ന ട്രാൻസ്ഫോർമറുകളും അ വയുടെ കപ്പാസിറ്റിയും താഴെ പട്ടികയിൽ കൊടുത്തിരിയ്ക്കുന്നു.

| നമ്പർ | പേര് | കപ്പാസിറ്റി |
|---|---|---|
| 1. | നരിക്കുനി 1 | 250 KVA |
| 2. | നരിക്കുനി | 160 KVA |
| 3. | ചാലിയേക്കര താഴം | 100 KVA |
| 4. | ചെങ്ങോട്ടുപൊയിൽ | 100 KVA |
| 5. | എരവന്നൂർ | 160 KVA |
| 6. | കുട്ടമ്പൂർ | 100 KVA |
| 7. | പാലാട് | 100 KVA |
| 8. | കളത്തിൽ പാറ | 100 KVA |
| 9. | ചെമ്പക്കുന്ന് | 100 KVA |

ഈ ട്രാൻസ്ഫോർമറുകളിൽ നിന്നും വലിച്ചിട്ടുള്ള ലൈനുകളുടെ നീളം അനുവദനീയമായതിൽ നിന്നും കൂടുതലാണ്.ആയതുകൊണ്ട് ഉപഭോക്താക്കൾക്ക് കൃത്യമായി വോൾട്ടേജ് കിട്ടുന്നില്ല എന്ന പരാതി മിക്കവാറും എല്ലാ ഗ്രാമസഭകളിൽ നിന്നും വന്നിട്ടുണ്ട്. മേൽപറഞ്ഞ ട്രാൻസ്ഫോർമറുകളിലേയ്ക്ക് ലൈൻ വരുന്നത് 66 കെ. വി. കുക്കാട്ടൂർ സബ്സ്റ്റേഷൻ, 110 കെ. വി. കൊയിലാണ്ടി സബ്സ്റ്റേഷൻ എന്നിവടങ്ങളിൽ നിന്നുമാണ്. ഈ സബ്സ്റ്റേഷനുകൾ നരിക്കുനിയിൽ നിന്നും 16 മുതൽ 22 വരെ കിലോമീറ്റർ അകലത്തിലാണ്. ഈ രണ്ടു സബ്സ്റ്റേഷനുകളിൽ നിന്നും വരുന്ന ലൈനുകൾ ഈ പഞ്ചായത്തിൽ അവസാനിയ്ക്കുന്നു. ഇക്കാരണത്താൽ തന്നെ ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവരുന്നതും നരിക്കുനി പഞ്ചായത്തിലുള്ള ഉപഭോക്താക്കളാണ്.

ഹരിജൻ കോളനികൾ

പഞ്ചായത്തിൽ നിലവിലുള്ള ഹരിജൻ കോളനികൾ

1. കാരക്കുന്ന് ഹരിജൻ കോളനി
2. തോൽപാറ മല ഹരിജൻ കോളനി
3. പെരിക്കോറ മലഹരിജൻ കോളനി
4. മുക്കാലം പാറ ഹരിജൻ കോളനി
5. വേങ്ങാം കുന്ന ഹരിജൻ കോളനി
6.കരിമ്പൻ മൂലഹരിജൻ കോളനി
7. ഒടുവൻ കുന്ന് ഹരിജൻ കോളനി
8. തേലംപറ്റ ലക്ഷം കോളനി
9. ചാലി യേക്കരക്കുന്ന് ഹരിജൻ കോളനി
10. പുതിയേടത്ത് ലക്ഷം വീടു കോളനി
11. മാമ്പറ്റക്കുന്ന ഹരിജൻ കോളനി
12. പാവട്യക്കുന്ന ഹരിജൻ കോളനി
13. വരിങ്ങിലോറ മല ഹരിജൻ കോളനി

ഈ കോളനികളിൽ ഒന്നിലും ഇതുവരെ വൈദ്യുതി എത്തിനോക്കിയിട്ടില്ല. മുഴുവൻ കോളനികളും വൈദ്യുതീകരിക്കണമെന്ന് അതാതു ഗ്രാമസഭകളിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

ഇതുവരെ വൈദ്യുതി എത്താത്ത പ്രദേശങ്ങളായ കുണ്ടായി, കല്ലാത്തിമാട്, ബാവട്ടിച്ചാലിൽ, തിയ്യക്കണ്ടി, കൂളിപ്പൊയിൽ, തൊണ്ൻപാറ, അനന്കോട്ടക്കൽ, പന്തല്കുന്ന്, വേട്ടുവക്കുന്നുമ്മൽ, കാരക്കുന്ന് മല, കുണ്ടായിപള്ളി മുതൽ വീകൃമ്പ്രംവരെ, വേലാണ്ടിത്താഴം മുതൽ കൊട്ടയോട്ടു താഴം

വരെ, തച്ചറക്കൽ മല, കാവുംപൊയിൽ ഇടവലത്ത് താഴം, പാലാടിക്കുഴി ഭാഗം, എരഞ്ഞിക്കൽ ഭാഗം, മേലെ അരീക്കൽ ഭാഗം എന്നിവയാണ്.

ഇപ്പോൾ നരിക്കുനി പഞ്ചായത്തിൽ വൈദ്യുതിമ വിതരണം നടത്തുന്നത് കൊടുവള്ളി, ഉണ്ണികുളം, കക്കോടി, ബാലുശ്ശേരി എന്നീ സെക്ഷൻ ഓഫീസുകൾ വഴിയാണ്. അതിനാൽ ഉപഭോക്താക്കൾ ദൈനംദിനം ഈ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതുണ്ട്. നരിക്കുനി നിന്നും 7 മുതൽ 13 വരെ കിലോമീറ്റർ അകലെയാണ് ഈ ഓഫീസുകൾ പ്രവർത്തിക്കുന്നത്. ഉപഭോക്താക്കളുടെ സൗകര്യത്തിനായി നരിക്കുനി കേന്ദ്രീകരിച്ച് ഒരു വൈദ്യുതി സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് അധികൃതരുമായി ബന്ധപ്പെടേണ്ടതാണ്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല.
2. പ്രധാനപ്പെട്ട പല റോഡുകളിലും തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടില്ല.
3. മിക്കവാറും എല്ലാ ഉപഭോക്താക്കൾക്ക് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്.
4. ഹരിജൻ കോളനികൾ ഒരെണ്ണം പോലും വൈദ്യുതീകരിച്ചിട്ടില്ല.

## സാദ്ധ്യതകൾ

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി താഴെ പറയുന്ന ഭാഗങ്ങളിൽ അടിയന്തിരമായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

1.ഒടുപാറ
2. കാവുംപൊയിൽ
3. കാരുകുളങ്ങര
4. വട്ടപ്പാറ പ്പൊയിൽ
5. നരിക്കുനി പഞ്ചായത്ത് ബസ്സ്റ്റാൻറ് പരിസരം
6. പാലോളിത്താഴം

കൂടാതെ 11 കെ. വി. ലൈൻ ഇടയ്ക്കിടെ തടസപ്പെടുന്നത് കാരണം വൈദ്യുതി മുടങ്ങുന്നത് ഒഴിവാക്കാൻ രാപൊയിൽ 110 കെ. വി. ലൈനിൽ നിന്നും നരിക്കുനി ഭാഗത്ത് ഒരു സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വേണ്ടി ബോർഡ് അ

ധികാരികളുമായി ബന്ധപ്പെടണം.
തെരുവു വിളക്കുകൾ സ്ഥാപിക്കാത്ത താഴെ പറയുന്ന പ്രധാനപ്പെട്ട റോഡുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

1. പന്നിക്കോട്ടൂർ- വീണപാറ റോഡ്
2. കുണ്ടുങ്ങര പാറ-പൂളക്കാപറമ്പ് റോഡ്
3. പറമ്പിൽ താഴം- വീര്യമ്പ്രം റോഡ്
4. നെല്ലേരിത്താഴം-മൂർഖൻകുണ്ട്
5. നരിക്കുനി-മടവൂർമുക്ക് റോഡ്
6. നരിക്കുനി- ചാലിൽതാഴം റോഡ്

എന്നിവിടങ്ങളിൽ അടിയന്തിരമായി തെരുവു വിളക്കുകൾ സ്ഥാപിക്കണം.
പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും പരമ്പരാഗതമാ.I വിറക് അടുപ്പുകളാണ് പാചകത്തിന് ഉപയോഗിച്ചു വരുന്നത്. ഗ്യാസ് കണക്ഷൻ ഉള്ളവർ പരിമിതമായ തോതിലാണ് ഉള്ളത്. വിറകിന് ക്ഷാമം നേരിടുന്നത്കൊണ്ട് മറ്റ് ഊർജ്ജമാർഗ്ഗങ്ങളെ സ്വീകരക്കേണ്ടിവരും. പുക ശല്യമില്ലാത്ത അടുപ്പുകൾ ഇന്ധനം ലാഭിക്കുമെന്ന കാര്യം
പൊതുവെ വീട്ടമ്മമാരെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. ഇതിന് ആവശ്യമായ പ്രചരണപരിപാടികൾ നടത്തണം. സബ്സിഡിയോടുകൂടി ത്തരത്തിൽ അ ടുപ്പുകൾ വ്യാപകമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് അടിസ്ഥാനമാക്കി ഏജൻസികളെ കണ്ടെത്തണം.
ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിന് സ്വകാര്യ ഏജൻസികളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് ഇതുകൂടാതെ വെളിച്ചത്തിനും പാചകത്തിനും സോളാർ വിളക്കുകളേയും സോളാർ അടുപ്പുകളേയും പറ്റി അറിയുന്ന വനിതകൾ ഉൾപ്പെടെയുള്ള സാമൂഹ്യ പ്രവർത്തകരെ കണ്ടെത്തി അനർട്ടിൻെറയും മറ്റും സഹകരണത്തോടെ ഇവ രണ്ടിൻേറയും പ്രചരണത്തിന് വേണ്ടി പ്രവർത്തനം നടത്തണം.
ഇതിൻെറ ആവശ്യകതയെപ്പറ്റി ബോധവൽക്കരണം നടത്തുകയും വേണ്ം. വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനുവേണ്ടി ലൈനുകളിൽ തട്ടുന്ന കൊമ്പുകളും ചില്ലകളും മുറിച്ചുമാറ്റുന്നതിന് വേണ്ടി ബോർഡ് ജീവനക്കാരുമായി സഹകരിക്കുന്നതിനും ബോധവൽക്കരണം ആവശ്യ
മാണ്.
പഞ്ചായത്തിൽ വർദ്ധിവരുന്ന വാഹനങ്ങളുടെ എണ്ണവും അതിന് ആവശ്യമായ ഇന്ധന ലഭ്യതയും കണക്കിലെടുത്ത് പഞ്ചായത്തിൽ ഒരു പെട്രോൾ ബങ്കിന് ഏജൻസി അനുവദിച്ചു കിട്ടുന്നതിന് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്.

മാർക്കറ്റ്

ഏകദേശം 75 വർഷങ്ങൾക്കുമുൻപ് നരിക്കുനി പഞ്ചായത്തിന്റെ സിരാകേന്ദ്രമായ നരിക്കുനി അങ്ങാടിയിൽ പ്രശസ്തമായ ഒരു ആഴ്ചച്ചന്ത നിലനിന്നിരുന്നു. ഗ്രാമീണ വിഭവങ്ങൾ ആഴ്ചയിലൊരിക്കൽ ചന്തയിലെത്തിക്കാനും വിപണനം നടത്താനുമുള്ള മുന്നൊരുക്കങ്ങൾ ഗ്രാമീണരെ സംബന്ധിച്ചിടത്തോളം ഉണർവ്വ് പ്രദാനം ചെയ്യുന്നതായിരുന്നു. നാളികേരം, അടക്ക, കശുവണ്ടി, കുരുമുളക്, വാഴക്കുല, കൊട്ട, വട്ടി, പായചൂടി, .മൺകലം, കാള പശു തുടങ്ങിയവയുടെ വില്പന എല്ലാ ചന്ദ ദിവസങ്ങളിലും കാണാമായിരുന്നു. അക്കാലത്ത് നമ്മുടെ പ്രധാന കാർഷികോൽപ്പന്നമായ കൊപ്ര വിപണനത്തിന് ജനങ്ങൾ ആശ്രയിച്ചത് കോഴിക്കോട് അങ്ങാടിയെ മാത്രമായിരുന്നു. പഴയകാലം മുതൽ ഇവിടെ നിലനിന്നിരുന്ന മത്സ്യമാർക്കറ്റ് ഇന്ന് ഏറെ ശ്രദ്ധാർഹമാണ്. മുൻപ് ചന്തദിവസങ്ങളിൽ മാത്രം നിലനിന്നിരുന്ന മാംസവിണനം ഇപ്പോൾ എല്ലാ ദിവസങ്ങളിലും നടന്നുവരുന്നു. ഗ്രാമവാസികളുടെ ഓർമ്മയിൽ തങ്ങിനിൽക്കുന്ന ആഴ്ച ചന്തയെ നഗര സംസ്കാരം കടന്നാക്രമിച്ചിരിക്കുന്നു.

പണ്ടാ കാലങ്ങളിൽ ചന്തകളിൽ വിപണനം നടത്തിയിരുന്ന മിക്കവാറും വസ്തുക്കൾ ഇന്ന് സാധാരണമാണ്. പണ്ട് കാലങ്ങളിൽ ചന്തകളിൽ വിപണനം നടത്തിയിരുന്ന മിക്കവാറും വസ്തുക്കൾ ഇന്ന് സാധാരണ മാർക്കറ്റിലും ലഭ്യമായത് ചന്തയെ സാരമായി ബാധിച്ചു. മത്സരാധിഷ്ഠിതവും ലാഭാധിഷ്ഠിതവുമായ വിപണന സംസ്കാരം വന്നതോടുകൂടി ചന്ത സ്ഥലങ്ങൾ കോൺക്രീറ്റ് കെട്ടിടങ്ങളായി മാറിക്കഴിഞ്ഞു. ഗ്രാമീണ വിഭവങ്ങൾ വിറ്റഴിക്കാനും കൊള്ള ലാഭമില്ലാതെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനും മാർക്കറ്റുകൾ സഹായകരമാണ് ഇങ്ങനെയുള്ള വിപണനത്തിലൂടെ നഷ്ടപ്പെടുന്ന കൂട്ടായ്മയെ ഊട്ടിയുറപ്പിക്കുവാനും തനതായ ഗ്രാമീണ സംസ്കാരം വളർത്തിയെടുക്കാനും കഴിയും.

നിർദ്ദേശങ്ങൾ

ഗ്രാമീണ ചന്തയ്ക്ക് യുക്തമായ ഒരു സ്ഥലം കണ്ടെത്തേണ്ടതാണ്.

ഗ്രാമീണ വിഭവങ്ങൾ വിപണനം നടത്താനും കരകൗശല വസ്തുക്കൾ പ്രദർശിപ്പിക്കാനുമായി വർഷത്തിലൊരിക്കൽ ഒരു വിപണന മേള പഞ്ചായത്തിൽ നടത്താവുന്നതാണ്. ഇത് ഏതെങ്കിലും ഉത്സത്തോടനുബന്ധിച്ച് നടത്തുന്നതായിരിക്കും ഉചിതം.

മാർക്കറ്റുകൾ കഴിയാവുന്നത്ര സഹകരണ മേഖലയിലാവുന്നത് ഗ്രാമീണർക്ക് ഗുണകരമായിരിക്കും.

മേലെ പാലങ്ങാട്, കാവും പൊയിൽ, പന്നിക്കോട്ടൂർ വൂളക്കാപറമ്പ് എന്നിവിടങ്ങളിൽ പൊതുമാർക്കറ്റ് ഉണ്ടാവേണ്ടതാണ്.



# പാർപ്പിടം
# സാമൂഹ്യക്ഷേമം
# പൊതുവിതരണം

**പാർപ്പിടം:-**

നരിക്കുനി ഗ്രാമപഞ്ചായത്തിലെ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. എന്നിരുന്നാലും പൂർണ്ണപാർപ്പിട സൗകര്യം ആയിട്ടില്ല. ഇടത്തരക്കാർക്കും, പാവപ്പെട്ടവർക്കും വീട് നിർമ്മാണം ഇന്നും ഒരു സ്വപ്നമായി അവശേഷിക്കുന്നു. ഗൾഫ് വരുമാന ത്തിൻെറ സ്വാധീനം കോൺക്രീറ്റ് കെട്ടിട നിർമ്മാണ രംഗത്ത് ഇടക്കാലത്ത്സാരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പ്രത്യേകിച്ചും നരിക്കുനി അങ്ങാടി പരിസരങ്ങളിൽ കൂടുതലും പണിതുകൊണ്ടിരിക്കുന്നത് കച്ചവട സ്ഥാപനങ്ങളാണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 23904 ആണ്. പുരുഷന്മാർ 12766 ഉം സ്ത്രീകൾ 11138. സ്ത്രീകളുടെ എണ്ണം സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്. കൂലിപ്പണിയെടുത്ത് ഉപജീവനം കഴിക്കുന്നവരാണ് പഞ്ചായത്തിൽ ഭൂരിഭാഗവും. അതുകൊണ്ടുതന്നെ ഇടത്തരം വീടുകളാണ് പഞ്ചായത്തിൽ കൂടുതലും. പഞ്ചായത്തിൽ ആകെ 5083 വീടുകൾ ഉണ്ട്. അവയിൽ 491 എണ്ണം കോൺക്രീറ്റ് വീടുകളാണ്. ഓടുമേഞ്ഞ വീടുകൾ 2076 ഓലമേഞ്ഞത് 1621 കുടിലുകൾ 261 അടിസ്ഥാന സൗകര്യമില്ലാതെ കുത്തിമറച്ചുണ്ടാക്കിയ വീടുകൾ 634 എണ്ണം വരും.

ഏകദേശം 500 -ൽ അധികം പേർ സ്വന്തമായി വീടില്ലാത്തവർ ആയി പഞ്ചായത്തി അവശേഷിക്കുന്ന എന്ന വസ്തുത എടുത്തുപറയേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ വീടുകളുടെ പട്ടിക 1

| പഞ്ചായത്ത് | കോൺക്രീറ്റ്ടെറസ് | ഓട് | ഓല | കുടിലുകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| നരിക്കുനി | 491 | 2076 | 1621 | 261 | 634 | 5083 |

ഇതിൽ മൊസൈക്ക്സിമൻറ്തറകളോട്കൂടിയവല 40 ശതമാനവും, പരമ്പരാഗതമായ രീതിയിൽ മണ്ണും ചാണകവും ഉപയോഗിച്ച് മെഴുകിയ തറകളോടുകൂടിയവ 60 ശതമാനവും വരും.

ഗൾഫ് വരുമാനത്തിൻെറ സ്വാധീനവും, ജനങ്ങളുടെ ഉയർന്നതരത്തിലുള്ള ജീവിത നിലവാരവും കാരണം പരമ്പരാഗത വാസ്തുവിദ്യ ഗ്രാമങ്ങളിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. പാശ്ചാത്യ സംസ്കാരത്തിൻെറ അനുകരണങ്ങൾ ഇതിനൊരു കാരണമായി ചൂണ്ടികാണിക്കാം.

നരിക്കുനി പഞ്ചായത്തിൽ പാർപ്പിട സൗകര്യത്തിൻെറ ഭാഗമായി ലൈൻ മുറികളോ, ലോഡ്ജ്ഡുകളോ ഒന്നും തന്നെയില്ല. വിദൂരദേശങ്ങളിൽ നിന്നും ജോലി ആവശ്യാർത്ഥവും മറ്റും എത്തിപ്പെടുന്നവർക്ക് താമസിക്കാൻ വളരെ അധികം പ്രയാസങ്ങരം നേരിടുന്നുണ്ട്. കൂടാതെ അകലങ്ങളിൽ നിന്നും ഇവിടെ വന്ന് ജോലിചെയ്യുന്ന ഉദ്യോഗസ്ഥരും, നിർമ്മാണ തൊഴിലാളികളും, കച്ചവടക്കാരും നാമമാത്രമായ വാടക വീടുകളെ ആശ്രയിച്ചാണ് കഴിഞ്ഞുകൂടുന്നത്.

വാടകവീടുകളോ, സത്രങ്ങളോ ഈ പഞ്ചായത്തിൻെറ ഹൃദയഭാഗമായ നരിക്കുനി അങ്ങാടിയിൽപോലും ലഭ്യമല്ല എന്ന വസ്തുത നഗ്നസത്യമായി നിലനിൽക്കുകയാണ്.

1992- ലെ IRDP സർവ്വെ പ്രപകാരം ദാരിദ്ര്യരേഖക്ക് താഴെ 1489 കുടുഭബങ്ങളുണ്ട്. അതിൽ പട്ടികജാതി പട്ടികവർഗ്ഗമായി 130 കുടുംബങ്ങളും, സാമ്പത്തിക സഹായം ലഭിച്ചവർ 169 ഉം ഇതിൽ പട്ടികജാതിക്കർ 64 കുടുംബങ്ങളുമാണ്.

IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖക്ക് മുകളിലെത്തിയവർ 36 കുടുംബങ്ങളാണ്.

IRDP സർവ്വെ പ്രകാരം നരിക്കുനി പഞ്ചായത്തിൽ വീട്, കക്കൂസ് എന്നിവക്ക് സഹായം ലഭിച്ചവരുടെ പട്ടിക - 2(

| | അനുവദിച്ചത് | പൂർത്തീകരിച്ചവ | അനുവദിച്ച് പൂർത്തിയാക്കാത്തവ | ആവശ്യമുള്ളതിൽ അവശേഷിക്കുന്നവർ |
|---|---|---|---|---|
| വീട് | 78 | 59 | 19 | 176 |
| കക്കൂസ് | 42 | 27 | 15 | 426 |
| ആകെ | 120 | 86 | 34 | 602 |

അർഹരായവരിൽ തന്നെ വളരെ ചെറിയ ഒരു വിഭാഗം കുടുംബങ്ങരംക്കുമാത്രമേ ദാരിദ്ര്യ നിർമാർജന പദ്ധതികളുടെ സഹായം ലഭിക്കുന്നുള്ളൂ എന്ന് കണക്കുകരം വ്യക്തമാക്കുന്നു.നരിക്കുനി പഞ്ചായത്തിൽ ഭവന നിർമ്മാണ രംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ള പട്ടികജാതിയിൽപെട്ടതും മറ്റുദുർബല വിഭാഗങ്ങളിൽ പെട്ടവർക്കും JRY, MWS, IAY എന്നീ പദ്ധികളുടെ സഹായം ലഭ്യമായിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി പ്രസ്തുത പദ്ധതികളിലൂടെ സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം 114 ആണ്. അവയുടെ തരംതിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക .3

പദ്ധതികളുടെ പേരു വിവരങ്ങരം

| വർഷം | IAY | MWS | JRY | ആകെ |
|---|---|---|---|---|
| 1992 1993 | 4 | 5 | 9 | 18 |
| 1993 1994 | | 6 | 28 | 34 |
| 1994 1995 | 2 | 2 | 19 | 23 |
| 1995 1996 | 16 | 8 | 15 | 39 |
| ആകെ | 22 | 21 | 71 | 114 |

നമ്മുടെ പഞ്ചായത്തിൽ ആകെ 19 കോളനികൾ ഉണ്ട്. ഇതിൽ 13 എണ്ണം അംഗീകാരം ലഭിച്ചവയാണ്. അംഗീകാരം ലഭിക്കാത്തവയിൽ രണ്ടെണ്ണം ലക്ഷം വീട് കോളനികളാണ്.

IV

| നമ്പർ | വാർഡ് | അംഗീകൃത കോളനികളുടെ പേര് | ആകെ |
|---|---|---|---|
| 1. | VIII | ചാലിയേക്കര കുന്ന് | |
| 2. | VIII | ചെമ്പക്കുന്ന് ലക്ഷം വീട് കോളനി | |
| 3. | VIII | കുളങ്ങര പൊയിൽ കോളനി | |
| 4. | VIII | വരിങ്ങിലോറമല കോളനി | 4 |
| 5. | I | കാരക്കുന്ന് ലക്ഷം വീട് കോളനി | 2 |
| 6. | I | തോൽപ്പാറമല കോളനി | |
| 7. | II | കാരക്കുന്ന് ഹരിജൻ കോളനി | 1 |
| 8. | III IV | പെരിക്കോറമല കോളനി | |
| 9. | III | വേങ്ങാക്കുന്ന് കോളനി | 3 |
| 10. | III | കരിമ്പിൻ മൂല കോളനി | |
| 11. | IX | മാമ്പറ്റക്കുന്ന് കോളനി | 2 |
| 12. | IX | പാവട്ടിക്കുന്ന് കോളനി | |
| 13. | III | മുക്കാലം പാറ കോളനി | 1 |

**പഞ്ചായത്തിലെ അംഗീകാരം ലഭിക്കാത്ത കോളനികൾ**

| | | |
|---|---|---|
| 1. | തേലമ്പറ്റ ലക്ഷം വീട് കോളനി | 1 |
| 2. | പുതിയേടചത്ത് ലക്ഷം വീട് കോളനി | 2 |
| 3. | ഒടുവം കുന്ന് കോളനി | |
| 4. | തൊണ്ട്യാപ്പാറ കോളനി | 1 |
| 5. | മുച്ചിലാടി മീത്തൽ കോളനി | |
| 6. | പാറോപ്പാറ ഹരിജൻകോളനി | 2 |

മേൽപറഞ്ഞ കോളനികളിലെ ജനങ്ങൾ അടിസ്ഥാന സൗകര്യങ്ങളുടെ അ പര്യാപ്തമൂലം ക്ലേശം അനുഭവിക്കുന്നവരാണ്. കുടിവെള്ളം, ഗതാഗതം, വൈദ്യുതി എന്നിവ മിക്കകോളനികളിലും എത്തിടിയ്യില്ല. മാത്രമല്ല ഈ കോളനി നിവാസികളിൽ തൊണ്ണൂറ് ശതമാനത്തോളം പേർ പട്ടികജാതിക്കാരുമാണ്.

പഞ്ചായത്തിലെ 5083 വീടുകളിൽ 1631 കുടുംബങ്ങൾക്ക് മാത്രമാണ് സ്ഥിരമായ കക്കൂസ് സൗകര്യമുള്ളത്. അവയിൽ സെപ്റ്റിക് ടാങ്ക് ഉള്ളത് 1141 ഉം ഇ. എസ്. പി കക്കൂസ് ഉള്ളവർ 490 കുടുംബങ്ങളും വരും. കക്കൂസ് ഇല്ലാത്തവരായി ഈ പഞ്ചായത്തിൽ 3452 ഓളം കുടുംബങ്ങൾ അവശേഷിക്കുന്നു.

ഏകദേശം 68 ശതമാനത്തോളം കുടുംബങ്ങൾക്ക് ഈ പഞ്ചായത്തിൽ സ്ഥിരമായി കക്കൂസ് ഇല്ലാത്തവരാണ്.

ഈ പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ നിലവിൽ വന്നിട്ടില്ല. എന്നാൽ നരിക്കുനി പഞ്ചായത്തിൻെറ പരിധിയിൽപെടുന്ന ജനങ്ങൾ ഭവനനിർമ്മാണത്തിനുള്ള സഹായത്തിന് നന്മണ്ട പഞ്ചായത്തിലെ നന്മണ്ട റൂറൽ ഹൗസിംഗ് സൊസൈറ്റയേയും, താമരശ്ശേരി കാർഷിക വികസന ബാങ്കിനേയുമാണ് ആശ്രയിക്കുന്നത്.
കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി നരിക്കുനി പഞ്ചായത്തിപ്പെട്ട 5 ഓളം പേർക്ക് മാത്രമാണ് പ്രസ്തുത സ്ഥാപനങ്ങൾ വായ്പ അനുവദിച്ചുട്ടുള്ളത്. കെ. ഡി. സി. ബാങ്ക്, എൽ.ഐ. സി. കാൻഫിൻ ഹോംസ് തുടങ്ങിയ സ്ഥാപനങ്ങളും ഈ രംഗത്ത് നാമമാത്രമായ വായ്പകൾ നൽകുന്നുണ്ട്.

**ഭവന നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ:**

1. സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടുകളുടെ എണ്ണം വളരെ കുറവാണ്.
2. പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ ഒന്നും തന്നെ രൂപീകൃതമായിട്ടില്ല.സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും, അമിതമായ പലിശ നിരക്കും കാരണം സാധാരണക്കാരന് വായ്പ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുനന്നു.
4. കെട്ടിട നിർമ്മാണത്തിനുള്ള കരിങ്കല്ല്, വെട്ടുകല്ല് എന്നിവ പഞ്ചായത്തിൽ ഇപ്പോഴും ലഭ്യമാണെങ്കിലും വിലയിലുള്ള കുതിച്ചു കയറ്റവ ും തൊഴിലാളികളുടെ അഭാവവും സാധാരണക്കാരനായ ഭവന നിർമ്മാതാവിന് താങ്ങാൻ കഴിയുന്നതല്ല. മാത്രമല്ല കരിങ്കല്ല്, വെട്ടുകല്ല് തുടങ്ങിയ അസംസ്കൃത സാധനങ്ങൾ കുറഞ്ഞ് വരികയും ചെയ്യുന്നു. ഭവന നിർമ്മാണത്തിനാവശ്യമായ മരത്തിൻെറ ദൗർല്ലഭ്യവും ഉള്ളവയുടെ തന്നെ താങ്ങാനാവാത്ത വിലയും നിർമ്മാതാവിനെ അലട്ടുന്ന പ്രശ്നമാണ്.
5. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ ഇല്ലാത്തതുമൂലം സ്വന്തമായി ഭൂമി ഉള്ളവർക്ക് പോലും ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതിന് പ്രയാസങ്ങൾ നേരിടുന്നുണ്ട്. നിർമ്മാണ തൊഴിലാളികളെ ലഭ്യമാണെങ്കിലും വിദഗ്ദതൊഴിലാളികളെ കിട്ടുന്നതിന് ഈ മേഖലയിൽ ബുദ്ധിമുട്ട് ഉണ്ട്.
6. നിർമ്മാണ തൊഴിലാളികൾക്ക് കർഷകതൊഴിലാളികളെക്കാൾ കൂലി കൂടുതലാണ്. പുരുഷ തൊഴിലാളികൾക്ക് 100 രൂപ മുതൽ 125 വരെയും, സ്ത്രീതൊഴിലാളികൾക്ക് 70 മുതൽ 100 രൂപ വരെയും കൂലി ലഭിക്കുന്നുണ്ട്. പട്ടിക ( നോക്കുക)
7. കെട്ടിട നിർമ്മാണത്തിനാവശ്യമായ സിമൻറ്, കമ്പി തുടങ്ങിയ സാധനങ്ങളുടെ വില വർദ്ധനവും സാധാരണക്കാരനെ വലയ്ക്കുന്നുണ്ട്.
8. വിപണിയിലെ വിലക്കയറ്റം മൂലം, ഭവന നിർമ്മാണ ഏജൻസികൾ നൽകുന്ന വായ്പകൾ സാധാരണക്കാരന് തികയാതെ വരുന്നുണ്ട്.
9. നിർമ്മാണ തൊഴിൽ മേഖലയിൽ സ്ത്രീ തൊഴിലാളികളുടെ കുറവ് അ നുഭവപ്പെടുന്നു.

10. സ്ഥിരവരുമാനമില്ലാത്തവർക്കും, കുറഞ്ഞ ഭൂമിയുള്ളവർക്കും ഭവന നിർമ്മാണ വായ്പ ലഭിക്കുന്നില്ല.

11). സർക്കാരിൻെറ പല ഭവന നിർമ്മാണ വായ്പ കൾക്ക് അപേക്ഷ നൽകിയവർക്ക് യഥാസമയം വായ്പ ലഭിക്കുന്നില്ല.

കാലാവധിക്കുള്ളിൽ വായ്പകൾ തിരിച്ചടച്ചവർക്ക് പണയാധാരവും, മറ്റും തിരിച്ചുകിട്ടു
ന്നതിന് കാലവിളംബം നേരിടുന്നുണ്ട്.

12) കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ പൊതുവഴിയിൽ നിന്നും 3 മീറ്റർ വിടണമെന്ന നിബന്ധന ചെറുകിടക്കാരന് വീട് നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്.

13) ഇടത്തരക്കാർക്ക് ചുരുങ്ങിയ പലിശ നിരക്കിൽ വായ്പ ലഭിക്കാത്തതുമൂലം ഭവന നിർമ്മാണം അസാധമായി തീരുന്നു.

14) ചെറുകിടക്കാർക്ക് പട്ടയം ലഭിക്കാത്തതുകൊണ്ട് വായ്പ ലഭിക്കുന്നില്ല.

15) കോളനികളിൽ ഗതാഗത സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഭവന നിർമ്മാണത്തിന് പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്.

16) കെട്ടിട നിർമ്മാണ നിയമങ്ങളിലുള്ള സാങ്കേതികത്വം കെട്ടിട നമ്പർ ലഭിക്കുന്നതിനും കാലതാമസം നേരിടുന്നുണ്ട്.

17) രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി, .. എന്നീ ബ്ലോക്ക് വഴി നൽകുന്ന ഭവന നിർമ്മാണ വായ്പകളുടെ പരിധി നിർമ്മാണത്തിന് അപര്യാപ്തവും , അവ ലഭിക്കുന്നതിനുള്ള സാങ്കേതികവും, സാമ്പത്തികവുമായ ബുദ്ധമുട്ടുകൾ അർഹരായ ഗുണഭോക്താക്കളെ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ നിന്നും അകറ്റി നിർത്തുന്നുണ്ട്.

18. ഒരു വീട്ടിൽ തന്നെ ഒന്നിലധികം കുടുംബങ്ങൾ താമസിക്കേണ്ടി വരുന്നതുകൊണ്ട് വരുമാന പരിധി അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കാതെ പോവുന്നുണ്ട്.

19. ഭൂമിയുടെ വിലക്കയറ്റം രജിസ്ട്രാർ ആപ്പീസിലെ അമിതമായ ഫീസും കാരണം വീടുവെയ്ക്കാനുള്ള സ്ഥലം വാങ്ങുന്നതിന് സാധാരണക്കാരന് കഴിയുന്നില്ല.

20. ഭവന നിർമ്മാണത്തിന് സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങത്തിലെ ജനപ്രതിനിധികൾക്ക് ലഭിക്കാത്തതുമൂലം വീടിന് നമ്പർ കിട്ടുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

21. കുന്നിൻ പ്രദേശങ്ങളിൽ വീട് നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ എത്തിക്കുന്നതിന് ഗതാഗത സൗകര്യങ്ങൾ ഇല്ലാത്തതുമൂലം വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ട്.

22. പാർപ്പിട പ്രശ്നം രൂക്ഷമായതിനാലും, വെള്ളം, വഴി എന്നിവയുടെ സൗകര്യം കണക്കിലെടുത്തും പാടം നികത്തി കെട്ടിട നിർമ്മാണം നടത്തി വരുന്നു.

23. വലിയ വീടുകളുടെ നിർമ്മാണം മൂലം ജനങ്ങൾ തങ്ങളുടെ വിഭവശേഷി ഒട്ടുമുക്കാലും പ്രത്യുൽപ്പാദന പരമല്ലാത്ത പ്രവർത്തനങ്ങൾക്കുവേണ്ടി

ചിലവഴിക്കുന്നതിനാൽ മൂലധനം ഉൽപ്പാദനപരമായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

**സാധ്യതകൾ**

1. അടിയന്തിരമായി പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം പ്രവർത്തനമാരംഭിക്കുക.
2. ചെറുകിട ഭൂവുടമകൾക്ക് ചുരുങ്ങിയ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുക.
3. നിർമ്മാണ തൊഴിലാളികളുടെ ക്ഷേമ നിധി കൂടുതൽ ഊർജ്ജിതപ്പെടുത്തുക.

4. വലിയ വീടുകളുടെ നിർമ്മാണത്തിന് നിയന്ത്രണം ഏർപ്പെടുത്തുക. ദുർവ്യയ ഭവനനിർമ്മാണം നിരുൽത്സാഹപ്പെടുത്താനുതകുന്ന സർചാർജ്ജ് ഏർപ്പെടുത്തുക.
5. ചെലവ് കുറഞ്ഞ വീടുകളെകുറിച്ച് ബോധവൽക്കരിക്കുകയും, സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി നിർമ്മിതി കേന്ദ്ര യൂനിറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.
6. ചെലവ് കുറഞ്ഞ വീട് നിർമ്മാണത്തിന് ൃതൊഴിൽ രഹിതർക്ക് പരിശീലനം നൽകുക.
7. കെട്ടിട നിർമ്മാണത്തിനുതകുന്ന തരത്തിലുള്ള മരങ്ങൾ വെച്ചു പിടിപ്പിക്കാൻ പ്രോത്സാഹനം നൽകുക.
8. ജീവിത നിലവാരം അനുസരിച്ച് ഓരോ വിഭാഗം തൊഴിലാളികളുടെയും കൂലി നിജപ്പെടുത്തുക.

9 എല്ലാ വിഭാഗം തൊഴിലലിളികളേയും വിദഗ്ദ്ധർ ഉൾപ്പെടെ പഞ്ചായത്തിൽ തരംതിരിച്ച് രജിസ്റ്റർ ചെയ്യുക

10 കെട്ടിട നിർമ്മാണ സാമഗ്രികൾ കുറഞ്ഞ ചിലവിൽ ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കുക

11 കോളനികളുടെ പുനരുദ്ധാരണവും, അറ്റകുറ്റപണികളും യഥാസമയം നടത്താനാവശ്യമായ നടപടിണകൾ ഉണ്ടാവണം

12 പട്ടയത്തിൻെറ അഭാവം കാരണം വീട് നിർമ്മിക്കാൻ കഴിയാത്തവർക്ക് പട്ടയം നൽകാൻ നടപടി ഉണ്ടാവണം

13 ലക്ഷംവീടുകൾ നൽകിയത് അർഹരായവർക്കു തന്നെയാണോ എന്നം ഉറപ്പുവരുത്തുക

14 ദുർബല വിഭാഗങ്ങളുടെ വീടുകൾക്കുള്ള നികുതിയളവ് അനുവദിക്കുക

15 കെട്ടിടങ്ങളുടെ നികുതി ചുമത്തൽ കുറ്റമറ്റതാക്കുക

16 വിവിധ പദ്ധതികൾ മുഖേന വീടുണ്ടാക്കാൻ നൽകുന്ന സാമ്പത്തികസഹായത്തിൻെ റ പരിധി ഉയർത്തുക

17 വീടുകൾക്ക് സൗജന്യ ഇൻഷൂറൻസ് ഏർപ്പെടുത്തുക

18 സർക്കാർ ഏജൻസികൾ മുഖേന നൽകിവരുന്ന വായ്പകൾ അർഹരായ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുക

19 ചെങ്കൽ, കരിങ്കൽ എന്നിവ പൊട്ടിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ വ്യവസ്ഥകൾ ഉദാരമാക്കുക

20 കോളനികളിൽ വൈദ്യുതി, വെള്ളം, കക്കൂസ് റോഡ് എന്നീ സൗകര്യങ്ങൾ ഉണ്ടാക്കുക

21 വീടില്ലാത്ത അവശ്യ വിഭാഗങ്ങവെ കുടിയിരുത്താൻ പഞ്ചായത്തിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കുക

കുടിലുകളിൽ താമസിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും വീട് നിർമ്മിക്കാനാവശ്യമായ സഹായം അനുവദിക്കുക.

23. സ്വന്തമായി വീടില്ലാത്തവർക്ക് ഭൂമി വാങ്ങി വീട് നിർമ്മിക്കാനാവശ്യമായ ധനസഹായം നൽകുക.

24. പഞ്ചായത്തിൻെറ കെട്ടിട നിർമ്മാണ നിയമങ്ങൾ ലഘൂകരിക്കുക.

25. സ്ഥല പരിമിതിമൂലം വീടില്ലാതെ കൂട്ടുകുടുംബമായി കഴിയുന്ന കുടുംബങ്ങൾക്ക് വരുമാനം കണക്കാക്കുന്നതിൽ ശാസ്ത്രീയ സംവിധാനം ഏർപ്പെടുത്തുക.

26. വിദൂര സ്ഥലങ്ങളിൽ നിന്നും വരുന്നവർക്ക് താൽക്കാലിക പാർപ്പിടത്തിനായി ഒരു ഗവൺമെൻറ് ഗസ്റ്റ് ഹൗസോ, പി. ഡബ്ല്യൂ, ഡി. റസ്റ്റ് ഹൗസോ നിർമ്മിക്കുക.

27. ലോഡ്ജുകളും, ലൈൻമുറികളും, നരിക്കുനു അങ്ങാടി കേന്ദ്രീകരിച്ച് സ്ഥാപിക്കുന്നതിന് സ്വകാര്യ വ്യക്തികളെ പ്രോൽസാഹിപ്പിക്കുന്നത് നന്നായിരിക്കു.

പട്ടിക 5

അഞ്ചുവർഷത്തിനിടയിൽ -നിർമാണ രംഗത്തെ കൂലി

| വർഷം | കോൺക്രീറ്റ് യൂണിറ്റിന് രൂപ | മരപ്പണി രൂപ | കൽപ്പണി രൂപ |
|---|---|---|---|
| 1991 | 1400 | 75 | 100 |
| 1996 | 2500 | 125 | 125 |



# സാമൂഹ്യക്ഷേമം

ആസൂത്രിത ദേശീയ വികസനത്തിൻെറ ഭാഗമായി 1952-ൽ പ്രാദേശിക തലത്തിൽ അങ്ങിങ്ങായി കമ്മ്യൂണിറ്റി ഡെവലപ്പ്മെൻറ് പ്രോഗ്രാം 1963 ആയപ്പോഴേക്കും 5243 കമ്മ്യൂണിറ്റി ഡെവലപ്പ്മെൻറ് ബ്ലോക്കുകളിലൂടെ ഇന്ത്യ ഒട്ടാകെ വ്യാപിപ്പിച്ചു. ഒരു പ്രദേശത്തെ ഭൗതീകവും മാനുഷികവുമായ വിഭവങ്ങളുടെ സമ്പൂർണ്ണ വികസനം ഭദ്രമാക്കുകയും തദ്വാരാ ഗ്രാമ സമൂഹത്തെ ഉന്നത ജീവിത വികസനത്തിൻെറ ലക്ഷ്യം. കാർഷികോത്പാദനത്തിൻെറ ദ്രുതഗതിയിലുള്ള വിപുലീകരണം പരിപാടിയുടെ പ്രാഥമിക ഉദ്ദേശ്യമായിരുന്നു. കുടിൽ, ചെറുകിട വ്യവസായങ്ങളുടെ വികസനവു അതുപോംലെ ആരോഗ്യം, ശുചിത്വം, ഭവനനിർമ്മാണം, വിദ്യാഭ്യാസം തുടങ്ങിയവയ്ക്ക് പ്രാധാന്യം ലഭിച്ചു. ജനങ്ങളുടെ മനോഗതിയിൽ സമൂലമായ ഒരു മാറ്റം സംജാതമാക്കാൻ ഇതിൻെറ പ്രധാന ലക്ഷ്യങ്ങളിലൊന്നായിരുന്നു. തങ്ങളുടെ പ്ര ധാന പ്രദേശത്തിനുവേണ്ട പദ്ധതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പങ്കുചേരൽ ഉത്തേജിപ്പിക്കുന്ന ത്വരിത വികസനമായിരുന്നു ലക്ഷ്യം. 1963-ൽ രാജ്യം മുഴുവനും സാമൂഹ്യ വികസന പരിപാടിയ്ക്കു കീഴിലായപ്പോഴം നമ്മുടെ പഞ്ചായത്തിലും അലയൊലികളുണ്ടായി.

കാഷിക വികസനം ലക്ഷ്യമാക്കികൊണ്ട് പുതിയ വിത്തുകളുടെ പ്രചാരണം, പുതിയ കൃഷിരീതികാം-രാസവളങ്ങളുടെ പ്രചാരണം, കീടനാശിനികളുടെ പ്രയോഗം. കൃഷി

ആയുധങ്ങാം വിതരണം ചെയ്യൽ എന്നിവയും സാമൂഹ്യക്ഷേമരംഗത്തെ ആദ്യകാല പ്രവർത്തനങ്ങളായിരുന്നു. ഗ്രാമീണ ശുചിത്വപരിപാടിയുടെ ഭാഗമായി ഇ. എസ്. പി. സ്ലാബുകളുടെ വിതരണം മഹിളകളുടെ ഉന്നമനത്തിനായി മഹിളാ സമാജങ്ങാം രൂപീകരിക്കുക, വനിതകളുടെയും കുട്ടികളുടെയും ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് ബാലവലാടികളും ഫീഡിംഗ് സെൻററുകളും സ്ഥാപിക്കുകര, ക്യാമ്പുകാം നടത്തുക, കുടുംബാസൂത്രണത്തെക്കുറിച്ച് പ്രചാരണം നടത്തുക മൃഗസംരക്ഷണത്തിൻെര ഭാഗമായി കൂടുതൽ ഉല്പാദനശേഷിയുള്ള പശുക്കളെ വളർത്തേണ്ടതിൻെറ ആവശ്യകത ബോധ്യപ്പെടുത്തുക, സഹകരണ സ്ഥാപനങ്ങാം രൂപീകരിക്കാനുള്ള പ്രവർതത്തനംനടത്തുക തുടങ്ങിയവ പിന്നീടുള്അള പ്രവർത്തനങ്ങളായിരുന്നു.

1979-80 കാലങ്ങളിൽ ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടുന്നതിനുവേണ്ടി സംയോജിത ഗ്രാമവികസന പരിപാടി (ഐ.ആർ. ഡി. പി.) എന്ന ബൃഹത്തായ പദ്ധതി ആരംഭിച്ചു. സ്വയം തൊഴിൽ ഏറ്റെടുത്തുകൊണ്ട് ദാരിദ്ര്യരേഖ തരണം ചെയ്യാൻ ഗ്രാമീണ കുടുംബങ്ങളെ സഹായിക്കുന്നതാണ് ഈ പദ്ധതി.

**ഗുണഭോക്താക്കാം:**

പ്രതിവർഷ കുടുംബ വരുമാനം 11,000 രൂപയിൽ കുറവായ ഗ്രാമീണരെ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായി കണക്കാക്കുന്ന്ന ഈ പദ്ധതിയിൽ പട്ടികജാതിക്കാർക്കും സ്ത്രീകാംക്കും വികലാംഗർക്കും പ്രത്യേക പരിഗണനയുണ്ട്. ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്നവരെ തിട്ടപ്പെടുത്തുന്നതിന് വിശദമായ ഒരു കുടുംബസർവേ 1992 ഒകടോഹറിൽ നടത്തുകയുണ്ടായി. സർവേയുചെ ഫലമായി നരിക്കുനി പഞ്ചായത്തൽ1583 കുടുംബങ്ങളെ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായി കണ്ടെത്തിയിരിക്കുന്നു.

1992ൽ (ഒക്ടോബർ) നടത്തിയ കുടുംബ സർവ്വേ

പട്ടിക 1

| പഞ്ചായത്ത് | പട്ടികജാതിക്കാർ | മറ്റുവിഭാഗം | ആകെ |
|---|---|---|---|
| നരിക്കുനി | 126 | 1457 | 1583 |
| ഇതിൽ സ്ത്രീകാം | 311 | | |
| വികലാംഗർ | 17 | | |

മാർജിനൽ കൃഷിക്കാർ **പട്ടിക . 2**

| M.F. | AL | NAL | RA | SF |
|---|---|---|---|---|
| 726 | 470 | 351 | 32 | 4 |

**കുടുംബവായ്പാ പദ്ധതി.**

[illegible]ടുംബത്തെ മൊത്തമായി കണ്ടുകൊണ്ട് ആസൂത്രണം ചെയ്ത് നടപ്പാക[illegible] [illegible]ദ്ധതിയാണിത്. ഒരു കുടുംബത്തിന് സബ്സിഡി ഉൾപ്പെടെ 30,000 രൂപ [illegible]രെ [illegible]ായം ലഭിക്കുന്നു.

[illegible]ായം ലഭിച്ച കുടുംബാഗംങ്ങൾ

പട്ടിക 3

വ[illegible] [illegible] ആകെ ലോൺ സബ്സിഡി

| വർഷം | എസ്.സി | മറ്റു വിഭാഗങ്ങൾ | ആകെ Rs | ലോൺ | സബ്സിഡി Rs |
|---|---|---|---|---|---|
| 1992-93 | 44 | 23 | 67 | 1,74,723 | 1,41,039 |
| 1993-94 | 19 | 40 | 59 | 2,40,052 | 1,40,629 |
| 1994-95 | 1 | 28 | 29 | 2,25,386 | 99,452 |
| 1995-96 | - | 14 | 14 | 1,85,325 | 57,125 |
| ആകെ | 64 | 105 | 169 | 8,25,486 | 4,38,245 |

## 'ട്രൈസം'

ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിട കുടിൽവ്യവസായ സർവ്വീസ് മേഖലകളിൽ സ്വയംതൊഴിൽ പരിശീലനം നൽകി അവർക്ക് ഐ. ആർ. ഡി. പി. യുടെ പൂർണ്ണ പ്രയോജനം ലഭിക്കുന്നതാണ്. ' ട്രൈസം' പരിപാടി. ഈ പദ്ധതി പ്രകാരം നരിക്കുനി പഞ്ചായത്തിൽ 15 കുടുംബങ്ങൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്.

പട്ടിക : 4

| വർഷം | എസ്.സി | ഒ.സി | ആകെ |
|---|---|---|---|
| 1992-93 | 2 | 1 | 3 |
| 1993-94 | 2 | 2 | 4 |
| 1994-95 | 1 | - | 1 |
| 1995-96 | 4 | 3 | 7 |
| ആകെ | 9 | 6 | 15 |

ട്രൈസം പദ്ധതി പ്രകാരം നരിക്കുനി പഞ്ചായത്തിൽ നിന്നും വിവിധയിനം തൊഴിൽ പരിശീലനം ലഭിച്ചവരായി 88 പേർ ഉണ്ട്.

പട്ടിക 5 പരിശീലനം ലഭിച്ചവരുടെ പട്ടിക.

| വിഷയം | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിൽക്കാർ | ശേഷിക്കുന്നവർ |
|---|---|---|---|---|
| ടൈലറിംഗ്, റേഡിയോ, ടി.വി. റിപ്പയർ, കാർപ്പൻററി, ഫോട്ടോഗ്രാഫി, വീവിം പ്ലംബിഗ്, ഫുഡ്പ്രോസസിംഗ് ഓട്ടോ-മെക്കാനിക്, ഇലക്ട്രോണിക്സ് ബുക്ക്ബൈൻറിംഗ്, ചെരുപ്പ് നിർമ്മാണം. | 43 | 33 | 6 | 5 |

**മില്യൻ വെൽ സ്കീം.**

ദാരിദ്ര്യ രേഖക്ക്താഴെയുള്ള പട്ടിക ജാതിയിലെ നാമമാത്ര കൃഷിക്കാർക്ക് കൃഷിഭൂമി വികസിപ്പിക്കുന്നതിനു വേണ്ടി ജലസേചനത്തിനുള്ള കിണറുകൾ, ടാങ്കുകൾ, കനാലുകൾ തുടങ്ങിയവ നിർമ്മിക്കുക. പ്രകൃതിദത്തമായ ജലസ്രോതസ്സുകളും ചാനലുകളും വികസിപ്പിക്കുക മഴവെള്ളം സംഭരിക്കുക മണ്ണൊലിപ്പ് തടയുക. തുടങ്ങിയവ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഇതുവരെയായി 35 കുടുംബാഗങ്ങളെ മാത്രമാണ് സഹായധനത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ അവയിൽ 20 കുടുംബാംഗങ്ങൾ മാത്രമേ പദ്ധതി പൂർത്തിയാക്കിയിട്ടുള്ളൂ.

'ഫലവൃക്ഷത്തൈ വിതരണ പദ്ധതി'സാമൂഹ്യക്ഷേമ പരിപാടിയുടെ ഭാഗമായി ഈ പഞ്ചായത്തിൽ ഫലവൃക്ഷത്തൈകളുടെ വിതരണ പദ്ധതി പ്രകാരം മേൽത്തരം തെങ്ങിൻതൈകൾ, കവുങ്ങിൻ തൈകൾ, ഒട്ടുമാവ്, ഒട്ടുപ്ലാവ്, കശുമാവ്, തുടങ്ങിയവ

വിതരണം ചെയ്തുവരുന്നുണ്ട്.

പട്ടിക 6

**ഫലവൃക്ഷത്തൈ വിതരണം**

| വർഷം | ഗുണ ഭോക്താവ് | തെങ്ങ് | കവുങ്ങ് | ജാതി | കടപ്ലാവ് | ഗ്രാമ്പൂ | കറുവപ്പട്ട | ഒട്ടുമാവ് | ഒട്ടുപ്ലാവ് | സർവ്വസുഗന്ധി | പേര | ചാമ്പക്ക | സപ്പോട്ട | കശുമാവ് | നാരകം | ചെറി | മാഞ്ചിയം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1992-93 | 54 | 260 | – | 38 | 8 | 38 | 38 | - | - | – | 6 | – | – | – | – | – | – |
| 93-94 | 20 | – | – | 14 | – | – | 14 | 76 | - | – | 430 | - | – | – | – | – | — |
| 94-95 | 60 | 160 | 220 | 30 | 2 | 24 | – | 100 | 108 | 140 | 60 | 60 | 28 | 44 | 12 | 30 | – |
| 95-96 | – | 500 | 46 | – | 46 | – | – | 14 | 86 | - | 30 | 28 | - | - | - | - | 394 |
| Total | 196 | 420 | 720 | 128 | 40 | 108 | 52 | 176 | 122 | 226 | 96 | 90 | 56 | 44 | 12 | 3- | 394 |

ഇത്രയും തൈകൾ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഫലത്തിൽ ഗുണഭോക്താക്കൾക്ക് ഇതിൻെറ പ്രയോജനം ലഭിച്ചിട്ടില്ലെന്ന് അനുഭവത്തിൽ നിന്ന് മനസ്സിലാവുന്നു.

## കേന്ദ്രഗ്രാമ ശുചിത്വ പരിപാടി (C.R.S.P)

കേന്ദ്ര സംസ്ഥാന സർക്കാറുകൾ സംയുക്തമായി നടപ്പിലാക്കുന്ന ഗ്രാമങ്ങളിലെ ശുചിത്വസൗകര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണ്ത്. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ഗുണഭോക്താവിൻെറ വിഹിതമായ 500 രൂപയുംസർക്കാരിൻെര വിഹിതമായ 2000 രൂപയും അടങ്ങുന്ന പദ്ധതി പ്രകാരം ഈ വില്ലേജിൽ 58 പേർക്ക് ധനസഹായം ലഭ്യമായിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

ഗുണഭോക്താക്കളുടെ എണ്ണം

പട്ടിക.7

| വർഷം | എസ്. സി. | മറ്റുള്ളവർ | ആകെ |
|---|---|---|---|
| 1993-94 | 12 | 10 | 22 |
| 1994-95 | 6 | 11 | 17 |
| 1995-96 | 8 | 11 | 19 |
| ആകെ 26 | 32 | 58 | |

## ഗ്രാമീണ വനിതാ ശിശു വികസന പരിപാടി ( DWCRA )

ഐ. ആർ. ഡി. പി. യുടെ അനുബന്ധമായി നടപ്പിലാക്കുന്ന വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ധനസഹായം അനുവദിക്കു[illegible] പത്തുമുത[illegible] [illegible]തിനഞ്ചുവരെയുള്ള ഗ്രൂപ്പുകളാണിത്. ഈ പദ്ധതിയുടെ കീഴത് 31 അംഗങ്ങരംക്ക് പഞ്ചായത്തിൽ ധനസഹായം ലഭിച്ചിട്ടുണ്ട്.

| വർഷം | പദ്ധതി | അംഗങ്ങ[illegible] | നിലവിലുള്ള അ[illegible] |
|---|---|---|---|
| 1[illegible]-91 | ബ്രേസിയർ യൂണിറ്റ്. | 10 | നടക്കുന്നു |
| | വിക്ടർ ചപ്പൽസ് | 13 | പ്രവർത്തിക്കുന്നില്ല |
| 19[illegible]-97 | [illegible]ക്തി ജല്ലി നിർമ്മാണ യൂണിറ്റ് | 8 | പ്രവർത്തനം നടക്കുന്നു |
| ആ[illegible]ക | | 31 | |

### ദേശീയ സമ്പാദ്യ പദ്ധതി

വികസന പ്രക്രിയയിൽ പ്രഥമ സ്ഥാനമാണ് സമ്പാദ്യ ശീലത്തിനുള്ളത്. നമ്മുടെ പഞ്ചായത്തിൽ എം. പി. കെ.

ബി. വൈ ഏജൻറുമാരായ 12 വനിതകളുണ്ട്. സ്ത്രീകളുടെ സമ്പാദ്യ ശീലം വളർത്തുന്നതിനുവേണ്ടി 'മഹിളാ സമൃദ്ധിയോജന' എന്ന പദ്ധതിയും ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഏകദേശം 5,00,000 രൂപ ഈ ഇനത്തിൽ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്നുണ്ട്.

### കൈത്തൊഴിലുപകരണ വിതരണ പദ്ധതി (TOOLKIT)

ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നവീന തൊഴിലുപകരണങ്ങരം നൽകാൻ 1992-93 വർഷം മുതൽ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണിത്. മരപ്പണി,ഇരുമ്പു പണി, സ്വർണ്ണപ്പണി, പാത്ര നിർമ്മാണം, ചെരുപ്പു നിർമ്മാണം എന്നീ തൊഴിലുകളാണം ഈ പദ്ധതിയിൽ കീഴിൽ വരുന്നത്., ഒരാരംക്ക് 2000 രൂപവരെ വർഷത്തിൽ സഹായധനം ലഭിക്കുന്നുണ്ട്. കൂടാതെ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ഉപകരണത്തിന് 4,500 രൂപവരെ വിതരണം ചെയ്യുന്ന ഈ പദ്ധതിയിൽ വിലയുടെ 10% ഗുണഭോക്താവ് വഹിക്കേണ്ടതാണ്.

പദ്ധതി പട്ടിക.9

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ആകെ. |
|---|---|---|
| 1992-93 | 6 | 6 |
| 1993-94 | 9 | 9 |
| 1994-95 | 5 | 5 |
| 1995-96 | 7 | 7 |
| ആകെ | 27 | 27 |

**പ്രകൃതിക്ഷോഭം**

നരിക്കുനി പഞ്ചായത്തിൽ 1995-96 വർഷത്തിൽ 9 കുടുംബ്ക് പ്രകൃതിക്ഷോഭം മൂലം നാശനഷ്ടങ്ങൾ സംഭവിക്കുകയും അവർക്ക് മൊത്തമായി 12,650 രൂപ സഹായധനമായി അനുവദിച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

പെൻഷൻ പദ്ധതികൾ:

നരിക്കുനി പഞ്ചായത്തിൽ വില്ലേജ് ആപ്പീസ് മുഖേന വിധവാ പെൻഷൻ, വികലാംഗപെൻഷൻ, ക്ഷയരോഗ പെൻഷൻ, ക്യാൻസർ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം തുടങ്ങിയവ നടപ്പിലായിട്ടുണ്ട്.

പട്ടിക 10

| പെൻഷനുകളുടെ പേർ വിവരം | എണ്ണം | ആകെ |
|---|---|---|
| വിധവാ പെൻഷൻ | 27 | 27 |
| വികലാംഗ പെൻഷൻ | 23 | 23 |
| വാർദ്ധക്യ കാല പെൻഷൻ | 3 | 3 |
| ക്ഷയരോഗ പെൻഷൻ | 63 | 63 |
| ക്യാൻസർ പെൻഷൻ | 2 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 283 | 283 |
| തൊഴിലില്ലായ്മ വേതനം | 347 | 347 |
| ആകെ | 748 | 748 |

**തൊഴിലില്ലായ്മ:-**

കേരള സംസ്ഥാനത്തെ മൊത്തം ബാധിച്ച തൊഴിലില്ലായ്മ പ്രശ്നം ഈ പഞ്ചായത്തിലും രൂക്ഷമാണ്. പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ പകുതിലധികം പേർക്കും തൊഴിലില്ല. തൊഴിലില്ലാത്തവരായി മൊത്തം 14627 പേരുണ്ട്. അതിൽ 5555 പേർ പുരുഷന്മാരും 9072 പേർ സ്ത്രീകളുമാണ്.

**അംഗനവാടികൾ:**

ഈ പഞ്ചായത്തിൽ ആകെ 10 അംഗന വാടികളും, ഒരു ബാലവാടിയും ഒരു ശിശുമന്ദിരവും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ശിശുമന്ദിരവും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ശിശുമന്ദിരവും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ശിശുമന്ദിരം മാത്രമാണ് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളത്. അംഗനവാടികൾ കൊടുവള്ള ഐ.സി. ഡി. എസ്. ഓഫീസിന്റെ നിയന്ത്രണത്തിലാണ്. കൂടാതെ 3 മഹിളാ സമാജങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഹരിജൻ വെൽഫെയർ ബോർഡിന്റെ കീഴിലാണ് ബാലവാടി പ്രവർത്തിക്കുന്നത് . ഒന്നുമുതൽ അഞ്ചുവയസ്സു വരെ പ്രായമുള്ള കുട്ടികളുടേയും ഗർഭിണികളുടേയും, മുലയൂട്ടുന്ന അമ്മമാരുടേയും, ആരോഗ്യ ശിശുവകസന പരിപാടികളാണ് ഈ സ്ഥാപനങ്ങൾ നിർവ്വഹിച്ചുവരുന്നത്. ഇതിൽ 10 അംഗനവാടികൾക്കും സ്ഥിരമായ കെട്ടിടം ഉള്ളവയാണ്. ബാലവാടി ശിശുമന്ദിരം എന്നിവക്ക് സ്ഥിരമായ കെട്ടിടമുയർന്നിട്ടില്ല.

പട്ടിക. 11

പഞ്ചായത്തിലെ അംഗനവാടികളുടെ വിവരം

1. ആകെ ജനസംഖ്യ 23904

പുരുഷന്മാർ 12766

സ്ത്രീകൾ 11138

പട്ടികജാതി ജനസംഖ്യ 2502

പട്ടിക വർഗ്ഗ ജനസംഖ്യ ഇല്ല

അംഗനവാടികളുടെ എണ്ണം 10

ഒരു വയസ്സിനു താഴെ പ്രായമുള്ളവർ 378

ഒന്നുമുതൽ രണ്ട് വരെ'' 352

രണ്ടുമുതൽ മൂന്നുവരെ '' 341

മൂന്നു മുതൽ അഞ്ചുവരെ '' 663

ആകെ ഗർഭിണികൾ 158

പ്രത്യേകം പരിചരണം ആവശ്യമുള്ളവർ 74

മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 198

(ആറുമാസം പ്രായമുള്ള കുട്ടികൾ ഉള്ളവർ)

കഴിഞ്ഞ വർഷം ആകെ ജനനം 550

ചാപിള്ള ജനനങ്ങൾ 05

ഒരു വയസ്സിനു താഴെ മരിച്ച കുട്ടികൾ 08

ഒന്നുമുതൽ മൂന്നുവരെവയസ്സിൽ മരിച്ച കുട്ടികൾ ഇല്ല

മൂന്നുമുതൽ ആറുവരെ വയസ്സിൽ മരിച്ച കുട്ടികൾ ഇല്ല

ഗർഭസംബന്ധമായ അസുഖം മൂലം മരിച്ച സ്ത്രീകൾ ഇല്ല

മറ്റു മരണങ്ങളുടെ എണ്ണം 127

അനുപൂരക പോഷക ആഹാരം ലഭിക്കുന്ന കുട്ടികൾ 554

അനുപൂരക പോഷക ആഹാരം ലഭിക്കുന്ന ഗർഭിണികൾ 54

അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാർ 53



**പൊതുവിതരണ കേന്ദ്രങ്ങൾ:-**

വില്ലേജിൽ 4 പൊതു വിതരണ കേന്ദ്രങ്ങളും ഒരു മാവേലിസ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. റേഷൻ സാധനങ്ങൾക്കും നിത്യോപയോഗ സാധനങ്ങൾക്കും ഈ പൊതു വിതരണ കേന്ദ്രങ്ങളേയും മാവേലി സ്റ്റോറിനേയുമാണ് ജനങ്ങൾ ആശ്രയിക്കുന്നത്. കൂടാതെ പൊതു മാർക്കറ്റിനേയും ആശ്രയിക്കുന്നുണ്ട്. പാലങ്ങാട്, നരിക്കുനി (2) കാവുംപൊയിൽ, കുട്ടമ്പൂര്, പുന്നശ്ശേരി, എരവന്നൂർ എന്നിവയാണ് ഈ കേന്ദ്രങ്ങൾ. മാവേലി സ്റ്റോർ നരിക്കുനി അങ്ങാടിയിലാണ് പ്രവർത്തിക്കുന്നത്.

നരിക്കുനി പഞ്ചായത്തിൽ മൊത്തം 4415 കാർഡുകളിലായി 22833 ആളുകൾക്ക് 2019364 കിലോഗ്രാം അരിയും 1971040 കിലോഗ്രാം ഗോതമ്പും 3345. 500 കി.ഗ്രാം റവയും 11444. 160 കി. ഗ്രാം മൈദയും 119076.600 കി. ഗ്രാം പഞ്ചസാരയും ലഭിക്കുന്നു. കൂടാതെ 186 പെർമിറ്റുകളിലും കാർഡുവഴിയുമായി 198912 ലിറ്റർ മണ്ണെണ്ണയും വിതരണം ചെയ്തുവരുന്നു.

**പ്രശ്നങ്ങൾ**

1. പട്ടികജാതി വികസന കോർപ്പറേഷൻ കേന്ദ്രം കോട്ടപ്പടി ആയതിനാൽ പഞ്ചായത്തിന് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല.

2. വനിത വികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്ത് ആയതിനാലും പൊതുപ്രവർത്തകരായ സ്ത്രീകൾക്ക് പദ്ധതികളെകുറ്ച്ച് അറിവില്ലാത്തതിനാലും പദ്ധതിയുടെ സേവനം പഞ്ചായത്തിൽ വേണ്ടത്ര ലഭിക്കുന്നില്ല.

3. കർഷകത്തൊഴിലാളികൾ, കല്ലുവെട്ടുതോഴിലാളികൾ, തെങ്ങുകയറ്റ തൊഴിലാളഇകൾ, തയ്യൽ- അലക്കു തൊഴിലാളികൾ, ആഭരണ നിർണ്ണാണത്തൊഴിലാളികൾ, മത്സ്യ വിപണനത്തൊഴിലാളികൾ എന്നിവർക്കുള്ള ക്ഷേമ പദ്ധതികളുടെ വ്യാപ്തി അപര്യാപ്തമാണ്. ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ മൂലം മുഴുവൻ തൊഴിലാളികളും അംഗങ്ങളായിട്ടില്ല.

4. ബ്ലോക്കു മുഖേനയുള്ള വിവിധ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവ്വേ യഥാസമയം നടക്കാറില്ല.

5. ദേശസാൽക്കൃത ബാങ്കിൻെറ അഭാവം പദ്ധതി സഹായം ലഭിക്കുന്നതിന് കാലതാമസം വരുത്തുന്നു. ഇപ്പോൾ സഹായം നൽകി വരുന്ന പഞ്ചായത്തിലെ ഗ്രാമീണ ബാങ്കിൻെറയും സഹകരണബാങ്കിൻേറയും പ്രവർത്തനം വേണ്ടത്ര പ്രയോജനപ്പെടുന്നില്ല.

6. വായ്പ ലഭിക്കുന്നതിനുള്ള ജാമ്യവ്യവസ്ഥകളും മറ്റും സങ്കീർണ്ണമായതിനാൽ ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിന്തിരിയുന്നു.

7. വരുമാന പരിധിയിൽ ഇന്നുള്ള അശാസ്ത്രീയത കാരണം അർഹരായ പലരും പദ്ധതിയിൽ ഉൾപ്പെടുന്നില്ല.

8. നിലവിലുള്ള പദ്ധതികളെ കുറിച്ചുള്ള അജ്ഞതമൂലം പദ്ധതി സഹായം പഞ്ചായത്തിൽ വളരെ കുറവാണ്.

9. ക്ഷേമ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പഞ്ചായത്ത് തലത്തിൽ ജനകീയ പരിശോധന സമ്പ്രദായമില്ല. പ്രോത്സാഹനവും കുറവാണ്.

10. 'ട്രൈസം' പദ്ധതിപ്രകാരം പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സംരഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തികസഹായവും അസംസ്കൃത സാധനങ്ങളും യഥാസമയം ലഭ്യമാകുന്നില്ല.
11. പരിശീലകരുടെ എണ്ണത്തിലും ഇന്നുലഭിക്കുന്ന സ്റ്റൈപ്പൻറിലുമുള്ള പോരായ്മ
12. 'ടൂൾകിറ്റ്' പദ്ധതി പഞ്ചായത്തിൽ ഫലപ്രദമായി നടപ്പിലായിട്ടില്ല.
13. ' സെപ്റ്ററിക് ടാങ്ക് കക്കൂസ് , സി. ആർ. എസ്. ഡി. സി. കക്കൂസ് എന്നിവ പഞ്ചായത്തിൽ ഭാഗികമാണ്.
14. വില്ലേജ് ഓഫീസ് മുഖേന വിതരണം ചെയ്യുന്ന വിവിധ തരം പെൻഷനുകൾ യഥാസമയം അർഹരായവർക്കു ലഭിക്കുന്നില്ലെന്നു മാത്രമല്ല അനർഹരായ പലരും പദ്ധതിയിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്.
15. അർഹരായ പലർക്കും പെൻഷൻ നിഷേധിക്കപ്പെട്ടതിൽ ഗ്രാമസഭയിൽ പ്രതിഷേധം ഉയർന്നിരിക്കുന്നു.
16. അംഗനവാടികളുടെ പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ല. കെട്ടിടത്തിലെ അസൗകര്യം കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകൾ, വെള്ളം, വെളിച്ചം എന്നിവയെല്ലാം പരിഹരിക്കപ്പെട്ടിട്ടില്ല. മിക്ക കേന്ദ്രങ്ങളിലേക്കും വഴി മെച്ചപ്പെട്ടതല്ല. അറ്റകുറ്റപ്പണികൾ യഥാസമയം നടത്താറില്ല. പഞ്ചായത്തിൽ 1 മുതൽ 5 വരെയുള്ള കുട്ടികളുടേയും ഗർഭിണികളുടേയും കണക്കിന് ആനുപാതികമായി ഇന്നുള്ള അങ്കണവാടി കേന്ദ്രങ്ങൾ വളരെ കുറവാണ്.
17. കേന്ദ്രങ്ങളിലെ വർക്കർമാർക്ക് ശിശു മന:ശാസ്ത്ര രംഗത്തെ പരിശീലനം പരിമിതമാണ്. മിക്ക കേന്ദ്രങ്ങളിലും മലമൂത്ര വിസർജ്ജന സൗകര്യം പോലുമില്ല.
18. കുട്ടികൾക്കു നല്കുന്ന ഭക്ഷണ സാധനങ്ങളുടേയും പോഷകാഹാരങ്ങളുടേയും ഗുണനിലവാരം ഉറപ്പുവരുത്തുക.
19. അങ്കണവാടികളിലെ അധ്യയന പ്രവണത ഒഴിവാക്കുക.

**സാദ്ധ്യതകൾ**

1. ദാരിദ്ര്യരേഖയുടെ വരുമാന പരിധി 25,000 രൂപയാക്കിഉയർത്തണം
2. പുതിയ കുടുംബങ്ങളെ എല്ലാ സമയത്തും ഐ. ആർ. ഡി. പി. ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നടപടികൾ ഉണ്ടാകണം.
3. സ്വയം തൊഴിലിനുവേണ്ടി തെരഞ്ഞെടുക്കുന്നവരുടെ വരുമാന പരിധി ഉയർത്തേണ്ടതാണ്.
4. അംഗീകരിച്ച യൂനിറ്റിന്പുറമെ ഗുണഭോക്താവിൻെറ അഭിരുചിക്കനുസരിച്ച് ഏതു തൊഴിലും തുടങ്ങുവാനുള്ള അനുമതി ലഭ്യമാകണം.
5. ഗുണഭോക്താവ് ആരംഭിക്കുന്ന ഏതു തൊഴിലിനും ഇൻഷുറൻസ് ആനുകൂല്യം ഉറപ്പു വരുത്തണം.
6. തൊഴിലിനും ചെറുകിട വ്യവസായങ്ങൾക്കും മുൻഗണന നൽകി.ഐ. ആർ. ഡി. പി. പദ്ധതികൾ ഫലപ്രദമാക്കണം.
7. വൈദ്യുതി ഉപയോഗിക്കേണ്ടുന്ന പദ്ധതികൾക്ക് എളുപ്പത്തിൽ കണക്ഷൻ

ലഭ്യമാക്കണം.

8. ഗുണഭോക്താക്കൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ മാർക്കറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

9. വിവിധ പദ്ധതികളുടെ വായ്പാ കാലാവധി വർദ്ധിപ്പിക്കേണ്ടതാണ്.

10. പാവപ്പെട്ടവരോടുള്ള ബാങ്കുകളുടെ സമീപനത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

11. ബാങ്കുകളിൽ ലഭിക്കുന്ന നിക്ഷേപം മുഴുവനും അതതു പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവെക്കേണ്ടതും അതിൽ പകുതി ദുർബല വിഭാഗങ്ങളുടെ ക്ഷേമപദ്ധതികൾക്കും വിനിയോഗിക്കേണ്ടതാണ്.

## (സാദ്ധ്യതകൾ) DWCRA

1. വനിതകളുടെ 5 മുതൽ 10 വരെയുള്ള അംഗങ്ങൾക്ക് യൂനിറ്റ് തുടങ്ങാനുള്ള അനുമതി ഉണ്ടാകണം.

2. യൂനിറ്റ് അംഗങ്ങൾക്ക് പുന: പരിശീലനം നിർബ്ബന്ധമായും നൽകേണ്ടതാണ്.

3. ആധുനിക സാങ്കേതിക പുന:പരിശീലനം നിർബന്ധമായും നൽകേണ്ടതാണ്.

3. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഓരോ യൂനിറ്റും നവീകരിക്കേണ്ടതാണ്.

5. യൂനിറ്റുകൾക്ക് കെട്ടിട സഹായം ലഭ്യമാക്കണം.

6. യൂനിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നന്നായി പ്രവർത്തിക്കുന്നവർക്ക് അവാർഡ് നൽകണം.

ഫലവൃക്ഷത്തൈകൾ സാദ്ധ്യതകൾ:

1. പഞ്ചായത്ത് തലത്തിൽ ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിന് ഏജൻസികൾ ഉണ്ടാവണം.

## പൊതുവിതരണ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ

പട്ടിക 12

| വർഷം | കാർഡ് ഉടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിൻറൽ) | | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | എൻ.ഇ | ഇ | ആകെ | മേജർ (12 വയസ്സിനു മേൽ) | മൈനർ (3-12 വയസ്സ്) | ആകെ | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ | ആകെ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റുകൾ വഴി വിതരണം ചെയ്തത് (ലിറ്റർ) | കാർഡു വഴി വിതരണം ചെയ്തത് (ലിറ്റർ) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1995-96 | 2622 | 1793 | 4415 | 18858 | 3975 | 22833 | 2019364 | 1971040 | 3345.500 | 11444.160 | 119076.600 | - | 4124270.260 | 188 | 9704 | 198912 |
| ആകെ | 2622 | 1793 | 4415 | 18858 | 3975 | 22833 | 2019364 | 1971040 | 3345.500 | 11444.160 | 119076.600 | - | 4124270.260 | 188 | 9704 | 198912 |

2. പഞ്ചായത്തിന്റെ കീഴിൽ ശാസ്ത്രീയമായി ഫലവൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുന്നതിന് നഴ്സറികൾ സ്ഥാപിക്കണം.
3. ഫലവൃക്ഷത്തൈകൾ യഥാ സമയം ലഭ്യമാക്കണം.
4. ഭൂപ്രദേശത്തിനും മണ്ണിനും അനുയോജ്യമായ തൈകൾ തരംതിരിച്ച് വിതരണം നടത്തേണ്ടതാണ്.
5. തൈകൾ സംരക്ഷിക്കാനുള്ള ശാസ്ത്രീയമായ വിവരം ലഭ്യമാക്കണം ( ഉദാ:- വളപ്രയോഗം, കീടബാധ, തുടങ്ങിയവ)
'ടൂൾകിറ്റ്' ( സാദ്ധ്യതകൾ)
1. ഗ്രാമീണ കരകൗശല തൊഴിലാളികൾക്ക് മാത്രമുള്ള ഈ പദ്ധതി ദുർബല വിഭാഗങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കണം.
2. സാധനങ്ങൾ യഥാസമയം വിതരണം നടത്തണം.
3. അർഹരായ മുഴുവൻ ആളുകൾക്കും പദ്ധതികൊണ്ട് ഗുണം ലഭിക്കേണ്ടതാണ്.
കക്കൂസ്( സാദ്ധ്യതകൾ)
1. യഥാസമയങ്ങളിൽ സർവേ നടത്തി അർഹരായ മുഴുവൻ ആളുകൾക്കും കക്കൂസ് ലഭ്യമാകണം.
2. ഈ പദ്ധതിയുടെ ധനസഹായം വർദ്ധിപ്പിക്കേണ്ടതാണ് ' ട്രൈസം' സാദ്ധതകൾ
1. ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകാനും വായ്പ ലഭ്യമാക്കാനും തൊഴിൽ സംരംഭം ആരംഭിക്കുവാനും നടപടികൾ ഉണ്ടാവണം.
പരിശീലനം ലഭിച്ചവക്ക് തുടർപരിശീലനം ലഭ്യമാക്കാൻ പഞ്ചായത്ത് തലത്തിൽ തന്നെ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.
3. യുവജന സംഘടനകളേയും സന്നദ്ധ സംഘടനകളേയും കണ്ടെത്തി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്.
4. പദ്ധതിയുടെ നടത്തിപ്പിനായി ജനകീയ സമിതികൾ രൂപീകരിക്കേണ്ടതാണ്.
വിവിധ തരം പെൻഷനുകൾ (സാദ്ധ്യതകൾ)
1. അർഹരായ എല്ലാവർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നതും അനർഹരായവർ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതും ഈ ക്ഷേമ പദ്ധതികളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു.
2. നിത്യവൃത്തിക്കു ബുദ്ധിമുട്ടുന്ന അവശർക്കു നൽകുന്ന ഈ പദ്ധതി കൃത്യമായി ലഭിക്കാൻ അവസരമുണ്ടാക്കണം.
വിധവാ പെൻഷൻ: സാദ്ധ്യതകൾ
1. പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ പെൻഷൻ ലഭിക്കാത്ത അവസ്ഥയിൽ മാറ്റം വരുത്തി വരുമാനാടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കാൻ നടപടി വേണം.

**വികലാംഗ പെൻഷൻ: സാദ്ധ്യതകൾ**
1. വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മെഡിക്കൽ ബോർഡിനെ സമീപിക്കുന്നതിൽ മാറ്റം വരുത്തി പ്രൈമറി ഹെൽത്ത് സെന്ററിലെ ഡോക്ടർമാർക്കോ സി. എച്ച്. സി. ഡോക്ടർമാർക്കോ അധികാരം നൽകേണ്ടതാണ്. ഇപ്പോൾ മെഡിക്കൽ കോളേജിനേയും ജില്ലാ ആശുപത്രിയെയുമാണ് ആശ്രയിക്കുന്നത്.
2. വികലാംഗർ എന്ന നിലയിൽ അവരെ ദൂരയാത്രയിൽ നിന്നും ഒഴിവാക്കിയാൽ

നന്നായിരിക്കും.

3. കിടപ്പാടം ഇല്ലാത്ത വികലാംഗർക്ക് പുനരധിവാസകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

4. പഞ്ചായത്തടിസ്ഥാനത്തിൽ വികലാംഗ തൊഴിൽ പരിശീലനകേന്ദ്രം സ്ഥാപിക്കേണ്ടതാണ്.,

5. വികലാംഗർക്കും പ്രത്യേകമായി 'ഹേൻഡികാപ്ഡ്' ഇൻഷുറൻസ് പദ്ധതി നടപ്പിൽ വരുത്തേണ്ടതാണ്,

കർഷകത്തൊഴിലാളി പെൻഷൻ ( സാദ്ധ്യതകൾ)

1. അർഹരായ കർഷകത്തൊഴിലാളികളെ ക്ണ്ടെത്തി പെൻഷൻ നൽകാനുള്ള അധികാര തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കു നൽകേണ്ടതാണ്.

2. അർഹരായവരുടെ ലിസ്റ്റ് യഥാസമയം പഞ്ചായത്താപ്പീസിലം വില്ലേജാപ്പീസിലും പ്രസിദ്ധപ്പെടുത്തണം.

3.കർഷകത്തൊഴിലാളികളുടെ പ്രായത്തിൽ ഇളവ് വരുത്തേണ്ടതാണ്.

തൊഴിലില്ലായ്മ വേതനം ( സാദ്ധ്യതകൾ)

1. തൊഴിലില്ലായ്മ വേതനം അർഹരായവർക്കു മാത്രം ലഭിക്കുന്നതിന് വാർഡ് അടിസ്ഥാനത്തിൽ 'ജനകീയ മോണിറ്ററിംഗ് കമ്മിറ്റി' രൂപീകരിക്കണം.

2. തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവർക്ക് നിർമ്മാണ പ്രവർത്തനങ്ങളിൽ സന്നദ്ധസേവനം നിർബന്ധമാക്കണം.

3. പ്രത്യുല്പാദനമേഖലയിലേക്ക് തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ സേവനം തിരിച്ചുവിടണം. കൂടാതെ യുവാക്കളുടെ അലസതാ മനോഭാവം കൈവെടിയുന്നതിന് കൂട്ടായ ബോധവൽക്കരണം നടത്തേണ്ടതാണ്.

അങ്കണവാടി(സാദ്ധ്യതകൾ)

1. മാസം തോറും ശിശുവിദഗ്ധരെ പങ്കെടുപ്പിച്ച് മുലയൂട്ടുന്ന അമ്മമാരെയും കുട്ടികളേയും പരിശോധിച്ച്വേണ്ടതായ ചികിത്സ നൽകേണ്ടതാണ്.

2. കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകൾ വിതരണം ചെയ്യണം.

3. ഈ സ്ഥാപനങ്ങളഇലെ ജീവനക്കാരുടെ മാസാന്ത വേതനം വർദ്ധിപ്പിക്കേണ്ടതും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും ചെയ്യേണ്ടതാണ്.

4. അങ്കണവാടികളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പൊതുജനങ്ങളുമായി കൂടുതൽ ഇടപഴകുന്നതിനുള്ള സന്ദർഭങ്ങൾ, ആരോഗ്യ ശിശുപരിപാലന ക്ലാസുകൾ, സാംക്രമിക രോഗങ്ങളെകുറിച്ചുള്ള ബോധവൽക്കരണം, ശുചിത്വം, പ്രതിരോധ കുത്തിവയ്പുകളുടെ ആവശ്യം എന്നിവയെകുറിച്ച് വിദഗ്ധരെ പങ്കെടുപ്പിച്ച് ക്ലാസുകൾ നടത്തണം.

5. പഞ്ചായത്തിൽ കൂടുതൽ അങ്കണവാടി കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

6. കുട്ടികൾക്ക് ആരോഗ്യ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന കുത്തിവയ്പുകൾ അങ്കണവാടികളിൽ വച്ച് നൽകുന്നതിനുള്ള സംവിധാനമുണ്ടാവണം.

7. കോളനികളിൽ കേന്ദ്രീകരിച്ച് മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

8. അങ്കണവാടിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മഹിളാ സമാജങ്ങൾ രൂപീകരിക്കേണ്ടതാണ്.

9. വർക്കർമാർക്ക് ആവശ്യമായ തരത്തിൽ 'ഇൻസർവ്വീസ് ട്രെനിംഗ്' നടത്തേണ്ടതാണ്.

10. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും വൈദ്യുതി, വെള്ളം, കക്കൂസ്, വഴി എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

11. ജീവനക്കാരുടെ ജോലിയിൽ സത്യസന്ധതയും കൃത്യ നിഷ്ഠയും ഉറപ്പുവരുത്തുന്നതിന് ജനകീയ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാ. ജനപ്രതിനിധികൾ കമ്മിറ്റികൾക്ക് മേൽനോട്ടം വഹിക്കണം.
12. ഇംഗ്ലീഷ് നർസറികളോടുള്ള രക്ഷിതാക്കളുടെ താല്പര്യം ബോധവൽക്കരണം മൂലം തടയുക.

പൊതുവിതരണ കേന്ദ്രങ്ങൾ (പ്രശ്നങ്ങൾ)

1. റേഷൻ ഷാപ്പുകൾ പൊതുവിതരണ കേന്ദ്രങ്ങൾ ആക്കിയതോടുകൂടി ഇതിൻെറ പ്രവർത്തനം കാര്യക്ഷമമല്ല.
2. ആവശ്യമുള്ള കേന്ദ്രങ്ങളുടെ അപര്യാപ്തത്യ
3. മാവേലി സ്റേറാർ നരിക്കുനിയിൽ ആയതിനാൽ പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ഉപയോഗപ്രദമാകുന്നില്ല.
4. അവശ്യസാധനങ്ങൾ യഥാസമയം ആവശ്യത്തിനു ലഭ്യമാവുന്നില്ല. അതിനാൽ പൊതുവിപണിയെ അഭയം തേടേണ്ടിവരുന്നു.
5. റേഷൻ സാധനങ്ങൾ സമയത്തിന് ലഭിക്കാതിരിക്കുന്നതിന്മിന്നൽപ്പണി മുടക്കുകൾ കാരണമാകുന്നു.
6. പൊതുവിതരണ കേന്ദ്രങ്ങൾ മിക്കതും സമയ നിഷ്ഠ പാലിക്കുന്നില്ല.
7. ഇന്ന് കാർഡുടമകൾക്ക് ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് തികയാതെ വരുന്നു.

സാദ്ധ്യതകൾ:

1. ആവശ്യക്കാർക്ക് മുഴുവൻ റേഷൻകാർഡ് ലഭിക്കാനുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാവണം.
2. വീടില്ലാത്തവർക്ക് റേഷൻ കാർഡ് ലഭിക്കാൻപുനരധിവാസകേന്ദ്രങ്ങളുണ്ടാവണം.
3. നിത്യോപയോഗസാധനങ്ങൾ മുഴുവൻ റേഷൻഷാപ്പിലും ലഭ്യമാക്കുക.
4. ഒടുപാറ, മൂർഖൻ കുണ്ട്, പാലോളിത്താഴം എന്നീ സ്ഥലങ്ങളിൽ റേഷൻവിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
5. പൊതുവിതരണ കേന്ദ്രത്തെ റേഷൻ ഷാപ്പുകളാക്കി മാറ്റി പൂർണ്ണമായ അധികാരം പഞ്ചായത്തുകൾക്ക് കൊടുക്കുക.
6. പഞ്ചായത്തിൻെറ വടക്കെ അറ്റത്ത് (പാലങ്ങാട്)
ഒരു പുതിയ മാവേലി സ്റ്റോർ കൂടി അനുവദിക്കുക.
7. ദരിദ്ര വിഭാഗങ്ങൾക്ക് സൗജന്യ റേഷൻ അനുവദിക്കുക.
8. താലൂക്ക് സപ്ലൈ ഓഫീസിൻെറ പ്രവർത്തനം കാര്യക്ഷമമാക്കി പൊതുവിതരണ കേന്ദ്രങ്ങളിൽ മാസാന്ത പരിശോധനാ നിർബ്ബന്ധമാക്കുക.



# സഹകരണം

''സ്വന്തം സാമ്പത്തിക താല്പര്യത്തിൻെറ ഉന്നമനാർത്ഥം വ്യക്തിക മനുഷ്യരെന്ന സമഭാവനയുടെ അടിസ്ഥാനത്തിൽ സ്വമേധയാ സംഘടിക്കുകയും അതിൻെറ ഭരണം നീതി നിഷ്ഠമായ രീതിയിൽ നടത്തുകയും ചെയ്യുന്ന സ്വയം പ്രേരിതമായ ഒരു സംഘടനയാണ് സഹകരണം''

**കാംവർട്ട്**

1904-ൽ ആണ് ഇന്ത്യയിൽ സഹരണ പ്രസ്ഥാനത്തിൻെറ ആവിർഭാവം കുറിക്കുന്നത്. സാധാരണ ജനങ്ങളെ നാടൻ പലിശക്കാരിൽ നിന്നും ചൂഷകരിൽ നിന്നും രക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ്. ഈ പ്രസ്ഥാനം ആരംഭിച്ചത്. ഇന്ത്യയിലാകമാനവും വിശിഷ്യാ കേരളത്തിലും ജീവിതത്തിൻെറ

നാനാമേഖലകളിലേക്കും സഹകണപ്രസ്ഥാനം വളർന്നു പന്തലിച്ചിരിക്കുന്നു. 1909 ൽ ആണ് കേരളത്തിൽ ആദ്യമാി സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. മലബാറിൽ ഇപ്പോഴത്തെ പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര എന്ന പ്രദേശത്താണ് ആദ്യത്തെ സഹകരണ സംഘം രൂപീകൃതമായത്.

നാല്പത് വർഷങ്ങൾക്കു മുമ്പാണ് നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. 8.11.1956 ൽ റജിസ്റ്റർ ചെയ്യപ്പെടുകയും 3.12.56 ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്ത നെടിയനാട് വിവിധോദ്ദേശ ഐക്യനാണയ സംഘമാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം. 3000 രൂപയായിരുന്നു ഓഹരി മൂലധനം. വാപ്പാളിയിൽ നാരായണൻ നായർ. പുത്തലത്ത് ദാമോദരൻനായർ അരീപ്പുറത്ത് അതൃമാൻ മാസ്റ്റർ എന്നിവർ ആദ്യകാല സഹകാരികളായിരുന്നു. ആദ്യം ഇതിന്റെ ആസ്ഥാനം വട്ടപ്പാറപൊയിലിൽ ആയിരുന്നുവെങ്കിലും പിന്നീട് അംഗങ്ങളുടെ സൗകര്യാർത്ഥം നരിക്കുനിയിലേക്ക് മാറ്റി. പിന്നീട് നരിക്കുനി പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയാക്കിക്കൊണ്ട് നെടിയനാട്സർവീസ്സഹകരണ സൊസൈറ്റി എന്നപേരിൽ 24.6.1965 ൽ റജിസ്റ്റർ ചെയ്യപ്പെടുകയും 18.8.1965 ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അതിനുശേഷം 1972 ൽ ഇതൊരു സർവീസ് സഹകരണ ബാങ്കായി ഉയർത്തപ്പെട്ടു.

ഈ പഞ്ചായത്തിൽ വിവിധ മേഖലകളിലായി പതിനൊന്നു സഹകരണ സ്ഥാപനങ്ങൾ റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിൽ മൂന്നെണ്ണം തീർത്തും പ്രവർത്തന രഹിതമാണ്. ഇരുപത് ജീവനക്കാരാണ് ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുനന്നത്. താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളുടേയും പ്രവർത്തന പരിധി ഈ പഞ്ചായത്ത് കൂടി ഉൾപ്പെട്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പട്ടിക തരംതിരിച്ച് അന്യത്ര ചേർക്കുന്നു.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ:

ഈ പഞ്ചായത്തിൽ കാർഷിക മേഖലയിൽ നരിക്കുനി സർവ്വീസ് സഹകരണ ബാങ്കാണ് സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നത്. കൺസ്യൂമർ വിഭാഗത്തിൽ നരിക്കുനി, കാവുംപൊയിൽ എന്നീ കേന്ദ്രങ്ങളിലായി രണ്ട് സഹകരണ സംഘങ്ങൾ റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അവ പ്രവർത്തന രഹിതമാണ്. രണ്ട് സ്കൂൾ സഹകരണ സംഘങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഇവയിൽ ഒരെണ്ണം പുസ്ത വിതരണം മാത്രവും ഒരെണ്ണം വിദ്യാർത്ഥികൾക്കു ആവശ്യമായ സ്റ്റേഷനറി സാധങ്ങളും വിതരണം നടത്തി വരുന്നു. പഞ്ചായത്തിൽ മൊത്തം മൂന്ന് ക്ഷീരോൽപാദക സഹകരണ സംഘങ്ങളാണുള്ളത്. ഒന്ന് പാലങ്ങാട് കേന്ദ്രമായും ഒന്ന് പുളിക്കിൽ പാറ കേന്ദ്രമായും ഒന്ന് നരിക്കുനി കേന്ദ്രവുമായാണ്. ഇവ പ്രവർത്തിച്ചുവരുന്നത്. മൂന്ന് ക്ഷീരോൽപാദക സംഘങ്ങളും സാമാന്യം ഭേദപ്പെട്ട നിലയിലാണ് പ്രവർത്തിച്ചുവരുന്നത്. ഒരു സെറികൾച്ചറൽ സൊസൈറ്റി റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇത് പ്രവർത്തന രഹിതമാണ്, പഞ്ചായത്തിൽ ഒരു പട്ടികജാതി സഹകരണ സംഘം രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു വരുന്നു.

**കാർഷിക മേഖല:**

ഹ്രസ്വകാല വായ്പ:

നമ്മുടെ പഞ്ചായത്തിലെ 4897 കർഷക കുടുംബങ്ങൾ അവരുടെ ഹ്രസ്വകാല കാർഷിക കാർഷികേതര വായ്പകൾക്കായി മറ്റു ബാങ്കുകളോടൊപ്പം നരിക്കുനി സർവ്വീസ് സഹകരണ ബാങ്കിനെയും ആശ്രയിക്കുന്നുണ്ട്.

പട്ടിക 1

**കാർഷിക വായ്പാ സംഘങ്ങൾ**

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം (0000) | കടം (0000) | നിക്ഷേപം (0000) | വായ്പകൾ: കാർഷികം | വായ്പകൾ: കാർഷികേതരം | പ്രവർത്തന മൂലധനം 30000 | ലാഭമോ നഷ്ടമോ: ലാഭം (0000) | ലാഭമോ നഷ്ടമോ: നഷ്ടം (0000) | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | നരിക്കുനി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം | 1956 | നരിക്കുനി ഗ്രാമ പഞ്ചായത്ത് | 3042 | 100 | 430 | 470 | 190 | 240 | 800 | 1 | 150 | 7 |
| 2 | നന്മണ്ട കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് നരിക്കുനി ബ്രാഞ്ച് | | പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥിതിവിവരം ലഭിച്ചിട്ടില്ല | | | | | | | | | | |

എന്നാൽ മുഴുവൻ കർഷകർക്കും അർഹമായ രീതിയിൽ വായ്പ അനുവദിക്കുവാൻ ഈ ബാങ്കിനു കഴിയുന്നില്ല. ബാങ്കിൽ അംഗങ്ങളായ കർഷകരുടെ സാമ്പത്തിക ആവശ്യങ്ങൾ പരിമിതമായി നിർവ്വഹിക്കുവാൻ മൂന്നു കോടി രൂപ എങ്കിലും വർഷം തോറും ആവശ്യമാണ്.

95-96 സാമ്പത്തിക വർഷത്തിൽ 6 ലക്ഷം രൂപ മാത്രമാണ് ബാങ്കിന് കാർഷിക ആവശ്യങ്ങൾക്ക് വിതരണം ചെയ്യുവാൻ കഴിഞ്ഞത്. നബാർഡ് നിലവിലുള്ള കാർഷിക വായ്പാ വിതരണ സമ്പ്രദായത്തിൽ മാറ്റം വരുത്തിയെങ്കിൽ മാത്രമേ ബാങ്കിന് ഉദ്ദേശിച്ച രൂപത്തിൽ വായ്പ വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. കൃത്യസമയത്ത് വായ്പ തിരിച്ചടവ് വരാത്തതും ബാങ്ക് പ്രവർത്തനത്തിന് തടസ്സ് നിൽക്കുന്നുണ്ട്. വളം വിതരണം ഇനിയും ഊർജ്ജിതപ്പെടുത്തി നടത്തേണ്ടതുണ്ട്. കാർഷിക ഉൽപന്നങ്ങളുടെ സംഭരണം വിപണനം എന്നിവ ഇന്ന് കാര്യമായി നടക്കുന്നില്ല.

അടുത്തകാലത്തായി നന്മണ്ട കോ-ഓപറേറ്റീവ് റൂറൽ ബാങ്കിൻെറ ഒരു ശാഖ നരിക്കുനിയിൽ പ്രവർത്തനം ആരംഭിച്ച് വായ്പാ വിതരണം നടത്തിവരുന്നുണ്ട്.

ദീർഘകാല വായ്പ: കോഴിക്കോട് താലൂക്ക് പ്രവർത്തന പരിധിയായുള്ള കോഴിക്കോട് കാർഷിക ഗ്രാമ വികസന ബാങ്കിൻെറ താമരശ്ശേരി ശാഖയിൽ നിന്നാണ് ഈ പഞ്ചായത്തിലെ കർഷകർക്ക് ആവശ്യമായ ദീർഘകാല വായ്പകൾ നൽകിവരുന്നത്. കാർഷിക മേഖലയുടെ ആവശ്യത്തിനായി വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട് കാരണം കർഷകൻ വായ്പ വിനിയാഗിക്കാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്.

**പാർപ്പിട പ്രശ്നം**

സഹകരണ മേഖലയിലെ വിവിധ സംഘങ്ങൾ വഴി വിവിധ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന വായ്പയാണ് ഇവിടെ പാർപ്പിട നിർമ്മാണത്തിന് ഭൂരിഭാഗവും ഉപയോഗപ്പെടുത്തുന്നത്. നന്മണ്ട കോ-ഓപ്പറേറ്റീവ് റൂറൽ ഹൗസിംഗ് സൊസൈറ്റി, താമരശ്ശേരി കാർഷിക വികസന ബാങ്ക്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് എന്നിവയും ഈ രംഗത്ത് വായ്പകൾ നൽകി വരുന്നു.

ബാങ്കിൻെറ സാമ്പത്തിക നില തികച്ചും തൃപ്തികരമായ അവസ്ഥയിലല്ല. ഇക്കാരണത്താൽ തന്നെ വികസന പരമായ കാര്യങ്ങൾ നടപ്പിലാക്കാൻ സാധ്യമല്ല. വേണ്ടത്ര ഓഹരി മൂലധനം ഇനിയും ബാങ്കിനു ലഭ്യമായിട്ടില്ല. ഫണ്ടുകളുടെ ദൗർലഭ്യം കാരണം വായ്പ യഥാസമയം അനുവദിക്കാൻ കഴഇയുന്നില്ല. അതുപോലെ തന്നെ വായ്പ നേടി എടുക്കുന്നതിനുള്ള സാങ്കേതികപരമായ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളുണ്ടാക്കുന്നു.

അംഗങ്ങൾ എടുത്ത വായ്പകൾ യഥാവസരം തിരിച്ചടക്കാത്തതിനാൽ ബാങ്കിന് അ വധി ബാക്കി വർദ്ധിക്കുന്നു.

നിർദ്ദേശങ്ങൾ- സാധ്യതകൾ

1. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളിലെയും അർഹതപ്പെട്ട മുഴുവനാളുകളെയും അംഗഹ്ങളാക്കിക്കൊണ്ട് ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

2.നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുക. ഇങ്ങനെ സംഭരിക്കുന്ന തുക ലാഭകരമായി വിനിയോഗിക്കുക.( കൺസ്യൂമർ വായ്പ, ഭവന നിർമ്മാണ വായ്പ, സ്വർണ്ണ പണ്ട പണയ വായ്പ എന്നിവക്ക്)

3. ചിട്ടി നിയമ വ്യവസ്ഥകൾ ലഘൂകരിക്കുക. (കൂടുതൽ സലയുള്ള ചിട്ടികൾ തുടങ്ങുക. ഗ്രൂപ്പ് നിക്ഷേപ പദ്ധതികൾ കാര്യക്ഷമമാക്കുക.

4. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിന് മുൻപ് തന്നെ പാസാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായത്തിൽ നടപ്പാക്കുകയും ആയതിൻെറ വിനിയോഗം ഉറപ്പുവരുത്തുകയും ചെയ്യുക.

5. സർക്കാരിൽ നിന്നും കൃഷിക്കാർക്ക് അനുവദിച്ചു കിട്ടുന്ന പലിശ സബ്സിഡി യഥാ അവസരത്തിൽ കൃഷിക്കാർക്കു ലഭിക്കാനാവശ്യമായ നടപടികൾ സർക്കാർ തലത്തിൽ ചെയ്യുക.

6. വ്യക്തികൾക്കു അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്തു ഉയർത്തുക.

7. കാർഷികേതര വായ്പയുടെ പരിധി ഇപ്പോൾ 25000 രൂപാണ്. ഇത് ആവശ്യാനുസരണം ഉയർത്തണം.

8. നിലവിലുള്ള വിപണ, സംഭരണ സംവിധാനം ശക്തിപ്പെടുത്തുക. സംഭരണത്തിനു ആവശ്യമായ ഗോഡൗൺ നിർമ്മിക്കുക.

നരിക്കുനി സർവ്വീസ് സഹകരണ ബാങ്കിൻെറ പ്രവർത്തനം കാര്യക്ഷമമാക്കണം. ബാങ്കിൻെറ പ്രവർത്തനം പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും കിട്ടുന്നതിന് വേണ്ടി ഇതിഒെര ഒരു ശാഖ പാലങ്ങാട്ട് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഇത് കർഷകർക്ക് വളരെ വേഗത്തിലുള്ള പുരോഗമനം നടന്നു വരുന്ന നരിക്കുനി പഞ്ചായത്തിൽ ബാങ്കിൻെറ ഒരു സായാഹ്ന ശാഖ നരിക്കുനിഅങ്ങാടിയിൽ സ്ഥാപിക്കുന്നത് എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനപ്രദമായിരിക്കും. വായ്പാ വിതരണ കാര്യങ്ങൾക്ക് നൂതന ശൈലിയിലുള്ള ആകർഷകമായ സ്കീമുകൾ തയ്യാറാക്കി നടപ്പിലാക്കണം.

ക്ഷീര വ്യവസായ സഹകരണ സംഘം

നിലവിലുള്ള പാലങ്ങാട് ക്ഷീരോൽപാദക സഹകരണസംഘം 1,2,3, വാർഡുകളും 5ാം വാർഡിൻെറ ചില ഭാഗങ്ങളും ഉൾപ്പെട്ടതാണ്. ഇവിടെ പ്രതിദിനം സംഭരിക്കുന്ന പാൽ 130 ലിറ്റർ ആണ്. പുളിക്കിൽ പാറ സഹകരണ സംഘത്തിൻെറ പ്രവർത്തന പരിധി 4,6 വാർഡുകളും 5ാം വാർഡിൻെര ശേഷിക്കുന്ന ഭാഗവുമാണ്. ഇവിടെ പ്രതിദിനം 130 ലിറ്റർ ലാൽ സംഭരിക്കുന്നു. നരിക്കുനി സംഘത്തിൻെറ പ്രവർത്തന പരിധി 7,8,9,10, വാർഡുകൾ ഉൾപ്പെട്ടതാണ്. ഇവിടെ പ്രതിദിനം ശേഖരിക്കുന്ന പാൽ 125 ലിറ്റർ ആണ്.

നല്ല ഇനം പശുക്കളെ സംഘം മുഖേന വിതരണം ചെയ്തും കാലിതീറ്റകൾ ക്ഷീരകർഷകരുടെ ആവശ്യാനുസരണം സബ്സിഡി ഇനത്തിൽ വിതരണം ചെയ്തും ഈ സഹകരണ സംഘങ്ങളിലെ പ്രതിദിന പാൽ സംഭരണം ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്.

**മറ്റുനിർദ്ദേശങ്ങൾ**

സംഘങ്ങൾ അടുത്ത അഞ്ചുവർഷത്തിനുള്ളിൽ പ്രതിദിനം സംഭരിക്കാനുദ്ദേശിക്കുന്ന പാലിൽ പഞ്ചായത്തിലെ ഉപയോഗം കഴിച്ചു ബാക്കി കേടു കൂടാതെ സംഭരിച്ചു സൂക്ഷിക്കുവാനും സംസ്കരിക്കുവാനും വേണ്ട സൗകര്യങ്ങൾ ഏതെങ്കിലും ഒരു ക്ഷീരോൽപാദക സംഘത്തിൽ ഉണ്ടായിരിക്കണം. ഇതിനാവശ്യമായ മൂലധനം അനുവദിക്കണം

കാലിതീറ്റകൾ സഹകരണ സംഘങ്ങൾ സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാവേണ്ടതാണ്.

ക്ഷീര വികസനത്തിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുന്നത് ക്ഷീരോൽപ്പാദക സംഘങ്ങൾ മുഖേന ആയിരിക്കണം.

**കൺസ്യൂമർ മേഖല**

നരിക്കുനി ആസ്ഥാനമായും, കാവുംപൊയിൽ ആസ്ഥാനമായും രണ്ടു കൺസ്യൂമർ സൊസൈറ്റികൾ നമ്മുടെ പഞ്ചായത്തി റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇവ തീർത്തും പ്രവർത്തന രഹിതമാണ്. ഈ സൊസൈറ്റികളെ പുനരുജ്ജീവിപ്പിച്ചു ജനോപകാര പ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ഒരു സൊസൈറ്റിയുടെ ആസ്ഥാനം നരിക്കുനിയും രണ്ടാമത്തേതിന്റെ ആസ്ഥാനം പാലങ്ങാട്ടും ആയി പ്രവർത്തനം പുഷ്ടിപ്പെടുത്തേണ്ടതാണ്. ഓരോ വീട്ടിലും നിത്യോപയോഗസാധനങ്ങൾ എത്തിക്കുവാൻ ഉപഭോക്താക്കളിൽ നിന്ന് 'ട്രേഡ് ഡെപ്പോസിറ്റ്' സ്വീകരിച്ച് ഡോർ ഡെലിവറി സിസ്റ്റം ഈ രണ്ടു സംഘങ്ങളിലും നടപ്പിലാക്കണം.

**സ്കൂൾ സഹകരണ സംഘങ്ങൾ**

1.'നരിക്കുനി' ഗവ: ഹൈസ്കൂൾ സഹകരണസംഘം ഈ സഹകരണസംഘം വഴി ഇപ്പോൾ വിദ്യാർത്ഥികൾക്കാവശ്യമായ പാഠപുസ്തങ്ങൾ സ്റ്റേഷനറി സാധനങ്ങൾ യൂണിഫോം തുണികൾ, കുടകൾ എന്നിവ വിതരണം ചെയ്തു വരുന്നു.

2. നരിക്കുനി മേഖല പ്രൈമറി സ്കൂൾ സഹകരണ സംഘം ഈ സംഘം മുഖേന സ്കൂൾ വിദ്യാർത്ഥികൾക്കാവശ്യമായ നരിക്കുനി പഞ്ചായത്തിലെ മുഴുവൻ പ്രൈമറി സ്കൂളുകളെയും ഏകോപിപ്പിച്ചുകൊണ്ട് ഈ സഹകരണ സംഘം മുഖേന യൂണിഫോം സ്റ്റേഷനറി സാധനങ്ങൾ, കുട എന്നിവ വിതരണം ചെയ്യുകയാണെങ്കിൽ പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഉപകാരപ്രദമായിരിക്കും. കൂടാതെ പഠനോപകരണ വിതരണം നടത്താനും ഈ സംഘങ്ങൾ ഉപയോഗിക്കാവുന്നതാണ്. എല്ലാ അദ്ധ്യാപകരേയും വിദ്യാർത്ഥികകളേയും സംഘത്തിൽ അംഗങ്ങളാക്കേണ്ടതാണ്.

**ഹരിജൻ സഹകരണ സംഘം:**

അടുത്ത കാലത്ത്ായി ഈ പഞ്ചായത്ത് അടിസ്ഥാമനമാക്കി ഒരു പട്ടിക ജാതി സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ഒരു സെറികൾച്ചറൽ സഹകരണ സംഘം രൂപീകൃതമായിട്ടുണ്ടെങ്കിലും പ്രവർത്തന രഹിതമാണ്. ഇത് പുരനുജ്ജീവിപ്പിച്ച് പ്രവർത്തനം ആരംഭിക്കുകയാണെങ്കിൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുവാനും സാമ്പത്തിക വളർച്ച കൈവരിക്കാനും കഴിയും.

സാദ്ധതകൾ:- 1. വനിതാ സഹകരണ സംഘം നരിക്കുനി പഞ്ചായത്തിൽ ഒരു വനിതാ സഹകരണസംഘം രൂപീകരിക്കാനുള്ളസാദ്ധ്യതൾ ഏറെയാണ്. റെഡിമെയിഡ് വസ്ത്ര നിർമ്മാണം.അച്ചാർ, കറി പൗഡർ എന്നിവ ഇതിന്റെ കീഴിൽ നിർമ്മിക്കുവാൻ കഴിയും.

2. ലേബർ കോൺട്രാക്ട് സൊസൈറ്റി.

ധാരാളം തൊഴിലവസരങ്ങൾ ഉള്ള കാർഷിക മേഖലയിലും നിർമ്മാണ

പ്രവർത്തനമേഖലയിലും ഇന്ന് വിദഗ്ദ്ധരായ തൊഴിലാളികളെ കിട്ടാൻ പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഈ അവസ്ഥ പരിഹരിക്കുന്നതിന് പഞ്ചായത്ത് ആസ്ഥാനമാക്കി ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. ഇതുമൂലം തൊഴിലിൻെറ ഗുണനിലവാരം മെച്ചപ്പെടുത്തുവാനും പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ മെച്ചപ്പെടുത്തുവാനും സാധിക്കും.

ടാക്സിഡ്രൈവേഴ്സ് കോ: സൊസൈറ്റി.

പഞ്ചായത്ത് അടിസ്ഥാനമാക്കി ടാക്സി ഡ്രൈവർമാരുടെഉന്നനമനത്തിനായി ടാക്സി ഡ്രൈവേഴ്സ് കോ-സൊസൈറ്റി രൂപീകരിക്കാവുന്നതാണ്.

4.സഹകരണ പ്രിൻറിംഗ് പ്രസ്സ്

ഡി.ടി.പി. സംവിധാനത്തോടുകൂടിയ ഒരു പ്രിൻറിം പ്രസ്സ് സഹകരണ മേഖലയിൽ സ്ഥാപിക്കാവുന്നതാണ്. അച്ചടി രംഗത്തെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുവാൻ ഇതുകൊണ്ട് സാധിക്കും.

നോട്ടുബുക്ക് നിർമ്മാണ സഹകരണസംഘം.

നോട്ടുപുസ്തകങ്ങൾക്കുവേണ്ടി കൂടുതലും സ്വകാര്യമേഖലയെയാണ് ആശ്രയിക്കുന്നത്. ഈ അവസംഥ പരിഹരിക്കുന്നതിന് പഞ്ഞ്ചായത്ത് ഒരു നോട്ടു പുസ്തക നിർമ്മാണ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്., പ്രസ്തുത യൂണിറ്റ് ഉല്പാദിപ്പിക്കുന്ന നോട്ടുബുക്കുകൾ പഞ്ചായത്തിൽ നിലവിലുള്ള സൊസൈറ്റികൾ മുഖേനയും കൺസ്യൂമർ സ്റ്റോർ മുഖേനയും വിപണനം നടത്താവുന്നതാണ്. ഇതുമൂലം വനിതകൾക്ക് ഉൾപ്പെടെ തൊഴിലവസരം വർദ്ധിക്കുന്നതാണ്.

6. സോപ്പ് നിർമ്മാണ യൂണിറ്റ്.

സഹകരണമേഖലയിൽ നരിക്കുനി പഞ്ചായത്തിൽ ഒരു സോപ്പു നിർമ്മാണ യൂണിറ്റ് ആരംഭിക്കുകയാണെങ്കിൽ ഉപഭോക്താക്കൾക്ക് കുറഞ്ഞവിലക്ക് ആവശ്യമായ സോപ്പു ലഭിക്കുകയും അതു പോലെ വനിതകൾ ഉൾപ്പെടെയുള്ള നല്ല വിഭാഗത്തിന് തൊഴിലവസരം സൃഷ്ടികപ്പെടാനും കഴിയും.

7. സഹകരണ പാരലൽ കോളേജ്

വിദ്യാഭ്യാസ മേഖലയിലെ ഉപരിപഠനത്തിന് വേണ്ടത്ര സൗകര്യം ഇന്ന് നമ്മുടെ പഞ്ചായത്തിലില്ല. വർദ്ധിച്ചു വരുന്ന വിദ്യാർത്ഥികളുടെ ഈ പ്രശ്നം പരിഹരിക്കുന്നതിന് സഹകരണ മേഖലയിൽ ഒരു പാരലൽകോളേജ് ആരംഭിക്കാവുന്നതാണ്.

നരിക്കുനി പഞ്ചായത്തിൽ സഹകണമേഖലയിൽ എടുത്തുപറയത്തക്ക നേട്ടങ്ങൾ ഒന്നും ഇന്നവരെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഈ മേഖലയിൽ അവസരം ഉണ്ടാക്കുന്നതിന് പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു സഹകരണ വിദഗ്ദോപദേശക സമിതി രൂപീകരിക്കേണ്ടതുണ്ട്.

പട്ടിക 2

## മിൽക് സൊസൈറ്റികൾ

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | ലാഭമോ നഷ്ടമോ | | പ്രതിദിനം സംഭരിക്കുന്ന പാൽ | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|
| | | | | | | ലാഭം | നഷ്ടം | | |
| 1 | നരിക്കുന്നി ക്ഷീരവ്യവസായ സഹകരണ സംഘം | 1977 | പഞ്ചായത്തിന്റെ 7, 8, 9, 10 വാർഡുകൾ | 253 | 3215 | ലാഭം | - | 125 ലി. | 2 |
| 2 | പാലങ്ങാട് ക്ഷീരോൽപ്പാദക സഹകരണ സംഘം | 1994 | പഞ്ചായത്തിന്റെ 1, 2, 3 വാർഡുകളും 5-ന്റെ കുറച്ച് ഭാഗവും | 92 | 2240 | ലാഭം | - | 130 ലി. | 2 |
| 3 | പുളിക്കൽപാറ ക്ഷീരോൽപ്പാദക സഹകരണ സംഘം | 1993 | പഞ്ചായത്തിന്റെ 4, 6 വാർഡുകളും 5-ന്റെ ബാക്കി ഭാഗവും | 151 | 1600 | ലാഭം | - | 130 ലി. | 2 |



# പട്ടിക ജാതി
# പട്ടിക വർഗ്ഗക്ഷേമം

**''ഞാൻ പുനർജന്മം ആഗ്രഹിക്കുന്നില്ല. പക്ഷെ പുനർജനിക്കയാണെങ്കിൽ അത് ഒരു ഹരിജനായി - ഒരു തൊട്ടുകൂടാത്തവനായി ആവാൻ ഞാൻ ആഗ്രഹിക്കുന്നു. തന്മൂലം ഈ വിഭാഗം ജനതയുടെ മേൽ കുന്നുകൂടീട്ടുള്ള അക്രമങ്ങൾക്കും അവഹേളനകൾക്കും എതിരെയുള്ള നിരന്തരമായ ഒരു പോരാട്ടത്തിന് നേതൃത്വം നൽകാൻ കഴിഞ്ഞേനേ''**

**ഗാന്ധിജി.**

ചരിത്രപരമായ കാരണങ്ങളാൽ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിലെല്ലാം തന്നെ പിൻതള്ളപ്പെട്ട് പോവുകയും ഇതര ജന വിഭാഗങ്ങളിൽ നിന്നും നൂറ്റാണ്ടുകളുടെ അകൽച്ചയി ജീവിക്കേണ്ടി വരികയും ചെയ്ത വിഭാഗങ്ങളാണ് പട്ടികജാതി-പട്ടികവർഗക്കാർ. അധ: സ്ഥിതർ പിന്നോക്കജാതിക്കാർ, പുറം ജാതിക്കാർ എന്നൊക്കെ വിളിക്കപ്പെട്ടിരുന്ന ഈ വിഭാഗക്കാർ ഉളംക്കൊള്ളുന്ന രണ്ട് പട്ടികകൾ അവരുടെ സാമൂഹിക വിദ്യാഭ്യാസത സാമ്പത്തിക പിന്നോക്കവസ്ഥയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുകയും 1935ലും 1936 ലും പ്രസ്തുത പട്ടികകൾക്ക് നിയമ സാധുത ലഭിക്കുകയും ചെയ്തു. ഇതിനു ശേഷം ഇക്കൂട്ടർ പട്ടികജാതി-പട്ടിക വർഗ്ഗക്കാർ എന്ന് വിളിക്കപ്പെട്ടു.

കടുത്ത ചൂഷണത്തിനും വിവേചനത്തിനും അടിമത്വത്തിനും വിധേയരായ ഈ തൊട്ടുകൂടാത്തവർക്ക് ഭരണ ഘടനതന്നെ പരിരഠ നൽകിയത് സ്വാഭാവികമായിരുന്നു. ഭരണഘടനയിലെ ആർട്ടിക്ക്ൾ 17 മുഖേന അയിത്താചരണം നിയമവിധേയമാക്കി. ആർട്ടിക്ക്ൾ 15 മതം, ജാതി,വർഗം മുതയാവയുടെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങളെ നിയമവിരുദ്ധമാക്കി.സർക്കാർ സേവനങ്ങളിൽ പട്ടികജാതി-പട്ടിക വർഗക്കാർക്ക് പ്രത്യേക പരിഗണന നൽകുവാൻസർക്കാരുകൾ ക്കുള്ള നിർദ്ദേശമാണ് ആർട്ടിക്ക്ൾ 335. മൗലികാവകാശം, നിയമസഭകളിലും സർക്കാർ സ്ഥാപനങ്ങളിലും ഈ വിഭാഗക്കാർക്കുള്ള പങ്കാളിത്തം, പട്ടികജാതി-വർഗക്കാർക്കുള്ള ക്ഷേമ പരിപാടി കളുടെ നടത്തിപ്പ് എന്നിവ സംബന്ധിച്ച് അന്വേഷിക്കാൻ പ്രത്യേക ഉദ്യോഗസ്ഥനേയോ കമ്മീഷനേയോ നിയമിക്കാൻ 338 ഉം 339 ഉം ആർട്ടിക്കിളുകൾ അനുശാസിക്കുന്നു.

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ പട്ടികജാതി- പട്ടിക വർഗക്കാരടെ ഉന്നമനം ലക്ഷ്യമാക്കി നിരവധി പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻെറയൊക്കെ ഫലമായി ഈ വിഭാഗക്കാർ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ ധാരാളം പുരോഗതി നേടിയിട്ടുണ്ട് എന്നത് നിസ്തർക്കമാണ്. എങ്കിലും സമൂഹത്തിൻെറ ഇതര വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പട്ടികജാതി പട്ടികവർഗക്കാർ നേടിയിട്ടുള പുരോഗതി നാമമാത്രമാണ്. അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം മുതലായവ ഒരു വലിയ

വിഭാഗത്തിന് ഇന്നും അപ്രാപ്യമാണ്.
നിരവധി കാലം ചൂഷണത്തിന് വിധേയമായിരുന്ന ഈ വിഭാഗത്തിന് മിച്ച ഭൂമിയുടേയും കുടികിടപ്പവകാശത്തിൻേറയും ലഭ്യത ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പട്ടികജാതിക്കാരുടെ ഇടയിൽ ഉച്ച നീചത്വങ്ങൾ ഏറെയും അപ്രത്യക്ഷമായിരിക്കുന്നു എന്ന് പറയാം. ഇവിടെ എല്ലാ ജാതി മതസ്തരും പരസ്പരം പൊതു ചടങ്ങുകളിൽ പങ്കെടുക്കുക പതിവാണ്.
ഈ പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട കരിമ്പാലൻ, എന്നുപറയുന്ന ഒരു സമുദായക്കാരുണ്ട്. ഇവർ കേരളത്തിൽ മറ്റു ജില്ലകളിൽ എണ്ണത്തിൽ കുറവാണ്. കൂടാതെ വേട്ടുവൻ എന്നുപറയുന്ന ഒരു വിഭാഗക്കാരും ഇവിടെയുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് മാത്രം ഈ വിഭാഗക്കാരെ പട്ടികവർക്കാരായി പരിഗണിക്കുന്നു. എന്നാൽ മറ്റുള്ള ആനുകൂല്യങ്ങൾ നേടാൻ ഇവരെ പട്ടികജാതിക്കാരായി തന്നെ കണക്കാക്കുന്നു.
നരിക്കുനി പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ വിവരങ്ങളെ സംബന്ധിച്ചും അവർ അനുഭവിക്കുന്ന ജീവിതപ്രശ്നങ്ങളെ സംബന്ധിം ഒരു എത്തിനോട്ടം നടത്തുന്നതോടൊപ്പം പ്രശ്ന പരിഹാരത്തിനായി ചില നിർദ്ദേശങ്ങൾ ചൂണ്ടിക്കാണിക്കുകയുമാണ് ഇവിടെ ചെയ്യുന്നത്.
ഈ പഞ്ചായത്തിൽ 770 കുടുംബങ്ങളിലായി 1570 പുരുഷന്മാരും 1535 സ്ത്രീകളും ഉൾപ്പെടെ 3105 ആളുകൾ പട്ടികജാതിയിൽപെട്ടവരായുണ്ട്. പട്ടികവർഗ്ഗക്കാർ ഇവിടെ ഇല്ല. പട്ടികജാതിക്കാർ മാത്രമെയുള്ളൂ. ഇവരിൽ ഭൂരിപക്ഷം കുടുംബങ്ങളും കോളനികളിലും മറ്റുള്ളവർ ഒറ്റപ്പെട്ട വീടുകളിലും താമസിക്കുന്നു. മൊത്തം ജനസംഖ്യയുടെ 13% ത്തോളം ആളുകൾ പട്ടികജാതിക്കാരാണ്.
ഈ പഞ്ചായത്തിൽ അംഗീകരിച്ചതും അഗീകരിക്കാത്തതുമായ കോളനികളിലായി മൊത്തം 417 വീടുകളിൽ 854 പുരുഷന്മാരും 908 സ്ത്രീകളും ഉൾപ്പെടെ 1762 അംഗങ്ങളുണ്ട്. കോളനികളെപ്പറ്റിയുള്ള വിവരം പട്ടിക യിലും, യിലും കൊടുത്തിരിക്കുന്നു. പട്ടികയിൽകാണിച്ചിരിക്കുന്നതിന്ന് പുറമെ ഒറ്റപ്പെട്ട ഹരിജൻ കുടുംബങ്ങൾ പഞ്ചായത്തിൽ വേറെയുമുണ്ട്. കോളനികളിൽപെടാത്ത ഒറ്റപ്പെട്ട വീടുകളുടെ കൃത്യമായ വിവരം ലഭിക്കാത്തതിനാൽ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.
പൊതുവെ പട്ടികജാതി കോളനികളിലും മറ്റുമുള്ള അടിസ്ഥാനസൌകര്യങ്ങൾ തൃപ്തികരമല്ല. അവയിൽ പ്രധാനമായത് കുടിവെള്ളം, വൈദ്യുതി, കക്കൂസ്, പൊതുവഴി എന്നിവയുടെ അഭാവമാണ്.

## പട്ടിക 1 എ
## അംഗീകാരമുള്ള കോളനികൾ

| ക്രമനമ്പർ | വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | പു | സ്ത്രീ | ആകെ |
|---|---|---|---|---|---|---|
| 1 | 1 | തോർപ്പാറമല ഹരിജൻ കോളനി | 12 | 39 | 27 | 66 |
| 2 | 1 | കാരക്കുന്ന് ലക്ഷംവീട് ഹരിജൻ കോളനി | 21 | 35 | 36 | 71 |
| 3 | 2 | കാരക്കുന്ന് രണ്ടാം വാർഡ് ഹരിജൻകോളനി | 27 | 52 | 56 | 108 |
| 4 | 3 | വേങ്ങക്കുന്ന് | 19 | 43 | 39 | 82 |
| 5 | 3 | കരിമ്പൻ മൂല | 20 | 32 | 39 | 71 |
| 6 | 3 | പെരിക്കോറ മല | 15 | 14 | 25 | 39 |
| 7 | 8 | ചാലിയക്കരകുന്ന് | 27 | 63 | 70 | 133 |
| 8 | 8 | ചെമ്പക്കുന്ന് ലക്ഷംവീട് കോളനി | 25 | 52 | 48 | 94 |
| 9 | 8 | കിളങ്ങര പുറീയിൽ | 26 | 74 | 90 | 164 |
| 10 | 8 | പെരിങ്ങിലോറ മല IHDP | 52 | 99 | 114 | 213 |
| 11 | 3 | മുക്കാലുംപാറ | 14 | 28 | 35 | 63 |
| 12 | 9 | മാമ്പറ്റമല | 24 | 56 | 48 | 104 |
| 13 | 9 | പാവട്ടിക്കുന്ന് | 43 | 53 | 61 | 114 |
| | ആകെ | | 311 | 640 | 682 | 1322 |

## പട്ടിക 1 ബി
## അംഗീകാരമില്ലാത്ത കോളനികൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | പു | സ്ത്രീ | ആകെ അംഗങ്ങൾ |
|---|---|---|---|---|---|---|
| 1 | 3 | തേലമ്പറ്റ ലക്ഷംവീട് കോളനി | 20 | 32 | 35 | 67 |
| 2 | 4 | പുതിയേടത്ത് ലക്ഷം വീട് കോളനി | 16 | 38 | 27 | 65 |
| 3 | 4 | ഒടുവൻ കുന്ന് മല | 18 | 33 | 45 | 78 |
| 4 | 10 | മുച്ചിലാടി മീത്തൽ | 10 | 22 | 31 | 53 |
| 5 | 10 | പാറോപ്പാറ | 11 | 18 | 25 | 43 |
| 6 | 6 | വേയാട്ടുമല | 31 | 71 | 63 | 134 |
| | | ആകെ | 106 | 214 | 226 | 440 |

### വിദ്യാഭ്യാസം

മുൻകാലങ്ങളിൽ വിദ്യാഭ്യാസപരമായിന്നോക്കമെംഗ്ഗുയിരുന്നുവെങ്കിലും ഇപ്പോൾ കുറേയേറെ മുന്നിലെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഹൈസ്കൂൾ വിദ്യാഭ്യാസം കഴിയുന്നതോടുകൂടി ഭൂരിപക്ഷം കുട്ടികളും പഠനം നിർത്തുന്ന അവസ്ഥയാണുള്ളത്. സാമ്പത്തിക പരാധീനതയും കുടുംബ ബാധ്യതയും ഇതിനുള്ള പ്രതിബന്ധങ്ങളാണ്. ഉപരിപഠനത്തിന് പോകുന്നവരുടെ അംഗസംഖ്യ പരിമിതമാണ്. എന്നാൽ കുറച്ചുപേരേങ്കിലും ബിരുതപഠനം നേടിയവർ ഉണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല. നിരക്ഷരരായ ആളുകൾക്ക് സാക്ഷരതാ ക്ലാസ്സുകളിൽ കൂടി സാക്ഷരത കൈവരിക്കുനാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പൂർണ്ണമായി നിരക്ഷരത തുടച്ചുനീക്കാൻ കഴിഞ്ഞിട്ടില്ല. കലാസാംസ്ക്കാരിക രംഗത്ത് പുരോഗതി കൈവരിക്കാൻ പറ്റിയ സാഹചര്യം ഇവിടെ വളർന്നു

വന്നിട്ടില്ല. വിദ്യാഭ്യാസ രംഗത്ത് കൂടുതൽ പ്രചോദനം ലഭിക്കുവാനുള്ള ബോധവൽക്കരണം ഇനിയും ആവശ്യമാണ്.

തൊഴിൽ

ഈ വിഭാഗത്തിൽപ്പെട്ട ഭൂരിപക്ഷം ആളുകളും കർഷക തൊഴിലാളികളാണ് യുവാക്കളിൽ പലരും നിർമ്മാണ തൊഴിലാളികളാണ് ഏർപ്പെട്ടിരിക്കുന്നത്. കല്ലുവെട്ട്, കെട്ടിട നിർമ്മാണം എന്നിവ അവയിൽപ്പെടുന്നു. ഇവരിൽ നല്ലൊരു വിഭാഗം തെങ്ങുകയറ്റ തൊഴിലാളികളിൽ ഏർപ്പെട്ടവരാണ്. കാർഷികരംഗത്ത് നെൽകൃഷിയിലും മറ്റും ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളെ സംബ്ധിച്ചിടത്തോളം പ്രത്യേക സീസണുകളിൽ മാത്രമേ ജോലി യുള്ളൂ. കാർഷിക രംഗതത്ത് ജോലി ചെയ്യുന്ന പുരുഷൻമാർക്ക് ശരാശരി 65 രൂപയും സ്ത്രീകൾക്ക് 40 രൂപയും കൂലിയായി ലഭിക്കുന്നു.. നിർമ്മാണ പ്രവർത്തനരംഗത്ത് പുരുഷന്മാർക്ക് ശരാശരി 100 രൂപയും സ്ത്രീകൾക്ക് 60 രൂപയും ലഭിക്കുന്നു.

ഒംരു വിഭാഗം സ്ത്രീകൾ അടക്കാപൊളി, മെറ്റൽ ഉടക്കൽ തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. ഇവർക്ക് നാമമാത്ര കൂലി മാത്രമേ ലഭിക്കുന്നുള്ളൂ. പരമ്പരാഗത തൊഴിലുകളായ പായ നെയ്ത്ത്, കുട്ട മടയൽ, ചൂടി പിരിക്കൽ തുടങ്ങിയ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ഏതാനും ചില കുടുംബങ്ങളും ഇവിടെയുണ്ട്. ഇവർക്ക് വേണ്ട അസംസ്കൃതവസ്തുക്കളായ ഓട, മുള, കൈതയോല എന്നിവയുടെ ദൗർലഭ്യംമൂലം ഈ കൈത്തൊഴിലുകൾ ഇന്ന് നാമാവശേഷമായിരിക്കൊണ്ടിരിക്കുന്നു.

ഐ.ആർ.ഡി.പി. മുതലായ സ്വയംതൊഴിൽപദ്ധതികളിലൂടെ സഹായം ലഭിക്കുകയും അവ മുഖേന സഹ ായം കണ്ടെത്തുകയും ചെയ്ത കുറേയെറെ കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ആടുമാടുവളർത്തൽ, ചെറുകിട കച്ചവടം, പായനെയ്ത്ത് എന്നിവ ഇതിൽപെടുന്നു. 1992-ലെ ഐ.ആർ.ഡിണ.പി. സർവ്വെ പ്രകാരം പട്ടികജാതിയിൽപ്പെട്ട 126 കുടുംബങ്ങളെ കണ്ടെത്തിയതിൽ 64 പേർക്ക് സഹായം നൽകിക്കഴിഞ്ഞു. 1979-നും 92-നും ഇടക്ക് ഐ.ആർ.ഡി.പി. സഹായധനം ലഭിച്ച നിരവധി കുടുംബങ്ങൾക്കം പുറമെയാണിത്. ഗവൺമെൻറ് തലത്തിലുള്ള പട്ടികജാതി ക്ഷേമ പ്രവർത്തനെ ത്ത ക്കുറിച്ച് ഇവർ ഇനിയും ബോധവാന്മാരാകേണ്ടിയിരിക്കുന്നു. ട്രൈസം പരിപാടി പ്രകാരം കുറേ പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. പട്ടികജാതിക്കാർക്ക് മാത്രമായി നടത്തുന്ന ഡി.ഡബ്ല്യൂ.സി.ആർ.എ. പദ്ധതിയിൻകീഴിൽ ഉള്ള 'ജല്ലി' നിർമ്മാമ യൂണിറ്റ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അഭ്യസ്തവിദ്യരും അ്ലലാത്തവരുമായ തൊഴിൽരഹിതരായ നല്ലൊരു വിഭാഗം പട്ടികജായിതിൽപെട്ട യുവതീയുവാക്കൾ ഈ പഞ്ചായത്തിലുണ്ട്.

പാർപ്പിടം

ഭൂരിപക്ഷം വീടുകളും ഓലമേഞ്ഞ കട്ടപ്പുരകളാണ്. ചെറ്റപ്പുരകളും ഉണ്ട്. ഓട് മേഞ്ഞ വീടുകൾ വളരെ കുറവാണ്. കുടിവെള്ളം, കക്കൂസ് തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ മിക്ക വീടുകളിലും ഇല്ല. ഇതിനോടനുബന്ധിച്ചുള്ള പട്ടിക 2 എ, പട്ടിക 2 ബി എന്നിവ നോക്കുക. കോളനികളിലൊന്നും തന്നെ വൈദ്യുതി ഇനിയും ലഭിച്ചിട്ടില്ല. വിരലിൽ എണ്ണാവുന്ന ചുരുക്കം ചില വീടുകളിൽ മാത്രമേ വൈദ്യുതി ഉള്ളൂ. ഇതിനോടനുബന്ധിച്ചുള്ള പട്ടികയിൽ നിന്നും ഇത് വ്യക്തമാകുന്നതാണ്. 1992-നു ശേഷം ജെ.ആർ.വൈ, ഐ.എ.വൈ, എ.ഡബ്ല്യൂ.എസ് മുതലായ പദ്ധതികളിലൂടെ 114 കുടുംബങ്ങൾക്ക് വീട് ലഭിച്ചിട്ടുണ്ട്. എൻ.ആർ.ഇ.പി ആർ.എൽ.ഇ.ജി.പി എന്നീ സ്കീമുകളിലൂടെയും, പട്ടികജാതി പട്ടികവർഗ്ഗ കോർപപ്പറേഷൻ മുഖേനയും വീടിന് ധനസഹായം ലഭിച്ച ധാരാളം കുടുംബങ്ങൾ ഉണ്ട്. ഈ സാമ്പത്തികവർഷം പുര കെട്ടി മേയുന്നതിന് പട്ടികജാതി വികസന വകുപ്പിൽ നിന്ന് 500 രൂപയും വിവാഹത്തിനുള്ള ധനസഹായമായി 2000 രൂപയും ഈ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. വീട് വെക്കുവാനനുവദിക്കുന്ന ധനസഹായം വളരെ അപര്യാപ്തമായതിനാൽ പലർക്കും വീട് നിർമ്മാണജോലി വളരെ പ്രയാസമുള്ളതായി അനുഭവപ്പെടുന്നു. അനുദിനം വർദ്ധിച്ചുവരുന്ന നിർമ്മാണ ചിലവുമൂലം തുടങ്ങിയ ജോലി മുഴുവനാക്കുവാൻ പറ്റാത്ത

പട്ടിക 2 എ

## അംഗീകാരമുള്ള കോളനികൾ

| ക്രമനമ്പര് | വാർഡ് നമ്പർ | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം ഓട് | ഓല | കോൺക്രീറ്റ് | ആവശ്യമുള്ള വീടുകളുടെ എണ്ണം | കക്കൂസ് ഉള്ള വീടുകൾ | ആവശ്യമുള്ള കക്കൂസിന്റെ എണ്ണം |
|---|---|---|---|---|---|---|---|---|
| 1 | 1 | തോൽപാറമല | 9 | 3 | - | 9 | - | 12 |
| 2 | 1 | കാരക്കുന്ന് ലക്ഷംവീട് | 1 | 20 | - | 15 | 3 | 18 |
| 3 | 2 | കാരക്കുന്ന് ഹരിജൻകോളനി | 2 | 24 | - | 20 | 1 | 25 |
| 4 | 3 | വേങ്ങാക്കുന്ന് | 6 | 12 | 1 | 12 | 5 | 14 |
| 5 | 3 | കരിമ്പൻമൂല | 4 | 16 | - | 16 | 4 | 16 |
| 6 | 3,4 | പെരിക്കോറമല | 5 | 10 | - | 5 | 1 | 14 |
| 7 | 8 | ചാലിയക്കരകുന്ന് | 14 | 11 | 2 | 11 | 9 | 18 |
| 8 | 8 | ചെമ്പക്കുന്നം ലക്ഷംവീട് | 19 | 6 | - | 17 | 7 | 18 |
| 9 | 8 | കുളങ്ങരപുറായിൽ | 13 | 12 | 1 | 11 | 7 | 19 |
| 10 | 8 | പരിങ്ങിലോറമല I.H.D.P. | 36 | 14 | 2 | 14 | 3 | 49 |
| 11 | 3 | മുക്കാലുംപാറ | 6 | 7 | - | 8 | - | 13 |
| 12 | 9 | മാമ്പറ്റമല | 6 | 18 | - | 18 | - | 24 |
| 13 | 9 | പാവട്ടികുന്ന് | 21 | 21 | 1 | 21 | 13 | 30 |
| | | ആകെ | 132 | 169 | 8 | 173 | 53 | 270 |

പട്ടിക 2 ബി

## അംഗീകാരമില്ലാത്ത കോളനികൾ

| ക്രമനമ്പര് | വാർഡ് നമ്പർ | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം ഓട് | ഓല | കോൺക്രീറ്റ് | ആവശ്യമുള്ള വീടുകളുടെ എണ്ണം | കക്കൂസ് ഉള്ള വീടുകൾ | ആവശ്യമുള്ള കക്കൂസിന്റെ എണ്ണം |
|---|---|---|---|---|---|---|---|---|
| 1 | 3 | തേലമ്പറ്റ ലക്ഷംവീട് കോളനി | 6 | 14 | - | 14 | 5 | 15 |
| 2 | 4 | പുതിയേടത്ത് ലക്ഷംവീട് കോളനി | 2 | 16 | - | 8 | 12 | 6 |
| 3 | 4 | ഒടുവൻകന്ന് മല | 2 | 15 | 1 | 8 | 4 | 14 |
| 4 | 10 | മംച്ചിലാടിമീത്തൽ | 4 | 5 | 1 | 5 | 6 | 4 |
| 5 | 10 | പാറോപ്പാറ | 4 | 7 | - | 7 | - | 11 |
| 6 | 6 | വേയാട്ട്മല | 14 | 16 | 1 | 16 | 6 | 25 |
| | | ആകെ | 32 | 73 | 3 | 58 | 33 | 75 |

സാഹചര്യമാണ് നിലവിലുള്ളത് 1992 ന്ന് ശേഷം CRSR, JRYമുതലായ പദ്ധതികളിലൂടെ 39 കുടുംബങ്ങൾക്ക് കക്കൂസുകൾ ലഭിച്ചിട്ടുണ്ട്.

റോഡ്, പൊതുവഴി

പഞ്ചായത്തിലെ മിക്കവാറും കോളനികൾക്ക് റോഡ് സൌകര്യമോ, പൊതുവഴിയൊ ഇല്ല. കോളനികളിലെ റോഡ് സൌകര്യം മെച്ചപ്പെടുത്തുന്നതിനെകുറിച്ചുള്ള സാദ്ധ്യതകളും നിർദ്ദേശങ്ങളും ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

**ആരോഗ്യം**

ശുചീകരണ കാര്യത്തിലുള്ള അജ്ഞതയും, അശ്രദ്ധയും ശരിയായ കക്കൂസുകളുടെയും ശുദ്ധജലത്തിൻെറയും അഭാവവും പകർച്ചവ്യാധികളും മറ്റ് രോഗങ്ങളും ഇവർക്കിടയിൽ പടർന്നുപിടിക്കുക സ്വാഭാവികമാണ്. കൂടുതൽ ആളുകൾ തിങ്ങിപ്പാർക കേന്ദ്രങ്ങളിൽ വീടും പരിസരവും മലിനീകരണമായിരിക്കുമെന്നുള്ളതു കൊണ്ടതുന്നെ രോഗങ്ങൾ വരാനുള്ള സാഹചര്യം വർദ്ധിക്കുന്നു. പൊതുജനാരോഗ്യവകുപ്പ് ഈ കാര്യത്തൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. കൂടുതൽ പട്ടിക ജാതിക്കാർ അധിവസിക്കുന്ന പ്രദേശങ്ങളിലായി ഒന്നോ, രണ്ടോ, ഹെൽത്ത് സബ്ബ് സെൻറുകൾ തുടങ്ങാവുന്നതാണ്.

പഞ്ചായത്തിൽ ഇപ്പോൾ നാലു ശ്മശാനങ്ങൾ നിലവിലുണ്ട്. 1. കാരക്കുന്ന് 2. വെങ്ങിണ്ടോറമല, 3. തലക്കോട്ടുകുന്ന്, 4. വരിങ്ങിലോറമല എന്നിവയാണ് അവ.

കാരക്കുന്ന് ശ്മശാനമൊഴികെ മറ്റു മൂന്ന് ശ്മശാനങ്ങളും മറ്റുള്ളവർ അന്യാധീനപ്പെടുത്തുന്നതായി കാണുന്നു. ഈ ശ്മശാനങ്ങൾ ഒന്നും ശരിയായ രേഖകളെആ, അതിർത്തിയോ ഇല്ലാത്തവയാണ്. ശ്മശാനങ്ങളിലേയ്ക്ക് റോഡോ, ശരിയായ വഴികകളൊ ഇല്ല.

നരിക്കുനി പഞ്ചായത്തിൽ പട്ടികജാതിക്കാർക്കുവേണ്ടി നടപ്പാക്കേണ്ട വികസപ്രവർത്തനങ്ങളെപ്പറ്റിയും അവയ്ക്കുള്ള സാദ്ധ്യതകളെപ്പറ്റിയും അതോടൊപ്പം ആവശ്യമായ നിർദ്ദേശങ്ങളും ഇതിനോടൊപ്പം പ്രതിപാദിക്കുന്നു.

വിദ്യാഭ്യാസകാര്യത്തിൽ പ്രചോദനം കിട്ടുവാൻ ഇവരുടെ ഇടയിൽ കൂടുതൽ ഭോധവൽക്കരണം ആവശ്യമാണ്. വിദ്യാലയങ്ങളഇൽ പട്ടികജാതി വിദ്യാർത്ഥികളഉടെ ഹാജർ നില മെച്ചപ്പെടുത്തുവാൻ പല ആകർഷണീയമായ പരിപാടികളും നടപ്പാക്കാവുന്നതാണ്.അതിന്നായി പ്രൈമറി തലത്തിൽ ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമായി നടപ്പിലാക്കുക, ഹൈസ്കൂൾ തലം വരെയെങ്കിലും പാഠപുസ്തകങ്ങൾ സൌജന്യമായി നല്കുക, ഇപ്പോൾ നല്കുന്ന സ്കോളർഷിപ്പ് ഉദാരമാക്കുക, ഉയർന്ന മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികളെ പാരിതോഷികങ്ങൾ നല്കി അഭിനന്ദിക്കുക മുതലായവും ചെയ്യാവുന്ന്നതാണ്. കൂടാതെ വിദ്യാലയങ്ങളിൽ നടക്കുന്ന കലാമേളകളിലും മറ്റും ഇവർക്കിടയിലുള്ള പരമ്പരാഗത കലകളും വിനോദങ്ങളും ഉൾപ്പെടുത്തി അത്തരം കലകൾക്ക് പ്രോത്സാഹനം നല്കാവുന്നതുമാണ്. സാംസ്കാരികമായ പുരോഗതിയെ ലക്ഷ്യമാക്കി

പട്ടികജാതിക്കാർ അധിവസിക്കുന്ന കേന്ദ്രങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്. വിജ്ഞാനവും വിനോദവും പ്രദാനം ചെയ്യുന്നതിന്നായി ടെലിവിഷൻ, റേഡിയോ തുടങ്ങിയ ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങൾ അവിടെ സ്ഥാപിക്കാവുന്നതാണ്. കൂടാതെ ആ കേന്ദ്രങ്ങളിൽ വിവിധ പത്രങ്ങൾ, പ്രസിദ്ധീകരണങ്ങൾ മുതലായവ ലഭ്യമാക്കാവുന്നതുമാണ്. ഈ പഞ്ചായത്തിൽപെട്ട വരിങ്ങിലോറ ഹരിജൻ കോളനിയിൽ സ്കീം അനുസരിച്ച് പഞ്ചായത്ത് ഏറ്റെടുത്ത സ്ഥലത്ത് കമ്യൂണിറ്റി ഹാൾ, ശിശുമന്ദിരം ഇവ നിർ മ്മിക്കാവുന്നതാണ്. ഒന്നോ അ തിലധികമോ കോളനികൾക്ക് സംയുക്തമായോ, സ്വന്തമായൊ അംഗനവാടികൾ സ്ഥാപിക്കാവുന്നതാണ്. ഈ വിഭാഗത്തിലുള്ള വിദ്യാർത്ഥികളെ ഉദ്ദേശിച്ച് പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാവുന്നതാണ്.

ഐ. ആർ. ഡി. പി., പി. എം. ആർ. വൈ. എസ്. എസ്. ഐ. സ്കീം മുതലായ സ്വയം തൊഴിൽ നേടുവാനുപകരിക്കുന്ന സാമ്പത്തിക സഹായപദ്ധതികൾ വഴി ഇനിയും സഹായം ലഭിക്കാത്ത കുടുംബങ്ങളിൽ ബോധവൽക്കരണം നടത്തി അവരെ മുഴുവനായും ഇത്തരം പദ്ധതിയിൻ കീഴിൽ കൊണ്ടുവരേണ്ടതാണ്. താഴെ പറയുന്ന ചെറുകിട വ്യവസായ യൂനിറ്റുകൾ തുടങ്ങുക വഴി കുറേ പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാവുന്നതാണ്.

മെഴുകുതിരി നിർമ്മാണം
ഇറച്ചിക്കോഴി വളർത്തൽ
പലതരം കരകൌശല തൊഴിലുകൾ
തയ്യൽ പരിശീലനം
തഴപ്പായ നെയ്ത്
പേപ്പർ കവർ നിർമ്മാണം
പഴ സംസ്കരണം
പ്ലാസ്റ്റിക് വർക്സ്
കൊപ്ര സംസ്കരണം
10. മെറ്റൽ ഉടയ്ക്കൽ

മേൽപറഞ്ഞ വ്യവസായങ്ങൾ തുടങ്ങുവാൻ വേണ്ട പണം ധനസഹായ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കേണ്ടതും '' ട്രൈസം'' മുതലായ സ്കീമുകളിൽ ഉൾപ്പെടുത്തി പരിശീലനം നല്കാവുന്നതാണ്. വ്യാവസായിക ഉല്പന്നങ്ങളും മറ്റും വിപണനം നടത്തുന്നതിന്നായി വേണ്ടത്ര വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്. ഇപ്പോൾ ഈ പഞ്ചായത്തിൽ നിലവിലുള്ള ഏക സ്ഥാപനമായ പട്ടികജാതി ഹരിജൻ സൊസൈറ്റിയിൽ കൂടുതൽ അംഗങ്ങൾക്ക് പങ്കാളിത്തം ലഭിക്കത്തക്ക വിധത്തിൽ വിപുലീകരിക്കേണ്ടതാണ് ആട്, പശു, കോഴി മുതലായവ വളർത്തുന്നതിന്ന് കൊടുക്കുന്ന സഹായധനം വർദ്ധിപ്പിച്ച് കൂടുതൽ പേർക്ക് കൊടുക്കേണ്ടതും 50% സബ്സിഡിനിരക്കിൽ തീറ്റ ലഭ്യമാക്കേണ്ടതുമാണ്. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നല്കുന്നതിന്ന് വ്യവസായ പരിശീലന സ്ഥാപനങ്ങൾ തുടങ്ങാനാവുന്നതാണ്. കർഷകുടുംബങ്ങൾക്ക് കാർഷികാവശ്യത്തിനായി കാർഷികോപകരണങ്ങളും രാസവളങ്ങളും വിത്തുകളും സൌജന്യമായി നല്കേണ്ടതാണ്.

പട്ടികജാതിക്കാർക്ക് ഇപ്പോഠം വിവിധ ഏജൻസികഠം മുഖാന്തിരം നല്കിവരുന്ന സഹായപദ്ധതികഠം പഞ്ചായത്ത്മുഖേന നല്കുവാനുള്ള സംവിധാനം ഉണ്ടാക്കുന്നത് വളരെ സൌകര്യപ്രദമായിരിക്കും. സർക്കാർ നല്കിവരുന്ന നാനാവിധത്തിലുള്ള സഹായങ്ങഠം കിട്ടുവാൻ വേണ്ടി ഇന്ന് നിലവിലുള്ള നടപടിക്രമങ്ങഠം ലഘൂകരിച്ച് ഗുണഭോക്താക്കളെസഹായിക്കുന്നത് കൂടുതലാളുകഠംക്കും ഇത്തരം കാര്യങ്ങളിൽ പങ്കാളികളാകുവാൻ സഹായകമായിരിക്കും.

സ്ഥലവും വീടും സ്വന്തമായില്ലാത്ത പട്ടികജാതിക്കാർക്ക് സ്ഥലം വാങ്ങുന്നതിനും വീടുവെക്കുന്നതിന്നും ഇപ്പോഠം നല്കിവരുന്ന സഹായധനം ഇപ്പോഴുള്ളതിൽ നിന്നും ഇരട്ടിയായി വർദ്ധിപ്പിക്കേണ്ടതാണ്. പട്ടികജാതി വികസന കോർപ്പറേഷൻ ഇപ്പോഠം നല്കിവരുന്ന വായ്പാ തുക ഗ്രാൻറായി അനുവദിക്കേണ്ടതാണ്. അ തുപോലെതന്നെ പട്ടികജാതിവകുപ്പിൽ നിന്നും വീട് ഓട് മേയുന്നതിന്നും കെട്ടിമേയുന്നതിന്നും അനുവദിക്കുന്ന തുക വർദ്ധിപ്പിക്കേണ്ടതും, കൂടുതൽ പേർക്കു ലഭ്യമാകത്തക്കരീതിയിൽ വിപുലീകരിക്കേണ്ടതുമാണ്. കക്കൂസ്സില്ലാത്ത മുഴുവൻ കുടുംബങ്ങഠംക്കും കക്കൂസ്സ്നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നല്കുകയും ഒരു കക്കൂസ്സിന്ന് 4000 ക. യെങ്കിലും അനുവദിക്കേണ്ടതുമാണ്. ഇപ്പോഠം നിലവിലുള്ള ലക്ഷം വീട്കോളനികളഇൽ ഒരു കെട്ടിടത്തിൽ രണ്ട്കുടുംബങ്ങളാണ്താമസിക്കുന്നത് ഇത്ഒഴിവാക്കി ഒരു കെട്ടിടങ്ങളാണ്താമസിക്കുന്നത്.ഇത്ഒഴിവാക്കി ഒരു കെട്ടിടത്തിൽ ഒരു വീട് എന്ന് രീതിയിൽ തന്നെ ആക്കേണ്ടതാണ്. വീട്ടുനമ്പർ ഇടാത്ത വീടുകഠംക്ക് നമ്പർ ഇടുക, റേഷൻ കാർഡുകഠം ഇല്ലാത്ത കുടുംബങ്ങഠംക്ക് റേഷൻ കാർഡു നല്കുക, വൈദ്യുതീകരിക്കാത്ത വീടുകഠം മുഴുവനും വീടുകഠം മുഴുവനും വൈദുതീകരിക്കുക മുതലായവ അടിയന്തിരമായി നിർവ്വഹിക്കേണ്ടുന്ന മുഖ്യ ആവശ്യങ്ങളാണ്. വീട് വയറിങ്ങ് ചെയ്യുവാൻ വേണ്ടി അനുവദിക്കുന്ന ധനസഹായം വർദ്ധിപ്പിച്ച് കൂടുതൽ പേർക്ക് ലഭ്യമാക്കേണ്ടതുമാണ്. പട്ടയം ലഭിക്കാത്ത മുഴുവൻ പട്ടികജാതി കുടുംബങ്ങഠംക്കും പട്ടയം ലഭിക്കാൻ വേണ്ട അടിയന്തിര നടപടികഠം കൈക്കൊള്ളേണ്ടതാണ്. ഇപ്പോഠം നിലവിലുള്ള കോളനികഠം കോളനികളാക്കാൻ മാറ്റാൻ വേണ്ട നടപടികഠം കൈക്കൊള്ളേണ്ടതാണ്.

പട്ടിക ജാതി കുടുംബങ്ങഠം പ്രത്യേകിച്ച് കോളനിനിവാസികഠം അഭിമുഖീകരിക്കുന്ന അതിപ്രധാനമായ പ്രശ്നം കുടിവെള്ളഘാമമാണ്. ഈ പ്രശ്നം എല്ലാ കോളനികളിലും സാർവ്വത്രികമായതുകൊണ്ട് പ്രത്യേകം പ്രത്യേകം എടുത്തുപറയുന്നില്ല. കോളനി പ്രദേശങ്ങഠം മുഴുവനും കുന്നിൻ പ്രദേശത്തും, പാറപ്രദേശത്തും സ്ഥിതിചെയ്യുന്നതുകൊണ്ട് കിണറ്റിൽ മഴക്കാലത്തൊഴികെ മറ്റുള്ള കാലങ്ങളിലൊന്നും വെള്ളം കിട്ടുകയില്ല. ആയതിനാൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻവേണ്ടി ബൃഹത്തായ ഒരു ശുദ്ധജല വിതരണ പദ്ധതി തന്നെ ആവിഷ്കരിക്കേണ്ടതാണ്.

വെരിങ്ങിലോറമലകോളനിയിൽ അത്യേരി എന്നസ്ഥലത്ത് ഒരു കുളം സ്ഥിതി ചെയ്യുന്ന രണ്ട് സെൻറ് സ്ഥലം അതിൻെറ ഉടമ ബന്ധപ്പെട്ട അധികൃതർക്ക് ശുദ്ധജലക്ഷാമ പരിഹാരത്തിന്ന് ഉപയുക്തമാക്കാൻവേണ്ടി വിട്ടുകൊടുത്തിട്ടുണ്ട്. ആയതിൻെറ അടിയന്തിരനടപടികഠം ഉടനെതന്നെ കൈക്കൊള്ളേണ്ടതാണ്. കുടിവെള്ളം, വൈദ്യുതി എന്നിവയുടെ നിലവിലുള്ള അവസ്ഥയെ പറ്റി

പ്രതിപാദിക്കുന്ന 3 എന്നീ പട്ടികകൾ നോക്കുക.
കോളനി നിവാസികളുടെയും, മറ്റുള്ള കുടുംബങ്ങളിലെയും അംഗങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തി പകർച്ച വ്യാധികളിൽ നിന്നും മറ്റപോഷക ദാരിദ്ര്യ പ്രശ്നങ്ങളിൽ നിന്നും അവരെ വ 1മുക്തരാക്കിയെടുക്കുവാൻ പൊതുജനാരോഗ്യവകുപ്പ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അംഗീകാരമുള്ള കോളനികൾ
കോളനിയുടെ പേര്

തോൽപാറമല
കാരക്കുന്ന് ലക്ഷം വീട്
കാരക്കുന്ന് ഹരിജൻ കോളനി
വേങ്ങാക്കുന്ന്
കരിമ്പൻ മൂല
പെരിക്കോറമല
ചാലിയേക്കര കുന്ന്
ചെമ്പക്കുന്ന് ക്ഷം വീട്
കുളങ്ങര പുറായിൽ
വഹിങ്ങിലോറമല
മുക്കാലും പാറ
മാമ്പറ്റമല
പാവട്ടികുന്ന്
അംഗീകാരമില്ലാത്ത കോളനികൾ
അതിന്നായി നിലവിലുള്ള കമ്യൂണിറ്റജ ഹെൽത്ത് സെൻറർ മുഖാന്തിരം പലതരത്തിലുള്ള പ്രവർത്തനങ്ങളും നടത്താവുന്നതാണ്. ആരോഗ്യത്തെ പറ്റിയും, ശുചീകരണത്തെപ്ററിയും പോഷകാഹാരങ്ങളെപ്പറ്റിയും മറ്റും ഇവരുടെ ഇടയിൽ ബോധവല്കരണം നടത്തേണ്ടതാണ്. ഇടക്കിടെ മെഡിക്കൽ ക്യാമ്പ് നടത്തുക, പകർച്ച വ്യാധികൾ തടയുന്നതിന് പ്രതിരോധകുത്തിവെപ്പ് നടത്തുക, കുടുംബാസൂത്രണ പ്രവർത്തനങ്ങൾ നടത്തുക മുതലായവ ചെയ്യാവുന്നതാണ്.
കോളനികളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ, അംഗീകരിക്കാത്ത കോളനികളിൽ താമസിക്കുന്നവർക്കും, ഒറ്റപ്പെട്ട വീടുകളിൽ താമസിക്കുന്നവർക്കും അനുഭവിക്കാൻ പറ്റാത്ത സാഹചര്യമുള്ളതിനാൽ അംഗീകരിക്കാൻവേണ്ട നടപടികൾ കൈക്കൊള്ളേതാണ്. അതുപോലെതന്നെ ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടിക ജാതിക്കാരെയും ആനുകൂല്യങ്ങൾ നല്കി സംരക്ഷിക്കേണ്ടതാണ്. ഈ പഞ്ചായത്തിതൽ പെട്ട 5ാം വാർഡിൽ കോളനികൾ ഇല്ലെങ്കിലും ഒറ്റപ്പെട്ട ധാരാളം കുടുംബങ്ങൾ താമസിക്കുന്നു.
പൊതുവെ പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശങ്ങൾ കന്നിൻൻ ചെരിവുകളായതിനാൽ മണ്ണൊലിപ്പ് ഭീഷണിയേ നേടിരുന്നത് കൊണ്ട് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുവാൻബന്ധപ്പെട്ട വകുപ്പ്കൾ ശ്രദ്ധിക്കേണ്ടതാണ്.

പട്ടിക 3 എ

## അംഗീകാരമുള്ള കോളനികൾ

| ക്രമനമ്പ്ര് | വാർഡ് നമ്പർ | കോളനിയുടെ പേര് | കുടിവെള്ളം കിണർ | കുടിവെള്ളം പൈപ്പ് | വൈദ്യുതി ഉള്ളത് | വൈദ്യുതി ഇല്ലാത്തത് | റോഡ് ഉണ്ട് ഇല്ല | ഗതാഗതയോഗ്യമാണോ എന്ന് |
|---|---|---|---|---|---|---|---|---|
| 1 | 1 | തോൽപാറമല | ഇല്ല | ഇല്ല | - | 12 | ഇല്ല | - |
| 2 | 1 | കാരക്കുന്ന് ലക്ഷംവീട് | 2 | ,, | - | 21 | ഉണ്ട | ആണ് |
| 3 | 2 | കാരക്കുന്ന് ഹരിജൻകോളനി | 2 | ,, | - | 27 | ഉണ്ട് | അല്ല |
| 4 | 3 | വേങ്ങാക്കുന്ന് | 5 | ,, | - | 19 | ഇല്ല | - |
| 5 | 3 | കരിമ്പൻമൂല | 5 | ,, | - | 20 | ഇല്ല | - |
| 6 | 3,4 | പെരിക്കോറമല | ഇല്ല | ,, | - | 15 | ഇല്ല | - |
| 7 | 8 | ചാലിയക്കരകുന്ന് | 4 | ,, | 8 | 19 | ഇല്ല | - |
| 8 | 8 | ചെമ്പക്കുന്നം ലക്ഷംവീട് | ഇല്ല | ,, | - | 25 | ഇല്ല | - |
| 9 | 8 | കുളങ്ങരപുറായിൽ | 9 | ,, | 1 | 25 | ഉണ്ട് | അല്ല |
| 10 | 8 | പരിങ്ങിലോറമല I.H.D.P. | 8 | ,, | - | 52 | ഉണ്ട് | അല്ല |
| 11 | 3 | മുക്കാലുംപാറ | ഇല്ല | ,, | - | 14 | ഇല്ല | - |
| 12 | 9 | മാമ്പറ്റമല | 2 | ,, | - | 24 | ഇല്ല | - |
| 13 | 9 | പാവട്ടികുന്ന് | 1 | ,, | - | 43 | ഇല്ല | - |
| | | ആകെ | 38 | - | 9 | 316 | 4 | 1 |

പട്ടിക3 ബി

## അംഗീകാരമില്ലാത്ത കോളനികൾ

| ക്രമനമ്പ്ര് | വാർഡ് നമ്പർ | കോളനിയുടെ പേര് | കുടിവെള്ളം കിണർ | കുടിവെള്ളം പൈപ്പ് | വൈദ്യുതി ഉള്ളത് | വൈദ്യുതി ഇല്ലാത്തത് | റോഡ് ഉണ്ട് ഇല്ല | ഗതാഗതയോഗ്യമാണോ എന്ന് |
|---|---|---|---|---|---|---|---|---|
| 1 | 3 | തേലമ്പറ്റ ലക്ഷംവീട് കോളനി | 1 | - | - | 20 | ഉണ്ട് | ആണ് |
| 2 | 4 | പുതിയേടത്ത് ലക്ഷംവീട് കോളനി | 1 | - | 3 | 13 | ഉണ്ട് | അല്ല |
| 3 | 4 | ഒടുവൻകന്ന് മല | 7 | - | 4 | 14 | ഇല്ല | - |
| 4 | 10 | മച്ചിലാടിമീത്തൽ | 3 | - | 3 | 7 | ഇല്ല | - |
| 5 | 10 | പാറോപ്പാറ | 1 | - | 1 | 10 | ഇല്ല | - |
| 6 | 6 | വേയാട്ട്മല | 2 | - | - | 31 | ഉണ്ട് | അല്ല |
| | | ആകെ | 15 | - | 11 | 95 | 3 റോഡ് | 1ഗതാ |

കാരക്കുന്ന് ലക്ഷം വീട് കേളനിയോട് ചേർന്ന് കിടക്കുന്ന ആറ് ഹരിജൻ കുടുംബങ്ങളെയും കോളനിയോട് കൂട്ടി ച്ചേർത്തി കോളനിനിവാസികൾക്കുള്ള ആനുകൂല്യങ്ങൾ അനുഭവിക്കാൻ പ്രാപ്തരാക്കേണ്ടതാണ്. അതുപോലെതന്നെ ചെമ്പക്കുന് നാല് സെൻറ് കോളനിയിലുള്ള എട്ട് ഹരിജൻ വീടുകളും കോളനിയിൽ ഉൾപ്പെടുത്തേണ്ടതാണ്.കോളനിലേയ്ക്കുള്ള റോഡ്, പൊതുവഴി എന്നിവയെ പറ്റിയുള്ള സാദ്ധ്യതകളും നിർദ്ദശങ്ങളും താഴെ കൊടുക്കുന്നു.തോൽപാറമല കോളനി, പാവട്ടിക്കുന്ന്, മാമ്പന, പാറോപ്പാറ, മുച്ചിലാടി മല, വേയാട്ട് മല, എന്നീ കോളനികളിലേക്ക് പുതുതായി റോഡ
നിർമ്മിക്കേണ്ടതാണ്.

കാരക്കുന്ന് ഹരിജൻ കോളനിയിലേയ്ക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കേണ്ടതാണ്.
കാരക്കുന്ന് കോളനി വഴി കടന്നുപോകുന്ന കല്ലിൽ താഴം കുണ്ടായി റോഡ് നന്നാക്കി ഗതാഗതയോഗ്യമാക്കേണ്ടതാണ്.

കാരക്കുന്ന് ലക്ഷം വീടിലേയ്ക്കുള്ള റോഡ് ടാർ ചെയ്യുവാനുള്ള നടപടി സ്വീകരിക്കണം.
പെരിക്കോറമലകോളനിയിലേയ്ക്കുള്ള റോഡ് നന്നാക്കുകയും ടാർചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടതുമാണ്.

പുതിയേടത്ത് ലക്ഷം വീട് കോളനി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം

ചെമ്പക്കുന്ന്, പള്ള്യാറക്കുന്ന് ചാലിയേക്കര എന്നീ കോളനികളിലേയ്ക്ക് നടപ്പാത നിർമ്മിക്കേണ്ടതാണ്.

വരിങ്ങിലോറമല, ഐ. എച്ച്. ഡി. പി. കോളനിയിലേയ്ക്ക് പി. ഡബ്ള്യൂ. ഡി. ലോക്കൽ വർക്സ് ഏറ്റെടുത്ത 870 മീറ്റർ റോഡിൽ ബാക്കിയുള്ള 750 മീറ്റർ റോഡുകൂടി ഏതെങ്കിലും ഉചിതമായ സ്കീമിൽ ഉൾപ്പെടുത്തി ടാറിങ്ങ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

പാറന്നൂർ താണിച്ചോട്ടിൽ നിന്നും ആരംഭിച്ച് മാമ്പറ്റമല ഹരിജൻ കോളനി വഴി പാറന്നൂർ ശിവക്ഷേത്രത്തിനടുത്തുള്ള റോഡിനോട് ബന്ധിപ്പിക്കുന്ന ഒരു റോഡ് നിർമ്മിക്കേണ്ടതാണ്.

പാവട്ടി ക്കുന്ന് ഹരിജൻ കോളനിയിലേയ്ക്ക് കുളങ്ങര കണ്ടിതാഴത്തുനിന്നും ആരംഭിക്കുന്ന ഒരു റോഡ് നിർമ്മിക്കേണ്ടതാണ്.

ഇപ്പോൾ പട്ടികജാതിയിൽ പെട്ട ഹരിജനങ്ങൾ ഉപയോഗിക്കുന്ന വരിങ്ങിലോറമല, തലക്കോട്ടുകുന്ന്, വെങ്ങിണ്ടോറമല എന്നീ ശ്മശാനങ്ങൾ അന്യാധീനപ്പെടുന്ന സ്ഥിതി വിശേഷമുണ്ട്. ഇത് ഒഴിവാക്കുവാൻ ശ്മശാനപ്രദേശങ്ങൾഅളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കേണ്ടതാണ്. പട്ടികജാതിക്കാർക്ക് മാത്രമായി അനുയോജ്യമായ സ്ഥലങ്ങളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കേണ്ടതും നിലവിലുള്ള വഴികൾ സംരക്ഷിച്ച് നിലനിർത്തേണ്ടതുമാണ്.നരിക്കുനി പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ഇന്നത്തെ ശോചനീയാവസ്ഥയും,അവരുടെ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും, നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ റിപ്പോർട്ടിനെ ആധാരമാക്കി അവർക്കുള്ള ക്ഷേമപദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കുകയാണെങ്കിൽ ഈ വിഭാഗക്കാർ സമൂഹത്തിലെ ഇതര വിഭാഗക്കാരോടൊപ്പം എത്തുന്ന ഒരു നല്ല നാളെ സംജാതമാവുമെന്ന് പ്രത്യാശിക്കാം.



# വിഭവസമാഹരണം

ഭൗതികജീവിതത്തെ മാറ്റിത്തീർക്കുക എന്നതാണ് വികസനംകൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ നമ്മെ സംബന്ധിച്ചേടത്തോളം വിഭവങ്ങൾ ഏറെ പരിമിതമാണ്. ഈ വിഭവങ്ങളുമായി അനിയന്ത്രിതമായ ആവശ്യങ്ങളെ അഭിമുഖീകരിക്കുമ്പോഴാണ് ആസൂത്രണത്തിന് പ്രാധാന്യമേറുന്നത്. പ്രകൃതിവിഭവങ്ങളും സമ്പത്തും സാങ്കേതികജ്ഞാനവും മനുഷ്യശക്തിയും വേണ്ട വിധത്തിൽ ഉപയുക്തമാക്കിയാൽ സമൂഹത്തിന്റെ ആവശ്യങ്ങളെ ഒരുപരിധി വരെ പരിഹരിക്കാവുന്നതാണ്. ഈ വീക്ഷണത്തിൽ നിന്നുകൊണ്ട് നരിക്കുനി പഞ്ചായത്തിന്റെ വിഭവസമാഹരണം സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കാം.

പഞ്ചായത്ത ിന്റെ പ്രധാന വുരുമാനമാർഗ്ഗങ്ങൾ താഴെ പറയുന്നവയാണ്.

**1 കെട്ടിടനികുതി**

പഞ്ചായത്തിലെ നികുതി ചുമത്താവുന്ന ഓരോ കെട്ടിടത്തിന്റെും വാർഷിക മൂല്യത്തിന്റെ 8 ശതമാനം നിരക്കിൽ കെട്ടിട നികുതി ഈടാക്കുന്നു. കഴിഞ്ഞ വർഷം 170386 രൂപയാണ് കെട്ടിട നികുതിയായി ലഭിച്ചത്. (പട്ടിക 1 കാണുക)

**വരവ്സംബന്ധിച്ച വിവരങ്ങൾ (1995-96)**

| *ഇനം* | *ധനാഭ്യർത്ഥന* | *പിരിച്ചത്* | *ബാക്കി* |
|---|---|---|---|
| *1* | *2* | *3* | *4* |
| കെട്ടിട നികുതി | 171390.30 | 170386.70<br>W/O. 749.10 | 291.25 |
| സർവീസ് ചാർജ് | 8510.20 | 8465.80 | 8.75 |
| തൊഴിൽ നികുതി | 107420.00 | 105285.00<br>W/O. 1860.00 | 275.00 |
| വാഹ ന നികുതി | - | - | - |
| വിനോദ നികുതി | 41708.22 | 41708.22 | - |
| അഡി. വിനോദനികുതി | 25360.74 | 25360.74 | - |
| പ്രദർശനനികുതി | 4278.10 | 4278.10 | - |
| പ്രദർശന നികുതി യിന്മേലുള്ള സർചാർജ് | 1069.50 | 1069.50 | - |
| ചന്ത വരവ് | 250.00 | 250.00 | - |
| ലാൻറ് സെസ് | - | - | - |
| ലൈസൻസ് ഫീസ് | 16006.75 | 16006.75 | - |
| കെട്ടിട നികുതി സർചാർജ് | - | - | - |
| വസ്തു കൈമാറ്റ നികുതി 75% | 103737.00 | 103737.00 | - |
| വസ്തു കൈമാറ്റ നികുതി 25% | - | - | - |
| സർക്കാർ ഗ്രാൻറും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 277394.13 | 277394.14 | - |
| സംഭാവന | - | - | - |

| | | | |
|---|---|---|---|
| ഡെപ്പോസിറ്റ് | 666190.24 | 666190.24 | - |
| മറ്റുള്ളവ | 1189623.00 | 1189623.00 | - |
| ആകെ | 2612939.08 | 2609754.08 | 575.00 |
| | | 2609.00 | |

അവലംബം: സെക്കൻററി ഡാറ്റ

### പട്ടിക 2
### ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

സ്ഥാപനങ്ങളുടെ എണ്ണം

| വാർഡ് | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | ആകെ ഫീസ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 2 | 1 | 15 | 1 | 19 | 590 |
| 2 | 3 | - | 22 | 4 | 29 | 921 |
| 3 | 1 | - | 18 | - | 19 | 856 |
| 4 | - | - | 10 | - | 10 | 409 |
| 5 | 1 | - | 16 | 2 | 19 | 746 |
| 6 | 1 | - | 17 | 3 | 21 | 800 |
| 7 | 3 | 2 | 31 | 4 | 40 | 1316 |
| 8 | 7 | 4 | 74 | 11 | 96 | 4525 |
| 9 | 6 | 1 | 47 | 8 | 62 | 2790 |
| 10 | 4 | 2 | 69 | 6 | 81 | 3053 |
| ആകെ | 28 | 10 | 319 | 39 | 396 | 16006 |

അവലംബം: സെക്കൻഡറി ഡാറ്റ

**തൊഴിൽ നികുതി**

വരുമാനത്തിൻെറ അടിസ്ഥാനത്തിൽ സ്ലാബ് നിർണയിച്ചുകൊണ്ടാണ് തൊഴിൽ നികുതി ഈടാക്കുന്നത്. സർക്കാർ ജീവനക്കാരിൽ നിന്നാണ് ഈ നികുതി ഈടാക്കുന്നത്. 1995-96-ൽ തൊഴിൽ നികുതി ഇനത്തിൽ 107420 രൂപയാണ് ലഭിച്ചിട്ടുള്ളത്.

**വിനോദനികുതി**

സിനിമാശാലകളെ ആശ്രയിച്ചുള്ള ഒരു വരുമാണിത്. പഞ്ചായത്തിൽ രണ്ടു സിനിമാശാലകൾ പ്രവർത്തിക്കുന്നു. മാധ്യമങ്ങളുടെ വർദ്ധിച്ച തോതിലുള്ള പ്രചാരംമൂലം ഈ ഇനത്തിൽ നികുത ി കുറഞ്ഞുവരികയാണ്. വിപുലമായ തോതിൽ സംഘടിപ്പിക്കപ്പെടുന്ന ടൂർണമെൻറുകൾ നടക്കുമ്പോൾ ഈ ഇനത്തിൽ നികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

**ഡി ആൻറ് ഒ ലൈസൻസ് ഫീ**

കച്ചവട സാധനങ്ങൾ, ഫാക്ടറികൾ എന്നിവയിൽ നിന്ന് ഈടാക്കുന്ന ഒരു ഫീസാണിത്. സ്ലാബ് അടിസ്ഥാനത്തിൽ നികുതി നിർണയിക്കപ്പെടുന്നതിനാൽ പഞ്ചായത്തിന് അധികവരുമാനം ഇതിൽ നിന്ന് പ്രതീക്ഷിച്ചുകൂടാ. (പട്ടിക 2)

**കെട്ടിട നിർമ്മാണ ലൈസൻസ് ഫീസ്**

പഞ്ചായത്തിലെ കെട്ടിട നിർമ്മാണം 1984-ലെ കേരള കെട്ടിട നിർമ്മാണ നിയമത്തിന് വിധേയമായി നിയന്ത്രിച്ചിരിക്കുന്നു. ഈ ഇനത്തിൽ 1995-96-ൽ 29500 രൂപ ലഭിച്ചിട്ടുണ്ട്. കെട്ടിടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ ഇനത്തിൽ കൂടുതൽ വരുമാനം പ്രതീക്ഷിക്കാവുന്നതാണ്. മാത്രമല്ല കൂടുതൽ തറ വിസ്തീർണമുള്ള വീടുകളെ ആഡംബരപൂർണമായ വീടുകളായി കണക്കാക്കി ഫീസ് വർദ്ധിപ്പിക്കുന്നത് പഞ്ചായത്തിൻെറ വിഭവസമാഹരണത്തിന് സഹായകമായിരിക്കും.

**വാടക**

പഞ്ചായത്ത് നിർമ്മിച്ച ഷോപ്പിംഗ് സെൻററിൽ നിന്നും വാർഷിക വാടകയായി 87000 രൂപ ലഭിക്കുന്നുണ്ട്. എന്നാൽ RDB യുടെ സാമ്പത്തികസഹായത്തോടെ നിർമ്മിച്ചതിനായതിനാൽ ഓരോ വർഷവും മുതലിലേക്ക് 168740 രൂപയും പലിശയും തിരിച്ചെടുക്കേണ്ടതുണ്ട്.

**സ്റ്റാമ്പ് ഡ്യൂട്ടി**

പഞ്ചായത്തിൻെറ ഒരു പ്രധാന വരുമാനമാൽഗ്ഗമാണിത്. കഴിഞ്ഞ വർഷം 8519 രൂപ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ വരുമാനം ലഭിച്ചിട്ടുണ്ട്. വസ്തു കൈമാറ്റ പ്രമാണങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിക്കുന്ന തുകയുടെ 75 ശതമാനം പഞ്ചായത്തുകൾ വീതിക്കുകയാണ് പതിവ്. ശേഷിച്ച 25 ശതമാനം പഞ്ചായത്ത് ഡയറക്ടർ വിവേചനപരമായാണ് വീതിക്കുന്നത്. ഇത് ചില പഞ്ചായത്തുകൾക്ക് ലഭിക്കാറില്ല. മുഴുവൻ തുകയുംല്ല ജനസംഖ്യാനുപാതികമായി ഭാഗിച്ചു നൽകുന്നതു പ്ര യാജനകരമായിരിക്കും.

**ഗ്രാൻറുകൾ**

**എ എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ്**

ഒന്ന്, രണ്ട്, മൂന്ന് പഞ്ചായത്തുകൾക്കാണ് ഈ ഇനത്തിൽ ധനസഹായം ലഭിക്കുന്നത്. സാധാരണ വരുമാനത്തിൻെറ 40 ശതമാനം തുകയിൽ അധികം വരുന്ന സ്ഥാപന ചെലവിൻെറ 75 ശതമാനമാണ് ധനസഹായം. സ്ഥാപന ചെലവ് കണക്കാക്കുമ്പോൾ പ്രസിഡൻറ്, മെമ്പർമാർ എന്നിവരുടെ അലവൻസ് കണക്കിലെടുക്കുന്നില്ല. ഇങ്ങനെ വരുന്ന തുക കൂടി സ്ഥാപന ചെലവിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

**ബി വി.ആർ.എം. ഗ്രാൻറ്**

ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് സർക്കാർ നൽകുന്ന ധനസഹായമാണിത്. കഴിഞ്ഞ വർഷം 44578 രൂപ ഈ ഇനത്തിൽ വരുമാനം ലഭിച്ചിട്ടുണ്ട്. 27.205 കിലോമീറ്റർ റോഡ് പഞ്ചായത്തിലുണ്ട്. ഈ ഗ്രാൻറ് തുക കൊണ്ടുമാത്രം റോഡുകളുടെ അറ്റകുറ്റപ്പണി തീർക്കാ കഴിയുകയില്ല. (പട്ടിക 4)

**സി വെഹിക്കിൾ ടാക്സ് കോമ്പസേഷൻ**

മോട്ടോർ വാഹനങ്ങൾക്ക് സഞ്ചരിക്കാവുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സർക്കാർ നൽകുന്ന ധനസഹായമാണിത്. കിലോമീറ്ററിന് 400 രൂപ നിരക്കിലാണ് ഇത് നൽകിവരുന്നത്. പഞ്ചായത്ത് റോഡുകളിൽക്കൂടിയുള്ള മോട്ടോർ വാഹനങ്ങളുടെ ഗതാഗതം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ ഇനത്തിൽ സർക്കാർ നൽകുന്ന ധനസഹായം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്.

## പട്ടിക 3
## നരിക്കുനി ഗ്രാമ പഞ്ചായത്ത്-ലെ ലല വരമാനം

| ഫലവൃക്ഷങ്ങൾ | ഷോപ്പിംഗ് കോംപ്ലക്സ് കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1445/- | 129308/- | 14200/- | 145453/- |

## പട്ടിക 4
## ഗ്രാൻറ് വിവരങ്ങൾ

| VRM | MI | VTC | 25% | 75% | SPI | JRY | അൺ | ആകെ |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 10557/- | 2500/- | 129799/- | - | 32241/- | - | 609492/- | 324730/- | 1109319/- |

## പട്ടിക 5
## പഞ്ചായത്ത്രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

| വകുപ്പ് | തുക<br>പദ്ധതി വിഹിതം | പദ്ധതിയുടെ വിവരം | ആകെ |
|---|---|---|---|
| 1 | 2 | 3 | 4 |
| മൃഗസംരക്ഷണം | - | 5000.00 | 50000.00 |
| ആരോഗ്യം | - | 325.00 | 325.00 |
| കൃഷി | 295165.00 | - | 295165.00 |
| പൊതുമരാമത്ത് | 5600.00 | 5600.00 | 11200.00 |
| ഹരിജനക്ഷേമം | 2192.00 | - | 2192.00 |
| മറ്റുള്ളവ | - | - | - |
| ആകെ | 302957.00 | 10925.00 | 313882.00 |

അവലംബം: സെക്കൻററി ഡാറ്റ

## പട്ടിക 6
## ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 469092.40 |

| | |
|---|---|
| പൊതുമരാമത്ത് | 42625.00 |
| വിദ്യാഭ്യാസം | 210116.00 |
| ജലവിതരണം-ഓടകൾ-പൊതുജനാരോഗ്യം | 8048.00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 14687.00 |
| മറ്റുള്ളവ | 1685415.08 |
| ആകെ | 2240883.48 |

*അവലംബം: സെക്കൻററി ഡാറ്റ*

**ഡി ബേസിക് ടാക്സ് ഗ്രാൻറ്**

റവന്യൂ അധികൃതർ ഈടാക്കുന്ന നികുതിയാണിത്. 1995-96 വർഷത്തിൽ 32242 രൂപ ലഭിച്ചു.

ഇവ കൂടാതെ ജെ.ആർ.വൈ. അൺ ടയിഡ് എസ്.ആർ.വി എന്നീ സ്കീമുകളിലായി പ്രതിവർഷം ഏഴ് ലക്ഷം രൂപയും 375000 രൂപയും പഞ്ചായത്തിന് കഴിഞ്ഞ അഞ്ച് വർഷമായി ലഭിക്കുന്നു. നിർദ്ദേശിക്കപ്പെട്ട സ്കീമുകൾക്ക് വേണ്ടി ഈ തുക വിനിയോഗിക്കുകയും ചെയ്തുവരുന്നു.

ചെലവുകൾ

പഞ്ചായത്തിൻെറ മൊത്ത സാധാരണ വരുമാനത്തിൻെറ 50% സ്ഥാപന ചെലവായും 47% പൊതുമരാമത്തു ഇനത്തിലും ഇലക്ട്രിസിറ്റി, വെള്ളം, തുടങ്ങിയ സേവന മേഖലകളിൽ 2.5%വും ചെലവഴിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്ത് ഓഫിസ് പ്രവർത്തിക്കുന്ന ഷോപ്പിംഗ് സെൻറർ കെട്ടിടം, കൃഷി ഭവൻ, ഓഫിസു കെട്ടിടം, ബസ്റ്റാൻറിനോടനുബന്ധിച്ചുള്ള ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങിയവപഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ളതും പരിപാലിച്ചു വരുന്നവയുമാണ്. അവയുടെ ശരിയായ പരിപാലനത്തിന് മതിയായ തുക ഉണ്ടാവാറില്ല. ജെ. ആർ.വൈ, അ യിഡ്, എസ്.ആർ.വി എന്നീ സ്കീമുകളിൽ ലഭിക്കുന്ന തുക ഉപയോഗപ്പെടുത്തിയാണ് റോഡുകളും, കെട്ടിടങ്ങളും അറ്റകുറ്റപണി നടത്തിപരിപാലിച്ചുവരുന്നവയുമാണ്.

**പ്രശ്നങ്ങൾ**

* നമ്മുടെ പരിമിതമായ വിഭവങ്ങളും മനുഷ്യാധ്വാനവും നാം അറിയാതെ ചൂക്ഷണം ചെയ്യപ്പെടുകയാണ്. ഇത് പുറം നാടുകളിലേക്ക് ഒഴുകിപ്പോവുകയാണ് . ഈ ഒഴുക്ക് തടഞ്ഞുനിർത്താൻ ഇന്നു സാധ്യമാവുന്നില്ല.
* രണ്ടു സിനിമാ ശാലകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇവിടെനിന്ന് കിട്ടേണ്ട നികുതി ഇനത്തിൽ കുറവ് വന്നുകൊണ്ടിരിക്കുന്നുണ്ട്. ഈ ചോർച്ച തടയേണ്ടതാണ്.
* വസ്തുകൈമാറ്റം ചെയ്യുമ്പോൾ യഥാർത്ഥ വില പ്രമാണങ്ങളിഗ കാണിക്കാത്തതുകൊണ്ട് പഞ്ചായത്തിനു കിട്ടേണ്ട പണം നഭിക്കുന്നില്ല. ഇത് സർക്കാർതലത്തിൽ പരിശോധ്ക്കപ്പെടേണ്ടതാണ്. രജിസ്ട്രേഷൻ ഫീസിൻെറ 25% പഞ്ചായത്ത് ഡയറക്ടർക്കാണ് ലഭിക്കുന്നത്. ഇത് നിലവഴിക്കുന്നത് അദ്ധേഹത്തിൻെറ വിവേചാനങ്ങികാരം ഉപയോഗിച്ചാണ്.
* വികസനപ്രവർത്തനങ്ങൾക്കുള്ള കരാർ സമ്പ്രദായം മുതൽ ഫണ്ടുകൾ ചോർന്നുപോകുന്നു. ഇതുമൂലം ജനങ്ങൾക്ക് അതിൻെറ പൂർണ്ണമായ ഗുണം ലഭിക്കുന്നില്ല.
* ലക്ഷ്യം വിട്ടുള്ള വായ്പാ വിനിയോഗം പഞ്ചായത്തിന് ഭാരമായി മാറുന്നു. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന് ലഭിച്ച വായ്പ തിരിച്ചടവ് ഇതിൽ നിന്നുള്ള വരുമാനം തികയുന്നില്ല. മറ്റുവികസനപ്രവർത്തനങ്ങൾ നിർത്തിവെച്ചിട്ടാണ് ഇതിനു ള്ള പലിശ അടക്കുന്നത്.
* സ്ഥാപന ചിലവ് കണക്കാക്കുമ്പോൾ പഞ്ചായത്ത് മെമ്പർമാരുടെ ചിലവനിനത്തിൽ ഉൾപ്പെടുത്തുന്നില്ല.
* സന്നദ്ധ സേവനം വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്താൻ പറ്റുന്നില്ല.
* സ്വകാര്യ ആശുപത്രികൾ പഞ്ചായത്തിൻെറ നികുതിയുടെ പരിധിയിൽ വരുന്നില്ല.

* വിദേസ മലയാളികളുടെ പണം വികസന പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തുന്നില്ല.

സാധ്യതകൾ

* കാർഷിക രംഗത്ത് ഉല്പാദനം വർദ്ധിപ്പിച്ചു അനുബന്ധ വ്യവസായങ്ങൾ തുടങ്ങുക
* സിനിമാസാലകളിടെ ടിക്കറ്റ് പരിശോധനക്ക് ഉദ്യോഗസ്ഥർ അടങ്ങിയ ജനകീയ സമിതികൾ രൂപീകരിക്കുക .
* പഞ്ചായത്തിൻെറ കരാർ സമ്പ്രദായം അവസാനിപ്പിച്ച് ആ രംഗത്ത് ചിലവഴിക്കേണ്ട പണം ചിലവഴിച്ചു എന്ന് ഉറപ്പുവരുത്തുക
* പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് വസ്തുവിൻെറ വില സംബന്ധിച്ച് പഞ്ചായത്തിൻെറ അഭിപ്രായം ആരായുക
* സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ, ക്വാറികൾ മറ്റു സ്വകാര്യ സ്ഥാപനങ്ങൾ ഇവക്ക് നികുതി ഈടാക്കാവുന്നതാണ്
* പ്ലാനുകൾക്ക് വിരുദ്ധമായി കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ പിഴ ചുമത്താവുന്നതാണ്
* വർഷത്തിൽ ഒരിക്കൽ കാലിചന്ത നടത്തി വരുമാനം ഉണ്ടാക്കാവുന്നതാണ്
* റോഡുകളിൽ കല്ല്, മരം ഇവ സമ്മത ം കൂടാതെ ഇറക്കിയാൽ പിഴ ചുമത്താം
* മുതൽമുടക്കില്ലാതെ അങ്ങാടിയിലെ മാലിന്യങ്ങൾ കമ്പോസ്റ്റാക്കി മാറ്റി വിപണനം നടത്താം. പഞ്ചായത്ത് അധീനതയിലുള്ള ഭൂമിയൽ ഇതിന് സൗകര്യമുണ്ട്
* ഓട്ടോ, ടാക്സി, മിനി ലോറി ഇവക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി അവയിൽ നിന്ന് ഫീസ് ഈടാക്കാവുന്നതാണ്
* ബസ് സ്റ്റാൻറ് ഫീസ് പഞ്ചായത്തിന് നേരിട്ട് ശേഖരിക്കാവുന്നതാണ്. ഇതിന് നിത്യക്കൂലിക്ക് ആളെ നിയമിച്ച് ഇടത്തട്ടുകാരെ ഒഴിവാക്കാവുന്നതാണ്

**നിർദ്ദേശങ്ങൾ**

* ആഡംബര കെട്ടിടങ്ങൾക്ക് സർചാർജ് ചുമത്തേണ്ടതാണ്
* കൈവശാവകാശ സർട്ടിഫിക്കറ്റിന് ഫീസ് ഏർപ്പെടുത്തുക
* ജനന സർട്ടിഫിക്കറ്റിന് പീസ് ഈടാക്കാം
* വിവാഹം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുമ്പോൾ ഫീസ് ഈടാക്കാവുന്ന
* വിനോദമത്സരങ്ങൾ പഞ്ചായത്തിന് ഏറ്റെടുത്ത് നടത്തി വരുമാനം കണ്ടെത്താവുന്നതാണ്.

മേൽപറഞ്ഞ തരത്തിലുള്ള വിഭവസമാഹരണത്തിനു പുറമെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന വികസന പരിപാടികളിൽ മനുഷ്യാദ്ധ്വാനം ഉപയോഗ പ്പെടുത്താവുന്നതാണ്. വിദ്യാലയങ്ങളിൽ രൂപീകരിക്കപ്പെടുന്ന പി.ടി.എ. ഫണ്ടും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വലിയ അളവോളം സാമ്പത്തികാശ്വാസം നൽകുന്നു.

# ഉപസംഹാരം

അധികാരം ജനങ്ങളിലേക്ക് ഒഴുകിയെത്തുന്നതോടെ ഒരു പുതിയ വികസനതന്ത്രം രൂപപ്പെടുകയാണ്. ൯ാം പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കപ്പെടുമ്പോൾ ഈ വികസനതന്ത്രത്തിന് അർത്ഥ വ്യാപ്തി കൈവരുന്നു. വികസനമെന്നത് ജീവിതത്തിൻെറ സർവ്വതല സ്പർശിയായ ഒരു പ്രക്രിയയാവുകയും ചെയ്യുന്നു. കേരളത്തിൻെറ മണ്ണിൽ നിന്നും ഈ സൃഷ്ട്യുന്മുഖ പ്രവർത്തനത്തിൻെറ നാന്ദി കുറിക്കുകയാണല്ലോ.

കേരളത്തിൻെറ ഉൽപാദനമേഖല ഇരുണ്ട ചിത്രമാണ് കാഴ്ചവെക്കുന്നത്. കാർഷിക-വ്യവസായിക മേഖലകളിൽ മുരടിപ്പ് അനുഭവപ്പെടുന്നു. സാമ്പത്തിക മേഖല തകർച്ചയെ അഭിമുഖീകരിക്കുന്നു. തൊഴിലില്ലായ്മ രൂക്ഷമാകുന്നു. തൽഫലമായി വികസനത്തിന് ഗതിരോധം സംഭവിക്കുന്നു.
ഈ പ്രതിസന്ധിയിൽ നിന്നും നമ്മുടെ നാടിനെ രക്ഷിക്കണമെങ്കിൽ, നാം ഇതേവരെ സ്വീകരിച്ചു വന്ന പതിവു പരിപാടികളിൽ സമൂലമായ മാററം ആവശ്യമാണ്. മാററത്തിനുവേണ്ടിയുള്ള ഈ അഭിനിവേശം പുതിയ ദിശാബോധത്തോടെ വികസന ലക്ഷ്യം പൂർത്തികരിക്കാനുള്ള പ്രേരണ നൽകുന്നു.

൯ാം പദ്ധതി വിഹിത്തിൻെറ 35-40% ത്രിതല പഞ്ചായത്തുകളിലൂടെ നടപ്പാക്കപ്പെടുന്ന പദ്ധതികൾക്കാണല്ലോ വിനിയോഗിക്കുക. ഈ പദ്ധതികൾ എന്തെല്ലാമായിരിക്കണമെന്ന് വിദഗ്ധസമിതി ചർച്ച ചെയ്തു തീരുമാനിക്കും. ഗ്രാമസഭകളിൽ നിന്നും രൂപപ്പെട്ടു വന്ന നിർദ്ദേശങ്ങളും സാദ്ധ്യതകളും സശ്രദ്ധം വിലയിരുത്തുകയും മുൻഗണനാക്രമത്തിൽ പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്യുന്നു.
ഇവിടെ കക്ഷിരാഷ്ട്രീയം വഴി മാറുന്നു. ഭേദചിന്തകൾ അവസാനിക്കുന്നു. ഗ്രാമത്തിൻെറ വികസനം എന്ന കേന്ദ്രബിന്ദുവിൽ മാത്രം ശ്രദ്ധയൂന്നുന്ന ഒരു മാനസികാവസ്ഥയിലേക്ക് നാം ഉയരുന്നു.
പദ്ധതികൾക്ക് രൂപം കൊടുത്താൽ മാത്രം പോരാ, നടപ്പാക്കണം. നമ്മുടെ ഗ്രാമത്തിൻെറ മുഖഛായ മാററുന്ന വിധം പരിപാടികൾ ആസൂത്രണം ചെയ്യണം. കർമ്മധീരതയോടെ ഈ പ്രവർത്തനപരിപാടികൾ പ്രായോഗികമാക്കണം. പ്രശ്നങ്ങൾ ഇവിടെ ഉയർന്നു വന്നു കൂടായ്കയില്ല. പ്രതിസന്ധികൾ അഭിമുഖീകരിക്കേണ്ടതായി വന്നേക്കാം. അനുവദിക്കപ്പെട്ട പദ്ധതി വിഹിതം നാം രൂപം കൊടുക്കുന്ന വികസന പരിപാടികളെ പൂർണ്ണതയിലെത്തിക്കാൻ കഴിഞ്ഞെന്നു വരില്ല.

പ്രകൃതി വിഭവങ്ങൾ നമുക്കുണ്ട്. സാമ്പത്തികമായി കഴിവുള്ള പലരുമുണ്ട്. അദ്ധ്വാനശേഷിയുള്ളവരുണ്ട്. മനുഷ്യാദ്ധ്വാനം ഒരു വലിയ സമ്പത്താണ്. ശരിയായ ചാലുകളിലൂടെ ഈ സമ്പത്ത് തിരിച്ചുവിടാൻ കഴിഞ്ഞാൽ നാട്ടിൻെറ മുഖഛായ തന്നെ മാറും. ജനങ്ങൾ ഒത്തു കൂടുമ്പോൾ, കൂട്ടായ്മ വളർത്തിയെടുക്കുമ്പോൾ, സംഘശക്തി നേടുമ്പോൾ പ്രതിബന്ധങ്ങൾ വഴിമാറി മുന്നോട്ടുള്ള പ്രയാണം സുഗമമായിതീരുമെന്നു നമുക്ക് പ്രത്യാശിക്കാം.

൯ാം പദ്ധതി നമ്മുടെ സമസ്ത പ്രശ്നങ്ങൾക്കും പരിഹാരമാവില്ല. പരിമിതവിഭവരായ നമുക്ക് നേടാൻ ഒട്ടേറെയുണ്ട്. ഇനിയും വരാനിരിക്കുന്ന പദ്ധതികളെ ഇതേ കാഴ്ചപ്പാടോടുകൂടിത്തന്നെ സമീപിക്കേണ്ടിവരും. നാം ഇന്ന് വളർത്തിയെടുത്തിട്ടുള്ള വികസനസംസ്ക്കാരം വരാനിരിക്കുന്ന സമസ്ത പദ്ധതികൾക്കും തെളിമ നൽകുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല.
ഇവിടെ സമർപ്പിക്കപ്പെടുന്ന നരിക്കുനി പഞ്ചായത്തിൻെറ സമഗ്രവികസന രേഖ ഗ്രാമസഭാചർച്ചകളിലൂടെ രൂപപ്പെട്ടു വന്ന വിലയേറിയ നിർദ്ദേശങ്ങളിൽ നിന്നും, ദ്വിതീയ വിവരശേഖരം, നാട്ടറിവ്, കേട്ടറിവ്, കൂട്ടായ ചർച്ച എന്നിവയിലൂടെയും സംക്ഷേപിക്കപ്പെട്ടതാണ്. ഇത്തരം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലുള്ള പൂർവ്വാനുഭവത്തിൻെറ അഭാവവും വികസനത്തിൻെറ വിശാലമായ അർത്ഥതലങ്ങളെപ്പറ്റിയുള്ള അവബോധത്തിൻെറ അപൂർണ്ണതയും ഇതിൻെറ പോരായ്മകൾക്ക് കാരണമായിരിക്കാം.

ഈ പോരായ്മകളെക്കൂടി വിമർശനവിധേയമായി വിലയിരുത്തി, റിപ്പോർട്ടിൽ പ്രതിപാദിക്കപ്പെട്ട സാമൂഹ്യ സാമ്പത്തിക മേഖലകളെ സനിഷ്കർഷം പരിശോധിച്ച് സമഗ്രമായ ചർച്ചയിലൂടെ ഈ രേഖ സമ്പുഷ്ടമാക്കണമെന്ന അഭ്യർത്ഥനയോടെ ഈ സമഗ്രവികസനരേഖ നരിക്കുനി പഞ്ചായത്ത് ഗ്രാമവികസന സെമിനാറിനു മുമ്പിൽ സമർപ്പിക്കുന്നു.

## വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

കൺവീനർ - സി.ബാലൻമാസ്റ്റർ

### കൃഷി - ജലസേചനം

പി.ശശിധരൻ
എം.ഗോവിന്ദൻകുട്ടിനായർ
ശശിദരൻ, പുല്ലഞ്ചേരി
കെ.കെ.അബൂബക്കർ

### മൃഗസംരക്ഷണം

ടി.പി.രവീന്ദ്രൻ
പി.കെ.ഉമ്മർമാസ്റ്റർ
ഡോ:വാഹിദ്
വി.അപ്പുനായർ
കെ.സി.സാലിഹ്
എ.ടി.മുഹമ്മദ്

### വിദ്യാഭ്യാസം

എം.വി.അബ്ദുളള
പി.മുസ്തഫ
എ.കെ.അസ്സയിൻ
സി.കെ.അബ്ദുൽ വാഹിദ്
വി.സി.മുഹമ്മദ്

### ആരോഗ്യം, കുടിവെളളം

ഒ.കെ.സുധാകരൻ
വി.കെ.സി.അസയിൻ
ടി.പി.മുഹമ്മദ്
പി.അബ്ദുൽ ഗഫൂർ
കെ.ദിവാകരൻ
ഡോ:ഇ.സി.സരസ്വതി
ഡോ:കെ.പ്രഭാകരൻ

### വ്യവസായം

പി.ഗോപിനാഥൻ
കെ.സി.അബ്ദുൽജബ്ബാർ
കെ.സി.അബ്ദുൽ അസീസ്
എം.ചന്തുക്കുട്ടി

### ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

എം.എ.മാധവൻ.
എം.കെ.രാജൻ
ടി.പി.സുരേഷ്കുമാർ

<u>പാർപ്പിടം, സാമൂഹ്യക്ഷേമം</u>

എം.അബൂബക്കർ
ടി.എ.ആലിക്കോയ.
എൻ.ബാലകൃഷ്ണൻ
കെ.ലോഹിതാക്ഷൻ
പി.കെ.അനിൽകുമാർ.
വിജയൻ.വി.ഇ.ഒ.നരിക്കുനി

<u>സംസ്കാരം</u>

വി.കെ.കരുണൻ
കെ.പി.അബ്ദുള്ള
പി.പി.അബ്ദുൽജബ്ബാർ
കെ.പി.അമ്മിദ് കോയ
ഗിരീഷ്കുമാർ
ആലിക്കുഞ്ഞി.പി.പി.

<u>വനിത</u>

വി.വീരാൻകോയ
ഫാത്തിമസുഹ്റ
കെ.മൊയ്തീൻകോയ
എൻ.ഭാനുമതി
കെ.ദിലീപ്കുമാർ
പി.കെ.ബാലകൃഷ്ണൻ
പി.വിജയൻ

<u>സഹകരണം</u>

എൻ.സത്യൻ
കെ.വാസു
കെ.രാധാകൃഷ്ൻ
കെ.പ്രദീപൻ
കെ.അഹമ്മദ്
പി.പ്രഭാകരൻനായർ

<u>പട്ടികജാതി പട്ടികവർഗ്ഗക്ഷേമം</u>

കെ.പി.അശോകൻ
പി.കെ.വാസു.
കെ.ബാലചന്ദ്രൻ
ടി.സരസ്വതി.
പി.നാരായണൻ
ഇ.പി.ചെറൂട്ടിമാസ്റ്റർ.
അബ്ദുള്ള.വി.ഇ.ഒ, പാലങ്ങാട്

<u>വിഭവസമാഹരണം</u>

കെ.പി.പ്രേംകുമാർ.
പി.കേശവൻമാസ്റ്റർ
ടി.പി.ഗോപാലൻ.
ടി.കെ.മുഹമ്മദ്
കെ.പവിത്രൻ.



എല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്.
എന്നാൽ ആരുടേയും ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലാതാനും

മഹാത്മാഗാന്ധി









ഗ്രാമങ്ങളെ അവയുടെ ദാരിദ്ര്യത്തിൽ
നിന്നും മോചിപ്പിക്കുന്നതിൽ ഞാൻ
വിജയിക്കുമ്പോൾ ഞാൻ സ്വാതന്ത്ര്യം
കൈവരിച്ചിരിക്കും.


നരിക്കുനി പഞ്ചായത്ത്
സ്കൂളുകളുടെ പേർ വിവരം.
1 ജി. എൽ. പി. എസ് പന്നിക്കോട്ടൂർ
2 എ. എൽ. പി. എസ്. കുട്ടമ്പൂർ
3 എ. എം. എൽ. പി. എസ്. പാലങ്ങാട്
4 എ. യു. പി. എസ്. പുന്നശ്ശേരി.
5 ജനകീയ എ. എം. എൽ. പി. എസ് കൊടോളി.
6 ജി. എൽ. പി. എസ് നെടിയനാട്
7 ജി. എം. എൽ. പി. എസ് നെടിയനാട്.
8 എ. യു. പി. എസ്. നെടിയനാട്
N
9 ജി. എൽ. പി. എസ് നെടിയനാട് വെസ്റ്റ്
10 എ. എം. എൽ. പി. എസ്. പാറന്നൂർ വെസ്റ്റ്.
11 ഗവ. ഹൈസ്കൂൾ നരിക്കുനി.
12 എ. യു. പി. എസ് നരിക്കുനി.
13 എ. എം. എൽ. പി. എസ് നെടിയനാട് സൗത്ത്
14 ജി. എം. എൽ. പി. എസ് പാറന്നൂർ.



"ഭാരതമെന്ന് പേർ കേട്ടാലഭിമാന
പൂരിതമാകണമന്തരംഗം
കേരളമെന്നുകേട്ടാലോ തിളക്കണം
നമുക്ക് ചോര ഞരമ്പുകളിൽ"

വള്ളത്തോൾ

അച്ചടി: ദേശാഭിമാനി പ്രസ്സ്, കോഴിക്കോട്

വികസന സെമിനാറിന് ആശംസകൾ

☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆

# ന്യൂ സിറ്റി ഹാർഡ്‌വേർസ്

**കുമാരസ്വാമി റോഡ് നരിക്കുനി**

**ഫോൺ- 6364**

☆

സിമന്റ്,സാനിറ്ററി,
ടൈൽസ്,പെയിന്റ്,ഗ്ലാസ്സ്,പ്ലൈവുഡ്,
എല്ലാവിധ ബിൽഡിംഗ് മെറ്റീരിയലുകൾ മിതമായ
വിലയിൽ ലഭിക്കുന്നു.



ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു.

-മഹാത്മാഗാന്ധി

# അധികാരം ജനങ്ങൾക്ക്

നമ്മുടെ പണം
എങ്ങിനെ ചെലവഴിക്കണം
ജനങ്ങൾ
തന്നെതീരുമാനിക്കുന്നു
പദ്ധതികൾ ജനങ്ങൾ തന്നെ
നടപ്പിലാക്കുന്നു.

## ഒമ്പതാം പദ്ധതി
## ജനകീയ പദ്ധതി